MADRAS GOVERNMENT ORIENTAL SERIES

No. CXXXIV

# യുധിഷ്ഠിരവിജയം

(സവ്യാഖ്യാനം)

COMPLEMENTARY COPY

# YUDHISHTHIRA VIJAYAM

(WITH MALAYALAM COMMENTARY)

015:1y8 32J5

VASUDEVA PANIKKAR (O.K.).Ed.

Yuddhisthira vijayam.

191308

191308

015:1y8

32J5

MUL

191308

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 015:1y8 32J5

Accession Number 191308

Available for loan from

This book should be returned on or before the date last marked below.

- 5 JUL 1976

O. 61

MADRAS GOVERNMENT ORIENTAL SERIES

Published under the authority
of the
Government of Madras

*General Editor:*
T. CHANDRASEKHARAN, M.A., L.T.,
Curator, Government Oriental Manuscripts Library,
Madras.

UNIVERSITY LIBRARY
11 DEC 1956
MADRAS

No. C XXXIV

COMPLEMENTARY COPY

# യുധിഷ്ഠിരവിജയം

(സവ്യാഖ്യാനം)

# YUDHISHTHIRA VIJAYAM

(WITH MALAYALAM COMMENTARY)

*Edited by*

O. K. VASUDEVA PANIKKAR, M.A.,

*Assistant Lecturer in Malayalam, Govt. Victoria College, Palghat.*

11 DEC 1956

MADRAS

COMPLEMENTARY COPY

GOVERNMENT ORIENTAL MANUSCRIPTS LIBRARY, MADRAS.

1955

Price Rs. 6—4—0

PRINTED AT
THE JANATHA PRESS,
MADRAS-5.

191308
42076
015:1y8
32J5

11 DEC 1956
MADRAS

# INTRODUCTION

The Government of Madras took up for consideration the question of publication of the various manuscripts in different languages on subjects like Philosophy, Medicine. Science, etc., early in May 1948. Important Manuscripts Libraries in the Madras Presidency were requested to send a list of unpublished manuscripts with them for favour of being considered by the Govenrment for publication. The Honorary Secretary of the Tanjore Maharaja Serfoji's Sarasvathi Mahal Library, Tanjore, alone complied with this request. This list as well as a similar list of unpublished manuscripts in the Government Oriental Manuscripts Library, Madras, were carefully examined and a tentative selection of manuscripts suitable for publication was made. The Government in their Memorandum No. 34913/ 48-10, Education. dated 4th April 1949, constituted an Expert Committee with the Curator of the Government Oriental Manuscripts Library, Madras, as the Secretary, for the final selection of manuscripts suitable for printing and for estimating the cost of publication.

The following were the members of the Committee:—

1 Sri T. M. Narayanaswami Pillai, M.A., B.L. M.L.C.,
2 Sri R. P. Sethu Pillai, B.A., B.L.
3 Sri C. M. Ramachandra Chettiar, B.A., B.L.
4 Sri R. Krishnamoorthy (*Kalki*).
5 Dr. N. Venkataramanayya, M.A., PH.D.
6 Sri M. Ramanuja Rao Naidu, M.A.
7 Sri V. Prabhakara Sastri.
8 Sri N. Venkata Rao, M.A.
9 Sei H. Sesha Ayyangar.
10 Sri Masti Venkatesa Ayyangar.
11 Sri M. Mariappa Bhat, M.A., L.T.
12 Dr. C. Achyuta Menon, B.A., PH.D.
13 Dr. C. Kunhan Raja, M.A., D.PHIL.
14 Dr. A. Sankaran, M.A., PH.D., L.T.
15 Sri Polakam Sri Rama Sastri.
16 Sri S. K. Ramanatha Ssatri.
17 Dr. M. Abdul Haq, M,A., D PHIL. (Oxon.)
18 Sri Afzul-ul-Ulama Hakim Khader Ahamed.

19 Sri P. D. Joshi.

20 Sri S. Gopalan, B.A., B.L.

21 Sri T. Chandrasekharan, M.A., L.T.

With the exception of Sri Masti Venkatesa Ayyangar, and Dr. C. Kunhan Raja, the above members continued for 1950—51 also to be members of the Expert Committee to which the following gentlemen were added in Government Memos. Nos. 7297-E/50-3, Education, dated 19th May 1950 and 15875-E/50-4, Education dated 7th September 1950:—

1 Dr. A. Chidambaranatha Chettiar, M.A., PH.D.

2 Sri S. Govindarajulu, B.A., B.L., LL.B., Bar-at-Law.

3 Capt. G. Srinivasamoorthy, B.A., B L., M.B. & C.M.

4 Dr. Muhammad Hussain Nainar, M.A., PH.D.

5 Sri T. V. Subba Rao, B.A., B.L.,

6 Principal, College of Indian Medicine, Madras.

The members of the Committee formed into Sub-Committees for the various languages, Sanskrit, Tamil, Telugu, Kannada, Malayalam, Mahrathi and Islamic Languages. They met during the month of May 1949, at Madras and at Tanjore to examine the manuscripts and make a selection. The recommendations of the Committee were accepted by the Government and they decided to call these publications as the "MADRAS GOVERNMENT ORIENTAL SERIES," and appointed the Curator, Government Oriental Manuscripts Library, Madras, as the General Editor of the publications under this series.

The following manuscripts were taken up for publication during 1949-50:—

## "A" FROM THE GOVERNMENT ORIENTAL MANUSCRIPTS LIBRARY, MADRAS.

### TAMIL

1 Kappal Sattiram

2 Anubhava Vaiddiya Murai

3 Attanakolahalam

4 Upadesa Kandam

5 Colan Purva Pattayam

6 Sivajnana Dipam

## TELUGU

1 Aushadha Yogamulu
2 Vaidya Nighantuvu
3 Dhanurvidya Vilasamu
4 Yoga Darsana Vishayamu
5 Khadga Lakshana Siromani

## SANSKRIT

1 Vishanarayaniyam (Tantrasarasangraha)
2 Bhargava Nadika
3 Hariharacaturangam
4 Brahmasutravrtti—Mitaksara
5 Nyayasiddhanta Tattvamrtam

## MALAYALAM

1 Garbha Cikitsa
2 (*a*) Vastulakshanam
(*b*) Silpavishayam
3 Mahasaram
4 Kanakkusaram
5 Kriyakramam
6 Kanukkusaram (Balaprabodham)

## KANNADA

1 Lokopakaram
2 Rattamatam
3 Asvasastram
4 Vividha Vaidya Vishayagalu
5 Sangitaratnakara
6 Supasastra

## ISLAMIC LANGUAGES

1 Jamil-Al-Ashya
2 Tibb-E-Faridi
3 Tahqiq-Al-Buhran
4 Safinat-Al-Najat

## "B" FROM THE TANJORE MAHARAJA SERFOJI'S SARASVATHI MAHAL LIBRARY, TANJORE

### TAMIL

1 Sarabhendra Vaiddiya Murai (Diabetes)
2 Do (Eyes)
3 Do (Anaemia)
4 Do (Svasakasam)
5 Agastiyar 2000
6 Konkanarsarakku Vaippu
7 Tiruccirrambalakkovaiyar with Padavurai
8 Talasamudram
9 Bharatanatyam
10 (*a*) Pandikeli Vilasa Natakam
(*b*) Pururava Cakravarti Natakam
(*c*) Madana Sundara Vilasa Natakam
11 Percy Macqueen's Collection of Folklore in the Madras University Library
12 Ramaiyan Ammanai.

### TELUGU

1 Kamandakanitisaramu
2 Taladasapranapradipika
3 Raghunatha Nayakabhyudayamu
4 Rajagopala Vilasamu
5 Ramayanamu by Katta Varadaraju.

### MAHRATHI

1 Natyasastra Sangraha
2 (*a*) Book of Knowledge
(*b*) Folk Songs
(*c*) Dora Darun Veni Paddhati
(*d*) Asvasa Catula Dumani
3 (*a*) Pratapasimhendra Vijaya Prabanda
(*b*) Sarabhendra Tirthavali
(*c*) Lavani
4 Devendra Kuravanji
5 Bhakta Vilasa
6 Sloka BaddhaRamayana

## SANSKRIT

1 Asvasastra with Tricolour illustrations
2 Rajamrganka
3 Anadakandam
4 Ayurvedamahodhadhi
5 Gita Govinda Abhinaya
6 (*a*) Colacampu
(*b*) Sahendra Vilasa
7 Dharmakutam—Sundara Kanda
8 Jatakasara
9 Vishnutattvanirnaya Vyakhya
10 Sangita Darpana
11 Bijapallava

During 1950 only the Sub-committee for **TAMIL, TELUGU** and **KANNADA** met in the month of July 1950 at Madras.

The following books were taken up for publication in the various languages during 1950-'51:—

## TAMIL

1 Datcanayanar Vaiddiya Attavanai
2 Vaiddiyak Kalanciyam
3 Anubhava Vaiddiya Murai, Vol. 3.

## TELUGU

1 Saivacarsangrahamu
2 Anubhava Vaidyamu
3 Abhinayadarpanamu

## SANSKRIT

1 Arogyacintamani
2 Tattvasara with Ratnasarini
3 Sutrarthamrta Lahari
4 (*a*) Ratnadipika
(*b*) Ratnasastra

## MALAYALAM

1 Asvacikitsa
2 Phalasarasamuccaya

## KANNADA

Vaidya Sara Sangraha Vol. I

During 1951-'52, only the Sub-committees for TAMIL, TELUGU and MALAYALAM met in the month of April 1951. The following books were taken up for publication in the various languages:—

## TAMIL

1 Saptarishinadi, Vol. I. Mesha Lagna
2 Karnatakarajakkal Savistara Carittiram
3 Bharata Siddantam
4 Pillaippinivakatam Vol. I
5 Anubhava Vaiddiyam, Vol. 4
6 Mattuvakatam

## TELUGU

1 Brahmavidya Sudharnavamu
2 Ragatalacintamani
3 Vaidyacintamani
4 Kumararamuni Katha
5 Katamaraju Katha

## SANSKRIT

1 Devakeralam—Candrakala Nadi
2 Patanjala Yogasutra Vivarana by Sri Sankaracarya

## MALAYALAM

1 Kilivandusamvadam
2 Advaita Vedantam
3 Barhaspatyasutra with Malayalam commentary
4 Karanapaddhati

## KANNADA

1 Sadgururahasyam

## ARABIC

1 Shawakil-Al-Hur

In Government Memorandum No. I8947-E/52-2, Education, dated 7th August I952, a few changes were made in the personnel of the Expert Committee.

The names of the following members were deleted:—

1 Sri V. Prabhakara Sastri
2 Sri C. Achyuta Menon
3 Sri M. Abdul Haq

The following gentlemen were included as members of the Expert Committee:—

1 Sri M. Somasekhara Sarma
2 Dr. V. Raghavan, M.A., PH.D.
3 Dr. R. Nagaraja Sarma, M.A., PH.D.
4 Dr. S. Krishnan Nayar, M.A., PH.D.,
5 Prof. S. A. Bukhari, M.A.

The Sub-Committee for all the languages met during September 1952 for selecting manuscripts for publication.

The following manuscripts were taken up for publication during 1952—53:—

TAMIL

1 Saptarishinadi, Vol. II—Virushabha Langna
2 Temple Inscriptions of South India, Vol. I.

TELUGU

1 Sariramu

KANNADA

1 Bijjalaraya Carite
2 Vaidyasara Sangraha, Vol. II

MALAYALAM

1 Vidyamadhaviyam
2 Sarvasadharana Cikitsa
3 Vishacikitsa and Vishappattusaram

SANSKRIT

1 Nyayaratnam with the commentary Dyutimalika
2 Cikitsatilakam
3 Nrttaratnavali

The Government in their G. O. Ms. No. 1820, Education, dated 4th August 1952, sanctioned a grant of Rs. 9,000 to the Dr. V. Swaminatha Aiyar's Tamil Library, Adyar, towards the publication of the following manuscripts as part of the "Madras Government Oriental Series":—

1 Tiruvacaka Vyakhyanam
2 Mahabharata Cudamani

The following books were taken up for publication during 1953–54:—

TAMIL

1 Saptarishinadi, Vol. III, Mithuna Lagna
2 Temple Inscriptions of South India, Vol. II

TELUGU

1 Bharatasarasangraha

KANNDA

1 Manmathavijaya

MALAYALAM

1 Jnanapiyusam

SANSKRIT

1 Daivajnabharana

PERSIAN

1 Baharisthan Sukhan

Out of the above seven books, five excepting one in Telugu and one in Persian were printed during the year.

The following books were taken up for publication during 1954–55:—

TAMIL

1 Pillaippinivakatam (on Infantile disease.) Vol. II
2 Saptarishinadi, Vol. IV, Kataka Lagna
3 Perur Kovai
4 Siddhantavilakkam
5 Samudrikalaksanam
6 Anandaranga Kovai

## KANNADA

1 Abhidhanaratnamala
2 Vyavaharaganita

## MALAYALAM

1 Vetalapancavimsati
2 Yudhishthiravijayam

## SANSKRIT

1 Abhoga
2 Aumapatam
3 Mahabhaskariyam

## PERSIAN

1 Nuskha-e-Shajahani

On account of the separation of the Andhra State, the printing of the Telugu manuscripts could be undertaken only in consultation with that State. Since the concurrence of that State has not been received so far, no work in Telugu was taken up for publication although three works, namely, Bobbili-Yuddhakatha, Haider Caritramu and Aryabhatiya Siddhanta Vyakhya were selected for puplication during 1954-'55.

It is hoped that the publication of most of the important manuscripts will be completed within the next few years.

Some of the manuscripts taken up for publication are represented by single copies in the Library and consequently the mistakes that are found in them could not be corrected by comparing them with other copies. The Editors have, however, tried their best to suggest correct readings. The wrong readings are given in round brackets and correct readings have been suggested in square brackets. When different readings are found, they have been given in the foot-notes except in the case of a few books in which the correct readings have been given in the foot-note or incorporated in the text itself.

The Goverment of Madras have to be thanked for financing the entire scheme of publication although there is a drive for economy in all the departments. My thanks are due to the members of the Expert Committee who spared no pains in selecting the manuscripts for publication. I have also to thank the various Editors, who are experts

in their own field, for readily consenting to edit the manuscripts and see them through the Press. The various Presses that have co-operated in printing the manuscripts in the best manner possible also deserve my thanks for the patience exhibited by them in carrying out the corrections made in the proofs.

The present work is based on a palm-leaf manuscript Yudhishthira-vijaya Bhashavyakhyanam bearing D. No. 117, preserved in the Government Oriental Manuscripts Library, Madras. This work contains 157 folios with 9 lines on a folio. The size of the palm-leaf is $13\frac{3}{4}'' \times 1\frac{3}{4}''$. It is written in Malayalam script.

There is a commentary on this work, in Malayalam. It runs only up to the 38th verse of the 5th Asvasa. Dealing with the famous epic Mahabharata, it begins from the hunting of Pandu. The poet is one Vasudevan Nambudiri who lived in the time of Kulasekhara Perumal. This work is incomplete. The name of the commentator is not known.

*Govt. Oriental Manuscripts Library,*
Madras, 5—3—1955.

**T. Chandrasekharan,**
*Curator.*

# PREFACE

The utility of poetry varies from age to age. To-day poetry is more or less a medium for Propaganda and the ancient classics with their roots firmly planted in human values, appeal to the modern mind, not because of their poetic excellence but because of the power their authors wielded. Those were days when men of learning were held in respect and the dictum, "VAKROKTIH KAVYAJIVITAM" was popular. Is there not an artistic beauty even in pedantry? It is a question worth considering.

An erudite poet may as well be gifted with a fertile imagination in which case he will have unique place in society. There are many Malayalees who have to their credit some important works in Sanskrit. But none of them have achieved that all-India repute which Vasudeva Bhattathiri, the author of 'Yudhishthira Vijayam' has established. The many commentaries of that work in different languages of our land bear testimony to this fact. Even the name of Melpathur Bhattathiri whose memory we revere and honour is not so well-known in other parts of Bharatha as in Kerala. If this is the fate of such a renowned scholar as Melpathur, we can easily imagine the fate of others, who were far inferior to him in their intellectual attainments. Vasudeva Bhattathiri has therefore the unique distinction of having won the admiration not only of his contemporaries but of later generations too. A powerful vocabulary and a fecund imagination have enabled that gifted writer to attain the dizzy heights of fame.

Several legends have been centred round the name of this poet. Some believe that all his genius was due to the blessings of Lord Sasta, the deity of Tiruvalla Kavu, a minor temple near Trichur. Even to this day children in that locality are taken there to be initiated to learning, because there is still the superstition that Vasudeva Bhattathiri's learning is associated with that place. To attribute a man's uncommon powers to the influence of something divine is not anything new to Indian life. Very little is known about the parentage and early life of our poet though we could hazard certain conjectures based on some stanzas in 'Yudhishthira Vijayam'.

'Yudhishthira Vijayam', 'Tripura Dahanam', 'Sauri Katha' and 'Gajendra Moksham' are the important poetical works popularly

believed to have come from his pen, though some have tried to thrust on him the authorship of a few more. 'Yudhishthira Vijayam' is a monumental example of the rare combination of solid learning and facile fancy. Instances of real artistic elegance and true poetic splendour are patent to any discerning reader. This explains the several commentaries of that work in different Indian languages.

In Malayalam also we have a number of commentaries on 'Yudhishthira Vijayam'. Reference has been made to two of them by Sri Vadakkumkur Raja Raja Varma Raja in his 'History of the Sanskrit Works of Kerala Poets' Volume I. A few days ago I chanced to read a Malayalam Commentary of the first three cantos of 'Yudhishthira Vijayam' by Sri Kaikulangara Rama Variar. It is meant for school use. This book also serves the same purpose. The detailed explanations given in the book will certainly enable the students to make out the meaning and appreciate the rare qualities of poetry. Malayalam language would have been considered poorer if many of the simple but expressive words had not been preserved in such works as this. Nothing is known to us of the person who has written this beautiful commentary on this work in our language. Whoever he be, all lovers of the Malayalam language and the student population in particular owe a deep debt of gratitude to that unknown person who has done this useful service to Kairali.

**O. K. Vasudeva Panikkar.**

# ആമുഖം

കാലത്തിൻെറ മാററത്തിനൊത്ത് കാവ്യപ്രയോജനവും മാറി ക്കൊണ്ടിരിക്കുന്നു. കല ഇന്നൊരു പ്രചരണോപാധിയായിരിക്കുക യാണ്. മാനുഷിക മൂല്യങ്ങളെ മാനിച്ചിരുന്ന പ്രാചീനകാവ്യങ്ങ ളിൽ കവിതാഭംഗിയല്ല കവിശക്തിയാണ് ആധുനിക ജനത ദർശി ക്കുന്നത്. ഇന്നത്തേക്കാംക്കൂടുതൽ പാണ്ഡിത്യത്തെ മാനിച്ചിരുന്ന അക്കാലത്താകട്ടെ "വക്രോക്തിഃ കാവ്യജീവിതം" എന്ന നിർവ്വചന ത്തിനും പ്രചാരം സിദ്ധിച്ചു. പാണ്ഡിത്യപ്രകടനത്തിലുമില്ലേ ഒരു കലാഭംഗി? ആലോചിക്കേണ്ട ഒരു കാര്യമാണിത്.

ഒരു പണ്ഡിതകവി ഭാവനാശാലികൂടിയാണെങ്കിൽ അദ്ദേഹ ത്തിനു സമുദായത്തിൽ സിദ്ധിക്കുന്ന സ്ഥാനം അതുല്യമായിരിക്കും. മ ലയാളികരം പലരും സംസ്കൃതകാവ്യങ്ങരം രചിച്ചിട്ടുണ്ട്. അവക്കാ ക്കും തന്നെ "യുധിഷ്ഠിരവിജയ" കത്താവായ "വാസുഭട്ടതിരി"യെപ്പോ ലെ അഖില ഭാരത പ്രശസ്തിയാർജ്ജിക്കുവാൻ സാധിച്ചിട്ടില്ല. യുധി ഷ്ഠിരവിജയത്തിന് ഭാരതത്തിലങ്ങോളമിങ്ങോളമുണ്ടായിട്ടുള്ള വ്യാഖ്യാ നങ്ങരം അതിനൊരു തെളിവാണ്. നാം ഇത്രയധികം ആദരിക്കുന്ന, ഇത്രയധികം ആരാധിക്കുന്ന മേപ്പത്തൂർ ഭട്ടതിരിക്കുപോലും കേരളത്തി ലുള്ളത്ര യശസ്സ് ഭാരതത്തിൻെറ തന്നെ ഇതരഭാഗങ്ങളിലില്ലെന്നുള്ള തു് വേദനിപ്പിക്കുന്ന ഒരു പരമാത്ഥം മാത്രമാണ്. അത്രയധികം ഭാ വനാശാലിയായ മേപ്പത്തൂരിനുപോലും അനുഭവമതാണെങ്കിൽ വെറും പാണ്ഡിത്യ പ്രകടനത്തിനു മിനക്കെട്ടവരുടെ സ്ഥിതി നമുക്കൂഹിക്കാ വുന്നതാണല്ലൊ. അന്നും ഇന്നും, ഏതായാലും സമ്മതനായ ഒരു ക വിയാണ് വാസുഭട്ടതിരി. പദസമ്പത്തും ഭാവനാവിലാസവും ആ ക വിപുംഗവനെ പ്രസിദ്ധിയുടെ ഉന്നത സോപാനത്തിൽ എത്തിച്ചിരി ക്കുന്നു.

തൃശ്ശൂരിന്നുസമീപമുള്ള തിരുവള്ളക്കാവു ശാസ്താവിൻെറ പ്രസാദംകൊണ്ടാണ് 'വാതു' 'വാസു'വായതും വാസുദേവഭട്ടതിരി'യായതും എന്നുള്ള ഐതിഹ്യം ഇന്നു് അതിപ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ടല്ലോ. തൃശ്ശൂരിനു സമീപമുള്ള ജനങ്ങൾ കുട്ടികളെ എഴുത്തിനിരുത്തുവാൻ തിരുവള്ളക്കാവിലേക്ക് ഇന്നും കൊണ്ടുപോയ്ക്കൊണ്ടിരിക്കുന്നതിനു കാരണക്കാരൻ യുധിഷ്ഠിരവിജയകത്താവാണെന്നും വിശ്വസിച്ചുവരുന്നു. ജനപ്രീതി നേടുവാൻ സാധിച്ചിട്ടുള്ളവരുടെ മേന്മക്ക് അലൌകികമായ ഇത്തരം പരിവേഷമിടുന്നതു് സാധാരണമാണല്ലോ. മാതാപിതാക്കന്മാരെക്കുറിച്ചോ ദേശകാലങ്ങളെക്കുറിച്ചോ ഒന്നും തന്നെ തീർച്ച പറയുവാൻ കഴിയുകയില്ലെങ്കിലും എന്തെങ്കിലും ഒരൈതിഹ്യം ഏതു മഹാൻെറ ചുററും വെളിച്ചം വിതറുന്നുണ്ടാകും. വാസുദേവ ഭട്ടതിരിയുടേയും മാതാപിതാക്കന്മാരെക്കുറിച്ചോ ചുററുപാടുകളെക്കുറിച്ചോ കൃത്യതലൊന്നും അറിയുവാൻ കഴിഞ്ഞിട്ടില്ല. യുധിഷ്ഠിരവിജയത്തിലെ സൂചനകൾ ചില അഭ്യൂഹങ്ങൾക്കു സഹായിക്കുന്നുണ്ടെന്നു മാത്രമേയുള്ളു.

യുധിഷ്ഠിരവിജയം, ത്രിപുരദഹനം, ശൌരികഥ, ഗജേന്ദ്രമോക്ഷം എന്നിവയാണ് ഭട്ടതിരിയുടെ കൃതികളെന്നു പരക്കെ സമ്മതിച്ചിട്ടുള്ളകാവ്യങ്ങൾ. മററുചില കാവ്യങ്ങളുടേയും കത്തൃത്വം ഭട്ടതിരിയുടെ ചുമലിൽ തന്നെ അപ്പിക്കുന്നുണ്ട്, പലരും. എങ്കിലും, യുധിഷ്ഠിരവിജയത്തോടു ചേന്നാണ് വാസുഭട്ടതിരിയെ നാം അറിയുന്നതു്. ഭാവനാശാലിയായ ഒരു കവി പാണ്ഡിത്യപ്രകടനത്തിനു മുതിന്നാലും സരസകാവ്യങ്ങൾ നിമ്മിക്കുവാൻ സാധിക്കുമെന്നു തെളിയിക്കുന്നുണ്ട് യുധിഷ്ഠിരവിജയം. സുന്ദരങ്ങളായ പലഭാഗങ്ങളുമുണ്ട് യുധിഷ്ഠിരവിജയത്തിലെന്നു് അനുവാചകക്കു വളരെ വേഗം ബോദ്ധ്യം വരുന്നതാണ്. അതുകൊണ്ടുതന്നെയാണ് ഇത്രയധികം വ്യാഖ്യാനങ്ങൾ ഇ ക്കാവ്യത്തിന്നുണ്ടായിട്ടുള്ളതും.

മലയാളത്തിലുമുണ്ടായിട്ടുണ്ട് യുധിഷ്ഠിരവിജയത്തിനു പല വ്യാഖ്യാനങ്ങളും. രണ്ടുപേരുടെ വ്യാഖ്യാനത്തെപ്പററി 'കേരളീയ സംസ്കൃതസാഹിത്യചരിത്രം' ഒന്നാം ഭാഗത്തിൽ ശ്രീ. വടക്കുംകൂർ രാജരാജ

വമ്മ രാജാ അവർകൾ സൂചിപ്പിച്ചിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കു മുമ്പ് യുധിഷ്ഠിരവിജയത്തിൻെറ ആദ്യത്തെ മൂന്നു സർഗ്ഗങ്ങൾക്ക് ശ്രീ. കൈക്കുളങ്ങര രാമവാര്യർ എഴുതിയിട്ടുള്ള വ്യാഖ്യാനം എനിക്കു കാണുവാൻ സാധിച്ചു. വിദ്യാൎത്ഥികളെ ഉദ്ദേശിച്ചാണ് ശ്രീ. വാര്യർ യുധിഷ്ഠിരവിജയം വ്യാഖ്യാനിച്ചിട്ടുള്ളതു്. ഏതാണ്ട് അത്തരം ഒരു വ്യാഖ്യാനമാണ് ഈ പുസ്തകത്തിലും നാം കാണുന്നതു്. ആകാംക്ഷിച്ചു് അൎത്ഥമെഴുതുന്ന ഈ സമ്പ്രദായം സംശയലേശം പോലും ബാക്കിവെക്കുകയില്ലെന്നു തീൎത്തുപറയാവുന്നതാണ്. മാത്രമല്ല, സുന്ദരങ്ങളും ലളിതങ്ങളുമായ പലപല മലയാളപദങ്ങളും നമുക്കിതിൽ കാണുവാൻ കഴിയുന്നുണ്ട്. കൈവിട്ടുപോയ അത്തരം പദങ്ങളുടെ സ്ഥാനത്തു് ഉപയോഗിക്കുവാൻ കൈരളി ഇന്നു മററു ഭാഷാപദങ്ങളെ ആശ്രയിക്കുന്നു.

വ്യാഖ്യാതാവിനെക്കുറിച്ചു് ഒരു സൂചനയും നമുക്കു ലഭിക്കുന്നില്ല. അതിപ്രാചീനമല്ല വ്യാഖ്യാനമെന്നുള്ളതു് സ്പഷ്ടമാണ്. വിദ്യാൎത്ഥിവൃന്ദത്തിനും കേരളീയ സഹൃദയൎക്കു പൊതുവേയും അതുല്യമായ ഒരു സേവനമാണ് ആ അജ്ഞാതനാമാവു് അനുഷ്ഠിച്ചിട്ടുള്ളതു്.

ഒ. കെ. വാസുദേവപ്പണിക്കർ

11 DEC 1956
MADRAS

# യുധിഷ്ഠിരവിജയം

---

ഭാഷാവ്യാഖ്യാനസഹിതം

---

1 പ്രദിശതു ഗിരിശഃ സ്തിമിതാം
ജ്ഞാനദൃശം വഃ ശ്രിയം ച ഗിരി ശസ്തിമിതാം
പ്രശമിതപരമദമായം
സന്തഃ സഞ്ചിന്തയന്തിപരമദമാ യം.

ഗിരിശഃ വഃ ജ്ഞാനദൃശം പ്രദിശതു, ഗിരി ശ്രിയം ച. ഗിരിശൻ നിങ്ങൾക്കായിക്കൊണ്ടു് ജ്ഞാനദൃക്കിനെ പ്രദാനം ചെയ്‌വൂതാക, ഗീരിങ്കലെ ശ്രീയേയും. ഗിരിശൻ=ശ്രീമഹാദേവൻ. ജ്ഞാനദൃക്ക്=ദൃക്കുപോലെ ഇരിക്കുന്ന ജ്ഞാനം. ദൃക്ക്=കണ്ണു്. ജ്ഞാനം=അറിവു്. പ്രദാനം ചെയ്ക=തരിക. ഗീരു=വാക്കു്. ശ്രീ=ശോഭ. സ്തിമിതാം; അങ്ങിനെയിരിക്കേണം ജ്ഞാനദൃക്കു്, സ്തിമിതയായിരിക്കണം. സ്തിമിതം=നിശ്ചലം. ശസ്തിം ഇതാം; അങ്ങിനെയിരിക്കേണം ഗീരിങ്കലെ ശ്രീ. ശസ്തിയെ ഇതയായിരിക്കണം. ശസ്തി=പ്രശസ്തി. ഇത=പ്രാപ്ത. സന്തഃ യം സഞ്ചിന്തയന്തി, സത്തുക്കൾ യാതൊരു ഭഗവാനെ സഞ്ചിന്തിക്കുന്നു. സത്തുക്കൾ=സജ്ജനങ്ങൾ. സഞ്ചിന്തിക്ക=ഉപാസിക്ക. പ്രശമിതപരമദമായം, അങ്ങിനെ ഇരുന്നു ഭഗവാൻ. പ്രശമിത പരമദമായനായിരുന്നു. പ്രശമിതപരമദമായൻ=പ്രശമിതകളായിരിക്കുന്ന പരമദമായകളോടു കൂടിയവൻ. പ്രശമിതകൾ=പ്രകർഷേണശമിതകൾ. ശമിതകൾ=ശമിപ്പിക്കപ്പെട്ടവ. ശമിപ്പിക്ക=അടക്കുക. പരമദമായകൾ=പരന്മാരുടെ മദമായകൾ. പരന്മാർ=ശ

ത്രുക്കൾ. മദമായകൾ=മദവും മായയും. മദം=അഹങ്കാരം. മായ=ചതി. പരമദമാഃ, അങ്ങിനെ ഇരുന്ന സത്തുക്കൾ; പരമദമന്മാരായിരുന്നു. പരമദമന്മാർ=പരമമായിരിക്കുന്ന ദമത്തോടുക്രുടിയവർ. പരമം=ഉൽകൃഷ്ടം. ദമം=അടക്കം.

2 യോ വാ മന്ദരവപുഷം
മമർദ്ദ മാതംഗവരമമന്ദരവപുഷം
കാന്താം ചാപ ധരാദ്ധ്യ:
ക്ഷപിതോ യേനാംഗജോ/പി ചാപധരാദ്ധ്യ:

യഃ മാതംഗവരം മമർദ്ദ വാ, യാതൊരു ഭഗവാൻ ആണോ മാതംഗവരനെ മർദ്ദിച്ചതു്; മാതംഗവരൻ=മാതംഗങ്ങളിൽ വെച്ചു വരൻ. മാതംഗങ്ങൾ=ഗജങ്ങൾ. വരൻ=ശ്രേഷ്ഠൻ. മർദ്ദിക്ക=ഹിംസിക്ക. മന്ദരവപുഷം, അങ്ങിനെയിരുന്ന മാതംഗവരൻ. മന്ദരവപുസ്സായിരുന്നു. മന്ദരവപുസ്സ്=മന്ദരത്തിൻെറ വപുസ്സുപോലെ ഇരിക്കുന്ന വപുസ്സോടുക്രുടിയവൻ. മന്ദരം=മന്ദര പർവ്വതം. വപുസ്സ്=ശരീരം. അമന്ദരവപുഷം, അങ്ങിനെ ഇരുന്ന മാതംഗവരൻ, അമന്ദരവപുട്ടായിരുന്നു. അമന്ദരവപുട്ട്=അമന്ദരവത്തെ പോഷിപ്പിക്കുന്നവൻ. അമന്ദരവം=അമന്ദമായിരിക്കുന്ന രവം. അമന്ദം=പെരുകിയതു്. രവം=ശബ്ദം. പോഷിപ്പിക്ക=വർദ്ധിപ്പിക്ക. യഃ ധരാൽ കാന്താം ആപ.ച യാതൊരു ഭഗവാൻ ആണോ ധരത്തിൻ പക്കൽനിന്നു് കാന്തയെ പ്രാപിച്ചതും. ധരം=പർവ്വതം. കാന്ത=ഭാൎയ്യ. യേന അംഗജഃ അപി ക്ഷപിത:; യാതൊരു ഭഗവാനാൽ ആണോ അംഗജനും ക്ഷപിതനായതു്. അംഗജൻ=കാമദേവൻ. ക്ഷപിതൻ=ക്ഷയിപ്പിക്കപ്പെട്ടവൻ. ക്ഷയിപ്പിക്ക=നശിപ്പിക്ക. ചാപധരാദ്ധ്യഃ; അങ്ങിനെയിരുന്ന അംഗജൻ; ചാപധരാദ്ധ്യനായിരുന്നു. ചാപധരാദ്ധ്യൻ=ചാപധരന്മാരിൽവെച്ചാദ്ധ്യൻ. ചാപധരന്മാർ=വില്ലാളികൾ. ആദ്ധ്യൻ=പ്രധാനഭൂതൻ.

3 ശിരസാം സകലേ ശകലേ
സ്ഖലിതാ സരിതാം വരാ ച സകലേശകലേ
യസ്യ ച കോടീരമിതാ
സ്ഫുടം ബിബഭ്രാമ വഷകോടീരമിതാ:

സരിതാം വരാ ച യസ്യ കോടീരം ഇതാ, അമിതാഃ വർഷകോടീഃ സ്ഫുടം ബിഭ്രാമ ച. സരിത്തുക്കളിൽ വെച്ച് വരയും യാതൊരു ഭഗവാന്റെ കോടീരത്തെ ഇതയായിട്ട് അമിതകളായിരിക്കുന്ന വർഷകോടികൾ മുഴുവൻ സ്ഫുടമാകുംവണ്ണം ബിഭ്രമിക്കയും ചെയ്തു. സരിത്തുക്കളിൽവെച്ച് വരാ=ഗംഗാ. കോടീരം=ജടാഭാരം. ഇതാ=പ്രാപ്ത. അമിതകൾ=അസംഖ്യകൾ. വർഷകോടികൾ=വർഷങ്ങളുടെ കോടികൾ. വർഷങ്ങൾ=സംവത്സരങ്ങൾ. കോടികൾ=സമൂഹങ്ങൾ. സ്പുടമാകും വണ്ണം=സ്പഷ്ടമാകുംവണ്ണം. ബിഭ്രമിക്ക=ഉഴലുക. ശിരസാം സകലെ ശകലെ സ്ഖലിതാ, അങ്ങിനെഇരുന്ന സരിത്തുക്കളിവെച്ച് വരാ. ശിരസ്സുകളുടെ സകലമായിരിക്കുന്ന ശകലത്തിങ്കൽ സ്ഖലിതയായിരുന്നു. ശിരസ്സുകൾ=ബ്രഹ്മശിരസ്സുകൾ. സകലം=ഒട്ടൊഴിയാതെ ഉള്ളത്. ശകലം=നുറുങ്ങ്. സ്ഖലിത=ഇടറിയവൾ. സകലേശകലെ, അങ്ങിനെ ഇരുന്ന ശകലം, സകലേശകലമായിരുന്നു. സകലേശകലം=കലേശകലയോടുകൂടിയത്. കലേശകല=ചന്ദ്രക്കല.

4 അസ്തി സ ഗജരാജഗതീ
രാജവരോ യേന ഗതശുഗജരാ ജഗതീ
ഭീഷണമധികം കവയഃ
സ്തുവന്തി ജന്യം യദീയ മധികംകവയഃ

സഃ രാജവരഃ അസ്തി; അങ്ങിനെയെല്ലാമിരിക്കുന്ന രാജവരൻ ഉണ്ട്. രാജവരൻ=രാജശ്രേഷ്ഠൻ. ഗജരാജഗതിഃ, അങ്ങിനെ ഇരുന്ന രാജവരൻ, ഗജരാജഗതിയായിരുന്നു. ഗജരാജഗതി=ഗജരാജന്റെ ഗതിപോലെ ഇരിക്കുന്ന ഗതിയോടുകൂടിയവൻ. ഗജരാജൻ=ഗജശ്രേഷ്ഠൻ. ഗതി=ഗമനം. ജഗതീ യേന ഗതശുക് അജരാ, ജഗതി യാവനൊരുത്തനെക്കൊണ്ടാണോ ഗതശുക്കായി അജരയായിരിക്കുന്നത്. ജഗതി=ഭൂമി. ഗതശുക്=ഗതയായിരിക്കുന്ന ശുക്കിനോടു കൂടിയത്. ഗതം=നഷ്ടം. ശുക്=ദുഃഖം. അജരാ=ജരയോടുകൂടിയത്. ജരാ=വയോഹാനി. കവയഃ യദീയം ജന്യം സ്തുവന്തി; കവികൾ യദീയമായിരിക്കുന്ന ജന്യത്തെയാണോ സ്തുതിക്കുന്നത്. കവികൾ=വിദ്വാന്മാർ. യദീയം=യത്സംബന്ധി. ജന്യം=യുദ്ധം.; അധികം ഭീഷണം, അങ്ങി

നെ ഇരുന്നു ജന്യം. ഏററവും ഭീഷണമായിരുന്നു. ഭീഷണം=ഭയങ്കരം. അധികംകവയഃ; അങ്ങിനെ ഇരുന്നു ജന്യം. അധികംകവയസ്സായിരുന്നു. അധികംകവയസ്സ്=അധിഗതങ്ങളായിരിക്കുന്ന കങ്കവയസ്സുകളോടു കൂടിയതു്. അധിഗതങ്ങൾ=പ്രാപ്തങ്ങൾ. കങ്കവയസ്സുകൾ=കങ്കപ്രധാനമായിരിക്കുന്ന വയസ്സുകൾ. കങ്കപ്രധാനങ്ങൾ=കങ്കങ്ങൾ പ്രധാനമായിട്ടുള്ളവ. കങ്കങ്ങൾ=കമ്പിക്കിഴികൾ. (കഴുക്കൾ?) വയസ്സുകൾ=പക്ഷികൾ.

5 തരവോ ഭൂരി ച്ഛായാ:
സമാനഫലദായിനീ ച ഭൂരിച്ഛായാ:
സവിനയശോഭാ ജനതാ
യദ്രാജ്യേ, യസ്യ ഭുവി യശോഭാജനതാ

യദ്രാജ്യേ തരവഃ ഭൂരിച്ഛായാഃ, യദ്രാജ്യത്തിങ്കലെ തരുക്കൾ ഭൂരിച്ഛായങ്ങളായിരിക്കുന്നു. യദ്രാജ്യം=യാവനൊരുത്തൻെറ രാജ്യം. തരുക്കൾ=വൃക്ഷങ്ങൾ. ഭൂരിച്ഛായങ്ങൾ=ഭൂരിയായിരിക്കുന്ന ഛായയോടുകൂടിയവ. ഭൂരി=പെരുകിയതു്. ഛായ=നിഴൽ. ഭൂഃ ഇച്ഛായാഃ സമാനഫലദായിനീ ച, ഭൂവു് ഇച്ഛയ്ക്കു് സമാനഫലദായിനിയായും ഇരിക്കുന്നു. ഭൂവു്=ഭൂമി. ഇച്ഛ=കാംക്ഷ. സമാനഫലദായിനി=സമാനഫലത്തെ ദാനം ചെയ്യുകശീലമായുള്ളതു്. സമാനഫലം=സമാനമായിരിക്കുന്ന ഫലം. സമാനം=സദൃശം. ഫലം=പ്രയോജനം. യദ്രാജ്യേ ജനതാ സവിനയശോഭാ, യദ്രാജ്യത്തിങ്കലെ ജനത സവിനയശോഭയോടുകൂടിയിരിക്കുന്നു. യദ്രാജ്യം=യാവനൊരുത്തൻെറ രാജ്യം. ജനത=ജനസമൂഹം. സവിനയശോഭ=വിനയശോഭയോടുകൂടിയതു്. വിനയശോഭ=വിനയംകൊണ്ടുള്ള ശോഭ. വിനയം=അടക്കം. യസ്യ ഭുവി യശോഭാജനതാ, യാവനൊരുത്തന്നു് ഭുവിങ്കൽ യശോഭാജനത ഭവിക്കുന്നു. ഭൂവു്=ഭൂമി. യശോഭാജനത=യശോഭജനമാവു എന്നുള്ളതു്. യശോഭാജനം=യശസ്സിന്നു് ഭാജനം. യശസ്സ്=കീൎത്തി. ഭാജനം=പാത്രം.

6 തസ്യ ച വസുധാ മവതഃ
കാലേ കുലശേഖരസ്യ വസുധാമവതഃ

വേദാനാമദ്ധ്യായീ

ഭാരതഗുരു,രഭവ,ദാദ്യനാമദ്ധ്യായി

തസ്യ കുലശേഖരസ്യ കാലേ ഭാരതഗുരുഃ അഭവൽ, അങ്ങിനെയെല്ലാമിരിക്കുന്ന കുലശേഖരൻെറ കാലത്തിങ്കൽ ഒരു ഭാരതഗുരു ഉണ്ടായി. കുലശേഖരൻ=കുലശേഖരപ്പെരുമാൾ. ഭാരതഗുരു=ഭാരതത്തിൻെറ ഗുരു. ഭാരതം=ശ്രീമഹാഭാരതം. ഗുരു=ഉപദേഷ്ടാവു്. വസുധാം അവതഃ, അങ്ങിനെ ഇരുന്നു കുലശേഖരൻ, ലസുധയെ അവന്നായിരുന്നു. വസുധ=ഭൂമി. അവൻ=രക്ഷിക്കുന്നവൻ. വസുധാമവതഃ അങ്ങിനെ ഇരുന്നു കുലശേഖരൻ, വസുധാമവാനായിരുന്നു. വസുധാമവാൻ=വസുധാമങ്ങളുള്ളവൻ. വസുധാമങ്ങൾ=വസുക്കളും ധാമങ്ങളും. വസുക്കൾ=രത്നാദികൾ. ധാമങ്ങൾ=ഭവനങ്ങൾ· വേദാനാമദ്ധ്യായീ; അങ്ങിനെ ഇരുന്നു ഭാരതഗുരു. വേദങ്ങളുടെ അദ്ധ്യായിയായിരുന്നു. വേദങ്ങൾ=ഋഗ്യജുസ്സാമാഥർവ്വങ്ങൾ. അദ്ധ്യായീ=അദ്ധ്യായമുള്ളവൻ. അദ്ധ്യായം=പാഠം. ആദ്യനാമധ്യായി, അങ്ങിനെ ഇരുന്നു ഭാരതഗുരു. ആദ്യനാമധ്യായിയായിരുന്നു. അദ്യനാമധ്യായീ=ആദ്യനാമത്തെ ധ്യാനിക്ക ശീലമായുള്ളവൻ. ആദ്യനാമം=ആദ്യൻെറ നാമം. ആദ്യൻ=വിഷ്ണുഭഗവാൻ. നാമം=പേരു്.

7 യം പ്രാപ രമാ ച,ാര്യം
ദേവീ ച ഗിരാം പുരാണപര, മാചാര്യം
യമശുഭസന്തോദാന്തം
പരമേശപരമുപദിശന്തി സന്തോ ദാന്തം.

രമാ ച ഗിരാം ദേവീ ച യം പ്രാപ, രമയും ഗീരുക്കളുടെ ദേവിയും യാവനൊരുത്തനെ പ്രാപിച്ചുവോ. രമാ=ശ്രീഭഗവതി. ഗീരുകളുടെ ദേവി=സരസ്വതി. ആര്യ്യം; അങ്ങിനെ ഇരുന്നു അവൻ. ആര്യ്യനായിരുന്നു. ആര്യ്യൻ=ശ്രേഷ്ഠൻ. പുരാണപരം, അങ്ങിനെ ഇരുന്നു അവൻ, പുരാണപരനായിരുന്നു. പുരാണപരൻ=പുരാണങ്ങളിൽ തല്പരൻ. പുരാണങ്ങൾ=അഷ്ടാദശപുരാണങ്ങൾ. തല്പരൻ=സക്തനായവൻ ആചാര്യ്യം, അങ്ങിനെഇരുന്നു അവൻ; ആചാര്യ്യനായിരുന്നു. ആചാ

യ്യൻ=മന്ത്രവാക്യകൎത്താവ്. സന്തഃയം പരമേശ്വരം ഉപദിശന്തി, സത്തുക്കൾ യാവനൊരുത്തനെ പരമേശ്വരനെന്നു ചൊല്ലുന്നുവോ. സത്തുക്കൾ=സജ്ജനങ്ങൾ. അശുഭസന്തോദാന്തം; അങ്ങിനെ ഇരുന്നു അവൻ, അശുഭസന്തോദാന്തനായിരുന്നു. അശുഭസന്തോദാന്തൻ=അശുഭസന്തോദങ്ങളുടെ അന്തത്തെ വരുത്തുന്നവൻ. അശുഭസന്തോദങ്ങൾ=അശുഭങ്ങളെക്കൊണ്ടുള്ള സന്തോദങ്ങൾ. അശുഭങ്ങൾ=അമംഗളങ്ങൾ. സന്തോദങ്ങൾ=പീഡകൾ. അന്തം=നാശം. ദാന്തം, അങ്ങിനെ ഇരുന്നു അവൻ, ദാന്തനായിരുന്നു. ദാന്തൻ=ശാന്തൻ.

8 ജ്ഞാനസമഗ്രാമേയം
നിവസന്തം വിപ്രസത്തമഗ്രാമേ യം
തിലകം ഭ്രുമാവാഹുഃ
യസ്യാൎത്ഥിഷു ദത്തഭ്രുതിഭ്രുമാ വാഹുഃ

യം ഭ്രുമൌ തിലകം ആഹുഃ യാവനൊരുത്തനെ ഭ്രുമിയിങ്കൽ തിലകമെന്നു ചൊല്ലുന്നു. തിലകം=അലങ്കാരം. ജ്ഞാനസമഗ്രാമേയം, അങ്ങിനെ ഇരുന്നു അവൻ, ജ്ഞാനസമഗ്രാമേയനായിരുന്നു. ജ്ഞാനസമഗ്രാമേയൻ=ജ്ഞാനസമഗ്രനായി അമേയനായി ഇരിക്കുന്നവൻ. ജ്ഞാനസമഗ്രൻ=ജ്ഞാനംകൊണ്ടു സമഗ്രൻ. ജ്ഞാനം=അറിവ്. സമഗ്രൻ=സമ്പൂൎണ്ണൻ. അമേയൻ=അപരിച്ഛേദ്യൻ. വിപ്രസത്തമഗ്രാമേ നിവസന്തം; അങ്ങിനെ ഇരുന്നു അവൻ, വിപ്രസത്തമഗ്രാമത്തിങ്കൽ നിവസന്നായിരുന്നു. വിപ്രസത്തമഗ്രാമം=വിപ്രസത്തമന്മാരുടെ ഗ്രാമം. വിപ്രസത്തമന്മാർ=ബ്രാഹ്മണശ്രേഷ്ഠന്മാർ. ഗ്രാമം=ദേശം. നിവസൻ=നിവസിച്ചിയങ്ങുന്നവൻ. നിവസിക്ക=വസിക്ക. യസ്യ വാഹുഃ (ബാഹുഃ) അൎത്ഥിഷു ദത്തഭ്രുതിഭ്രുമാ, യാവനൊരുത്തന്റെ ബാഹു അൎത്ഥികളിൽ ദത്തഭ്രുതിഭ്രുമാവായിരിക്കുന്നു. ബാഹു=കയ്യ്. അൎത്ഥികൾ=യാചകന്മാർ. ദത്തഭ്രുതിഭ്രുമാവ്=ദത്തമായിരിക്കുന്ന ഭ്രുതിഭ്രുമാവിനോടു കൂടിയതു്. ദത്തം=ദാനംചെയ്യപ്പെട്ടതു്. ഭ്രുതിഭ്രുമാവ്=ഭ്രുതിയുടെ ഭ്രുമാവ്. ഭ്രുതി=സമൃദ്ധി. ഭ്രുമാവ്=പെരുപ്പം.

9 സമജനി കശ്ചിത്തസ്യ
പ്രവണഃ ശിഷ്യോഽനവൎത്തക,ശ്ചിത്തസ്യ

കാവ്യാനാമാലോകേ
പടുമാനസോ വാസുദേവനാമാ ലോകേ.

തസ്യ കശ്ചിൽ ശിഷ്യഃ സമജനി, അവന്ന് ഒരു ശിഷ്യൻ ഉണ്ടായി. പ്രവണഃ അങ്ങിനെ ഇരുന്ന ശിഷ്യൻ, പ്രവണനായിരുന്നു. പ്രവണൻ=വണങ്ങിയവൻ. ചിത്തസ്യ അനുവൎത്തകഃ, അങ്ങിനെ ഇരുന്ന ശിഷ്യൻ. ചിത്തത്തിന്റെ അനുവൎത്തകനായിരുന്നു. ചിത്തം=മനസ്സ്. അനുവൎത്തകൻ=അനുവൎത്തിക്കുന്നവൻ. അനുവൎത്തിക്ക=അനുസരിക്ക. കാവ്യാനാം ആലോകെ പടുമാനസഃ; അങ്ങിനെ ഇരുന്ന അവൻ; കാവ്യങ്ങളുടെ ആലോകത്തിങ്കൽ പടുമനസ്സായിരുന്നു. കാവ്യങ്ങൾ=ലഘുവംശാദികൾ. ആലോകം=ദൎശനം. പടുമനസ്സ്=പടുവായിരിക്കുന്ന മനസ്സോടുകൂടിയവൻ. പടു=വിദഗ്ദ്ധം. ലോകേ വാസുദേവനാമാ, അങ്ങിനെ ഇരുന്ന ശിഷ്യൻ. ലോകത്തിങ്കൽ വാസുദേവനാമാവായിരുന്നു. വാസുദേവനാമാവ്=വാസുദേവനെന്ന നാമത്തോടുകൂടിയവൻ. നാമം=പേരു.

10 കീൎത്തി,മദഭ്രാ,ന്തേന
സ്മരതാ ഭാരതസുധാമദഭ്രാന്തേന
ജഗദപഹാസായ മിതാ
പാൎത്ഥകഥാ കന്മഷാപഹാ സാ യമിതാ.

തേന സാ പാൎത്ഥകഥാ യമിതാ, അവനാൽ ആ പാൎത്ഥകഥ യമിതയായി. പാൎത്ഥകഥാ=പാൎത്ഥന്റെ കഥ. പാൎത്ഥൻ=യുധിഷ്ഠിരൻ. യമിതാ, യമകമായി ചൊല്ലപ്പെട്ടതു്. ജഗദപഹാസായ, അതെ, അതു് ജഗദപഹാസത്തിന്നായ്ക്കൊണ്ടു്; ജഗദപഹാസം=ജഗത്തിന്റെ അപഹാസം. ജഗത്തു്=ലോകം. അപഹാസം=പരിഹാസം. അദഭ്രാം കീൎത്തിം സ്മരതാ; അങ്ങിനെ ഇരുന്ന അവൻ, അദഭ്രയായിരിക്കുന്ന കീൎത്തിയെ സ്മരന്നായിരുന്നു. അദഭ്രാ=പെരുകിയതു്. കീൎത്തി=യശസ്സ്. സ്മരൻ=സ്മരിച്ചിയങ്ങുന്നവൻ. സ്മരിക്ക=നിരൂപിക്ക. ഭാരതസുധാ മദഭ്രാന്തേന; അങ്ങിനെ ഇരുന്ന അവൻ, ഭാരതസുധാമദഭ്രാന്തനായിരുന്നു. ഭാരതസുധാമദഭ്രാന്തൻ=ഭാരതസുധാമദംകൊണ്ടു്

ഭ്രാന്തൻ. ഭാരതസുധാമദം=ഭാരതസുധകൊണ്ടുള്ള മദം. ഭാരതസുധ=ഭാരതമാകുന്ന സുധാ. ഭാരതം=ശ്രീമഹാഭാരതം. സുധാ=അമൃത്. മദം=അഹങ്കാരം. ഭ്രാന്തൻ=ഭ്രമിച്ചിരിക്കുന്നവൻ. ഭ്രമിക്ക=ഉഴലുക. മിതാ; അങ്ങിനെ ഇരുന്നു പാൎത്ഥകഥ; മിതയായിരുന്നു. മിതാ=ചുരുക്കപ്പെട്ടതു്. കന്മഷാപഹാ, അങ്ങിനെ ഇരുന്നു പാൎത്ഥകഥാ; കന്മഷാപഹയായിരുന്നു. കന്മഷാപഹ=കന്മഷത്തെ അപഹനിക്കുന്നതു്. കന്മഷം=ദുരിതം. അപഹനിക്ക=കളയുക.

11 അഥ മൃഗരാജദ്വിപിപിനം
പ്രവിശ്യ പാണ്ഡുർഗിരിം വിരാജദ്വിപിനം
മൃഗയാസംഗരസേന
സ്വൈരം വ്യഹരജ്ജിതാരിസംഗരസേനഃ.

അഥ പാണ്ഡുഃ ഗിരിം പ്രവിശ്യ സ്വൈരം വ്യഹരൽ, എങ്കിലോ പാണ്ഡുവാകുന്ന രാജാവു് ഒരു ഗിരിയിങ്കൽ പ്രവേശിച്ചിട്ടു് സ്വൈരമാംവണ്ണം വിഹരിച്ചു. ഗിരി=പൎവ്വതം. പ്രവേശിക്ക=അകംപൂവുക. വിഹരിക്ക=ക്രീഡിക്ക. മൃഗയാസംഗരസേന=മൃഗയാസംഗരസം ഹേതുവായിട്ടു്. മൃഗയാസംഗരസം=മൃഗയാസംഗംകൊണ്ടുള്ള രസം. മൃഗയാസംഗം=മൃഗയയിങ്കലെ സംഗം. മൃഗയാ=നായാട്ടു്. സംഗം=വേഴ്ച. രസം=രാഗം. മൃഗരാജദ്വിപിപിനം=അങ്ങിനെയിരുന്ന ഗിരി, മൃഗരാജദ്വിപിപിയായിരുന്നു. മൃഗരാജദ്വിപി=മൃഗരാജദ്വിപങ്ങളുള്ളതു്. മൃഗരാജദ്വിപങ്ങൾ=മൃഗരാജങ്ങളും ദ്വിപങ്ങളും. മൃഗരാജങ്ങൾ=സിംഹവ്യാഘ്രാദികൾ. ദ്വിപങ്ങൾ=ആനകൾ. വിരാജദ്വിപിനം=അങ്ങിനെയിരുന്ന ഗിരി. വിരാജദ്വിപിനമായിരുന്നു. വിരാജദ്വിപിനം=വിരാജത്തുകളായിരിക്കുന്ന വിപിനങ്ങളോടുകൂടിയതു്. വിരാജത്തുകൾ=ശോഭിച്ചിരിക്കുന്നവ. വിപിനങ്ങൾ=വനങ്ങൾ. ജിതാരിസംഗരസേനഃ, അങ്ങിനെയിരുന്ന പാണ്ഡു. ജിതാരിസംഗരസേനനായിരുന്നു. ജിതാരിസംഗരസേനൻ=ജിതാരിസംഗരയായിരിക്കുന്ന സേനയോടുകൂടിയവൻ. ജിതാരിസംഗര=ജിതമായിരിക്കുന്ന അരിസംഗരത്തോടുകൂടിയതു്. ജിതം=ജയിക്കപ്പെട്ടതു്. അരിസംഗരം=അരി

കളുടെ സംഗരം. അരികൾ=ശത്രുക്കൾ. സംഗരം=യുദ്ധം; സേന=പട(ജ്ജനം).

12 യം നരദേവം ശസ്യഃ
സ്വമാതൃവചനേന സംപദേ വംശസ്യ
മുനിവര്യോഽജനയത്,ത്തം
ഭ്രാതൃകളത്രേ ജഗൽപ്രയോജനയത്തം.

മുനിവര്യഃ യം തം നരദേവം ഭ്രാതൃകളത്രെ അജനയത്=മുനിവര്യൻ യാതൊരു ആ നരദേവനെ ഭ്രാതൃകളത്രത്തിങ്കൽ ജനിപ്പിച്ചു. മുനിവര്യൻ=മുനിശ്രേഷ്ഠൻ; നരദേവൻ=രാജാവ്; ഭ്രാതൃകളത്രം=ഭ്രാതാവിൻെറ കളത്രം; ഭ്രാതാവ്=അനുജൻ; കളത്രം=ഭാര്യ; സ്വമാതൃവചനം ഹേതുവായിട്ടു; സ്വമാതൃവചനം=സ്വമാതാവിൻെറ വചനം; സ്വമാതാവ്=തൻെറ മാതാവ്; വചനം=വാക്ക്; വംശസ്യ സംപദെ=വംശത്തിൻെറ സംപത്തിനായിക്കൊണ്ടു്; സംപത്തു്=സമൃദ്ധി; ശസ്യഃ അങ്ങിനെയിരുന്ന മുനിവര്യൻ; ശസ്യനായിരുന്നു; ശസ്യൻ=സ്തുത്യൻ; ജഗൽപ്രയോജനയത്തം; അങ്ങിനെയിരുന്ന നരദേവൻ; ജഗൽപ്രയോജനയത്തനായിരുന്നു; ജഗൽപ്രയോജനയത്തൻ=ജഗൽപ്രയോജനത്തിങ്കൽ യത്തൻ. ജഗൽപ്രയോജനം=ജഗത്തിൻെറ പ്രയോജനം; ജഗത്തു്=ലോകം; പ്രയോജനം=കാര്യം; യത്തൻ=സന്നദ്ധൻ.

13 തേന ശരേണാകാരി
വ്യസു മുനിമിഥുനം ഗതായു രേണാകാരി
തത്ര യമാഭോ ഗഹനം
ശാപം മുനിരമുച,ദസുസമാഭോഗഹനം.

തേന ശരേണ മുനിമിഥുനം വ്യസു അകാരി=അവനാൽ ഒരു ശരംകൊണ്ടു് മുനിമിഥുനം വ്യസു ആക്കപ്പെട്ടു; ശരം=അമ്പ്; മുനിമിഥുനം=മുനിയുടെ മിഥുനം; മിഥുനം=സ്ത്രീപുമാന്മാർ; വ്യസു=അസുക്കളോടു കൂടാത്തതു്; അസുക്കൾ=പ്രാണങ്ങൾ; ഗതായുഃ, അങ്ങിനെ ഇരുന്ന മുനിമിഥുനം; ഗതായുസ്സായിരുന്നു. ഗതായുസ്സ്=ഗതമായിരിക്കു

ന്ന ആയുസ്സിനോട്ടക്രുടിയതു്; ഗതം=നഷ്ടം; ഏണാകാരി അങ്ങിനെ ഇരുന്നു മുനിമിഥുനം, ഏണാകാരിയായിരുന്നു; ഏണാകാരി=ഏണാകാരമുള്ളതു്; ഏണാകാരം=ഏണത്തിൻെറ ആകാരം; ഏണം=മാൻ; ആകാരം=ആകൃതി. തത്ര മുനിഃ ശാപം അമുചൽ=അവങ്കൽ മുനി ശാപത്തെ മോചിച്ചു; മോചിക്ക=അയക്ക; യമാഭഃ=അങ്ങിനെ ഇരുന്ന മുനി; യമാഭനായിരുന്നു; യമാഭൻ=യമൻെറ ആഭപോലെ ഇരിക്കുന്ന ആഭയോട്ടക്രുടിയവൻ; യമൻ=യമരാജാവു്; ആഭ=ശോഭ; ഗഹനം; അങ്ങിനെ ഇരുന്നു ശാപം; ഗഹനമായിരുന്നു; ഗഹനം=നിഷ്പ്രതീകാരം. അസുസമാഭോ ഗഹനം—അങ്ങിനെയിരുന്ന ശാപം; അസുസമാഭോഗഹാവായിരുന്നു; അസുസമാഭോഗഹാവു്=അസുസമാഭോഗത്തെ ഹനിക്കുന്നതു്; അസുസമാഭോഗം=അസുസമമാരോട്ടക്രുടിയുള്ള ഭോഗം, അസുസമമാർ=ഭാൎയ്യമാർ; ഭോഗം=അനുഭവം; ഹനിക്ക=നിഗ്രഹിക്ക.

14 സ ച ഭൎത്തവ്യജനസ്യ
ത്യാഗം കൃത്വാ, തഥാ സിതവ്യജനസ്യ
അരതോ രാമാഭോഗേ
പാണ്ഡുശ്ചക്രേ തപാംസി രാമാഭോ/ഗേ.

സ പാണ്ഡുഃ അഗെ തപാംസി ചക്രേ=ആ പാണ്ഡു അഗത്തിങ്കൽ തപസ്സുകളെ ചെയ്തു; അഗം=പൎവ്വതം; ഭൎത്തവ്യജനസ്യ ത്യാഗം കൃത്വാ തഥാ സിതവ്യജനസ്യ ച=ഭൎത്തവ്യജനത്തിൻെറ ത്യാഗത്തെ ചെയ്തിട്ടു്, അപ്രകാരം തന്നെ സിതവ്യജനത്തിൻേറയും; ഭൎത്തവ്യജനം=ഭൎത്തവ്യമായിരിക്കുന്ന ജനം; ഭൎത്തവ്യം=ഭരിക്കപ്പെട്ടുവാൻ യോഗ്യം; ത്യാഗം=ഉപേക്ഷ; സിതവ്യജനം=വെഞ്ചാമരം; രാമാഭോഗെ അരതഃ—അങ്ങിനെ ഇരുന്നു പാണ്ഡു; രാമാഭോഗത്തിൽ അരതനായിരുന്നു; രാമാഭോഗം=രാമമാരോട്ടക്രുടിയുള്ള ഭോഗം; രാമമാർ=ഭാൎയ്യമാർ; ഭോഗം=സുഖം; അരതൻ=രതനെന്നിയെ(?)ഇരിക്കുന്നവൻ; രതൻ=തല്പരൻ. രാമാഭഃ അങ്ങിനെയിരുന്ന പാണ്ഡു; രാമാഭനായിരുന്നു; രാമാഭൻ=രാമൻെറ ആഭപോലെ ഇരിക്കുന്ന ആഭയോട്ട ക്രുടിയവൻ; രാമൻ=ശ്രീരാമൻ; ആഭ=ശോഭ.

15 ശ്രിതപരമാദ്രീശാന്തം
പാണ്ഡും കുന്തീ തഥൈവ മാദ്രീ ശാന്തം
തം ഭർത്താരം ഭാര്യേ
ന കദാചി,ജ്ജഹതു,രഭിമതാരംഭാര്യേ.

കുന്തീ, തഥാ ഏവ മാദ്രീ, ഭാര്യേ ഭർത്താരം തം പാണ്ഡും കദാചിദ് ന ജഹതുഃ=കുന്തിയും അപ്രകാരം തന്നെ മാദ്രിയും ഭാര്യമാരിരുവരും ഭർത്താവായിരിക്കുന്ന അപ്പാണ്ഡുവിനെ ഒരിക്കലുമേ ത്യജിച്ചില; ത്യജിക്ക=ഉപേക്ഷിക്ക. ശ്രിതപരമാദ്രീശാന്തം=ശ്രിതമായിരിക്കുന്ന പരമാദ്രീശാന്തത്തോടു കൂടിയവൻ; ശ്രിതം=ആശ്രയിക്കപ്പെട്ടതു്; പരമാദ്രീശാന്തം=പരമാദ്രീശൻെറ അന്തം; പരമാദ്രീശൻ=പരമനായിരിക്കുന്ന അദ്രീശൻ; പരമൻ=ഉൽകൃഷ്ടൻ; അദ്രീശൻ=പർവ്വതശ്രേഷ്ഠൻ; അന്തം=മുകൾപ്പരപ്പു്; ശാന്തം; അങ്ങിനെ ഇരുന്ന പാണ്ഡു; ശാന്തനായിരുന്നു. അഭിമതാരംഭാര്യേ; അങ്ങിനെ ഇരുന്ന ഭാര്യമാർ; അഭിമതാരംഭാര്യമാർ=അഭിമതാരംഭംകൊണ്ടു് ആര്യമാർ; അഭിമതാരംഭം=അഭിമതത്തിൻെറ ആരംഭം; അഭിമതം=ഇഷ്ടം; ആര്യമാർ=ശ്രേഷ്ഠമാർ.

16 അപിച സുതാപേ തേന
സ്ഥിതം സദാ പാണ്ഡുനാ സുതാപേതേന
വിഫലേഹാ നാമ ന്നൂണാം
ജാതി മകൃതപാ പിതാമഹാനാ,മന്നൂണാം.

അപി ച സുതാപേതേന തേന പാണ്ഡുനാ സദാ സുതാപെ സ്ഥിതം=അത്രയും അല്ല, സുതാപേതനായിരിക്കുന്ന അപ്പാണ്ഡുവിനാൽ എല്ലാപ്പോഴും സുതാപത്തിങ്കൽ സ്ഥിതിചെയ്യു എന്നുള്ളതു് ഉണ്ടായി. സുതാപേതൻ=സുതനോടു അപേതൻ; സുതൻ=പുത്രൻ; അപേതൻ വേർപെട്ടവൻ; സുതാപം=ഏററവുമുള്ള താപം; താപം=ഉൾച്ചൂടു്. ജാതിം പിതാമഹാനാം അന്നൂണാം അകൃതപാ ന്നൂണാം ഈഹാ വിഫലാ നാമ=ജാതിയെ പിതാമഹന്മാരെ സംബന്ധിച്ചു് അന്നൂണയാക്കാതെയുള്ള ന്നക്കളുടെ ഈഹാ വിഫലയല്ലോ?

ജാതി=ജന്മം; പിതാമഹന്മാർ=പിതൃക്കൾ; അനൃണ=ൠണത്തോടു കൂടാത്തതു്; ൠണം=കടം; നൃക്കൾ=മനുഷ്യർ; ഈഹ=വ്യാപാരം; വിഫലം=നിഷ്ഫലം.

17 സതതം സാ ശംസന്തം
ക്ഷേത്രജ,മുല്പാദയേതി സാശംസ ന്തം
നിജഗാദ കള കാന്തം
കുന്തീ ദധതീ മനോ മദകളങ്കാന്തം.

സാ കുന്തീ തം കാന്തം കളം നിജഗാദ=അക്കുന്തി അക്കാന്തനോടു് കളമാവുംവണ്ണം നിഗദിച്ചു. കാന്തൻ=ഭർത്താവു്; കളമാവുംവണ്ണം=മധുരമാവുംവണ്ണം; നിഗദിക്ക=പറക; സതതം സാശംസം ക്ഷേത്രജം ഉൽപാദയ ഇതി ശംസന്തം—അങ്ങിനെ ഇരുന്ന കാന്തൻ; എല്ലായ്പ്പോഴം സംശംസമാകുംവണ്ണം ക്ഷേത്രജനെ ഉൽപാദിപ്പിക്ക(നീ). എന്നിങ്ങിനെ ശംസന്നായിരുന്നു. സാശംസമാകുംവണ്ണം=ആശംസയോടുകൂടുംവണ്ണം; ആശംസ=ശ്രദ്ധ; ക്ഷേത്രജൻ=പുത്രൻ; ഉൽപാദിപ്പിക്ക=ജനിപ്പിക്ക; ശംസൻ=ശംസിച്ചിയങ്ങുന്നവൻ; ശംസിക്ക=പറക. മദകളംകാന്തം മനഃ ദധതീ—അങ്ങിനെ ഇരുന്ന കുന്തി; മദകളംകാന്തമായിരിക്കുന്ന മനസ്സിനെ ദധതിയായിരുന്നു; മദകളങ്കാന്തം=മദകളങ്കങ്ങളുടെ അന്തത്തെ വരുത്തുന്നതു്; മദകളങ്കങ്ങൾ=മദവും കളങ്കവും; മദം=അഹങ്കാരം; കളങ്കം=ദോഷം; അന്തം=നാശം; ദധതി=ധരിച്ചിയങ്ങുന്നവൾ.

18 "നരവര, വിപ്രവരേണ
പ്രാപ്തോ മന്ത്രോ മയാ ഭുവി പ്രവരേണ
സ്വാദമുനാ മമ വശ്യം
ദൈവതമഖിലം കൃതാവനാമ,മവശ്യം."

നരവര മയാ വിപ്രവരേണ മന്ത്രഃ പ്രാപ്തഃ=അല്ലയോ നരവര, എന്നാൽ വിപ്രവരം ഹേതുവായിട്ടു് ഒരു മന്ത്രം പ്രാപ്തമായി. നരവരൻ=രാജാവു്; വിപ്രവരം=വിപ്രൻെറ വരം; വിപ്രൻ=ബ്രാഹ്മണൻ;

വരം=അനുഗ്രഹം; പ്രാപ്തം പ്രാപിക്കപ്പെട്ടതു്. ഭുവി പ്രവരേണ— അങ്ങിനെയിരുന്ന വിപ്രവരം; ഭുവിങ്കൽ പ്രവരമായിരുന്നു. ഭുവി= ഭൂമിയിൽ. പ്രവരം=ശ്രേഷ്ഠം. അമുനാ കൃതാവനാമം അഖിലം ദൈവ തം മമ വശ്യം സ്യാൽ അവശ്യം=ഇതുകൊണ്ടു് കൃതാവനാമമായ അഖിലമായിരിക്കുന്ന ദൈവതം എനിക്കു വശ്യമായി ഭവിക്കും, നിശ്ച യം; കൃതാവനാമം=കൃതമായിരിക്കുന്ന അവനാമത്തോടുകൂടിയതു്; കൃതം=ചെയ്യപ്പെട്ടതു്; അവനാമം=നമസ്കാരം; അഖിലം ഒട്ടൊഴിയാ തെയുള്ളതു്; ദൈവതം=ദേവകൾ; വശ്യം=അധീനം.

19 മുദിതവിനായകമിത്രാ
സേത്യുക്ത്വാ ചോദിതാ,ച്ചനായ കമിത്രാ
യമ,പവമാന, മഘോനാം
പൂജാ മാധത്ത സബഹുമാന മഘോനാം.

സാ ഇതി ഉക്ത്വാ യമപവമാനമഘോനാം പൂജാം ആധത്ത= അവൾ ഇങ്ങിനെ വചിച്ചിട്ടു് യമ-പവമാന-മഘവാക്കളുടെ പൂജ യെ ചെയ്തു; വചിക്ക=പറക; യമപവമാനമഘമാക്കൾ=യമനും പവ മാനനും മഘവാവും; യമൻ=ധൎമ്മരാജാവു്; പവമാനൻ=വായു; മഘവാവു്=ഇന്ദ്രൻ. സബഹുമാനം=ബഹുമാനത്തോടുകൂടുംവണ്ണം; അഘോനാം—അങ്ങിനെ ഇരുന്നു പൂജ; അഘോനയായിരുന്നു; അ ഘോനാ=അഘത്തോടു ഊനാ; അഘം=ദോഷം; ഊനാ=വേർപെട്ടതു്. കമിത്രാ അച്ചനായ ചോദിതാ—അങ്ങിനെ ഇരുന്നു അവൾ; കമി താവിനാൽ അച്ചനത്തിന്നായിക്കൊണ്ടു് ചോദിതയായിരുന്നു. കമി താവു്=ഭൎത്താവു്; അച്ചനം=പൂജ; ചോദിത=നിയുക്ത; മുദിതവിനാ യകമിത്രാ—അങ്ങിനെ ഇരുന്നു അവൾ; മുദിതവിനായകമിത്രയായി രുന്നു; മുദിതവിനായകമിത്ര=മുദിതന്മാരായിരിക്കുന്ന വിനായകമിത്ര ന്മാരോടുകൂടിയവൾ; മുദിതന്മാർ=സന്തുഷ്ടന്മാർ; വിനായകമിത്ര ന്മാർ=വിനായകനും മിത്രനും; വിനായകൻ=ഗണപതി; മിത്രൻ= ആദിത്യൻ.

20 ധർമ്മാൽ പരമത്യന്തം
യുധിഷ്ഠിരം നാമ ധർമ്മപര,മത്യന്തം
ഭീമം ച മരുത്തനയം
പാർത്ഥം ശക്രാദവാപ ച മരുത്തനയം.

ധർമ്മാൽ യുധിഷ്ഠിരം നാമ അവാപ=ധർമ്മൻ പക്കൽനിന്നു യുധിഷ്ഠിരൻ എന്നു പ്രസിദ്ധനായിരിക്കുന്നവനെ പ്രാപിച്ചു; ധർമ്മൻ=ധർമ്മരാജാവു്; പ്രാപിക്ക=ലഭിക്ക. പരമത്യന്തം—അങ്ങിനെ ഇരുന്ന യുധിഷ്ഠിരൻ പരമത്യന്തനായിരുന്നു; പരമത്യന്തൻ=പരമതിയുടെ അന്തത്തെ വരുത്തുന്നവൻ; പരമതി=പരന്മാരുടെ മതി; പരന്മാർ=ശത്രുക്കൾ; മതി=ബുദ്ധി; അന്തം=നാശം അത്യന്തം ധർമ്മപരം—അങ്ങിനെ ഇരുന്ന യുധിഷ്ഠിരൻ; ഏററവും ധർമ്മപരനായിരുന്നു. ധർമ്മപരൻ=ധർമ്മത്തിങ്കൽ തല്പരൻ; മരുത്തനയം ഭീമം ച=മരുത്തനയനായ ഭീമനെയും (പ്രാപിച്ചു). മരുത്തനയൻ=മരുത്തിൻെറ തനയൻ; മരുത്തു്=വായു; തനയൻ=പുത്രൻ; ഭീമൻ=ഭീമസേനൻ. ശക്രാൽ പാർത്ഥം ച=ശക്രൻ പക്കൽനിന്നു പാർത്ഥനേയും (പ്രാപിച്ചു). ശക്രൻ=ഇന്ദ്രൻ; പാർത്ഥൻ=അർജ്ജുനൻ; മരുത്തനയം—അങ്ങിനെയിരുന്ന പാർത്ഥൻ മരുത്തനയനായിരുന്നു; മരുത്തനയൻ=മരുത്തൻെറ നയംപോലെ ഇരിക്കുന്ന നയത്തോടുകൂടിയവൻ; മരുത്തൻ=അദ്രിരാജാവു്. നയം=നീതി.

21 മുദിതമനാ ദേവാഭ്യാം
അശ്വിഭ്യാം തദനുശാസനാദേ,വാഭ്യാം
സുലളിത,മിതരാജനയ-
ന്നകുലം സഹദേവ,മനുജ,മിതരാജനയം.

ഇതരാ തദനുശാസനാൽ ഏവ ആഭ്യാം അശ്വിഭ്യാം ദേവാഭ്യാം നകുലം അനുജം സഹദേവം അജനയൽ=മറേറവൾ തദനുശാസനം ഹേതുവായിട്ടുതന്നെ അശ്വിനീദേവകൾ പക്കൽനിന്നും നകുലനേയും അനുജനായിരിക്കുന്ന സഹദേവനേയും ജനിപ്പിച്ചു. തദനുശാസനം=അവരുടെ അനുശാസനം; അനുശാസനം=നിയോഗം; ജനിപ്പിക്ക=

ഉല്പാദിപ്പിക്ക. മുദിതമനാഃ—അങ്ങിനെ ഇരുന്ന അവർ; മുദിതമനസ്സായിരുന്നു; മുദിതമനസ്സ്=മുദിതമായിരിക്കുന്ന മനസ്സിനോടുകൂടിയവർ; മുദിതം=സന്തുഷ്ടം. സുലളിതം—അങ്ങിനെ ഇരുന്ന നകുലൻ; സുലളിതനായിരുന്നു; സുലളിതൻ=ഏറ്റവും ലളിതൻ; ലളിതൻ=സുന്ദരൻ. ഇതരാജനയം—അങ്ങിനെ ഇരുന്ന സഹദേവൻ; ഇതരാജനയനായിരുന്നു; ഇതമായിരിക്കുന്ന രാജനയത്തോടുകൂടിയവൻ. ഇതം=പ്രാപ്തം; രാജനയം=രാജനീതി.

22 ഇത്ഥം രാജാ തേഷു
പ്രകാമ മുദിതോ മുനേർഗിരാ ജാതേഷു
അഹരന്മാദ്ര്യാ വാസഃ
സ കദാചിൽ കുസുമിതദ്രുമാദ്ര്യാവാസഃ.

സ രാജാ കദാചിൽ മാദ്ര്യാഃ വാസഃ അഹരൽ=ആ രാജാവ് ഒരു നാൾ മാദ്രിയുടെ വാസസ്സിനെ ഹരിച്ചു; വാസസ്സ്=വസ്ത്രം; ഹരിക്ക=കളക. മുനേഃ ഗിരാ തേഷു ഇത്ഥം ജാതേഷു പ്രകാമമുദിതഃ—അങ്ങിനെ ഇരുന്ന രാജാവ്; മുനിയുടെ ഗീർഹേതുവായിട്ട് അവർ ഈവണ്ണം ജാതന്മാരായിരിക്കും. വിഷയത്തിങ്കൽ പ്രകാമമുദിതനായിരുന്നു. മുനി=ഋഷി; ഗീർ=വാക്ക്; ജാതന്മാർ=ജനിച്ചവർ; പ്രകാമമുദിതൻ=ഏറ്റവും മുദിതൻ; മുദിതൻ=സന്തുഷ്ടൻ. കുസുമിതദ്രുമാദ്ര്യാവാസഃ—അങ്ങിനെ ഇരുന്ന രാജാവ്; കുസുമിതദ്രുമാദ്ര്യാവാസനായിരുന്നു. കുസുമിതദ്രുമാദ്ര്യാവാസൻ=കുസുമിതദ്രുമാദ്രി ആവാസമായിട്ടുള്ളവൻ; കുസുമിതദ്രുമാദ്രി=കുസുമിതദ്രുമമായിരിക്കുന്ന അദ്രി; കുസുമിതദ്രുമം=കുസുമിതങ്ങളായിരിക്കുന്ന ദ്രുമങ്ങളോടുകൂടിയതു്; കുസുമിതങ്ങൾ പൂത്തവ; ദ്രുമങ്ങൾ=വൃക്ഷങ്ങൾ; അദ്രി=പർവ്വതം; ആവാസം=ഇരിപ്പിടം.

23 മുനിശാപാശന്യാ സഃ
നൃപതച്ച പ്രാപ്തകാലപാശന്യാസഃ
തത്രമൃതേഽവനിപേ തു
സ്നിഗ്ദ്ധാ, സ്സുഹൃദ,സ്സുതാശ്ചതേഽവനിപേതുഃ.

സഃ മുനിശാപാശന്യാ ന്യപതൽ ച=അവൻ മുനിശാപാശനി ഹേതുവായിട്ട നിപതിപ്പൂതും ചെയ്തു; മുനിശാപാശനി=മുനിശാപ മാകുന്ന അശനി; മുനിശാപം=മുനിയുടെ ശാപം; മുനി=ഋഷി; അശനി=ഇടിത്തീയ്യ്. നിപതിക്ക=വീഴക. പ്രാപ്തകാലപാശന്യാസഃ—അങ്ങിനെ ഇരുന്ന അവൻ; പ്രാപ്തകാലപാശന്യാസനായിരുന്നു; പ്രാപ്തകാലപാശന്യാസൻ=പ്രാപ്തമായിരിക്കുന്ന കാലപാശന്യാസത്തോടുകൂടിയവൻ; പ്രാപ്തം=പ്രാപിക്കപ്പെട്ടതു്; കാലപാശന്യാസം=കാലപാശത്തിൻെറ ന്യാസം; കാലപാശം=കാലൻെറ പാശം; കാലൻ=അന്തകൻ; പാശം=കയറു്; ന്യാസം=അപ്പണം. തത്ര അവനിപെ മൃതേ തു സ്നിഗ്ദ്ധാഃ സുഹൃദഃ സുതാഃ ച തെ അവനിപേതുഃ=അവനിപൻ മൃതനായിരിക്കും വിഷയത്തിങ്കലാകട്ടെ സ്നിഗ്ദ്ധന്മാരും സുഹൃത്തുക്കളും ആ സുതന്മാരെല്ലാവരും അവനിപതിച്ചാർ; അവനിപൻ=രാജാവു്; മൃതൻ=മരിച്ചവൻ; സ്നിഗ്ദ്ധന്മാർ=സ്നേഹിച്ചവർ; സുഹൃത്തുക്കൾ=ബന്ധുക്കൾ; സുതന്മാർ=പുത്രന്മാർ; അവനിപതിക്ക=വരിക.

24 അഥ വിധിനാ വിപ്രാണാം
പിതുസ്തനും പാണ്ഡുനന്ദനാ വിപ്രാണാം
പ്രണിദധുരാശു ചിതായാം
നിരതാസ്തദ്ഭൃക്തയാ ധുരാ ശുചിതായാം.

അഥ പാണ്ഡുനന്ദനാഃ പിതുഃ തനും ആശു ചിതായാം പ്രണിദധുഃ=അനന്തരം പാണ്ഡുനന്ദനന്മാർ പിതാവിൻെറ തനുവിനെ വേഗേന ചിതയിങ്കൽ പ്രണിധാനം ചെയ്താർ. പാണ്ഡുനന്ദനന്മാർ=പാണ്ഡുപുത്രന്മാർ; പിതാവു്=അച്ഛൻ; തനു=ദേഹം; ചിത=പട്ടട; പ്രണിധാനംചെയ്ക=വയ്ക്ക. വിപ്രാണാം വിധിനാ=വിപ്രന്മാരുടെ വിധികൊണ്ടു്; വിപ്രന്മാർ=ബ്രാഹ്മണർ; വിധി=ചടങ്ങു്. വിപ്രാണാം—അങ്ങിനെയിരുന്ന തനു; വിപ്രാണയായിരുന്നു; വിപ്രാണ=പ്രാണങ്ങളോടുകൂടാത്തതു്. തദ്ഭൃക്തയാ ധുരാ ശുചിതായാം നിരതാഃ—അങ്ങിനെയിരുന്ന പാണ്ഡുനന്ദനന്മാർ; തദ്ഭൃക്തയായിരിക്കുന്ന ധുരകൊണ്ടു് ശുചിതയിങ്കൽ നിരതന്മാരായിരുന്നു; തദ്ഭൃക്ത=

അതിങ്കൽ യുക്ത; യുക്ത=യോഗ്യ; ധൂര്=വ്യാപാരം; ശുചിത=ശുചികളാവൂ എന്നുള്ളതു്; ശുചികൾ=ശുദ്ധന്മാർ; നിരതന്മാർ=തല്പരന്മാർ.

25 തത്ര ശുഭാ,നുചിതായാം
പപാത മാദ്രീച ചിത്രഭാനുചിതായാം
രമതേ നാകമിതാ,രം
മൃതമപ്യന്വേതി യാംഗനാ കമിതാരം.

മാദ്രീ ച തത്ര ചിത്രഭാനുചിതായാം പപാത=മാദ്രിയും അച്ചിത്രഭാനുചിതയിങ്കൽ പതിച്ചു; ചിത്രഭാനുചിത=ചിത്രഭാനുവിൻെറ ചിത; ചിത്രഭാനു=അഗ്നി; ചിത=പടപ്പു(?); പതിക്ക=വീഴക(ചാടുക)· ശുഭാ—അങ്ങിനെ ഇരുന്നു മാദ്രി; ശുഭയായിരുന്നു; ശുഭ=ശോഭന. അനുചിതായാം—അങ്ങിനെ ഇരുന്ന ചിത്രഭാനുചിത; അനുചിതയായിരുന്നു; അനുചിത=അയോഗ്യ. യാ അംഗനാ മൃതം അപി കമിതാരം അന്വേതി, സാ നാകം ഇതാ അരം രമതേ=യാതൊരു അംഗനയാണോ മൃതനായാലും കമിതാവിനെ അനുഗമിക്കുന്നതു് അവൾ നാകത്തെ ഇതയായിട്ടു് ഏററവും രമിക്കുന്നു; അംഗനാ=സ്ത്രീ; മൃതൻ=മരിച്ചവൻ; കമിതാവു്=ഭത്താവു്; അനുഗമിക്ക=പിൻചെല്ലുക; നാകം=സ്വൎഗ്ഗം; ഇത=പ്രാപ്ത; രമിക്ക=സുഖിക്ക.

26 അഥ സ യദാ പാണ്ഡുരയാ-
ത്ത്രിദിവം കീർത്ത്യാ ചകാസ ദാപാണ്ഡുരയാ
ചേതോഭ്രൂപരിഭ്രുതഃ
തദൈവ പാൎത്ഥാ ഗിരിപ്രഭ്രൂപരിഭ്രുതഃ.

27 സകരുണ മംബാലതയാ
കൃതാവലംബോൎന്നജൈഃ സമം ബാലതയാ
കുരുസേനാഗോപപദം
പുരം മുനീന്ദ്രൈരനായി,നാഗോപപദം.

അഥ സ പാണ്ഡുഃ യദാ ത്രിദിവം അയാൽ, തദാ ഏവ പാൎത്ഥാ അനുജൈഃ സമം ഗിരിപ്രഭുപരിഭ്രുതഃ മുനീന്ദ്രൈഃ നാഗോപപദം പുരം അനായി=അനന്തരം അപ്പാണ്ഡു എപ്പോൾ ത്രിദിവത്തെ പ്രാപിച്ചുവോ അപ്പോൾ തന്നെ പാൎത്ഥൻ അനുജന്മാരോടും കൂടെ ഗിരിപ്രഭുപരിഭ്രുവിങ്കൽനിന്ന് മുനീന്ദ്രന്മാരാൽ നാഗോപപദമായിരിക്കുന്ന പുരത്തെ നയിക്കപ്പെട്ടു. ത്രിദിവം=സ്വൎഗ്ഗം; പാൎത്ഥൻ=യുധിഷ്ഠിരൻ; ഗിരിപ്രഭുപരിഭ്രുവ്=ഗിരിപ്രഭുവിൻെറ ഉപരിഭ്രുവ്; ഗിരിപ്രഭു=പൎവ്വതശ്രേഷ്ഠൻ; ഉപരിഭ്രുവ്=മുകൾപ്പരപ്പ്; മുനീന്ദ്രന്മാർ=മുനിശ്രേഷ്ഠന്മാർ; നാഗോപപദമായിരിക്കുന്ന പുരം=ഹസ്തിനപുരം; നയിക്ക പ്രാപിപ്പിക്ക; ആപാണ്ഡുരയാ കീൎത്ത്യാ ചകാസൽ—അങ്ങിനെ ഇരുന്ന പാണ്ഡു; ആപാണ്ഡുരയായിരിക്കുന്ന കീൎത്തികൊണ്ട് ചകാസത്തായിരുന്നു. ആപാണ്ഡുരം=പൂൎണ്ണമായും വെളുത്തതു്; കീൎത്തി=യശസ്സ്; ചകാസത്തു്=ശോഭിച്ചിയങ്ങുന്നവൻ; ചേതോഭ്രുപരിഭ്രുതഃ—അങ്ങിനെ ഇരുന്ന പാണ്ഡു; ചേതോഭ്രുപരിഭ്രുതനായിരുന്നു; ചേതോഭ്രുപരിഭ്രുതൻ=ചേതോഭ്രുവിനാൽ പരിഭ്രുതൻ; ചേതോഭ്രുവ്=കാമദേവൻ. പരിഭ്രുതൻ=പരിഭവിക്കപ്പെട്ടവൻ.

അംബാലതയാ ബാലതയാ സ കരുണം കൃതാവലംബഃ—അങ്ങിനെയിരുന്ന പാൎത്ഥൻ; അംബാലതയാൽ ബാലതഹേതുവായിട്ട് സകരുണമാവുംവണ്ണം കൃതാവലംബനായിരുന്നു; അംബാലത=പ്രശസ്തയായിരിക്കുന്ന അംബ; ബാലത=ബാല്യം. സകരുണമാവുംവണ്ണം=കരുണയോടുകൂടുംവണ്ണം; കൃതാവലംബൻ=കൃതമായിരിക്കുന്ന അവലംബത്തോടുകൂടിയവൻ; കൃതം=ഉണ്ടാക്കപ്പെട്ടതു്; അവലംബം=ആശ്രയം; കുരുസേനാഗോപപദം=അങ്ങിനെയിരുന്ന പുരം; കുരുസേനാഗോപപദമായിരുന്നു; കുരുസേനാഗോപപദം=കുരുസേനാഗോപന്മാൎക്കു പദം; കുരുസേനാഗോപന്മാർ=കുരുകുലരാജാക്കന്മാർ; പദം=സ്ഥാനം.

28 യസ്യ ച മഹിത,മുദന്തം
ദുരിതൌഘ വിഘാതഹേതു, മഹിതമുദന്തം
ജഗതാം മംഗളദ,മൃതം
മുനിവചനമവോച ദുത്തമം,ഗളദമൃതം.

മുനിവചനം യസ്യ ഉദന്തം അവോചൽ ച=മുനിവചനം യാവനൊരുത്തൻെറ ഉദന്തത്തെ വചിക്കയും ചെയ്തു. മുനിവചനം=മുനിയുടെ വചനം; മുനി=ശ്രീ വേദവ്യാസമഹഷി; വചനം=വാക്ക്; ഉദന്തം=വൃത്താന്തം; വചിക്ക=പറക. മഹിതം—അങ്ങിനെയിരുന്ന ഉദന്തം—മഹിതമായിരുന്നു; മഹിതം=പൂജിതം. ദുരിതൌഘവിഘാതഹേതും—അങ്ങിനെയിരുന്നഉദന്തം; ദുരിതൌഘവിഘാതഹേതുവായിരുന്നു; ദുരിതൌഘവിഘാതഹേതു=ദുരിതൌഘവിഘാതത്തിന്നു ഹേതു; ദുരിതൌഘവിഘാതം=ദുരിതൌഘങ്ങളുടെ വിഘാതം; ദുരിതൌഘങ്ങൾ=ദുരിതങ്ങളുടെ ഓഘങ്ങൾ; ഓഘങ്ങൾ=സമൂഹങ്ങൾ; വിഘാതം=നാശം; ഹേതു കാരണം. അഹിതമുദന്തം—അങ്ങിനെയിരുന്ന ഉദന്തം—അഹിതമുദന്തമായിരുന്നു; അഹിതമുദന്തം=അഹിതമുത്തിൻെറ അന്തത്തെ വരുത്തുന്നതു്; അഹിതമുത്തു്=അഹിതരുടെ മുത്തു്; അഹിതർ=ശത്രുക്കൾ; മുത്തു്=സന്തോഷം; അന്തം=നാശം; ജഗതാം മംഗളദം—അങ്ങിനെയിരുന്ന മുനിവചനം; ജഗത്തുക്കൾക്കു മംഗളദമായിരുന്നു; ജഗത്തുക്കൾ=ലോകങ്ങൾ; മംഗളദം=മംഗളത്തെ ദാനംചെയ്യുന്നതു്. ഋതം—അങ്ങിനെയിരുന്ന മുനിവചനം; ഋതമായിരുന്നു; ഋതം=സത്യം. ഉത്തമം—അങ്ങിനെയിരുന്ന മുനിവചനം; ഉത്തമമായിരുന്നു; ഉത്തമം=ഉൽകൃഷ്ടം. ഗളദമൃതം—അങ്ങിനെയിരുന്ന മുനിവചനം; ഗളദമൃതമായിരുന്നു; ഗളദമൃതം=ഗളത്തായിരിക്കുന്ന അമൃതത്തോടുകൂടിയതു്; ഗളത്തു്=ഗളിച്ചിയങ്ങുന്നതു്; ഗളിക്ക=ഒഴുകുക.

29 അഥ കുരുരാജകുമാരൈഃ
സ്വഗുണജിത സ്കന്ദ,ദിനകര,രാജ,കു,മാരൈഃ
ദ്രോണകൃപാചാര്യാഭ്യാം
പ്രാപി മഹാസ്ത്രം ഗുരുകൃപാ ച,ര്യാഭ്യാം.

അഥ കുരുരാജകുമാരൈഃ ദ്രോണകൃപാചാര്യാഭ്യാം മഹാസ്ത്രം പ്രാപി ച, ഗുരുകൃപാ ച=അനന്തരം ഗുരുരാജകുമാരന്മാരാൽ ദ്രോണകൃപാചാര്യന്മാർപക്കൽ നിന്നു് മഹാസ്ത്രം പ്രാപിക്കപ്പെട്ടവതും ചെയ്തു; ഗുരുകൃപയും. കുരുരാജകുമാരന്മാർ=കുരുരാജൻെറ കുമാരന്മാർ;

കുരുരാജൻ=ധൃതരാഷ്ട്രർ. കുമാരന്മാർ=പുത്രന്മാർ; ദ്രോണകൃപാചാര്യന്മാർ=ദ്രോണകൃപന്മാരാകുന്ന ആചാര്യന്മാർ; ദ്രോണകൃപന്മാർ=ദ്രോണരും കൃപരും; മഹാസ്ത്രം=മഹത്തായിരിക്കുന്ന അസ്ത്രം; മഹത്തു്=പെരിയതു്; പ്രാപിക്ക=ലഭിക്ക; ഗുരുകൃപ=ഗുരുക്കളുടെ കൃപ; കൃപ=ദയ. സ്വഗുണജിതസ്കന്ദദിനകരാജകുമാരൈഃ—അങ്ങിനെ ഇരുന്നു കുരുരാജകുമാരന്മാർ—സ്വഗുണജിതസ്കന്ദദിനകരാജകുമാരന്മാരായിരുന്നു; സ്വഗുണജിതസ്കന്ദദിനകരാജകുമാരന്മാർ=സ്വഗുണജിതന്മാരായിരിക്കുന്ന സ്കന്ദദിനകരാജകുമാരന്മാരോടുകൂടിയവർ; സ്വഗുണജിതന്മാർ=സ്വഗുണങ്ങളെക്കൊണ്ടു് ജിതന്മാർ; സ്വഗുണങ്ങൾ=തങ്ങളുടെ ഗുണങ്ങൾ, ജിതന്മാർ=ജയിക്കപ്പെട്ടവർ; സ്കന്ദദിനകരാജകുമാരന്മാർ=സ്കന്ദനും, ദിനകരനും, അജനും, കുവും, മാരനും; സ്കന്ദൻ=സുബ്രഹ്മണ്യൻ; ദിനകരൻ=ആദിത്യൻ; അജൻ=ബ്രഹ്മാവു്; കുവു്=ഭൂമി; മാരൻ=കാമദേവൻ. ആര്യാഭ്യാം—അങ്ങിനെ ഇരുന്നു ദ്രോണകൃപാചാര്യന്മാർ; ആര്യന്മാരായിരുന്നു. ആര്യന്മാർ=ശ്രേഷ്ഠന്മാർ.

30 ഗുണസമുദായാദേഷു
വ്യാപ്തയശസ്സ്കേഷു പാണ്ഡുദായാദേഷു
സുബലസുതാതനയാനാം
പ്രദ്വേഷോഽഭൂ ന്നിരസ്തതാതനയാനാം.

എഷു പാണ്ഡുദായാദേഷു ഗുണസമുദായാൽ വ്യാപ്തയശസ്കേഷു സുബലസുതാതനയാനാം പ്രദ്വേഷഃ അഭൂൽ=പാണ്ഡുദായാദന്മാർ ഗുണസമുദായം ഹേതുവായിട്ടു് വ്യാപ്തയശസ്കന്മാരായിരിക്കും വിഷയത്തിങ്കൽ സുബലസുതാതനയന്മാൎക്കു് പ്രദ്വേഷം ഭവിച്ചു; പാണ്ഡുദായാദന്മാർ=പാണ്ഡുപുത്രന്മാർ; ഗുണസമുദായം=ഗുണങ്ങളുടെ സമുദായം; സമുദായം=സമൂഹം; വ്യാപ്തം=വ്യാപിച്ചതു്; യശസ്സു്=കീൎത്തി. സുബലസുതാതനയന്മാർ=സുബലസുതയുടെ തനയന്മാർ; സുബലസുത=ഗാന്ധാരി; തനയന്മാർ=പുത്രന്മാർ. പ്രദ്വേഷം=പ്രകൎഷേണയുള്ള ദ്വേഷം. നിരസ്തതാതനയാനാം—അങ്ങിനെയിരുന്നു സുബലസുതാതനയന്മാർ—നിരസ്തതാതനയന്മാരായിരുന്നു; നിരസ്തതാ

തനയന്മാർ=നിരസ്തങ്ങളായിരിക്കുന്നതാതനയങ്ങളോടുകൂടിയവർ; നിരസ്തങ്ങൾ=നിരസിക്കപ്പെട്ടവ; താതനയങ്ങൾ=താതന്റെ നയങ്ങൾ; താതൻ=അച്ഛൻ; നയങ്ങൾ=നീതികൾ.

31 ബദ്ധ്വാ ചണ്ഡാലതയാ
വിശ്വസ്തം സുപ്തമാത്മചണ്ഡാലതയാ
സസൃജുർഭീമ,ന്തോയേ
ഗാംഗേ തേ തദ്ബലേന ഭീമന്തോ യേ.

തെ വിശ്വസ്തം സുപ്തം ഭീമം ലതയാ ബദ്ധ്വാ ഗംഗേ തോയേ സസൃജു:=അവർ വിശ്വസ്തനായി സുപ്തനായിരിക്കുന്ന ഭീമനെ ലതകൊണ്ടു് ബന്ധിച്ചിട്ടു് ഗാംഗമായിരിക്കുന്ന തോയത്തിങ്കൽ സൃജിച്ചു; വിശ്വസ്തൻ=വിശ്വസിച്ചവൻ; സുപ്തൻ=സ്വപിച്ചവൻ; സ്വപിക്ക=ഉറങ്ങുക; ഭീമൻ=ഭീമസേനൻ; ലത=വള്ളി; ബന്ധിക്ക=കെട്ടുക; ഗാംഗം=ഗംഗയെ സംബന്ധിച്ചിട്ടുള്ളതു്; തോയം=ജലം. സൃജിക്ക=ഇടുക. ആത്മചണ്ഡാലതയാ— ആത്മചണ്ഡാലത ഹേതുവായിട്ടു്; ആത്മചണ്ഡാലത=തങ്ങളുടെ ചണ്ഡാലത. ചണ്ഡാലത=ദുഷ്ടത. ചണ്ഡാ:—അങ്ങിനെയിരുന്ന അവർ—ചണ്ഡന്മാരായിരുന്നു; ചണ്ഡന്മാർ=അത്യന്ത കോപനന്മാർ. യേ തദ്ബലേന ഭീമന്തഃ—യാവചിലർ തൽബലംകൊണ്ടു് ഭീമത്തുക്കളായിരിക്കുന്നു. തൽബലം=അവന്റെ ബലം; ബലം=ശക്തി; ഭീമത്തുക്കൾ ഭീമയുള്ളവർ; ഭീ ഭയം.

32 നിദധുരഥാഹീനസ്യ
സ്വപതസ്തേ മർമ്മസു, വ്യഥാഹീനസ്യ
വിഷമപി സൂദന്തസ്യ
പ്രചിക്ഷിപുർ ഭോജനേ സസൂദന്തസ്യ.

അഥ തേ സ്വപത: അസ്യ മർമ്മസു അഹീൻ നിദധുഃ—അനന്തരം അവർ സ്വപന്നായിരിക്കുന്ന ഇവന്റെ മർമ്മങ്ങളിൽ അഹികളെ നിധാനം ചെയ്തു; സ്വപൻ സ്വപിച്ചിരിയങ്ങുന്നവൻ; സ്വപിക്ക ഉറങ്ങുക; മർമ്മങ്ങൾ=പ്രാണസ്ഥാനങ്ങൾ; അഹികൾ=സർപ്പങ്ങൾ; നി

ധാനം ചെയ്തു=വെയ്തു. വ്യഥാഹീനസ്യ—അങ്ങിനെയിരുന്ന ഇവൻ—വ്യഥാഹീനനായിരുന്നു; വ്യഥാഹീനൻ=വ്യഥയോടു ഹീനൻ; വ്യഥ=പീഡ; ഹീനൻ=വേർപെട്ടവൻ. തസ്യ ഭോജനെ വിഷം അപി പ്രചിക്ഷിപുഃ—അവന്റെ ഭോജനത്തിങ്കൽവിഷത്തേയും പ്രക്ഷേപിച്ചാർ; ഭോജനം=അന്നം; പ്രക്ഷേപിക്ക=ഇടുക. സൂദന്തസ്യ—അങ്ങിനെ ഇരുന്ന അവൻ; സൂദന്തനായിരിന്നു; സൂദന്തൻ=ശോഭനമായിരിക്കുന്ന ഉദന്തത്തോടു കൂടിയവൻ; ഉദന്തം=വൃത്താന്തം. സസൂദം=സസൂദനാവും വണ്ണം; സൂദനോടുകൂടും വണ്ണം; സൂദൻ=പാചകൻ.

33 പുനരഹിതേ സന്നാഗരേ
ജതുഗേഹം വാരണാവതേ സന്നാഗരേ
വ്യധുരധികം പാപാസ്തേ
കർമ്മണി കൃതചേതസോഽനുകമ്പാപാസ്തേ.

അഹിതെ സന്നാഗരെ പുനഃ തെ വാരണാവതെ സന്നാഗരെ ജതുഗേഹം വ്യധുഃ=അഹിതൻ സന്നാഗരനായിരിക്കും വിഷയത്തിങ്കൽ പിന്നെ അവർ വാരണാവതമായിരിക്കുന്ന സന്നാഗരത്തിങ്കൽ ജതുഗേഹത്തെ വിധാനം ചെയ്തു. അഹിതൻ=ശത്രു; സന്നാഗരൻ=സന്നമായിരിക്കുന്ന ഗരത്തോടുകൂടിയവൻ; സന്നം=ക്ഷീണം; ഗരം=വിഷം; സന്നാഗരം=സത്തായിരിക്കുന്ന നഗരം; സത്ത്=ഉൽകൃഷ്ടം; നഗരം=രാജധാനി; ജതുഗേഹം=അരക്കില്ലം; വിധാനംചെയ്തു=ഉണ്ടാക്കി. അധികം പാപാഃ; അങ്ങിനെ ഇരുന്ന അവർ. ഏററവും പാപന്മാരായിരുന്നു; പാപന്മാർ=ദുഷ്ടന്മാർ. അനുകംപാപാസ്തെ കർമ്മണി കൃതചേതസ—അങ്ങിനെ ഇരുന്ന അവർ—അനുകംപാപാസ്തമായിരിക്കുന്ന കർമ്മത്തിങ്കൽ കൃതചേതസ്സുകളായിരുന്നു; അനുകംപാപസ്തം=അനുകമ്പയാൽ അപാസ്തം; അനുകംപ=ദയ; അപാസ്തം=ത്യക്തം; കൃതചേതസ്സുകം=കൃതമായിരിക്കുന്ന ചേതസ്സിനോടുകൂടിയവർ; കൃതം=ചെയ്യപ്പെട്ടതു്; ചേതസ്സ്=മനസ്സ്.

34 തത്ര പുരി പുരോചനതഃ
പാർത്ഥാഃ പൂജാമവാപ്യ രിപുരോചനതഃ

ഉൗഷുരശങ്കാവന്തഃ
ഛദ്മഗൃഹേ സതി ച ശോകശങ്കാ വന്ത

പാൎത്ഥാഃ തത്ര പുരി ഛദ്മഗൃഹെ ഊഷുഃ=പാൎത്ഥന്മാർ അപ്പൂരിങ്കൽ ഛദ്മഗൃഹത്തിങ്കൽ വസിച്ചു. പാൎത്ഥന്മാർ=പാണ്ഡവന്മാർ, പൂര്=രാജധാനി. ഛദ്മഗൃഹം=അരക്കില്ലം; വസിക്ക=ഇരിക്ക. പുരോചനതഃ പൂജാം അവാപ്യ; പുരോചനനങ്കൽ നിന്ന് പൂജയെ പ്രാപിച്ചിട്ട്; പൂജ=സമ്മാനം; പ്രാപിക്ക=ലഭിക്ക. രിപുരോചനതഃ—അങ്ങിനെയിരുന്ന പുരോചനൻ; രിപുരോചനനായിരുന്ന, രിപുരോചനൻ=രിപുക്കൾക്ക് രോചനൻ. രിപുക്കൾ=ശത്രുക്കൾ, രോചനൻ=ഇഷ്ടൻ. അശങ്കാവന്തഃ—അങ്ങിനെയിരുന്ന പാൎത്ഥന്മാർ; അശങ്കാവത്തുകളായിരുന്നു; അശങ്കാവത്തുകൾ=ശംകാവത്തുക്കളെന്നിയെ ഇരിക്കുന്നവൻ; ശംകാവത്തുകൾ=ശംകയുള്ളവർ. അന്തഃ ശോകശങ്കൌ സതി ച=അന്തർഭാഗത്തിൽ ശോകശങ്കു സത്തായിരിക്കും വിഷയത്തിങ്കൽ. അന്തർഭാഗം=ഉള്ള്, ശോകശങ്കു=ശോകമാകുന്ന ശങ്കു. ശോകം=ദുഃഖം; ശങ്കു=കുററി; സത്ത്=ഭവിച്ചിയങ്ങുന്നത്.

35 വിദുരഗിരാƒത്രാവാപ്തഃ
ഖനകോ ദാഹം നിവേദ്യ രാത്രാവാപ്തഃ
പരിഖാരംഭീ തേഭ്യഃ
കുഹരം തത്രാകരോ, ദരംഭീതേഭ്യഃ

വിദുരഗിരാ അത്ര അവാപ്തഃ ഖനകഃ തേഭ്യഃ രാത്രൌ ദാഹം നിവേദ്യ തത്ര കുഹരം അകരോൽ=വിദുരഗീര് ഹേതുവായിട്ട് ഇവിടെ അവാപ്തനായിരിക്കുന്ന ഖനകൻ അവൎക്കായിക്കൊണ്ട് രാത്രിയിങ്കലെ ദാഹത്തെ നിവേദിച്ചിട്ട് അവിടെ ഒരു കുഹരത്തെ ഉണ്ടാക്കി. വിദുരഗീര്=വിദുരരുടെ ഗീര്; ഗീര്=വാക്കു; അവാപ്തൻ=പ്രാപ്തൻ, ഖനകൻ=പൂഴിത്തച്ചൻ, ദാഹം=ദഹനം, നിവേദിക്ക=അറിയിക്ക, കുഹരം=ഗുഹ, ആപ്തഃ—അങ്ങിനെയിരുന്ന, ഖനകൻ—ആപ്തനായിരുന്നു, ആപ്തൻ=വിശ്വസ്തൻ. പരിഖാരംഭീ—അങ്ങിനെയിരുന്ന ഖനകൻ—പരിഖാരംഭിയായിരുന്നു, പരിഖാരംഭി=പരിഖയെ ആരംഭി

ക്ക ശീലമുള്ളവൻ, പരിഖ=കിടങ്ങ്, ആരംഭിക്ക=തുടങ്ങുക. അരം ഭീതഭ്യഃ—അങ്ങിനെയിരുന്ന അവർ—ഏറ്റവും ഭീതന്മാരായിരുന്നു. ഭീതന്മാർ=ഭയപ്പെട്ടവർ.

36 ജവജിതപരമാശ്വസ്തം
ഭീമോ നിലയം ച തം ച പര മാശ്വസ്തം
ധൃതസോദര്യ ന്തേന
പ്രദീപ്യ നിശി നിർജ്ജഗാമ ദര്യന്തേന.

ഭീമഃ നിശി തം നിലയം ച തം പരം ച പ്രദീപ്യ തേന ദര്യ്യന്തേന നിർജ്ജഗാമ=ഭീമൻ നിശയിങ്കൽ (നിട്ടിങ്കൽ?) ആനിലയത്തേയും ആ പരനേയും പ്രദീപിച്ചിട്ട് ആ ദര്യ്യന്തത്തൂടെ നിർഗ്ഗമിച്ചു, ഭീമൻ=ഭീമസേനൻ, നിശി=രാത്രിയിൽ, നിലയം=ഭവനം, പരൻ=ശത്രു. ആശ്വസ്തം—അങ്ങനെയിരുന്ന പരൻ—ആശ്വസ്തനായിരുന്നു. ആശ്വസ്തൻ=വിശ്വസ്തൻ. പ്രദീപിപ്പിക്ക=ദഹിപ്പിക്ക, ദര്യ്യന്തം=ദരിയുടെ അന്തം, ദരി=ഗുഹ, അന്തം=മദ്ധ്യം, നിർഗ്ഗമിക്ക=പുറപ്പെടുക. ധൃതസോദര്യ്യം=ധൃതന്മാരായിരിക്കുന്ന സോദര്യന്മാരോടുകൂടും വണ്ണം, ധൃതന്മാർ=ധരിക്കപ്പെട്ടവർ, സോദര്യന്മാർ=ജ്യേഷ്ഠാനുജന്മാർ. ജവജിത പരമാശ്വഃ—അങ്ങിനെയിരുന്ന ഭീമൻ—ജവജിതപരമാശ്വനായിരുന്നു; ജവജിത പരമാശ്വൻ=ജവജിതമായിരിക്കുന്ന പരമാശ്വത്തോടുകൂടിയവൻ, ജവജിതം=ജവംകൊണ്ടു ജിതം. ജവം=വേഗം, ജിതം=ജയിക്കപ്പെട്ടത്, പരമാശ്വം=പരമായിരിക്കുന്ന അശ്വം, പരമം=ഉൽകൃഷ്ടം, അശ്വം=കുതിര.

37 ഗ്രന്ധാകാരാ വിലതഃ
തസ്മാന്നിർഗത്യ തേഽന്ധകാരാവിലതഃ
പ്രാപുർ നാനാവാതാം
ഗംഗാം തേരുശ്ച സുവദനാ നാവാ താം.

തേ തസ്മാൽ വിലതഃ നിർഗത്യ ഗംഗാം പ്രാപുഃ=അവർ ആ വില (ബില)ത്തിങ്കൽനിന്നു നിർഗമിച്ചിട്ട് ഗംഗയെ പ്രാപിച്ചു. ബി

ലം=ഗുഹ, നിർഗമിക്ക=പുറപ്പെടുക. ഗൂഢാകാരാഃ=അങ്ങിനെ ഇരുന്ന അവർ—ഗൂഢാകാരരായിരുന്നു, ഗൂഢാകാരന്മാർ=ഗൂഢമായിരിക്കുന്ന ആകാരത്തോടുകൂടിയർ, ഗൂഢം=മറയ്ക്കപ്പെട്ടതു്, ആകാരം=ആകൃതി. അന്ധകാരാവിലതഃ—അങ്ങിനെയിരുന്ന വിലം—അന്ധകാരാവിലമായിരുന്നു, അന്ധകാരാവിലം=അന്ധകാരംകൊണ്ടു് ആവിലം, അന്ധകാരം=ക്രരിരുട്ടു്, ആവിലം=പരവശം. നാനാവാതാം—അങ്ങിനെയിരുന്ന ഗംഗാ—നാനാവാതയായിരുന്നു, നാനാവാത=നാനാവിധങ്ങളായിരിക്കുന്ന വാതങ്ങളോടുകൂടിയതു്, നാനാവിധങ്ങൾ=ബഹുവിധങ്ങൾ വാതങ്ങൾ=വായുക്കൾ. നാവാ താം തേരുശ്ച=നാവകൊണ്ടു് അതിനെ തരിപ്പുതും ചെയ്തു. നാവ=തോണി, തരിക്ക=കടക്ക. സുവദനാഃ—അങ്ങിനെ ഇരുന്ന അവർ—സുവദനരായിരുന്നു, സുവദനർ=ശോഭനമായിരിക്കുന്ന വദനത്തോടുകൂടിയവർ, വദനം=മുഖം.

38 പഥി വിഷമേ ധാവന്തഃ
പാൎത്ഥാ പൃഥയാ സഹൈവ മേധാവന്തഃ
സമൃഗവരക്ഷോഭവനം
വിവിശുർ ദേശം ഹിഡിംബരക്ഷോഭവനം

പാൎത്ഥാഃ ഹിഡിംബരക്ഷോഭവനം ദേശം വിവിശുഃ=പാൎത്ഥന്മാർ ഹിഡിംബരക്ഷോഭവനമായിരിക്കുന്ന ദേശത്തെ പ്രവേശിച്ചു, പാൎത്ഥന്മാർ=പാണ്ഡവന്മാർ. ഹിഡിംബരക്ഷോഭവനം=ഹിഡിംബരക്ഷസ്സിൻെറ ഭവനം, ഹിഡിംബരക്ഷസ്സ്=ഹിഡിംബനാകുന്ന രക്ഷസ്സ്, രക്ഷസ്സ്=രാക്ഷസൻ. പ്രവേശിക്ക=അകം പൂവുക. പൃഥയാ സഹ ഏവ—പൃഥയോടുകൂടെത്തന്നെ, പൃഥ=കുന്തി. വിഷമേ പഥി ധാവന്തഃ—അങ്ങിനെയിരുന്ന പാൎത്ഥന്മാർ—വിഷമമായിരിക്കുന്ന പന്ഥാവിങ്കൽ ധാവത്തുകളായിരുന്നു, വിഷമം=നിമ്നോന്നതം. പന്ഥാവ്=മാർഗ്ഗം ധാവത്തുക്കൾ=ധാവനം ചെയ്തിയങ്ങുന്നവർ, ധാവനം ചെയ്ക=ഓടുക. മേധാവന്തഃ—അങ്ങിനെയിരുന്ന പാൎത്ഥന്മാർ—മേധാവത്തുക്കളായിരുന്നു, മേധാവത്തുക്കൾ=മേധ ഉള്ളവർ, മേധ=ബുദ്ധി. സമൃഗവരക്ഷോഭവനം—അങ്ങിനെയിരുന്ന ദേശം—സമൃഗവരക്ഷോഭങ്ങളായിരിക്കുന്ന വനങ്ങളോടുകൂടിയതു്, മൃഗവരക്ഷോഭം=മൃഗവരങ്ങ

ളുടെ ക്ഷോഭം, മൃഗവരങ്ങൾ=സിംഹവ്യാഘ്രാദികൾ, ക്ഷോഭം=ഇളക്കം, വനങ്ങൾ=കാടുകൾ.

39 അഥരുധിരസുരാപായീ
വിജജൃംഭേ രാക്ഷസോ നരസുരാപായീ
ദപ്പാദനുജാം തേഭ്യഃ
ക്ഷുധാനപിഃത പ്രാഹിണോച്ചദനുജാന്തേഭ്യഃ

അഥ രാക്ഷസഃ വിജജൃംഭെ=അനന്തരം രാക്ഷസൻ വിജൃംഭിച്ചു. വിജൃംഭിക്ക=മൂരിനിവരുക. രുധിരസുരാപായീ—അങ്ങിനെ ഇരുന്ന രാക്ഷസൻ—രുധിരസുരാപായിയായിരുന്നു. രുധിരസുരാപായീ=രുധിരസുരകളെ പാനം ചെയ്ക ശീലമായുള്ളവൻ, രുധിരസുരകൾ=രുധിരവും സുരയും, രുധിരം=ചോര, സുര=മദ്യം, പാനം ചെയ്ക=കുടിക്ക. നരസുരാപായീ—അങ്ങിനെയിരുന്ന രാക്ഷസൻ—നരസുരാപായിയായിരുന്നു, നരസുരാപായീ=നരസുരന്മാരുടെ അപായത്തെ വരുത്തുന്നവൻ, നരസുരന്മാർ=നരന്മാരും സുരന്മാരും, നരന്മാർ=മനുഷ്യർ, സുരന്മാർ=ദേവകൾ, അപായം=നാശം. ക്ഷുധാ അനപിതഃ—അങ്ങിനെയിരുന്ന രാക്ഷസൻ—ക്ഷുത്തോടു അനപിതനായിരുന്നു, ക്ഷുത്ത്=വിശപ്പ്, അനപിതൻ=കൂടിയവൻ. ദപ്പാൽ തേഭ്യഃ അനുജാം പ്രാഹിണോൽ ച=ദപ്പം ഹേതുവായിട്ട് അവരെ കൂട്ടിക്കൊണ്ടു വരുവാനായിക്കൊണ്ടു് അനുജയെ യാത്രയാക്കുതും ചെയ്തു. ദർപ്പം=അഹങ്കാരം, അനുജ=ഉടപ്പിറന്നവൾ, ദനുജാന്തേഭ്യഃ—അങ്ങിനെ ഇരുന്ന അവർ—ദനുജാന്തന്മാരായിരുന്നു, ദനുജാന്തന്മാർ=ദനുജന്മാരുടെ അന്തത്തെ വരുത്തുന്നവർ, മനുജന്മാർ=രാക്ഷസന്മാർ.

40 ഉന്നതസാലസമാനം
ചകമേ ഭീമം സമേത്യ സാ ലസമാനം
രുചിരതരാളാപാംഗീ
ഭ്രതപാ ച ജഗാദഗിര മരാളാപാംഗീ

സാ സമേത്യ ഭീമം ചകമേ=അവൾ പോയ്ച്ചെന്നിട്ട് ഭീമനെ കാമിക്കയാണ് ചെയ്തതു്. ഭീമൻ=ഭീമസേനൻ. ഉന്നതസാല

സമാനം—അങ്ങിനെയിരുന്ന ഭീമൻ—ഉന്നതസാലസമാനനായിരുന്നു, ഉന്നതസാലസമാനൻ=ഉന്നതസാലത്തോടു സമാനൻ, ഉന്നതസാലം= ഉന്നതമായിരിക്കുന്ന സാലം, ഉന്നതം=എകന്നതു്, സാലം=മരാമരം, സമാനൻ=സദൃശൻ, ലസമാനൻ—അങ്ങിനെയിരുന്ന ഭീമൻ—ലസമാനനായിരുന്നു, ലസമാനൻ=ശോഭിക്ക ശീലമായുള്ളവൻ. രുചിരതരാളാപാംഗീ ഭൃത്വാ ഗിരം ജഗാദ ച—രുചിരതരാളാപാംഗിയായി ഭവിച്ചിട്ടു് ഗീരിനെ ഗദിപ്പൂതും ചെയ്തു. രുചിരതരാളാപാംഗീ=രുചിരതരങ്ങളായിരിക്കുന്ന ആലാപാംഗങ്ങളോടുകൂടിയവൾ, രുചിരതരങ്ങൾ=അതിശയേന രുചിരങ്ങൾ, രുചിരങ്ങൾ=മനോഹരങ്ങൾ, ആലാപാംഗങ്ങൾ=ആലാപവും അംഗവും, ആലാപം=വാക്ക; അംഗം= ദേഹം. ഗീര്=വാക്ക; ഗദിക്ക=പറക. അരാളാപാംഗീ—അങ്ങിനെ ഇരുന്ന അവൾ—അരാളാപാംഗിയായിരുന്നു. അരാളാപാംഗീ= അരാളമായിരിക്കുന്ന അപാംഗത്തൊടുകൂടിയവൾ, അരാളം=വക്രം, അപാംഗം=കടാക്ഷം.

41 അരിസമിതാ വത്രസതഃ,
ക്രവ്യഭജോഽഹം വനക്ഷിതാ,വത്ര സതഃ
സ്മൃതവിഗ്രഹഹിഡിംബസ്യ
സ്വസാ ഹിഡിംബീനൃണാം വര ഹിഡിംബസ്യ.

നൃണാം വര! ക്രവ്യഭജഃ സ്വസാ ഹിഡിംബീ=നൃക്കളിൽവെച്ചു് വരനായുള്ളോവേ! ഞാൻ ഹിഡിംബനാകുന്ന ക്രവ്യഭക്കിന്റെ സ്വസാവാകുന്നു; ഹിഡിംബിയമ്മോൾ, നൃക്കൾ=മനുഷ്യർ, വരൻ=ശ്രേഷ്ഠൻ, ക്രവ്യഭക്ക്=രാക്ഷസൻ, സ്വസാവു്=ഉടപ്പിറന്നവൾ, അരിസമിതൌ അത്രസതഃ—അങ്ങിനെയിരുന്ന ക്രവ്യഭക്ക്; അരിസമിതിയിങ്കൽ അത്രസന്നായിരുന്നു, അരിസമിതി=അരികളുടെ സമിതി, അരികൾ=ശത്രുക്കൾ, സമിതി=സമൂഹം, അത്രസൻ=ത്രസനെന്നിയെ ഇരിക്കുവന്നൻ ത്രസൻ=ത്രസിച്ചിയങ്ങുന്നവൻ, ത്രസിക്ക=പേടിക്ക, അത്ര വനക്ഷിതൌ സതഃ-അങ്ങിനെ ഇരുന്ന ക്രവ്യഭക്ക്; ഈ വനക്ഷിതിയിങ്കൽ സന്നായിരുന്നു. വനക്ഷിതി=വനഭൂമി, സൻ=ഭവിച്ചിയങ്ങുന്നവൻ. സ്മൃതവിഗ്രഹഹിഡിംബസ്യ—അങ്ങിനെയിരുന്ന ക്രവ്യഭക്ക്—സ്മൃതവിഗ്രഹഹിഡിംബനായിരുന്നു; സ്മൃതവിഗ്രഹഹിഡിംബൻ=സ്മൃത

മായിരിക്കുന്ന വിഗ്രഹിഡിംബത്തോടുകൂടിയവൻ; സ്മൃതം=സ്മരിക്കപ്പെട്ടതു്; സ്മരിക്ക=നിരൂപിക്ക; വിഗ്രഹിഡിംബം=വിഗ്രഹികളുടെ ഡിംബം; വിഗ്രഹികൾ=ശരീരികൾ; ഡിംബം=തലച്ചോറു്.

42 സരഭസ മഗ്രജവാചഃ
ശ്രവണാദസ്മ്യാഗതാ സമഗ്രജവാ ച
ഭ്രാതൃസമേതം ഹി ത്വാ
നേതും, സാഹം ത്വയാ രമേ തം ഹിത്വാ

അഹം അഗ്രജവാചഃ ശ്രവണാൽ സരഭസം ആഗതാ അസ്മി= ഞാൻ=അഗ്രജവാക്കിന്റെ ശ്രവണം ഹേതുവായിട്ടു് സരഭസമാവും വണ്ണം ആഗതയായി ഭവിക്കുന്നേൻ; അഗ്രജവാക്കു്=അഗ്രജന്റെ വാക്കു്; അഗ്രജൻ=ഭ്രാതാവു്; ശ്രവണം=കേഴ്ക്കൽ. സരഭസമാവുംവണ്ണം=രഭസത്തോടുകൂടും വണ്ണം; രഭസം=ക്രോധം; ആഗത=ആഗമിച്ചവൾ; ആഗമിക്ക=വരിക. സമഗ്രമജവാ ച—അങ്ങിനെയിരുന്ന ഞാൻ—സമഗ്രജവയായുമിരുന്നു; സമഗ്രജവ=സമഗ്രമായിരിക്കുന്ന ജവത്തോടു കൂടിയവൾ; സമഗ്രം=സമ്പൂർണ്ണം; ജവം=വേഗം; ഭ്രാതൃസമേതം ത്വാ നേതും ഹി—ഭ്രാതൃസമേതനായിരിക്കുന്ന നിന്നെ നയിപ്പാനായികൊണ്ടു തന്നെ; ഭ്രാതൃസമേതൻ=ഭ്രാതാക്കന്മാരോടു് സമേതൻ; ഭ്രാതാക്കന്മാർ=ജ്യേഷ്ഠാനുജന്മാർ; സമേതൻ=കൂടിയവൻ; നയിക്ക=പ്രാപിക്ക; സാ അഹം തം ഹിത്വാ ത്വയാ രമെ=അങ്ങിനെയെല്ലാം ഇരിക്കുന്ന ഞാൻ അവനെ ഉപേക്ഷിച്ചിട്ടു് നിന്നോടു കൂടെ രമിക്കുന്നേൻ. രമിക്ക=സുഖിക്ക.

43 ക്രിയതാമാരോഹരതിഃ
സ്കന്ധേ മമ ധൈര്യമേഷ മാരോ ഹരതി
മണ്ഡല മാവാ മസ്യാഃ
ചരാവ ഭൂമേഃ സുഖായ, മാ വാമ സ്യാഃ"

മമ സ്കന്ധെ ആരോഹരതിഃ ക്രിയതാം=എന്റെ സ്കന്ധത്തിങ്കൽ ആരോഹരതി ചെയ്യപ്പെടണം; സ്കന്ധം=ചുമലു്; ആരോഹര

തി=ആരോഹത്തിങ്കലെ രതി; ആരോഹം=കരേറുക; രതി=ഇഷ്ടം; ഏഷ മാരഃ ധൈര്യം ഹരതി= ഈ മാരൻ ധൈര്യത്തെ ഹരിക്കുന്നു; മാരൻ=കാമദേജൻ; ധൈര്യം=ധീരത; ഹരിക്ക=കളക; ആവാം അസ്യാഃ ഭൂമേഃ മണ്ഡലം ചരാവ=നാമിരുവരും ഈ ഭൂമിയുടെ മണ്ഡലം മുഴവൻ ചരിക്കേണം; മണ്ഡലം=വലയം; ചരിക്ക=സഞ്ചരിക്ക; സുഖായ=സുഖത്തിന്നായിട്ടുകൊണ്ടു്. വാമഃ മാ സ്യാഃ=വാമനായി ഭവിക്കൊല്ല; വാമൻ=പ്രതികൂലൻ.

44 ആഗമനവിലംബനതഃ
തസ്യാഃ ഇതി ദാരിതാനനവിലം വനതഃ
ക്ഷുഭിതോ രക്ഷോനാഥഃ
സ്വയമഗാൽ ഭൂശ്ച യേന രക്ഷോനാഥ.

അഥ രക്ഷോനാഥഃ സ്വയം വനതഃ ആഗാൽ=അനന്തരം രക്ഷോനാഥൻ താന്തന്നെ വനത്തിങ്കൽ നിന്നു ആഗമിച്ചു; രക്ഷോനാഥൻ=ഹിഡിംബൻ; വനം=കാട്ട്; അഗമിക്ക=വരിക. തസ്യ ഇതി ആഗമവിലംബനതഃ ക്ഷുഭിതഃ—അങ്ങിനെയിരുന്ന രക്ഷോ നാഥൻ—അവളുടെ ഇങ്ങിനെയുള്ള ആഗമനവിളംബനം ഹേതുവായിട്ട് ക്ഷുഭിതനായിരുന്നു; ആഗമനവിളംബനം=ആഗമനത്തിൻെറ വിളംബനം; ആഗമനം=വരവ്; വിളംബനം=വൈകൽ. ക്ഷുഭിതൻ=ക്ഷോഭിച്ചവൻ; ക്ഷോഭിക്ക=കോപിക്ക; ദാരിതാനനവിലം=ദാരിതമായിരിക്കുന്ന ആനനവിലത്തോടുകൂടും വണ്ണം; ദാരിതം=പിളൎക്കപ്പെട്ടതു്; ആനനവിലം=വിലംപോലെ ഇരിക്കുന്ന ആനനം; വിലം=ഗുഹ; ആനനം=മുഖം ഭൂഃ ച യേന രക്ഷോനാ=ഭൂവും യാവനൊരുത്തനെക്കൊണ്ടു രക്ഷോനയായിരിക്കുന്നു; ഭൂവ്=ഭൂമി; രക്ഷോനാ=രക്ഷയോട്ട് ഊന; ഊന=വേർപെട്ടതു്.

45 തദനു ച രക്ഷോഭീമൌ
ബലം ദധാനൌ പരസ്പരക്ഷോഭീ, മൌ
അക്ഷതവക്ഷോഭാഗൌ
ജഘ്നടാതേ ജനിതഭൈരവ ക്ഷോഭാഗൌ.

തദന ഇമൌ രക്ഷോഭീമൌ ജഘടാതെ ച=അനന്തരം ഈ രക്ഷോഭീമന്മാർ ഇരുവരും ഘടിപ്പൂതും ചെയ്തു; രക്ഷോഭീമന്മാർ=രക്ഷസ്സും ഭീമനും; രക്ഷസ്സ്=രാക്ഷസൻ; ഭീമൻ=ഭീമസേനൻ; ഘടിക്ക=യുദ്ധംചെയ്ക. പരസ്പരക്ഷോഭി ബലം ദധാനൌ—അങ്ങിനെയിരുന്ന രക്ഷോഭീമന്മാർ—പരസ്പരക്ഷോഭിയായിരിക്കുന്ന ബലത്തെ ദധാനന്മാരായിരുന്നു; പരസ്പരക്ഷോഭി=അന്യോന്യം ക്ഷോഭിപ്പിക്ക ശീലമായുള്ളതു്. ക്ഷോഭിപ്പിക്ക=കോപിപ്പിക്ക; ബലം=ശക്തി; ദധാനന്മാർ=ധരിച്ചിയങ്ങുന്നവർ; അക്ഷതവക്ഷോഭാഗൌ—അങ്ങിനെയിരുന്ന രക്ഷോഭീമന്മാർ—അക്ഷതവക്ഷോഭാഗന്മാരായിരുന്നു. അക്ഷതവക്ഷോഭാഗന്മാർ=അക്ഷതമായിരിക്കുന്ന വക്ഷോഭാഗത്തോടുകൂടിയവർ; അക്ഷതം=ക്ഷതമെന്നിയെ ഇരിക്കുന്നതു്; ക്ഷതം=പുൺപെട്ടതു്; വക്ഷോഭാഗം=മാൎവ്വിടം; ജനിതഭൈരവക്ഷോഭാഗൌ—അങ്ങിനെയിരുന്ന രക്ഷോഭീമന്മാർ—ജനിതഭൈരവക്ഷോഭാഗന്മാരായിരുന്നു. ജനിതഭൈരവ ക്ഷോഭാഗന്മാർ=ജനിതഭൈരക്ഷോഭങ്ങളായിരിക്കുന്ന അഗങ്ങളോടു കൂടിയവർ; ജനിതഭൈരവക്ഷോഭങ്ങൾ=ജനിതമായിരിക്കുന്ന ഭൈരവ ക്ഷോഭത്തോടുകൂടിയവർ; ജനിതം=ഉണ്ടാക്കപ്പെട്ടതു്; ഭൈരവക്ഷോഭം=ഭൈരവമായിരിക്കുന്ന ക്ഷോഭം; ഭൈരവം=ഭയങ്കരം; ക്ഷോഭം=ഇളക്കം; അഗങ്ങൾ=വൃക്ഷങ്ങൾ.

46 ദുദ്രുവുരവ നാവൃക്ഷാഃ
ഭുവി പേതുർ ഭഗ്നഭാസുരവനാ വൃക്ഷാഃ
അഗമദിവ ക്ഷോഭം ഗൌ-
രഭിയാതൌ തൌ യദാസവക്ഷോഭംഗൌ

യദാ തൌ അഭിയാതൌ തദാ ഋക്ഷാഃ അവനൌ ദുദ്രുവുഃ=യാതൊരിക്കൽ അവരിരുവരും അഭിയാതന്മാരായി അപ്പോൾ ഋക്ഷങ്ങൾ അവനിയിങ്കൽ ദ്രവിച്ചു; അഭിയാതന്മാർ=അണഞ്ഞവർ; ഋക്ഷങ്ങൾ=കരടിക്കരങ്ങുകൾ; അവനി=ഭൂമി; ദ്രവിക്ക=ഓടുക; വൃക്ഷാഃ ഭുവി പേതുഃ=വൃക്ഷങ്ങൾ ഭുവിങ്കൽ പതിച്ചു; വൃക്ഷങ്ങൾ=മരങ്ങൾ ഭുവ്=ഭൂമി; പതിക്ക=വീഴുക. ഭഗ്നഭാസരവനാഃ—അങ്ങിനെയിരുന്ന വൃക്ഷങ്ങൾ—ഭഗ്നഭാസുരവനങ്ങൾ—ഭഗ്നഭാസുരവനങ്ങളായിരുന്നു; ഭഗ്നഭാസുരങ്ങൾ=ഭഗ്നങ്ങളായിരിക്കുന്ന ഭാസുരവനങ്ങളോടുകൂടിയവ;

ഭഗ്നങ്ങൾ=ഭഞ്ജിക്കപ്പെട്ടവ; ഭഞ്ജിക്ക=പൊടിപെടുക; ഭാസുര വനങ്ങൾ=ഭാസുരങ്ങളായിരിക്കുന്ന വനങ്ങൾ; ഭാസുരങ്ങൾ=ശോഭിക്കശീലമായുള്ളവ; വനങ്ങൾ=കാടുകൾ. ഗൌ ക്ഷോഭം അഗമൽ ഇവ=ഗോവ് ക്ഷോഭത്തെ പ്രാപിച്ചിതോ എന്നു തോന്നും; ഗോവ്=ഭൂമി; ക്ഷോഭം=ഇളക്കം; സവക്ഷോഭംഗൗ—അങ്ങിനെ ഇരുന്നു അവർ; സവക്ഷോഭംഗന്മാരായിരുന്നു; സവക്ഷോഭംഗന്മാർ=വക്ഷോഭംഗത്തോടുകൂടിയവർ; വക്ഷോഭംഗം=വക്ഷസ്സിൻെറ ഭംഗം; വക്ഷസ്സ്=മാറിടം; ഭംഗം=പിളക്ക.

47 സ വിധൂതദ്രൂരസ്ഥലതഃ
പ്രമഥിത പൃഥിവീധരോഽമൃദൂരസ്ഥലതഃ
സംക്ഷോഭീ മാരുതിനാ
ഹതോ ഹിംഡിംബഃ പപാത ഭീമാരുതിനാ.

സഃ ഹിഡിംബഃ മാരുതിനാ ഹതഃ പപാത=ആ ഹിഡിംബൻ മാരുതിയാൽ ഹതനായിട്ട് പതിച്ചു; മാരുതി=ഭീമസേനൻ; ഹതൻ=ഹനിക്കപ്പെട്ടവൻ; ഹനിക്ക=നിഗ്രഹിക്ക; പതിക്ക=വീഴക. വിധൂതദ്രൂരസ്ഥലതഃ—അങ്ങിനെ ഇരുന്നു ഹിഡിംബൻ; വിധൂത ദ്രൂരസ്ഥലതനായിരുന്നു; വിധൂതദ്രൂരസ്ഥലതൻ=വിധൂതകളായിരിക്കുന്ന ദ്രൂരസ്ഥലതകളോടുകൂടിയവൻ; വിധൂതകൾ=ഇളക്കപ്പെട്ടവ; ദ്രൂരസ്ഥലതകൾ=ദൂരസ്ഥകളായിരിക്കുന്ന ലതകൾ; ദൂരസ്ഥകൾ=ദൂരത്ത് സ്ഥിതിചെയ്യുന്നവ; ലതകൾ=വള്ളികൾ. അമൃദൂരസ്ഥലതഃ പ്രമഥിത പൃഥിവീധരഃ—അങ്ങിനെയിരുന്നു ഹിഡിംബൻ; അമൃദൂരസ്ഥലംകൊണ്ടു് പ്രമഥിതപൃഥിവീധരനായിരുന്നു; അമൃദൂരസ്ഥലം=അമൃദുവായിരിക്കുന്ന ഉരഃസ്ഥലം; അമൃദു=കഠിനം; ഉരഃസ്ഥലം=മാറിടം; പ്രമഥിതപൃഥിവീധരൻ=പ്രമഥിതമായിരിക്കുന്ന പൃഥിവീധരത്തോടുകൂടിയവൻ; പ്രമഥിതം=പ്രമഥനം ചെയ്യപ്പെട്ടതു്; പ്രമഥനം ചെയ്ക=പൊടിപെടുക്ക; പൃഥിവീധരം=പൎവ്വതം. സംക്ഷോഭീ—അങ്ങിനെയിരുന്നു ഹിഡിംബൻ; സംക്ഷോഭിയായിരുന്നു; സംക്ഷോഭി=സംക്ഷോഭമുള്ളവൻ; സംക്ഷോഭം=ഇളക്കം; ഭീമാരുതിനാ—അങ്ങിനെയിരുന്നു മാരുതി; ഭീമാരുതിയായിരുന്നു; ഭീമാരു

തി=ഭീമമായിരിക്കുന്ന ആരുതിയോടുകൂടിയവൻ; ഭീമം=ഭയങ്കരം; ആരുതി=സിംഹനാദം.

48 അഥ കൃതനീചാരിജയാ
ജഗ്മുഃ സാദ്ധം നിശീഥിനീചാരിജയാ
വിപ്രസഭാവര്യ്യന്തേ
ദദൃശുർ വ്യാസം തതോ വിഭാവര്യ്യന്തേ.

അഥ തെ ജഗ്മുഃ=അനന്തരം അവർ ഗമിച്ചു; ഗമിക്ക=പോക. നിശീഥിനീചാരിജയാ സാദ്ധം; നിശീഥിനീചാരിജയോടുംകൂടെ; നിശീഥിനീചാരിജ=ഹിഡിംബ; കൃതനീചാരിജയാ—അങ്ങിനെ ഇരുന്ന അവർ; കൃതനീചാരിജയന്മാരായിരുന്നു; കൃതനീചാരിജയന്മാർ=കൃതമായിരിക്കുന്ന നീചാരിജയത്തോടുകൂടിയവർ; കൃതം=ചെയ്യപ്പെട്ടതു്; നീചാരിജയം=നീചാരിയുടെ ജയം; നീചാരി=നീചനായിരിക്കുന്ന അരി; നീചൻ=ദുഷ്ടൻ; അരി=ശത്രു. തതഃ വിഭാവര്യ്യന്തെ വ്യാസം ദദൃശുഃ=അനന്തരം വിഭാവര്യ്യന്തത്തിങ്കൽ വ്യാസനെ ദശിച്ചു; വിഭാവര്യ്യന്തം=വിഭാവരീടെ അന്തം; വിഭാവരി=രാത്രി; അന്തം=അവസാനം; വ്യാസൻ=ശ്രീ വേദവ്യാസമഹഷി; ദശിക്ക=കാൺക. വിപ്രസഭാവര്യ്യം—അങ്ങിനെ ഇരുന്ന വ്യാസൻ; വിപ്രസഭാവര്യ്യനായിരുന്നു; വിപ്രസഭാവര്യ്യൻ=വിപ്രസഭയിങ്കൽ വര്യ്യൻ; വിപ്രസഭ=ബ്രാഹ്മണരുടെ സഭ; വര്യ്യൻ=ശ്രേഷ്ഠൻ.

49 തേന ച ബന്ധാവസതി
സ്വയമുപദിഷ്ടാ ശുഭാനുബന്ധാ വസതിഃ
ജ്ഞാനാ വന്യ്യന്തേ
തത്രോഷുഃ പാണ്ഡവാ വനാവന്യ്യന്തേ.

ബന്ധൌ അസതി തേന സ്വയം വസതിഃ ഉപദിഷ്ടാ ച=ബന്ധു അസത്തായിരിക്കും വിഷയത്തിങ്കൽ അവനന്നാൽ ഒരു വസതി ഉപദിഷ്ടയായ്വരുതും ചെയ്തു; അസത്ത്=സത്തെന്നിയെ ഇരിക്കുന്നവൻ(ള); സത്തു്=ഭവിച്ചിയങ്ങുന്നവൻ; വസതി=വാസസ്ഥാനം; ഉപ

ദിഷ്ടാ=ഉപദേശിക്കപ്പെട്ടതു്. ശുഭാനുബന്ധാ—അങ്ങിനെ ഇരുന്ന വസതി; ശുഭാനുബന്ധയായിരുന്നു; ശുഭാനുബന്ധാ=ശുഭങ്ങളുടെ അനുബന്ധത്തോടുകൂടിയതു്; ശുഭങ്ങൾ=ശോഭനങ്ങൾ; അനുബന്ധം=തുടച്ച. തേ പാണ്ഡവാഃ തത്ര വനാവന്ത്യന്തെ ഊഷുഃ=അപ്പാണ്ഡവന്മാർ അവിടെ വനാവന്ത്യന്തത്തിങ്കൽ വസിച്ചു; വനാവന്ത്യന്തം=വനാവനീടെ അന്തം; വനാവനി=വനഭൂമി, അന്തം=അവസാനം; വസിക്ക=ഇരിക്ക. വന്യം ഭുഞ്ജാനാഃ—അങ്ങിനെ ഇരുന്ന പാണ്ഡവന്മാർ; വന്യത്തെ ഭുഞ്ജാനന്മാരായിരുന്നു; വന്യം=വനത്തിങ്കൽ ഭവിച്ചതു്; ഭുഞ്ജാനന്മാർ=ഭുജിച്ചിയങ്ങുന്നവർ; ഭുജിക്ക=ഭക്ഷിക്ക.

50 തത്ര ച സാനന്തരജാ
രേമേ ഭീമേന രാക്ഷസാനന്തരജാ
അപ്യഭവൽ സാപത്യാ
തതോ യയാവനുമതാ സവത്സാ പത്യാ.

സാ രാക്ഷസാനന്തരജാ തത്ര ഭീമേന രേമെ ച=ആ രാക്ഷസാനന്തരജ അവിടെ ഭീമനോടുകൂടെ രമിപ്പൂതും ചെയ്തു; രാക്ഷസാനന്തരജ=ഹിഡിംബി; ഭീമൻ=ഭീമസേനൻ; രമിക്ക=സുഖിക്ക. അനന്തരജാഃ—അങ്ങിനെ ഇരുന്ന രാക്ഷസാനന്തരജ; അനന്തരജസ്സായിരുന്നു. അനന്തരജസ്സ്=അനന്തമായിരിക്കുന്ന രജസ്സോടുകൂടിയവൾ; അനന്തം=അനവസാനം; രജസ്സ്=രജോഗുണം. അപി സാപത്യാ അഭവൽ=അത്രയും അല്ല സാപത്യയായി ഭവിച്ചു; സാപത്യം=അപത്യത്തോടുകൂടിയവൾ; അപത്യം=പുത്രൻ. തതഃ പത്യാ അനുമതാ സവത്സാ യയൌ—അനന്തരം പതിയാൽ അനുമതയായി സവത്സയായിട്ടു് യാനംചെയ്തു; പതി=ഭർത്താവു്; അനുമത=അനുവദിക്കപ്പെട്ടവൾ; വത്സൻ=പുത്രൻ; യാനംചെയ്ക=പോക.

51 അഥ രിപുചക്രാന്തരസാ
ഭരതവരാഃ ജഗ്മുരേകചക്രാം തരസാ
തത്ര ച വിപ്രവരസ്യ
ന്യവസൻ ഭവനേ/മലചരവിപ്രവരസ്യ.

അഥ ഭരതവരാഃ തരസാ ഏകചക്രാം ജഗ്മുഃ=അനന്തരം ഭരതവരന്മാർ വേഗേന ഏകചക്രയെക്കുറിച്ചു ഗമിച്ചു. ഭരതവരന്മാർ=പാണ്ഡവന്മാർ; ഗമിക്ക=പോക. രിപുചക്രാന്തരസാഃ—അങ്ങിനെ ഇരുന്ന ഭരതവരന്മാർ; രിപുചക്രാന്തരസന്മാരായിരുന്നു; രിപുചക്രാന്തരസന്മാർ=രിപുചക്രാന്തത്തിങ്കൽ രസത്തോടുകൂടിയവർ; രിപുചക്രാന്തം=രിപുചക്രത്തിൻെറ അന്തം; രിപുചക്രം=ശത്രുസമൂഹം; അന്തം=നാശം; രസം=രാഗം. തത്ര വിപ്രവരസ്യ ഭവനെ ന്യവസൻ ച=അവിടെ ഒരു വിപ്രൻെറ ഭവനത്തിങ്കൽ നിവസിപ്പുതും ചെയ്തു; വിപ്രവരൻ=ബ്രാഹ്മണശ്രേഷ്ഠൻ; ഭവനം=ഗൃഹം; നിവസിക്ക=ഇരിക്ക; അമലച്ഛവിപ്രവരസ്യ—അങ്ങിനെ ഇരുന്ന വിപ്രവരൻ; അമലച്ഛവിപ്രവരനായിരുന്നു; അമലച്ഛവിപ്രവരൻ=അമലച്ഛവിയായിരിക്കുന്ന പ്രവരത്തോടുകൂടിയവൻ; അമലച്ഛവി=അമലയായിരിക്കുന്ന ഛവിയോടുകൂടിയതു്; അമല=നിമ്മല; ഛവി=ശോഭ; പ്രവര=ഗോത്രശാഖാ.

52 നിർവവൃ,രാവാസ ന്തം
തരുമിവ തേ പ്രാപ്യ മധുകരാ വാസന്തം
പാണ്ഡു സുതേഭ്യസ്തേഭ്യഃ
പ്രീതിം പ്രാപുർ ജനാശ്ചത്യേഭ്യസ്തേഭ്യഃ.

തെ തം ആവാസം പ്രാപ്യ നിവ്വുഃ=അവർ ആ ആവാസത്തെ പ്രാപിച്ചിട്ടു് സുഖിച്ചു; ആവാസം=ആവാസസ്ഥാനം. മധുകരാഃ വാസന്തം തരും ഇവ=മധുകരങ്ങൾ വാസന്തമായിരിക്കുന്ന തരുവിനെ പ്രാപിച്ചിട്ടെന്നപോലെ; മധുകരങ്ങൾ=വണ്ടുകൾ; വാസന്തം=വസന്തകാലത്തിങ്കൽ പൂക്കുന്നതു്; തരു=വൃക്ഷം. തെ ജനാഃ ച തേഭ്യഃ പാണ്ഡുസുതേഭ്യഃ പ്രീതിം പ്രാപുഃ=അജ്ജനങ്ങളും അപ്പാണ്ഡുസുതന്മാർ പക്കൽനിന്നു് പ്രീതിയെ പ്രാപിച്ചു; പാണ്ഡുസുതന്മാർ=പാണ്ഡുപുത്രന്മാർ. പ്രീതി=സന്തോഷം. അഭ്യസ്തേഭ്യഃ—അങ്ങിനെ ഇരുന്ന പാണ്ഡുസുതന്മാർ; അഭ്യസ്തന്മാരായിരുന്നു; അഭ്യസ്തന്മാർ=പരിചിതന്മാർ.

53 അഥ സുജനസഭാൎയ്യസ്യ
ദ്വിജസ്യ കുന്തീ കദാചന സഭാൎയ്യസ്യ
അശൃണോൽ രോദ നസ്യ
പ്രാപ ച തം ശ്രവണതൽപരോദന്തസ്യ.

അഥ കുന്തീ കദാചന തസ്യ ദ്വിജസ്യ രോദ അശൃണോൽ= അനന്തരം കുന്തി ഒരു നാരം അദ്ദ്വിജൻെറ രോദത്തെ ശ്രവിച്ചു; ദ്വിജൻ=ബ്രാഹ്മണൻ; രോദം=കരച്ചിൽ; ശ്രവിക്ക=കേരംക്ക. സുജ നസഭാൎയ്യസ്യ—അങ്ങിനെ ഇരുന്ന ദ്വിജൻ; സുജനസഭാൎയ്യനായിരുന്നു; സുജനസഭാൎയ്യൻ=സുജനസഭയിങ്കൽ ആൎയ്യൻ; സുജനസഭ=സജ്ജന സഭ; ആൎയ്യൻ=ശ്രേഷ്ഠൻ. സഭാൎയ്യസ്യ—അങ്ങിനെ ഇരുന്ന ദ്വിജൻ; സഭാൎയ്യനായിരുന്നു; സഭാൎയ്യൻ=ഭാൎയ്യയോടുകൂടിയവൻ. ഉദന്തസ്യ ശ്രവണതല്പരാ തം പ്രാപ ച=ഉദന്തത്തിൻെറ ശ്രവണതല്പരയായിട്ട് അവനെ പ്രാപിപ്പൂതും ചെയ്തു; ഉദന്തം=വൃത്താന്തം; ശ്രവണതല്പര= ശ്രവണത്തിങ്കൽ തല്പരാ; ശ്രവണം=കേരംവി; തല്പര=സശ്രദ്ധ.

54 സോപി ച മാംസാദേന
ത്രാസിതഹൃദയോഽബ്രവീദിമാം സാദേന
"ആൎയ്യേ മേ ദുരിതാനാം
വ്യസനമിദം ഫലമവേഹി മേദുരിതാനാം.

സഃ അപിച ഇമാം അബ്രവീൽ=അവനും ഇവളോടു വചിച്ചു; വചിക്ക=പറക; സാദേന=സാദത്തോടുംകൂടെ; സാദം=തളൎച്ച്. മാം സാദേന ത്രാസിതഹൃദയഃ—അങ്ങിനെ ഇരുന്ന അവൻ; മാംസാദ നാൽ ത്രാസിതഹൃദയനായിരുന്നു; മാംസാദൻ=രാക്ഷസൻ; ത്രാസിത ഹൃദയൻ=ത്രാസിതമായിരിക്കുന്ന ഹൃദയത്തോടുകൂടിയവൻ; ത്രാസി തം=ത്രസിപ്പിക്കപ്പെട്ടതു്; ത്രസിപ്പിക്ക=പേടിപ്പിക്ക. ആൎയ്യേ! ഇദം വ്യസനം മേ ദുരിതാനാം ഫലം അവേഹി=ആൎയ്യയായുള്ളോവേ; ഈ വ്യസനത്തെ എൻെറ ദുരിതങ്ങളുടെ ഫലമെന്നറിക; ആൎയ്യാ= ശ്രേഷ്ഠാ; വ്യസനം=ദുഃഖം; മേദുരിതാനാം—അങ്ങിനെയിരുന്ന ദുരിത ങ്ങരം; മേദുരിതങ്ങളായിരുന്നു, മേദുരിതങ്ങരം=വൎദ്ധിച്ചവ.

55 പീഡയതീമം ദേശം
ബകോ നരാശോ∫തിദുഷ്കൃതീ മന്ദേശം
അത്രവനേ കങ്കാളം
ഖാദ ന്നിവസത്യസാ,വനേക കാളം.

ബകഃ നരാശഃ ഇമം ദേശം പീഡയതി=ബകനാകുന്ന നരാശൻ ഇദ്ദേശത്തെ പീഡിച്ചുപോരുന്നു; നരാശൻ=രാക്ഷസൻ; അതിദുഷ്കൃതി—അങ്ങിനെ ഇരുന്നു ബകൻ; അതിദുഷ്കൃതിയായിരുന്നു; അതിദുഷ്കൃതി=ഏറ്റവും ദുഷ്കൃതമുള്ളവൻ; ദുഷ്കൃതം=ദുരിതം. മന്ദേശം—അങ്ങിനെ ഇരുന്നു ദേശം; മന്ദേശമായിരുന്നു. മന്ദേശം=മന്ദനായിരിക്കുന്ന ഈശനോടുകൂടിയതു്; മന്ദൻ=അശക്തൻ; ഈശൻ=സ്വാമി. അസൌ അത്ര വനെ അനേകം കാളം(ലം) നിവസതി=ഇവൻ ഈ വനത്തിങ്കൽ അനേകകാലമുണ്ടു് നിവസിക്കുന്നു. നിവസിക്ക=ഇരിക്ക; കംകാളം ഖാദൻ—അങ്ങിനെ ഇരുന്നു ഇവൻ; കംകാളത്തെ ഖാദന്നായിരുന്നു; കംകാളം=പച്ചയിറച്ചി; ഖാദൻ=ഖാദിച്ചിയങ്ങുന്നവൻ; ഖാദിക്ക=ഭക്ഷിക്ക.

56 അന്നേ ശകടാഹാര്യേ
ന്യസ്യ നരം ദാധികാ,ക്ത്യശകടാഹാര്യേ
സമയപദവ്യാ ജനതാ
ദദാതി തസ്മൈ യഥാവദന്യാ ജനതാ.

ജനതാ തസ്മൈ നരം യഥാവൽ ദദാതി=ജനത അവന്നായിക്കൊണ്ടു് ഒരു നരനെ യഥാവൽ ദാനം ചെയ്യുന്നു. ജനത=ജനസമൂഹം; നരൻ=പുരുഷൻ; യഥാവൽ=വഴിപോലെ. ശകടാഹാര്യേ അന്നേ ന്യസ്യ—ശകടാഹാര്യമായിരിക്കുന്ന അന്നത്തിങ്കൽ ന്യസിച്ചിട്ടു്; ശകടാഹാര്യം=ശകടത്തിൽവച്ചു് ആഹാര്യം; ശകടം=ചാടു്; ആഹാര്യം=ആഹരിക്കപ്പെടുവാൻ യോഗ്യം; ആഹരിക്ക=കൊണ്ടുപോക; അന്നം=ചോറു്; ന്യസിക്ക=വെക്ക. ദാധികാക്ത്യശകടാഹാര്യേ—അങ്ങിനെ ഇരുന്നു അന്നം; ദാധികാക്ത്യശകടാഹാര്യമായിരുന്നു; ദാധികാക്ത്യശകടാഹാര്യം=ദാധികാക്ത്യശകടാഹങ്ങളെക്കൊണ്ടു് ആര്യം;

ദാധികാകൃശകടാഹങ്ങൾ=ദാധികാകൃശങ്ങളായിരിക്കുന്ന കടാഹങ്ങൾ; ദാധികാകൃശങ്ങൾ=ദാധികംകൊണ്ടു് അകൃശങ്ങൾ; ദാധികം=ദധാ കൊണ്ടു് സംസ്കൃതം; അകൃശങ്ങൾ=പൂൎണ്ണങ്ങൾ; കടാഹങ്ങൾ=മംഗ ലികൾ; ആഢ്യം=ശ്രേഷ്ഠം. സമയപദവ്യാ=സമയപദവികൊണ്ടു്; സമയപദവി=സമയമാർഗ്ഗം. സമയം=വ്യവസ്ഥ. അവ്യാജനതാ— അങ്ങിനെ ഇരുന്ന ജനത; അവ്യാജനതയായിരുന്നു; അവ്യാജനത= വ്യാജനതയെന്നിയെ ഇരിക്കുന്നതു്; വ്യാജനത=വ്യാജത്തിങ്കൽ നത; വ്യാജം=ചതി; നത=തല്പര.

57 ഹരണീയഃ സോദ്യമയാ
ശക്ത്യാ പുനരന്നസഞ്ചയഃ സോഽദ്യ മയാ
തസ്മൈ നരകബലായ
പ്രദാതുമീക്ഷേ നരം ന നരകബലായ."

സഃ അന്നസഞ്ചയഃ പുനഃ അദ്യ മയാ ഹരണീയഃ=ആ അന്ന സഞ്ചയം പിന്നെ ഇന്നു് എന്നാൽ ഹരണീയം; അന്നസഞ്ചയം= ചോററുകുന്നു; ഹരണീയം=ഹരിക്കപ്പെടുവാൻ യോഗ്യം; ഹരിക്ക= കൊണ്ടുപോക. സോദ്യമയാ ശക്ത്യാ=സോദ്യമായിരിക്കുന്ന ശക്തി കൊണ്ടു്; സോദ്യമ=ഉദ്യമത്തോടുകൂടിയതു്; ഉദ്യമം=ഒരുമ്പാടു് തസ്മൈ പ്രദാതും നരം ന ഈക്ഷെ=അവനു് പ്രദാനം ചെയ്‌വാനാ യിക്കൊണ്ടു് ഒരു നരനെ ഈക്ഷിക്കുന്നില്ല. പ്രദാനം ചെയ്ക=കൊടുക്ക; നരൻ=പുരുഷൻ; ഈക്ഷിക്ക=കാൺക; നരകബലായ—അങ്ങിനെ ഇരുന്ന അവൻ; നരകബളനായിരുന്നു; നരകബളൻ=നരൻ കബള മായിട്ടുള്ളവൻ; നരൻ=പുരുഷൻ; കബളം=ഗ്രാസം. നരകബലായ— അങ്ങിനെ ഇരുന്ന അവൻ; നരകബലനായിരുന്നു; നരകബലൻ= നരകൻെറ ബലംപോലെ ഇരിക്കുന്ന ബലത്തോടുകൂടിയവൻ; നര കൻ=നരകാസുരൻ; ബലം=ശക്തി.

58 ഇത്ഥം ദേവ്യഗ്രജ്ജാ
നിവേദിതാ വചന,മാദദേ വ്യഗ്രജ്ജാ
"ഏഷോ മമ സുതോ ദേയഃ
സവിദ്യയാ തസ്യ ചാല,മസുരോദേ യഃ."

അഗ്രഭുജാ ഇത്ഥം നിവേദിതാ ദേവീ വചനം ആദദേ=അഗ്ര ഭുക്കിനാൽ ഈവണ്ണം നിവേദിതയായിരിക്കുന്ന ദേവി വചനത്തെ ആദാനം ചെയ്തു; അഗ്രഭുക്ക്=ബ്രാഹ്മണൻ; നിവേദിതം=നിവേദിക്കപ്പെട്ടവൾ; നിവേദിക്ക=അറിയിക്ക; ദേവി=കുന്തി; വചനം=വാക്ക്; ആദാനം ചെയ്ക=സ്വീകരിക്ക വ്യഗ്രഭുജാ—അങ്ങിനെ ഇരുന്ന ദേവി; വ്യഗ്രഭുജയായിരുന്നു; വ്യഗ്രഭുജ=വ്യഗ്രങ്ങളായിരിക്കുന്ന ഭുജങ്ങളോടുകൂടിയവൾ; വ്യഗ്രങ്ങൾ=വ്യാപൃതങ്ങൾ; ഭുജങ്ങൾ=കൈകൾ. മമ ഏഷഃ സുതഃ ദേയഃ=എൻെറ ഇസ്സുതൻ ദേയൻ; സുതൻ=പുത്രൻ. ദേയൻ=ദാനംചെയ്യപ്പെട്ടവാൻ യോഗ്യൻ. യഃ സ്വവിദ്യയാ തസ്യ അസുഃതോദേ അലം ച=യാവനൊരുത്തൻ സ്വവിദ്യ കൊണ്ടു് അവൻെറ അസുതോദത്തിങ്കൽ പര്യാപ്തനായിരിക്കുകയും ചെയ്യുന്നോ. സ്വവിദ്യ=തൻെറ വിദ്യ; അസുദോതം=അസുക്കളുടെ തോദം; അസുക്കൾ=പ്രാണങ്ങൾ; തോദം=നാശം; പര്യാപ്തൻ=മതിപോന്നവൻ.

59 ഇത്ഥം തത്യാജേയം
ദ്വിജായ ഭീമം സപത്നതത്യ,ാജേയം
സാധുഹിതാനി യതന്തേ
യേ കർത്തും ജഗതി പണ്ഡിതാ,നിയത ന്തേ.

ഇയം ഇത്ഥം ദ്വിജായ ഭീമം തത്യാജ=ഇവൾ ഈവണ്ണം വചിച്ചിട്ടു് ദ്വിജന്നായിക്കൊണ്ടു് ഭീമനെ ത്യജിച്ചു; ദ്വിജൻ=ബ്രാഹ്മണൻ; ഭീമൻ=ഭീമസേനൻ; ത്യജിക്ക=ഉപേക്ഷിക്കുക (ദാനംചെയ്ക). സപത്നതത്യാ അജേയം—അങ്ങിനെ ഇരുന്ന ഭീമൻ; സപത്നതതിയാൽ അജേയനായിരുന്നു; സപത്നതതി=സപത്നന്മാരുടെ തതി; സപത്നന്മാർ=ശത്രുക്കൾ; തതി=സമൂഹം; അജേയൻ=ജേയനെന്നിയെ ഇരിക്കുന്നവൻ; ജേയൻ=ജയിക്കപ്പെട്ടവനേ യോഗ്യൻ. യേ സാധുഹിതാനി കർത്തും യതന്തേ, തേ ജഗതി പണ്ഡിതാഃ നിയതം=യാവചിലർ സാധുഹിതങ്ങളെ ചെയ്‌വാനായിക്കൊണ്ടു് യത്നം ചെയ്യുന്നു, അവർ ജഗത്തിങ്കൽ പണ്ഡിതന്മാരാകുന്നു നിശ്ചയം; സാധുഹിതങ്ങൾ=സാധുക്കളുടെ ഹിതങ്ങൾ; സാധുക്കൾ=സജ്ജനങ്ങൾ; ഹിത

ങ്ങൾ=ഇഷ്ടങ്ങൾ; യത്നംചെയ്ക=പ്രയത്നംചെയ്ക; ജഗത്ത്=ലോകം; പണ്ഡിതന്മാർ=വിദ്വാന്മാർ.

60 തസ്മൈ നവധേനുമതേ
ഭീമേന തതോ നരാശനവധേഽനുമതേ
അന്നം സഹിതരസാലം
ശകടേ രാശീചകാര സ ഹി തരസാ,ലം.

ഭീമേന തസ്മൈ നരാശനവധേ അനുമതേ, തതഃ സഃ ഹിതരസാ അലം അന്നം ശകടേ രാശീചകാര=ഭീമനാൽ അവന്നായിക്കൊണ്ടു് നരാശനവധം അനുമതമായിരിക്കും വിഷയത്തിങ്കൽ അനന്തരം അവൻ വേഗേന ഏറ്റവും അന്നത്തെ ശകടത്തിങ്കൽ രാശീകരിച്ചു; ഭീമൻ=ഭീമസേനൻ; നരാശനവധം=നരാശനന്റെ വധം; നരാശനൻ=രാക്ഷസൻ; വധം=നിഗ്രഹം; അനുമതം=അനുവദിക്കപ്പെട്ടതു്; അന്നം=ചോറു്; ശകടം=ചാട്ടു്; രാശീകരിക്ക=കോരി ആലിക; നവധേനുമതെ—അങ്ങിനെ ഇരുന്ന അവൻ; നവധേനുമാനായിരുന്നു; നവധേനുമാൻ=നവധേനുക്കളുള്ളവൻ; നവധേനുക്കൾ=നവകളായിരിക്കുന്ന ധേനുക്കൾ; നവകൾ=പുതുതായി പ്രസവിച്ചവ; ധേനുക്കൾ=പശുക്കൾ. സഹിതരസാലം—അങ്ങിനെ ഇരുന്ന അന്നം; സഹിതരസാലമായിരുന്നു; സഹിതരസാലം=രസാലത്തോടുകൂടിയതു്; രസാലം (രസാളം)=കാളൻ.

61 സാമ്രാംഭോജനവദനഃ
പ്രയയൌ ഭീമോഽധിരുഹ്യഭോജനവ,ദനഃ
ദധദംബാസന്ദേശം
പ്രാപ ച ബലവാൻ ബകാധിവാസ ന്ദേശം.

ഭീമഃ ഭോജനവൽ അനഃ അധിരുഹ്യ പ്രയയൌ=ഭീമൻ ഭോജനവത്തായിരിക്കുന്ന അനസ്സിനെ അധിരോഹിച്ചിട്ടു് പ്രയാണംചെയ്തു; ഭീമൻ=ഭീമസേനൻ; ഭോജനവത്ത്=ഭോജനമുള്ളതു്; ഭോജനം=ചോറു്; അനസ്സ്=ചാട്ടു്; അധിരോഹിക്ക=കരേറുക; പ്രയാണം

ചെയ്ക=പോക; സാസ്രാം ഭോജനവദനഃ—അങ്ങിനെ ഇരുന്ന ഭീമൻ; സാസ്രാംഭോജനവദനനായിരുന്നു; സാസ്രാംഭോജനവദനൻ= സാസ്രാംഭസ്സുകളായിരിക്കുന്ന ജനവദനങ്ങളോടുകൂടിയവൻ; സാസ്രാം ഭസ്സുകൾ=അസ്രാംഭസ്സുകളോടുകൂടിയവ; അസ്രാംഭസ്സ്=കണ്ണുനീര്; ജനവദനങ്ങൾ=ജനങ്ങളുടെ വദനങ്ങൾ; വദനങ്ങൾ=മുഖങ്ങൾ. അംബാസന്ദേശം ദധൽ—ആങ്ങിനെയിരുന്ന ഭീമൻ; അംബാസന്ദേശത്തെ ദധത്തായിരുന്നു; അംബാസന്ദേശം=അംബയുടെ സന്ദേശം; സന്ദേശം=നിയോഗം; ദധത്ത്=ധരിച്ചിയങ്ങുന്നവൻ. ബലവാൻ— അങ്ങിനെ ഇരുന്ന ഭീമൻ; ബലവാനായിരുന്നു; ബലവാൻ=ബലമുള്ളവൻ; ബലം=ശക്തി. ബകാധിവാസം ദേശം പ്രാപ ച=ബകാധിവാസമായിരിക്കുന്ന ദേശത്തെ പ്രാപിപ്പുതും ചെയ്തു; ബകാധിവാസം= ബകന്റെ അധിവാസമായിട്ടുള്ളത്; അധിവാസം=ഇരിപ്പിടം.

62 രജനിചരാഹ്വാനനതഃ
സോഽന്നം വദനം വിദാര്യ രാഹ്വാനനതഃ
ആത്യന്ത്രേ രധികംബുഭുജേ
രക്ഷ സ്യഭിയാ ത്യഭീതി രധികം ബുഭുജേ.

സഃ അന്നം അധികം ബുഭുജേ=അവൻ അന്നത്തെ ഏററവും ഭുജിച്ചു; അന്നം=ചോറ്; ഭുജിക്ക=ഭക്ഷിക്ക. രാഹ്വാനനതഃ വദനം വിദാര്യ—രാഹ്വാനനത്തേക്കാൾ വദനത്തെ വിദാരണം ചെയ്തിട്ട്; രാഹ്വാനനം=രാഹുവിൻെറ ആനനം; ആനനം=മുഖം; വിദാരണം ചെയ്ക=പിളൎക്കുക; രജനിചരാഹ്വാനനതഃ—അങ്ങിനെ ഇരുന്ന അവൻ; രജനിചരാഹ്വാനനതനായിരുന്നു; രജനിചരാഹ്വാനനതൻ=രജനിചരാഹ്വാനത്തിങ്കൽ നതൻ; രജനിചരാഹ്വാനം=രജനിചരൻെറ ആഹ്വാനം; രജനിചരൻ=രാക്ഷസൻ; ആഹ്വാനം=വിളി; നതൻ വഴങ്ങിയവൻ. രക്ഷസി അഭിയാതി അഭീതിഃ—അങ്ങിനെ ഇരുന്ന അവൻ; രക്ഷസ്സ് അഭിയാത്തായിരിക്കും വിഷയത്തിങ്കൽ അഭീതിയായിരുന്നു. രക്ഷസ്സ്=രാക്ഷസൻ; അഭിയാത്ത്=അഭിയാനംചെയ്തിയങ്ങുന്നവൻ; അഭിയാനംചെയ്ക=വരിക; അഭീതി=

ഭീതിയോടുകൂടാത്തവൻ; ഭീതി=ഭയം. ആന്ത്രൈഃ അധികംബുഭുജെ—അങ്ങിനെ ഇരുന്ന രക്ഷസ്സ്; ആന്ത്രങ്ങളെക്കൊണ്ട് അധികംബുഭുജനായിരുന്നു; ആന്ത്രങ്ങൾ=കുടൽമാലകൾ; അധികംബുഭുജൻ=അധികംബുക്കളായിരിക്കുന്ന ഭുജങ്ങളോടുകൂടിയവൻ; അധികംബുക്കൾ=അധിഗതങ്ങളായിരിക്കുന്ന കംബുക്കളോടുകൂടിയ; അധിഗതങ്ങൾ=പ്രാപ്തങ്ങൾ; കംബുക്കൾ=വളകൾ; ഭുജങ്ങൾ=കൈകൾ.

63 വിപുലതരേഽശനരാശൌ
നാശം ഗമിതേ തതോ നരേശനരാശൌ
സവികാസേ കോപേ തൌ
യുയുധാതേ സ്വേദബിന്ദുസേകോപേതൌ.

വിപുലതരേ അശനരാശൌ നാശം ഗമിതെ തതഃ തൌ നരേശനരാശൌ യുയുധാതേ=വിപുലതരമായിരിക്കുന്ന അശനരാശി നാശത്തെ ഗമിതമായിരിക്കും വിഷയത്തിങ്കൽ അനന്തരം ആ നരേശനരാശന്മാർ ഇരുവരും യുദ്ധംചെയ്തു. വിപുലതരം=അതിശയേന വിപുലം; വിപുലം=പെരുകിയതു്; അശനരാശി=ചോറുകുന്നു; ഗമിതം=ഗമിപ്പിക്കപ്പെട്ടതു്; നരേശനരാശന്മാർ=നരേശനും നരാശനും; നരേശൻ=ഭീമസേനൻ; നരാശൻ=രാക്ഷസൻ. കോപേ സവികാസേ—കോപം സവികാസമായിരിക്കും വിഷയത്തിങ്കൽ; സവികാസം=വികാസത്തോടുകൂടിയതു്; വികാസം=വിസ്താരം. സ്വേദബിന്ദുസേകോപേതൌ—അങ്ങിനെയിരുന്ന നരേശനരാശന്മാർ; സ്വേദബിന്ദുസേകോപേതന്മാരായിരുന്നു; സ്വേദബിന്ദുസേകോപേതന്മാർ=സ്വേദബിന്ദുസേകത്തോട് ഉപേതന്മാർ; സ്വേദബിന്ദുസേകം=സ്വേദബിന്ദുക്കളെക്കൊണ്ടുള്ള സ്വേദം; സ്വേദബിന്ദുക്കൾ=വേർപ്പുനീർത്തുള്ളികൾ; സേകം=നനവു്; ഉപേതന്മാർ=കൂടിയവർ.

64 വിപുലോരോ,ദോ,രക്ഷം
വൃകോദരഃ സപദി ദത്തരോദോരക്ഷം
ശത്രു മനായാസ ന്തം
വിക്രമ്യ യമക്ഷയം നിനാ യാസന്തം.

വൃകോദരഃ സപദി തം ശത്രും അനായാസം വിക്രമ്യ യമക്ഷയം നിനായ=വൃകോദരൻ വേഗേന അശ്ശത്രുവിനെ അനായാസമാവുംവണ്ണം വിക്രമിച്ചിട്ടു് യമക്ഷയത്തെ നയിച്ചു. വൃകോദരൻ=ഭീമസേനൻ; അനായാസമാവുംവണ്ണം=ആയാസത്തോടുക്രൂടായുംവണ്ണം; ആയാസം= ക്ലേശം; വിക്രമിക്ക=ആക്രമിക്ക; യമക്ഷയം=യമന്റെ ക്ഷയം; യമൻ=അന്തകൻ, ക്ഷയം=ഭവനം; നയിക്ക=പ്രാപിപ്പിക്ക. വിപുലോരോദോരക്ഷം—അങ്ങിനെയിരുന്ന ശത്രു; വിപുലോരോദോരക്ഷനായിരുന്നു; വിപുലോരോദോരക്ഷൻ=വിപുലങ്ങളായിരിക്കുന്ന ഉരോദോരക്ഷികളോടുക്രൂടിയവൻ; വിപുലങ്ങൾ=പെരുകിയവ; ഉരോദോരക്ഷികൾ=ഉരസ്സും, ദോസ്സും, അക്ഷികളും; ഉരസ്സ്=മാറിടം; ദോസ്സുകൾ=കൈകൾ; അക്ഷികൾ=കണ്ണുകൾ. ദത്തരോദോരക്ഷം=ദത്തയായിരിക്കുന്ന രോദോരക്ഷയോടുക്രൂടുംവണ്ണം; ദത്തം=ദാനംചെയ്യപ്പെട്ടതു്; രോദോരക്ഷ=രോദസ്സുകളുടെ രക്ഷ; രോദസ്സുകൾ=ദ്യാവാഭൂമികൾ (നാകവും ഭൂമിയും); അസന്തം—അങ്ങിനെയിരുന്ന ശത്രു; അസത്തായിരുന്നു; അസത്തു്=ദുഷ്ടൻ.

65 ഗുപ്തി മുദഗ്രാ മസ്യ
ക്രവ്യാന്നിധനേന കോവിദഗ്രാമസ്യ
ഭീമഃ സ വിധായ,ാതഃ
സോദര്യാണാം ബഭൂവ സവിധായാതഃ.

സഃ ഭീമഃ ക്രവ്യാന്നിധനേന അസ്യ കോവിദഗ്രാമസ്യ ഉദഗ്രാം ഗുപ്തിം വിധായ, അതഃ സോദര്യാണാം സവിധായാതഃ ബഭൂവ=ആ ഭീമൻ ക്രവ്യാന്നിധനംകൊണ്ടു് ഇക്കോവിദഗ്രാമത്തിന്റെ ഉദഗ്രയായിരിക്കുന്ന ഗുപ്തിയെ ഉണ്ടാക്കീട്ടു് ഇവിടെനിന്നു് സോദര്യന്മാരുടെ സവിധായാതനായി ഭവിച്ചു. ഭീമൻ=ഭീമസേനൻ; ക്രവ്യാന്നിധനം= ക്രവ്യാത്തിന്റെ നിധനം; ക്രവ്യാത്തു്=രാക്ഷസൻ; നിധനം=നിഗ്രഹം; കോവിദഗ്രാമം=കോവിദന്മാരുടെ ഗ്രാമം; കോവിദന്മാർ=വിദ്വാന്മാർ; ഉദഗ്ര=പെരുകിയതു്; ഗുപ്തി=രക്ഷ; സോദര്യന്മാർ= ഭ്രാതാക്കന്മാർ; സവിധായാതൻ=സവിധത്തെ ആയാതൻ; സവിധം= സമീപം; ആയാതൻ=പ്രാപ്തൻ.

66 അഥ ഗൃഹമാഗാച്ഛസ്തസ്യ
ദ്വിജസ്യ കോപ്യതിഥി,രഛ,സ്ത്തസ്യ
സ ചകരാത്രാവാസം
നാനാലാപാശ്ച തസ്യ രാത്ര,ാവാസൻ.

അഥ കഃ അപി അതിഥിഃ തസ്യ ദ്വിജസ്യ ഗൃഹം ആഗാൽ= അനന്തരം ഒരു അതിഥി അദ്ദ്വിജൻെറ ഗൃഹത്തെ ആഗമിച്ചു; അതിഥി=വഴിപോക്കൻ; ദ്വിജൻ=ബ്രാഹ്മണൻ; ഗൃഹം=ഭവനം; ആഗമിക്ക=പ്രാപിക്ക. അച്ഛഃ—അങ്ങിനെയിരുന്ന അതിഥി; അച്ഛനായിരുന്നു; അച്ഛൻ=നിമ്മലൻ. ശസ്തസ്യ—അങ്ങിനെയിരുന്ന ദ്വിജൻ; ശസ്തനായിരുന്നു; ശസ്തൻ=സ്തുതൻ. സഃ അത്ര ആവാസം ചകാര=അവൻ ഇവിടെ ആവാസത്തെ ചെയ്തു; ആവാസം=ഇരിപ്പ്. തസ്യ രാത്രൌ നാനാലാപാഃ ആസൻ ച.=അവന്നു രാത്രിയിങ്കൽ നാനാലാപങ്ങൾ ഭവിപ്പൂതും ചെയ്തു; നാനാലാപങ്ങൾ=നാനാവിധങ്ങളായിരിക്കുന്ന ആലാപങ്ങൾ; നാനാവിധങ്ങൾ=ബഹുവിധങ്ങൾ; ആലാപങ്ങൾ=വാക്കുകൾ.

67 "അദ്യസമു ത്സബലോഽലം
പ്രയാതി പാഞ്ചാലനഗരമുത്സവലോലം
സവിലാസ ന്ദേശേഭ്യഃ
ക്ഷേത്രസമൂഹഃ സദ്വൃതസന്ദേശേഭ്യഃ.

അദ്യ ക്ഷത്രസമൂഹഃ ദേശേഭ്യഃ പാഞ്ചാലനഗരം പ്രയാതി= ഇന്ന് ക്ഷത്രസമൂഹം ദേശങ്ങളിൽനിന്ന് പാഞ്ചാലനഗരത്തെക്കുറിച്ച് പ്രയാണം ചെയ്യുന്നു; ക്ഷത്രസമൂഹം=ക്ഷത്രങ്ങളുടെ സമൂഹം; ക്ഷത്രങ്ങൾ=ക്ഷത്രിയർ; പാഞ്ചാലനഗരം=ദ്രുപദരാജധാനി; പ്രയാണം ചെയ്ക=പോക. സമുത്ത്—അങ്ങിനെയിരുന്ന ക്ഷത്രസമൂഹം; സമുത്തായിരുന്നു; സമുത്ത്=മുത്തിനോടുകൂടിയതു്; മുത്ത്=സന്തോഷം. അലം സബലഃ—അങ്ങിനെയിരുന്ന ക്ഷത്രസമൂഹം; ഏററവും സബലമായിരുന്നു; സബലം=ബലത്തോടുകൂടിയതു്; ബലം=പടജ്ജനം. ഉത്സവലോലം—അങ്ങിനെയിരുന്ന പാഞ്ചാലനഗരം; ഉത്സവലോല

മായിരുന്നു; ഉത്സവലോലം=ഉത്സവംകൊണ്ട് ലോലം; ലോലം= ചഞ്ചലം; സവിലാസമാവുംവണ്ണം=വിലാസത്തോടുക്രൂടുംവണ്ണം. സദ്ദൂത സന്ദേശശേഭ്യഃ—അങ്ങിനെയിരുന്ന ദേശങ്ങൾ; സദ്ദൂതസന്ദേശങ്ങളായിരുന്നു; സദ്ദൂതസന്ദേശങ്ങൾ=ദ്ദൂതസന്ദേശങ്ങളോടുക്രൂടിയവ; ദ്ദൂത സന്ദേശങ്ങൾ=ദ്ദൂതന്മാരുടെ സന്ദേശങ്ങൾ; ദ്ദൂതന്മാർ=ഓടാളുകൾ; സന്ദേശങ്ങൾ=മടക്കോലകൾ.

68 പത്മനികാശാസ്യായാഃ
പാഞ്ചാല്യാഃ സകലകാമുകാശാസ്യായാഃ
തത്ര സശോഭവിതാനഃ
സ്വയംവരഃ പ്രീതയേ ദൃശോഭ വിതാ നഃ.

തത്ര പാഞ്ചാല്യാഃ സ്വയംവരഃ നഃ ദൃശഃ പ്രീതയെ ഭവിതാ= അവിടെ പാഞ്ചാലീടെ സ്വയംവരം നമ്മുടെ ദൃക്കിൻെറ പ്രീതിക്കായിക്കൊണ്ട് ഭവിക്കും; പാഞ്ചാലി=ദ്രൌപദി; ദൃക്ക്=കണ്ണ്; പ്രീതി= സന്തോഷം. പത്മനികാശാസ്യായാഃ=പത്മനികാശമായിരിക്കുന്ന ആസ്യത്തോടുക്രൂടിയവൾ; പത്മനികാശം=പത്മത്തോടുതുല്യം; പത്മം=താമരപ്പൂവ്; ആസ്യം=മുഖം. സകലകാമുകാശാസ്യായാഃ— അങ്ങിനെ ഇരുന്ന പാഞ്ചാലി; സകലകാമുകാശാസ്യയായിരുന്നു; സകലകാമുകാശാസ്യ=സകല കാമുകന്മാരാലും ആശാസ്യ; സകല കാമുകന്മാർ=ഒട്ടൊഴിയാതെയുള്ള കാമുകന്മാർ; കാമുകന്മാർ=കാമികൾ; ആശാസ്യ=ശ്രദ്ധവെക്കപ്പെടുവാൻ യോഗ്യ. സശോഭവിതാനഃ—അങ്ങിനെ ഇരുന്ന സ്വയംവരം; സശോഭവിതാനമായിരുന്നു; സശോഭവിതാനം=സശോഭങ്ങളായിരിക്കുന്ന വിതാനങ്ങളോടുക്രൂടിയത്; സശോഭങ്ങൾ=ശോഭയോടുക്രൂടിയവ.

69 യദി വോ രുചി,രായാത
സ്വയംവരായ ശ്വഃ ഏവ രുചിരായാതഃ
സ ഹി ബഹു വിത്തഃ സ്വന്നഃ
പ്രാപ്താനാം സുലഭമത്ര വിത്ത സ്വം നഃ."

യുഷ്മാകം സ്വയംവരായ രുചിഃ യദി അതഃ ശ്വഃ ഏവ ആയാത=നിങ്ങൾക്കു സ്വയംവരത്തിന്നായിക്കൊണ്ടു് രുചി ഉണ്ടെന്നാവിരിപ്പതെങ്കിൽ ഇവിടെനിന്നു നാളെത്തന്നെ കൂടെപ്പോരിൻ; രുചി=ശ്രദ്ധ. രുചിരായ—അങ്ങിനെ ഇരുന്നു സ്വയംവരം; രുചിരമായിരുന്നു; രുചിരം=മനോഹരം. സഃ ഹി ബഹുവിത്തഃ സ്വന്നഃ—അതു് ബഹുവിത്തമായി സ്വന്നമായിരിപ്പോന്നു്; ബഹുവിത്തം=വളരെ വിത്തത്തോടുകൂടിയതു്; വിത്തം=ധനം; സ്വന്നം=ശോഭനമായിരിക്കുന്ന അന്നത്തോടുകൂടിയതു്; അന്നം=ചോറു്. അത്ര പ്രാപ്താനാം നഃ സ്വം സുലഭം വിത്ത=ഇവിടെ പ്രാപ്തന്മാരായിരിക്കുന്ന നമുക്കു് സ്വം സുലഭമെന്നറിഞ്ഞാലും; പ്രാപ്തന്മാർ=പ്രാപിച്ചവർ; സ്വം=ധനം; സുലഭം=എളുതായി ലഭിക്കപ്പെടുന്നതു്.

70 ഇതി സരസം സദ്യോ ഗാഃ
ശ്രുത്വാ പാൎത്ഥാഃ സപാന്ഥസംസദ്യോഗാഃ
പ്രയയുർ വിപ്രക്ഷയതഃ
പ്രീതാഃ പൃഥയാ സഹൈവ വിപ്രക്ഷയതഃ.

പാൎത്ഥാഃ ഇതി സരസം ഗാഃ ശ്രുത്വാ സദ്യഃ വിപ്രക്ഷയതഃ പ്രയയുഃ=പാൎത്ഥന്മാർ ഇങ്ങിനെ സരസമാവുംവണ്ണമുള്ള ഗോക്കളെ ശ്രവിച്ചിട്ടു് അപ്പോഴെ വിപ്രക്ഷയത്തിങ്കൽ നിന്നു പ്രയാണം ചെയ്തു; പാൎത്ഥന്മാർ=പാണ്ഡവന്മാർ; സരസമാവുംവണ്ണം=രസത്തോടുകൂടുംവണ്ണം; രസം=രാഗം; ഗോക്കൾ=വാക്കുകൾ; ശ്രവിക്ക=കേൾക്ക; വിപ്രക്ഷയം=വിപ്രന്റെ ക്ഷയം; വിപ്രൻ=ബ്രാഹ്മണൻ; ക്ഷയം=ഭവനം; പ്രയാണംചെയ്ക=പോക. പൃഥയാ സഹ ഏവ=പൃഥയോടുകൂടെത്തന്നെ; പൃഥ=കുന്തി. സപാന്ഥസംസദ്യോഗാഃ—അങ്ങിനെയിരുന്ന പാൎത്ഥന്മാർ; സപാന്ഥസംസദ്യോഗന്മാരായിരുന്നു; സപാന്ഥസംസദ്യോഗന്മാർ=പാന്ഥസംസദ്യോഗത്തോടുകൂടിയവർ; പാന്ഥസംസദ്യോഗം=പാന്ഥസംസത്തോടുള്ള യോഗം; പാന്ഥസംസത്തു്=പാന്ഥന്മാരുടെ സംസത്തു്; പാന്ഥന്മാർ=വഴിപോക്കർ; സംസത്തു്=സമൂഹം; യോഗം=സംയോഗം. പ്രീതാ—അങ്ങിനെയിരുന്ന പാൎത്ഥന്മാർ; പ്രീതന്മാരായിരുന്നു; പ്രീതന്മാർ=സന്തുഷ്ടന്മാർ.

വിപ്രക്ഷയതഃ—അങ്ങിനെയിരുന്ന വിപ്രക്ഷയം; വിപ്രക്ഷയമായിരുന്നു; വിപ്രക്ഷയം=പ്രക്ഷയത്തോടുകൂടാത്തതു്; പ്രക്ഷയം=നാശം.

71 തൈഃ ക്ഷണദാവേലായാം
സംഛന്നാ സരി,ത്സമുദ്ര,ദാവേലായാം
അധരിത സുരസംയദ്ഭിഃ
സുരനദ്യാം പദമതാനി സുരസം യദ്ഭിഃ.

തൈഃ ക്ഷണദാവേലായാം സുരനദ്യാം പദം അതാനി=അവരാൽ ക്ഷണദാവേലയിങ്കൽ സുരനദിയിങ്കൽ പദം ചെയ്യപ്പെട്ടു; ക്ഷണദാവേല=ക്ഷണദയാകുന്ന വേല; ക്ഷണദ=രാത്രി; വേല=കാലം; സുരനദി=ഗംഗ; പദം=പദവിക്ഷേപം. സംഛന്നാസരിൽ സമുദ്രാവേലായാം—അങ്ങിനെയിരുന്ന ക്ഷണദാവേല; സംഛന്നസരിത്സമുദ്രദാവേലയായിരുന്നു; സംഛന്നസരിത്സമുദ്രദാവേല=സംഛന്നകളായിരിക്കുന്ന സരിൽസമുദ്രദാവേലകളോടുകൂടിയതു്; സംഛന്നകൾ=മൂടപ്പെട്ടവ; സരിത്സമുദ്രദാവേലകൾ=സരിത്തുക്കളും, സമുദ്രങ്ങളും, ദാവങ്ങളും, ഇല(ഇള)യും; സരിത്തുകൾ=നദികൾ; ദാവങ്ങൾ=വനങ്ങൾ; ഇള=ഭൂമി. അധരിതസുരസംയൽഭിഃ—അങ്ങിനെ ഇരുന്ന അവർ; അധരിതസുരസംയത്തുകളായിരുന്നു; അധരിതസുരസംയത്തുകൾ=അധരിതമായിരിക്കുന്ന സുരസംയത്തിനോടുകൂടിയവർ; അധരിത=താഴ്ത്തപ്പെട്ടതു്; സുരസംയത്തു്=സുരന്മാരുടെ സംയത്തു്; സുരന്മാർ=ദേവകൾ; സംയത്തു്=സമൂഹം. സുരസം യൽഭിഃ—അങ്ങിനെയിരുന്ന അവർ; സുരസമാവുംവണ്ണം യത്തുക്കളായിരുന്നു; സുരസമാവുംവണ്ണം=ഏററവും രസത്തോടുകൂടുംവണ്ണം; രസം=രാഗം; യത്തുകൾ=യാനം ചെയ്യുന്നവർ (ഗമിച്ചിയങ്ങുന്നവർ).

72 അഥ പൃഥുരാഗമദസ്ത്രീ-
സാത്ഥഃ പാൎത്ഥാൻ രുരുത്സുരാഗമദസ്ത്രീ
ഗന്ധൎവ്വാധീശസ്താൻ
ചിത്രരഥോ നാമ ശത്രുബാധീ ശസ്താൻ.

അഥ ചിത്രരഥഃ നാമ ഗന്ധർവ്വാധീശഃ താൻ പാൎത്ഥാൻ രുരുത്സു ആഗമൽ=അനന്തരം ചിത്രരഥനെന്നിങ്ങിനെ പ്രസിദ്ധനായിരിക്കുന്ന ഗന്ധർവ്വാധീശൻ ആ പാൎത്ഥന്മാരെ രുരുത്സുവായിട്ട് ആഗമിച്ചു; ഗന്ധർവ്വാധീശൻ=ഗന്ധർവ്വശ്രേഷ്ഠൻ; പാൎത്ഥന്മാർ=പാണ്ഡവന്മാർ; രുരുത്സു=രോധിപ്പാനായിക്കൊണ്ട് ഇച്ഛയുള്ളവൻ; രോധിക്ക=തടുക്ക; ആഗമിക്ക=വരിക. പൃഥുരാഗമദസ്ത്രീസാൎത്ഥഃ—അങ്ങിനെയിരുന്ന ഗന്ധർവ്വാധീശൻ; പൃഥുരാഗമദസ്ത്രീസാൎത്ഥനായിരുന്നു; പൃഥുരാഗമദസ്ത്രീസാൎത്ഥൻ=പൃഥുരാഗമദമായിരിക്കുന്ന സ്ത്രീസാൎത്ഥത്തോടുകൂടിയവൻ; പൃഥുരാഗമദം=പൃഥുക്കളായിരിക്കുന്ന രാഗമദങ്ങളോടുകൂടിയതു്; പൃഥുക്കൾ=പെരുകിയവ; രാഗമദങ്ങൾ=രാഗവും മദവും; രാഗം=അനുരാഗം; മദം=അഹങ്കാരം; സ്ത്രീസാർത്ഥം=സ്ത്രീസമൂഹം. അസ്ത്രീ—അങ്ങിനെയിരുന്ന ഗന്ധർവ്വാധീശൻ; അസ്ത്രിയായിരുന്നു; അസ്ത്രി=അസ്ത്രമുള്ളവൻ. ശത്രുബാധീ—അങ്ങിനെയിരുന്ന ഗന്ധർവ്വാധീശൻ; ശത്രുബാധിയായിരുന്നു; ശത്രുബാധി=ശത്രുക്കളെ ബാധിക്ക ശീലമുള്ളവൻ; ബാധിക്ക=പീഡിപ്പിക്ക. ശസ്താൻ—അങ്ങിനെയിരുന്ന പാർത്ഥന്മാർ; ശസ്തന്മാരായിരുന്നു; ശസ്തന്മാർ=പ്രശസ്തന്മാർ.

73 ന്യരുണ ദ്വേലാതീതം
സമുദ്രമിവ ജിഷ്ണുരാഹവേഽലാതീ തം
ക്ഷിപ്തമഹാസ്ത്ര സ്തസ്യ
വ്യധത്ത ഭംഗം ച ഗുരുമഹാ സ്രസ്തസ്യ.

ജിഷ്ണുഃ ആഹവേ തം ന്യരുണൽ=ജിഷ്ണു ആഹവത്തിങ്കൽ അവനെ നിരോധിച്ചു; ജിഷ്ണു=അജ്ജുനൻ; ആഹവം=യുദ്ധം; നിരോധിക്ക=തടുക്ക. വേലാതീതം സമുദ്രം ഇവ=വേലാതീതമായിരിക്കുന്ന സമുദ്രത്തെ എന്നപോലെ. വേലാതീതം=വേലയെ അതീതം; വേല=മിട്ടാല (തീരം); അതീതം=അതിക്രമിച്ചതു്. അലാതീ—അങ്ങിനെയിരുന്ന ജിഷ്ണു; അലാതിയായിരുന്നു; അലാതി=അലാതമുള്ളവൻ; അലാതം=തീക്കൊള്ളി. ക്ഷിപ്രമഹാസ്ത്രഃ തസ്യ ഭംഗം വ്യധത്ത ച=ക്ഷിപ്തമഹാസ്ത്രനായിട്ട് അവൻെറ ഭംഗത്തെച്ചെയ്‌വുതുംചെയ്തു;

ക്ഷിപ്തമഹാസ്ത്രൻ=ക്ഷിപ്തമായിരിക്കുന്ന മഹാസ്ത്രത്തോടുകൂടിയവൻ; ക്ഷിപ്തം=ക്ഷേപിക്കപ്പെട്ടതു്; ക്ഷേപിക്ക=പ്രയോഗിക്ക; മഹാസ്ത്രം= മഹത്തായിരിക്കുന്ന അസ്ത്രം; മഹത്ത്=പെരുകിയതു്; ഭംഗം=പരാജയം. ഗുരുമഹാഃ—അങ്ങിനെയിരുന്ന ജിഷ്ണു; ഗുരുമഹസ്സായിരുന്നു; ഗുരുമഹസ്സ്=ഗുരുവായിരിക്കുന്ന മഹസ്സിനോടുകൂടിയവൻ; ഗുരു=പെരുകിയതു്; മഹസ്സ്=തേജസ്സ്. ത്രസ്തസ്യ—അങ്ങിനെയിരുന്ന അവൻ; ത്രസ്തനായിരുന്നു; ത്രസ്തൻ=ത്രസിച്ചവൻ; ത്രസിക്ക=പേടിക്ക.

74 തസ്യ ച താപത്യാ ഗാഃ
ശ്രുത്വാ വിവിധാഃ വിതീർണ്ണതാപത്യാഗാഃ
പ്രയയുർ വിപ്രാപേതൈഃ
ധൌമ്യോഽഥ ഗുരുശ്ച വനഭുവി പ്രാപേ തൈഃ

താപത്യാഃ തസ്യ വിവിധാഃ ഗാഃ ശ്രുത്വാ പ്രയയുഃ=താപത്യന്മാർ അവൻെറ വിവിധങ്ങളായിരിക്കുന്ന ഗോക്കളെ ശ്രവിച്ചിട്ട് പ്രയാണം ചെയ്തു. താപത്യന്മാർ=തപതീഗോത്രജാതന്മാർ; വിവിധകൾ=ബഹുവിധകൾ; ഗോക്കൾ=വാക്കുകൾ; ശ്രവിക്ക=കേഴ്ക്ക; പ്രയാണം ചെയ്ക=പോക. വിതീർണ്ണതാപത്യാഗാഃ—അങ്ങിനെയിരുന്ന ഗോക്കൾ—വിതീർണ്ണതാപത്യാഗകളായിരുന്നു; വിതീർണ്ണ താപത്യാഗങ്ങൾ=വിതീർണ്ണമായിരിക്കുന്ന താപത്യാഗത്തോടു കൂടിയവ; വിതീർണ്ണം=ദത്തം; താപത്യാഗം=താപത്തിൻെറ ത്യാഗം; താപം=ഉൾചൂട്; ത്യാഗം=ഉപേക്ഷ. അഥ തൈഃ വനഭുവി ധൌമ്യഃ ഗുരുഃ പ്രാപേ ച=അനന്തരം അവരാൽ വനഭ്രുവിങ്കൽ ധൌമ്യനാകുന്ന ഗുരു പ്രാപിക്കപ്പെട്ടതും ചെയ്തു; വനഭ്രുവ്=വനഭ്രുമി; ധൌമ്യൻ=ധൌമ്യമഹർഷി; വിപ്രാപേതൈഃ—അങ്ങിനെയിരുന്ന അവർ—വിപ്രാപേതന്മാരായിരുന്നു; വിപ്രാപേതന്മാർ=വിപ്രന്മാരോട് അപേതന്മാർ; വിപ്രന്മാർ=ബ്രാഹ്മണർ; അപേതന്മാർ=വേർപെട്ടവർ.

75 തേ ഖലു സഢപിജവവപുഷഃ
പാഞ്ചാലപുരം സമേത്യ സഢപിജവവപുഷഃ

ഗ്രദ്ധ്രാകാരാവാസം

ചക്രുഃ സംപ്രാപ്യ കുംഭകാരാവാസം

തേ ഖലു പാഞ്ചാലപുരം സമേത്യ കുംഭകാരാവാസം സംപ്രാപിച്ചിട്ടു് വാസത്തെച്ചെയ്തു; പാഞ്ചാലപുരം=ദ്രുപദരാജധാനി; കുംഭകാരാവാസം=കുംഭകാരന്റെ ആവാസം; കുംഭകാരൻ=കൊശവൻ; ആവാസം=ഇരിപ്പടം; വാസം ഇരിപ്പടം; വാസം=ഇരിപ്പ്. സദ്വിജവപുഷഃ—അങ്ങിനെയിരുന്ന അവർ—സദ്വിജവപുസ്സുകളായിരുന്നു; സദ്വിജവപുസ്സുകൾ=സദ്വിജന്മാരുടെ വപുസ്സുപോലെയിരിക്കുന്ന വപുസ്സോടുകൂടിയവർ; സദ്വിജന്മാർ=സത്തുക്കളായിരിക്കുന്ന ദ്വിജന്മാർ; സത്തുക്കൾ=ഉൽകൃഷ്ടന്മാർ; ദ്വിജന്മാർ=ബ്രാഹ്മണർ; വപുസ്സ്=ശരീരം. സദ്വിജവപുഷഃ—അങ്ങിനെയിരുന്ന അവർ—സദ്വിജവപുട്ടുകളായിരുന്നു; സദ്വിജവപുട്ടുകൾ=സദ്വിജവത്തെ പോഷിപ്പിക്കുന്നവർ; സദ്വിജവം=സദ്വിയുടെ ജവം; സദ്വി=സത്തായിരിക്കുന്ന വി; സത്ത്=ഉൽകൃഷ്ടൻ; വി=പക്ഷി; ജവം=വേഗം; പോഷിക്ക=വർദ്ധിക്ക. ഗ്രദ്ധ്രാകാരാഃ—അങ്ങിനെയിരുന്ന അവർ—ഗ്രദ്ധ്രാകാരന്മാരായിരുന്നു; ഗ്രദ്ധ്രാകാരന്മാർ=ഗ്രദ്ധ്രമായിരിക്കുന്ന ആകാരത്തോടുകൂടിയവർ; ഗ്രദ്ധ്രം=മറയ്ക്കപ്പെട്ടതു്; ആകാരം=ആകൃതി.

76 അഥ സദനീകഛത്രഃ

സംപ്രാപ്തഃ സകലവന,ധുനീ,കഛത്രഃ

സംഘോ വസുധാപാനാം

ധിയം ദധാനഃ സ്മതോത്സവസുധാപാനാം

അഥ വസുധാപാനാം സംഘഃ സംപ്രാപ്തഃ=അനന്തരം വസുധാപന്മാരുടെ സംഘം സംപ്രാപ്തമായി; വസുധാപന്മാർ=രാജാക്കന്മാർ; സംഘം=സമൂഹം; സംപ്രാപ്തം=സംപ്രാപിച്ചതു്. സദനീകച്ഛത്രഃ—അങ്ങിനെയിരുന്ന സംഘം—സദനീകച്ഛത്രമായിരുന്നു. സദനീകച്ഛത്രം=സത്തുക്കളായിരിക്കുന്ന അനീകച്ഛത്രങ്ങളോടുകൂടിയതു്; സത്തുകൾ=ഉൽകൃഷ്ടങ്ങൾ; അനീകച്ഛത്രങ്ങൾ=അനീകങ്ങളും ച്ഛത്രങ്ങളും; അനീകങ്ങൾ=പടജ്ജനങ്ങൾ. ഛത്രങ്ങൾ=വെൺകൊററക്കുടകൾ;

സകലവനധുനീകച്ഛത്രഃ—അങ്ങിനെ ഇരുന്ന സംഘം—സകലവനധുനീകച്ഛത്രം=സകലവനധുനീകച്ഛങ്ങളെ രക്ഷിക്കുന്നതു്; സകലവനധുനീകച്ഛങ്ങൾ=ഒട്ടൊഴിയാതെയുള്ള വനധുനീകച്ഛങ്ങൾ; വനധുനീകച്ഛങ്ങൾ=വനധുനികളുടെ കച്ഛങ്ങൾ; ധുനികൾ=നദികൾ; കച്ഛങ്ങൾ=മിട്ടാലകൾ (തീരങ്ങൾ). സ്മൃതോത്സവസുധാപാനാം ധിയം ദധാനഃ—അങ്ങിനെയിരുന്ന സംഘം—സ്മൃതോത്സവസുധാപാനയായിരിക്കുന്ന ധീയെ ദധാനയായിരുന്നു; സ്മൃതോത്സവസുധാപാന=സ്മൃതമായിരിക്കുന്ന ഉത്സവസുധാപാനത്തോടുകൂടിയതു്; സ്മൃതം=സ്മരിക്കപ്പെട്ടതു്; സ്മരിക്ക=നിരൂപിക്ക; ഉത്സവസുധാപാനം=ഉത്സവസുധയുടെ പാനം; ഉത്സവസുധ=ഉത്സവമാകുന്ന സുധ; സുധ=അമൃത്; ധീ=ബുദ്ധി; ദധാനം=ധരിച്ചിയങ്ങുന്നതു്.

77 സംഭൃതനരകരിപൂരഃ-
സ്ഥലശ്രിതശ്രീകടാക്ഷനരകരിപൂരഃ
സഹ ലലനാദോഹലിനാ
യദുസംഘോഭ്യാഗമ ത്സനാദോ ഹലിനാ.

യദുസംഘഃ അഭ്യാഗത്=യദുസംഘം അഭ്യാഗമിച്ചു; യദുസംഘം=യദുക്കളുടെ സംഘം; യദുക്കൾ=യാദവന്മാർ; സംഘം=സമൂഹം; അഭ്യാഗമിക്ക=വരിക. ഹലിനാ സഹ—ഹലിയോടുകൂടെ; ഹലി=ശ്രീബലഭദ്രൻ. ലലനാദോഹലിനാ—അങ്ങിനെയിരുന്ന ആ ഹലി—ലലനാദോഹലി=ലലനാദോഹലമുള്ളവൻ; ലലനാദോഹലം=ലലനയിങ്കലെ ദോഹലം; ലലന=സ്ത്രീ; ദോഹലം (ദോഹളം)=ഇച്ഛ; സംഭൃതനരകരിപൂരഃസ്ഥലശ്രിതശ്രീകടാക്ഷനരകരിപൂരഃ — അങ്ങിനെയിരുന്ന ആ യദുസംഘം — സംഭൃതനരകരിപൂരഃസ്ഥലശ്രിതശ്രീകടാക്ഷമായിരിക്കുന്ന നരകരിപൂരത്തൊടുകൂടിയതു്; സംഭൃതനരകരിപൂരഃ സ്ഥലശ്രിതശ്രീകടാക്ഷം=സംഭൃതമായിരിക്കുന്ന നരകരിപൂരഃസ്ഥലശ്രിതശ്രീകടാക്ഷത്തോടുകൂടിയതു്; സംഭൃതം=സംഭരിക്കപ്പെട്ടതു്; നരകരിപൂരഃസ്ഥലശ്രിതശ്രീകടാക്ഷം = നരകരിപൂരഃസ്ഥലശ്രിതശ്രീ = നരകരിപൂരഃസ്ഥലശ്രിതയായിരിക്കുന്ന ശ്രീ; നരകരിപൂരഃസ്ഥലശ്രിത=നരകരിപൂരഃസ്ഥലത്തെ ശ്രിത; നരകരിപൂരസ്ഥലം=നരകരിപുവിന്റെ

ഉരഃസ്ഥലം; നരകരിപു=ശ്രീകൃഷ്ണൻ; ഉരഃസ്ഥലം=മാറിടം; ശ്രിത=ആശ്രയിച്ചവൾ; ശ്രീ=ശ്രീഭഗവതി. നരകരിപൂരം=നരകരികളുടെ പൂരം നരകരികൾ=നരന്മാരും കരികളും; നരന്മാർ=മനുഷ്യർ; കരികൾ=ആനകൾ; പൂരം=സമൂഹം. സനാദഃ—അങ്ങിനെയിരുന്ന യദുസംഘം—സനാദമായിരുന്നു; സനാദം=നാദത്തോടുകൂടിയതു്; നാദം=ശബ്ദം.

78 വംശേ പൂരോർ വരയാ
സഹജശ്രേണ്യാ സസൈന്യപൂരോൎവ്വരയാ
ദൂതഗിരാകർണ്ണനതഃ
സുയോധനോഽഗാൽ സ്വയംവരാകൎണ്ണനതഃ

സുയോധനഃ ആഗാൽ=സുയോധനൻ ആഗമിച്ചു; സുയോധനൻ; ആഗമിക്ക=വരിക. സഹജശ്രേണ്യാ—സഹജശ്രേണിയോടുകൂടെ; സഹജശ്രേണി=സഹജന്മാരുടെ ശ്രേണി; സഹജന്മാർ=അനുജന്മാർ; ശ്രേണി=സമൂഹം. ദൂതഗരാ സ്വയംവരാകൎണ്ണനതഃ—ദൂതഗീരുകൊണ്ടുള്ള സ്വയംവരാകൎണ്ണനം ഹേതുവായിട്ടു്; ദൂതഗീരു്=ദൂതന്റെ ഗീരു്; ദൂതൻ=ഓട്ടാള്; ഗീരു്=വാക്കു് സ്വയംവരാകൎണ്ണനം=സ്വയംവരത്തിന്റെ ആകൎണ്ണനം; ആകൎണ്ണനം=കേൾവി പൂരോഃ വംശേ വരയാ—അങ്ങിനെയിരുന്ന സഹജശ്രേണി—പൂരുവിന്റെ വംശത്തിങ്കൽ വരയായിരുന്നു; പൂരു=പൂരുവാകുന്ന രാജാവു്; വംശം=കുലം; വര=ശ്രേഷ്ഠ; സസൈന്യപൂരോൎവ്വരയാ—അങ്ങിനെയിരുന്ന സഹജശ്രേണി—സസൈന്യപൂരോൎവ്വരയായിരുന്നു; സൈന്യപൂരോൎവ്വര=സസൈന്യപൂരയായിരിക്കുന്ന ഉൎവ്വരയോടുകൂടിയതു്; സസൈന്യപൂര=സൈന്യപൂരത്തോടു കൂടിയതു്; സൈന്യപൂരം=സൈന്യങ്ങളുടെ പൂരം; സൈന്യങ്ങൾ=പടജ്ജനങ്ങൾ; പൂരം=സമൂഹം; ഉൎവ്വര=ഭൂമി. കൎണ്ണനതഃ—അങ്ങിനെയിരുന്ന സുയോധനൻ—കൎണ്ണനതനായിരുന്നു; കൎണ്ണനതൻ=കൎണ്ണങ്കൽ നതൻ; നതൻ=നമിച്ചവൻ (തൽപരൻ).

79 തേ്രിപുസാദഭ്രമദാഃ
വിവിശുഃ പരമേണ രംഹംസാദഭ്രമദാഃ

രൂപരുചാ പാഞ്ചാല്യാ
രംഗഭുവം രചിതയന്ത്രചാപാ ഞ്ചാല്യാഃ

തേ പരമേണ രംഹസാ രംഗഭുവം വിവിശുഃ=അവർ പരമായിരിക്കുന്ന രംഹസ്സിനോടും കൂടെ രംഗഭൂവിനെ പ്രവേശിച്ചു; പരമം=ഉൽകൃഷ്ടം; രംഹസ്സ്=വേഗം; രംഗഭൂവ്=അരങ്ങ്; പ്രവേശിക്ക=അകം പൂക. രിപുസാദഭ്രമദാഃ—അങ്ങിനെയിരുന്ന അവർ—രിപുസാദഭ്രമദന്മാരായിരുന്നു; രിപുസാദഭ്രമദന്മാർ=രിപുക്കൾക്കു സാദഭ്രമങ്ങളെ ദാനം ചെയ്യുന്നവൻ. രിപുക്കൾ=ശത്രുക്കൾ; സാദഭ്രമങ്ങൾ=സാദവും ഭ്രമവും; സാദം=തളച്ച; ഭ്രമം=പരിഭ്രമം. അദഭ്രമദാഃ—അങ്ങിനെയിരുന്ന അവർ—അദഭ്രമദന്മാരായിരുന്നു; അദഭ്രമദന്മാർ=അദഭ്രമായിരിക്കുന്ന മദത്തോടു കൂടിയവർ; അദഭ്രം=പെരുകിയതു്; മദം=അഹംകാരം. പാഞ്ചാല്യാഃ രൂപരുചാ ചാല്യാഃ —അങ്ങിനെയിരുന്ന അവർ—പാഞ്ചാലീടെ രൂപരുക്കുകൊണ്ടു് ചാല്യന്മാരായിരുന്നു; പാഞ്ചാലി=ദ്രൗപദി; രൂപരുക്ക്=രൂപശോഭ; ചാല്യന്മാർ=ചലിച്ചവർ; ചലിക്ക=ഇളകിനടക്ക. രചിതയന്ത്രചാപാം—അങ്ങിനെയിരുന്ന രംഗഭൂവ്—രചിതയന്ത്രചാപയായിരുന്നു; രചിതയന്ത്രചാപ=രചിതങ്ങളായിരിക്കു യന്ത്രചാപങ്ങളോടു കൂടിയതു്; രചിതങ്ങൾ=ചമക്കപ്പെട്ടവ; യന്ത്രചാപങ്ങൾ=യന്ത്രവും ചാപവും; ചാപം=വില്ലു്.

80 അഥ പൃഥുരൂപദ്രവിണാ
വിനിർമ്മിതാ കർമ്മണാ ഗുരൂപദ്രവിണാ
യാ സ്പൃഹണീയാ ജഗതാ
സാക്ഷാച്ഛക്തിഃ ശരീരിണീ യാജഗതാ

81 മഹനീയം വരമാല്യാ
സാർദ്ധം ലബ്ധും ധൃതസ്വയംവരമാല്യാ
പാഞ്ചാലീ രംഗഭുവം
പ്രാപ നയന്തീ നൃപാലീ രംഗഭുവം.

അഥ പാഞ്ചാലീ രംഗഭുവം പ്രാപ=അനന്തരം പാഞ്ചാലീ രംഗഭൂവിനെ പ്രാപിച്ചു. പാഞ്ചാലീ=ദ്രൗപദി; രംഗഭൂവ്=അരങ്ങ്;

ആല്യാ(ള്യാ) സാർദ്ധം—ആളിയോടും കൂടെ; ആളി=സഖി; മഹനീയം വരം ലബ്ധ്വം—മഹനീയനായിരിക്കുന്ന വരനെ ലഭിപ്പാനായിക്കൊണ്ട്; മഹനീയൻ=പൂജനീയൻ; വരൻ=ഭർത്താവു്; നൃപാവലീഃ അംഗഭുവം നയന്തീ—അങ്ങിനെയിരുന്ന പാഞ്ചാലീ—നൃപാവലികളെ അംഗഭുവിനെ നയന്തിയായിരുന്നു; നൃപാവലികൾ=നൃപന്മാരുടെ ആവലികൾ; നൃപന്മാർ=രാജാക്കന്മാർ; ആവലികൾ=സമൂഹങ്ങൾ; നയന്തീ=നയിച്ചിയങ്ങുന്നവൾ; നയിക്ക=പ്രാപിക്ക. ധൃതസ്വയംവരമാല്യാ—അങ്ങിനെയിരുന്ന പാഞ്ചാലി— ധൃതസ്വയംവരമാല്യയായിരുന്നു; ധൃതസ്വയംവരമാല്യ=ധൃതമായിരിക്കുന്ന സ്വയംവരമാല്യത്തോടുകൂടിയവൾ; ധൃതം=ധരിക്കപ്പെട്ടതു്; സ്വയംവരമാല്യം=സ്വയംവരത്തിന്നായിക്കൊണ്ടുള്ള മാല്യം; മാല്യം=മാല. യാജഗതാശക്തിഃസാക്ഷാൽ ശരീരിണീ—അങ്ങിനെയിരുന്ന പാഞ്ചാലി—യാജഗതയായിരിക്കുന്ന ശക്തി സാക്ഷാൽ ശരീരിണിയായിരുന്നു; യാജഗത=യാജനെ ഗത; യാജൻ=യാജമഹർഷി; ശക്തി=തപഃശക്തി; ശരീരിണി=ശരീരമുള്ളതു്; ശരീരം=ദേഹം. യാ ജഗതാ സ്പൃഹണീയാ=യാവളൊരുത്തി ജഗത്തിനാൽ സ്പൃഹണീയയായിരിക്കുന്നു; ജഗത്ത്=ലോകം; സ്പൃഹണീയ=ശ്രദ്ധവെക്കപ്പെടുവാൻ യോഗ്യ. ഗുരൂപദ്രവിണാ കർമ്മണാ വിനിർമ്മിതാ—അങ്ങിനെയിരുന്ന പാഞ്ചാലി—ഗുരൂപദ്രവിയായിരിക്കുന്ന കർമ്മംകൊണ്ടു് വിനിർമ്മിതയായിരുന്നു; ഗുരൂപദ്രവി=ഗുരൂപദ്രവമുള്ളതു്; ഗുരൂപദ്രവം=ഗുരുവിന്നു് ഉപദ്രവം; ഗുരു=ദ്രോണാചാര്യർ; ഉപദ്രവം=വിനാശം; വിനിർമ്മിത=വിനിർമ്മിക്കപ്പെട്ടവൾ; പൃഥുരൂപദ്രവിണാ—അങ്ങിനെയിരുന്ന പാഞ്ചാലി—പൃഥുരൂപദ്രവിണയായിരുന്നു; പൃഥുരൂപദ്രവിണ=പൃഥുവായിരിക്കുന്ന രൂപദ്രവിണത്തോടുകൂടിയവൾ; പൃഥു=പെരുകിയതു്; രൂപദ്രവിണം=സൌന്ദര്യസമ്പത്തു്.

82 സുരഭിം തരസാ രംഗം
ദ്രുപദസുതഃ പ്രാപ്യ തരളതരസാരംഗം
ഇഷ്വാസാരോപേതാം
അഥ നൃപസമിതിം ന്യയുങ്ക്ത സാരോപേതാം

അഥ ദ്രുപദസുതഃ തരസാ രംഗം പ്രാപ്യ, താം നൃപസമിതിം ഇഷ്വാസാരോപേ ന്യയുങ്ക്ത=അനന്തരം ദ്രുപതസുതൻ വേഗേന രംഗത്തെ പ്രാപിച്ചിട്ട് ആ നൃപസമിതിയെ ഇഷ്വാസാരോപത്തിങ്കൽ നിയോഗിച്ചു; ദ്രുപതസുതൻ=ധൃഷ്ടദ്യുമ്നൻ; രംഗം=അരങ്ങ്. നൃപസമിതി=നൃപന്മാരുടെ സമിതി; നൃപന്മാർ=രാജാക്കന്മാർ; സമിതി=സമൂഹം; ഇഷ്വാസാരോപം=ഇഷ്വാസത്തിൻെറ ആരോപം; ഇഷ്വാസം=വില്ല്. ആരോപം=കലയ്ക്കുക. സുരഭി—അങ്ങിനെ ഇരുന്ന രംഗം—സുരഭിയായിരുന്നു; സുരഭി=ഘ്രാണേന്ദ്രിയാനന്ദകരം. തരളതരസാരംഗം—അങ്ങിനെ ഇരുന്ന രംഗം—തരളതരസാരംഗമായിരുന്നു; തരളതരസാരംഗം=തരളതരങ്ങളായിരിക്കുന്ന സാരംഗങ്ങളോടുകൂടിയതു്; തരളതരങ്ങൾ=അതിശയേന തരളങ്ങൾ; തരളങ്ങൾ=ചഞ്ചലങ്ങൾ; സാരംഗങ്ങൾ=വണ്ടുകൾ. സാരോപേതാം—അങ്ങിനെയിരുന്ന നൃപസമിതി—സാരോപേതയായിരുന്നു; സാരോപേത=സാരത്തോടു ഉപേത സാരം=ബലം; ഉപേത=കൂടിയതു്.

83 തദനു ബലോപേതേന
പ്രയുജ്യമാനാഃ ശരവ്യലോപേ തേന
ചേലു രഗർവ്വാമോദാൽ
സുരഭൌ രംഗേ നൃപാഃ സഗർവ്വാ മോദാൽ

തദനു തേന ശരവ്യലോപേ പ്രയുജ്യമാനാഃ നൃപാഃ രംഗേ ചേലുഃ=അനന്തരം അവനാൽ ശരവ്യലോപത്തിങ്കൽ പ്രയുജ്യമാനന്മാരായിരിക്കുന്ന നൃപന്മാർ രംഗത്തിങ്കൽ ചലിച്ചു; ശരവ്യലോപം=ശരവ്യത്തിൻെറ ലോപം; ശരവ്യം=ലാക്ക്; ലോപം=ഛേദനം; പ്രയുജ്യമാനന്മാർ=നിയോഗിക്കപ്പെട്ടിരിക്കുന്നവർ; നൃപന്മാർ=രാജാക്കന്മാർ; രംഗം=അരങ്ങ്; ചലിക്ക=ഇളകിനടക്ക. മോദാൽ—മോദം ഹേതുവായിട്ടു്; മോദം=സന്തോഷം. ബലോപേതേന—അങ്ങിനെയിരുന്ന അവൻ—ബലോപേതനായിരുന്നു; ബലോപേതൻ=ബലത്തോടു ഉപേതൻ; ബലം=ശക്തി; ഉപേതൻ=കൂടിയവൻ. അഗർവ്വാമോദാൽ സുരഭൌ—അങ്ങിനെയിരുന്ന രംഗം—അഗർവ്വാമോദം ഹേതുവായിട്ടു് സുരഭിയായിരുന്നു; അഗർവ്വാമോദം=അഗരുവിൻെറ ആമോദം; അഗരു=

അകിൽ; ആമോദം=പരിമളം; സുരഭി=ഘ്രാണേന്ദ്രിയാനന്ദകരം. സഗർവ്വാഃ—അങ്ങിനെയിരുന്ന നൃപന്മാർ. സഗർവ്വന്മാരായിരുന്നു; സഗർവ്വന്മാർ=ഗർവ്വത്തോടുകൂടിയവർ; ഗർവ്വം=അഹങ്കാരം.

84 സ ധനു സ്സാരവദന്തഃ
ക്ഷത്രിയ ലോകോ വികൃഷ്യ സാരവദന്തഃ
സഹസ,ാലസദോരംഗഃ
പപാത സംക്ഷോഭിതാഖിലസദോരംഗഃ.

സഃ ക്ഷത്രിയലോകഃ ധനുഃ വികൃഷ്യ സഹസാ പപാത=ആ ക്ഷത്രിയലോകം ധനുസ്സിനെ വികർഷിച്ചിട്ടു് പെട്ടന്നനവെ പതിച്ചു; ക്ഷത്രിയലോകം=ക്ഷത്രിയജനനം; ധനുസ്സ്=വില്ല്. വികർഷിക്ക=വലിക്ക; പതിക്ക=വീഴുക; അന്തഃ സാരവൽ—അങ്ങിനെയിരുന്ന ധനുസ്സ്; അന്തർഭാഗത്തിങ്കൽ സാരവത്തായിരുന്നു; അന്തർഭാഗം=ഉള്ള്; സാരവത്ത്=സാരമുള്ളതു്; സാരം=ബലം. സാരവദന്തഃ—അങ്ങിനെയിരുന്ന ക്ഷത്രിയലോകം; സാരവദന്തമായിരുന്നു; സാരവദന്തം=സാരവങ്ങളായിരിക്കുന്ന ദന്തങ്ങളോടുകൂടിയതു്; സാരവങ്ങൾ=ആരവത്തോടുകൂടിയവ; ആരവം=ശബ്ദം; ദന്തങ്ങൾ=പല്ലുകൾ. അലസദോരംഗഃ—അങ്ങിനെയിരുന്ന ക്ഷത്രിയലോകം; അലസദോരംഗമായിരുന്നു; അലസദോരംഗം=അലസങ്ങളായിരിക്കുന്ന ദോരംഗങ്ങളോടുകൂടിയതു്; അലസങ്ങൾ=അശക്തങ്ങൾ; ദോരംഗങ്ങൾ=ദോസ്സുകളും അംഗങ്ങളും; ദോസ്സുകൾ-കൈകൾ; അംഗങ്ങൾ=അവയവങ്ങൾ; സംക്ഷോഭിതാഖിലസദോരംഗഃ—അങ്ങിനെയിരുന്ന ക്ഷത്രിയലോകം; സംക്ഷോഭിതാഖിലസദോരംഗമായിരുന്നു; സംക്ഷോഭിതാഖിലസദോരംഗം=സംക്ഷോഭിതങ്ങളായിരിക്കുന്ന അഖിലസദോരംഗങ്ങളോടുകൂടിയതു്; സംക്ഷോഭിതങ്ങൾ=ഇളക്കപ്പെട്ടവ; അഖിലസദോരംഗങ്ങൾ=ഒട്ടൊഴിയാതെയുള്ള സദോരംഗങ്ങൾ; സദോരംഗങ്ങൾ=സദസ്സും രംഗവും; സദസ്സ്=സഭ; രംഗം=അരങ്ങ്.

85 ദൃഷ്ട്വാ ച,ാപാസ്തരസാഃ
ധരപതിപങ്ക്തീഃ നിരസ്തചാപാ സ്തരസാ

ഛന്നോ രൂപാന്തരതഃ

പാൎത്ഥ ഉദസ്ഥാത്തതോ ഗുരൂപാന്തരതഃ.

തതഃ പാൎത്ഥഃ ഉദസ്ഥാൽ—അനന്തരം പാൎത്ഥൻ ഉത്ഥാനം ചെയ്തു; പാൎത്ഥൻ=അൎജ്ജുനൻ; ഉത്ഥാനംചെയ്ക=എഴുനേൽക്ക. നരപതിപങ്ക്തീഃ തരസാ നിരസ്തചാപാഃ, അപാസ്തരസാഃ ച ദൃഷ്ട്വാ=നരപതിപങ്ക്തികളെ വേഗേന നിരസ്തചാപകളായും അപാസ്തരസകളായും ദൎശിച്ചിട്ട്; നരപതിപങ്ക്തികൾ=നരപതികളുടെ പങ്ക്തികൾ; നരപതികൾ=രാജാക്കന്മാർ; പങ്ക്തികൾ=സമൂഹങ്ങൾ; നിരസ്തചാപകൾ=നിരസ്തമായിരിക്കുന്ന ചാപത്തോടുകൂടിയവ; നിരസ്ത=നിരസിക്കപ്പെട്ടതു്; നിരസിക്ക=ത്യജിക്ക; ചാപം=വില്ലു്; അപാസ്തരസകൾ=അപാസ്തമായിരിക്കുന്ന രസത്തോടുകൂടിയവ; അപാസ്തം=ത്യക്തം; രസം=രാഗം; ദൎശിക്ക=കാൺക. രൂപാന്തരതഃ ഛന്നഃ—അങ്ങിനെയിരുന്ന പാൎത്ഥൻ; രൂപാന്തരംകൊണ്ടു് ഛന്നനായിരുന്നു; രൂപാന്തരം=രൂപഭേദം; ഛന്നൻ=മറഞ്ഞവൻ. ഗുരൂപാന്തരതഃ—അങ്ങിനെനിരുന്ന പാൎത്ഥൻ; ഗുരൂപാന്തരതനായിരുന്നു; ഗുരൂപാന്തരതൻ=ഗുരൂപാന്തത്തിങ്കൽ രതൻ; ഗുരൂപാന്തം=ഗുരുവിൻെറ ഉപാന്തം; ഗുരു=ദ്രോണാചാൎയ്യൻ; ഉപാന്തം=സമീപം; രതൻ=തല്പരൻ.

86 ജഗൃഹേ ചാപ,മുദംസഃ

ക്ഷത്രസമൂഹം വിധായ ച,ാപമുദം സഃ

ധൃതരഭസം സദ്യ്യസ്ത-

ന്നിശിതശരൈർ ലക്ഷ്യ മകൃത സംസ,ദ്യസ്തം.

സഃ ചാപം ജഗൃഹേ ച=അവൻ ചാപത്തെ ഗ്രഹിപ്പതുംചെയ്തു. ചാപം=വില്ലു്; ഗ്രഹിക്ക=എടുക്ക. ക്ഷത്രസമൂഹം അപമുദം വിധായ=ക്ഷത്രസമൂഹത്തെ അപമുത്താക്കീട്ടു്; ക്ഷത്രസമൂഹം=ക്ഷത്രങ്ങളുടെ സമൂഹം; ക്ഷത്രങ്ങൾ=ക്ഷത്രിയർ; അപമുത്തു്=മുത്തിനോടുകൂടാത്തതു്; മുത്തു്=സന്തോഷം. ഉദംസഃ—അങ്ങിനെയിരുന്ന അവൻ—ഉദംസനായിരുന്നു; ഉദംസൻ=ഉന്നതങ്ങളായിരിക്കുന്ന അംസ

ങ്ങളോടുകൂടിയവൻ; ഉന്നതങ്ങൾ=എകന്നവ; അംസങ്ങൾ ചുമലുകൾ. സദ്യഃ തൽ ലക്ഷം നിശിതശരൈഃ സംസദി അസ്തം അകൃത= അപ്പോഴേ ആ ലക്ഷത്തെ നിശിതശരങ്ങളെക്കൊണ്ട് സംസത്തിങ്കൽ അസ്തമാക്കി; ലക്ഷം=ലാക്ക്; നിശിതശരങ്ങൾ=നിശിതങ്ങളായിരിക്കുന്ന ശരങ്ങൾ; നിശിതങ്ങൾ=മൂർച്ചയുള്ളവ. ശരങ്ങൾ=അമ്പുകൾ. സംസത്ത്=സഭ; അസ്തം=ക്ഷിപ്തം. ധൃതരഭസം=ധൃതരഭസമാവുംവണ്ണം; ധൃതരഭസം=ധൃതമായിരിക്കുന്ന രഭസത്തോടുകൂടുംവണ്ണം; ധൃതം=ധരിക്കപ്പെട്ടതു്; രഭസം=വേഗം.

87 തദനു സുകേശീ കരിണം
കരിണീവ മദേന മസ്തകേ ശീകരിണം
മദനാപാദന്യാസാ
ഗത്യാ,ാർജ്ജുനമേത്യ മൃദുലപാദന്യാസാ

88 അംസഭുവി ഭ്രമരചിതാം
മാലാ മസ്യാവസജ്യ വിഭ്രമരചിതാം
ആനന മാനമയന്തീ
തസ്ഥൌ കൃഷ്ണാ രമോപമാന,മയന്തീ.

തദനു സാ കൃഷ്ണാ മദനാപാദന്യാ ഗത്യാ അർജ്ജുനം ഏത്യ, അസ്യ അംസഭുവി മാലാം അവസജ്യ, ആനനം ആനമയന്തീ തസ്ഥൌ=അനന്തരം ആ കൃഷ്ണ മദനാപാദിനിയായിരിക്കുന്ന ഗതികൊണ്ട് അർജ്ജുനനെ പ്രാപിച്ചിട്ട് ഇവന്റെ അംസഭൂവിങ്കൽ മാലയെ അവസജ്ജിച്ചിട്ട് ആനനത്തെ ആനമയന്തിയായിട്ട് സ്ഥിതിചെയ്തു; കൃഷ്ണ=ദ്രൌപദി; മദനാപാദിനി=മദനനെ ആപാദിക്കുന്നതു്; മദനൻ=കാമദേവൻ; ആപാദിക്ക=ഉണ്ടാക്കുക; ഗതി=ഗമനം; അംസഭൂവ്=ചുമല്; അവസജ്ജിക്ക=ചേക്ക്; ആനനം=മുഖം; ആനമയന്തീ= ആനമിപ്പിച്ചിയങ്ങുന്നവൾ; ആനമിപ്പിക്ക=കുനിക്കുക. കരിണീ കരിണം ഇവ=കരിണി കരിയെ എന്നപോലെ; കരിണി=ഇളംപിടി; കരി=ആന. സുകേശി—അങ്ങിനെയിരുന്ന കൃഷ്ണ; സുകേശിയായി

രുന്നു; സുകേശി=ശോഭനമായിരിക്കുന്ന കേശത്തോടുകൂടിയവൾ; കേശം=തലമുടി. മദേന മസ്തകേ ശീകരിണം—അങ്ങിനെയിരുന്ന കരി; മദംകൊണ്ടു് മസ്തകത്തിങ്കൽ ശീകരിയായിരുന്നു; ശീകരി=ശീകരമുള്ളതു്; ശീകരം=ജലകണം. മൃദുലപാദന്യാസാ—അങ്ങിനെയിരുന്ന കൃഷ്ണാ; മൃദുലപാദന്യാസയായിരുന്നു; മൃദുലപാദന്യാസ=മൃദുലമായിരിക്കുന്ന പാദന്യാസത്തോടുകൂടിയവൾ; മൃദുലം=മന്ദം; പാദന്യാസം=പാദങ്ങളുടെ ന്യാസം; പാദങ്ങൾ=കാലുകൾ; ന്യാസം=വെയ്ക്കൽ. ഭ്രമരചിതാം—അങ്ങിനെയിരുന്ന മാല; ഭ്രമരചിതയായിരുന്നു; ഭ്രമരചിത=ഭ്രമരങ്ങളാൽ ചിത; ഭ്രമരങ്ങൾ=വണ്ടുകൾ; ചിത=വ്യാപ്ത. വിഭ്രമരചിതാം—അങ്ങിനെയിരുന്ന മാല; വിഭ്രമരചിതയായിരുന്നു; വിഭ്രമരചിത=വിഭ്രമേണ രചിത; വിഭ്രമേണ=വിലാസേന; രചിത=ചമയ്ക്കപ്പെട്ടതു്. രമോപമാനം അയന്തീ—അങ്ങിനെയിരുന്ന കൃഷ്ണ; രമോപമാനത്തെ അയന്തിയായിരുന്നു; രമോപമാനം=രമയോടുള്ള ഉപമാനം; രമ=ശ്രീഭഗവതി; ഉപമാനം=സാദൃശ്യം; അയന്തീ=പ്രാപിച്ചിയങ്ങുന്നവൾ.

89 ഗൃഹ്ണതി വിപ്രേ മഹതി
ദ്രുപദസുതാം തൽക്ഷണേന വിപ്രേമഹതി
തജ്ജന തൽപര മബല-
ന്നരേശ്വരാണാം രണായ തൽ പരമബലം.

മഹതി വിപ്രേ ദ്രുപദസുതാം വിപ്രേമഹതി ഗൃഹ്ണതി തൽക്ഷണേന നരേശ്വരാണാം തൽ പരമബലം രണായ അബ(വ)ലൽ=മഹാനായിരിക്കുന്ന വിപ്രൻ ദ്രുപദസുതയെ വിപ്രേമഹതിയാകുംവണ്ണം ഗൃഹ്ണന്നായിരിക്കും വിഷയത്തിങ്കൽ അപ്പോൾ മഹേശ്വരന്മാരുടെ ആ പരമബലം രണത്തിന്നായിക്കൊണ്ടു് വലനംചെയ്തു; മഹാൻ=പെരുകിയവൻ; വിപ്രൻ=ബ്രാഹ്മണൻ; ദ്രുപദസുത=ദ്രൌപദി; വിപ്രേമഹതി=വിഗതയായ പ്രേമഹതി; വിഗത=പോയ്പോയതു്; പ്രേമഹതി=പ്രേമത്തിൻെറ ഹതി; പ്രേമം=സ്നേഹം; ഹതി=ക്ഷയം; ഗൃഹ്ണൻ=ഗ്രഹിച്ചിയങ്ങുന്നവൻ; നരേശ്വരന്മാർ=രാജാക്കന്മാർ;

MUL
191308

പരമബലം=പരമമായിരിക്കുന്ന ബലം; പരമം=ഉൽകൃഷ്ടം; ബലം=പടജ്ജനം; രണം=യുദ്ധം; വലനംചെയ്ക=സഞ്ചരിക്ക. തജ്ജനതല്പരം—അങ്ങിനെയിരുന്ന പരമബലം; തജ്ജനതല്പരമായിരുന്നു; തജ്ജനതല്പരം=തജ്ജനത്തിങ്കൽ തല്പരം; തജ്ജനം=ഭർത്സനം; തല്പരം=സശ്രദ്ധം.

90 സകലജനാഭിമതേന
പ്രവൎത്തമാനാഃ സരോജനാഭിമതേന
ദൃഷ്ടദ്വിജവരവരണാഃ
തസ്ഥുർ യദവ സ്തഥൈവ വിജവ,രവ,രണാഃ.

യദവഃ തഥാ ഏവ തസ്ഥുഃ=യദുക്കൾ അപ്രകാരം തന്നെ സ്ഥിതിചെയ്തു; യദുക്കൾ=യാദവന്മാർ; സ്ഥിതിചെയ്ക=നിൽക്ക. സരോജനാഭിമതേന പ്രവൎത്തമാനാഃ—അങ്ങിനെയിരുന്ന യദുക്കൾ; സരോജനാഭിമതംകൊണ്ടു് പ്രവൎത്തമാനന്മാരായിരുന്നു; സരോജനാഭിമതം=സരോജനാഭിയുടെ മതം; സരോജനാഭി=ശ്രീകൃഷ്ണൻ; മതം=അഭിപ്രായം; പ്രവൎത്തമാനന്മാർ=പ്രവൎത്തിച്ചിയങ്ങുന്നവർ. സകലജനാഭിമതേന—അങ്ങിനെയിരുന്ന സരോജനാഭിമതം; സകലജനാഭിമതമായിരുന്നു; സകലജനാഭിമതം=സകല ജനങ്ങൾക്കും അഭിമതം; സകല ജനങ്ങൾ=ഒട്ടൊഴിയാതെയുള്ള ജനങ്ങൾ; അഭിമതം=ഇഷ്ടം; ദൃഷ്ടദ്വിജവരവരണാഃ—അങ്ങിനെയിരുന്ന യദുക്കൾ; ദൃഷ്ടദ്വിജവരവരണന്മാരായിരുന്നു; ദൃഷ്ടദ്വിജവരവരണന്മാർ=ദൃഷ്ടമായിരിക്കുന്ന ദ്വിജവരവരണത്തോടുകൂടിയതു്; ദൃഷ്ടം=ദൎശിക്കപ്പെട്ടതു്; ദൎശിക്ക=കാൺക; ദ്വിജവരവരണം=ദ്വിജവരൻെറ വരണം; ദ്വിജവരൻ=ബ്രാഹ്മണശ്രേഷ്ഠൻ; വരണം=വരിക്കൽ. വിജവരവരണാഃ—അങ്ങിനെയിരുന്ന യദുക്കൾ; വിജവ,രവ,രണന്മാരായിരുന്നു; വിജവ,രവ,രണന്മാർ=വീടെ ജവ,രവ,രണങ്ങളെപ്പോലെയിരിക്കുന്ന ജവരവരണങ്ങളോടുകൂടിയവർ; വി=പക്ഷി; ജവരവരണങ്ങൾ=ജവവും, രവവും, രണവും; ജവം=വേഗം; രവം=ശബ്ദം; രണം=യുദ്ധം.

191308
42076
015:1y8
32J5
UNIVERSITY LIBRARY
11 DEC 1956

91 തത്ര ച മാനവഹാസ്യാ
വസ്ത്രാ,ണ്യാവേഷ്ട്യ സകല മാനവഹാസ്യാഃ
വിപ്രവരാഃ ജാള്യ ന്തേ
ചക്രുഃ സ്വവൃസീ,രുദസ്യ രാജാള്യന്തേ.

തത്ര തെ വിപ്രവരാഃ രാജാള്യന്തേ ജാള്യം ചക്രുഃ=അവിടെ ആ വിപ്രവരന്മാർ രാജാള്യന്തത്തിങ്കൽ ജാള്യത്തെ ചെയ്തു; വിപ്രവരന്മാർ=ബ്രാഹ്മണശ്രേഷ്ഠന്മാർ; രാജാള്യന്തം=രാജാളീടെ അന്തം; രാജാളി=രാജാക്കന്മാരുടെ ആളി; ആളി=സമൂഹം; അന്തം=മദ്ധ്യം; ജാള്യം=ജളത്വം. വസ്ത്രാണി ആവേഷ്ട്യ സ്വവൃസീഃ ഉദസ്യ ച=വസ്ത്രങ്ങളെ ആവേഷ്ടിച്ചിട്ടും സ്വവൃസികളെ ഉദസിച്ചിട്ടും; ആവേഷ്ടിക്ക=ചുററുക; സ്വവൃസികൾ=തങ്ങളുടെ വൃസികൾ; വൃസികൾ=കൊരണ്ടിമുട്ടികൾ; ഉദസിക്ക=ഓങ്ങുക. മാനവഹാസ്യാഃ—അങ്ങിനെയിരുന്ന വിപ്രവരന്മാർ; മാനവഹാസ്യന്മാരായിരുന്നു; മാനവഹാസ്യന്മാർ=മാനവഹമായിരിക്കുന്ന ആസ്യത്തോടുകൂടിയവർ; മാനവഹം=മാനത്തെ വഹിക്കുന്നതു്; മാനം=അഭിമാനം; വഹിക്ക=ധരിക്ക; ആസ്യം=മുഖം. സകലമാനവഹാസ്യാഃ—അങ്ങിനെയിരുന്ന വിപ്രവരന്മാർ; സകലമാനവഹാസ്യന്മാരായിരുന്നു; സകലമാനവഹാസ്യന്മാർ=സകലമാനവന്മാരാലും ഹാസ്യന്മാർ; സകലമാനവന്മാർ=ഒട്ടൊഴിയാതെയുള്ള മാനവന്മാർ; മാനവന്മാർ=മനുഷ്യർ; ഹാസ്യന്മാർ=ഹസിക്കപ്പെട്ടുവാൻ യോഗ്യന്മാർ; ഹസിക്ക=പരിഹസിക്ക.

92 താംസ്തു ഹസ ന്നാഹവതഃ
പാൎത്ഥോ വിപ്രാന്നിവാൎയ്യ സന്നാഹവതഃ
അതികുപിതാ നാപതതഃ
ത മേവ ചാപം പ്രഗൃഹ്യ താനാപ തതഃ.

തതഃ പാൎത്ഥഃ തു താൻ ആഹവതഃ നിവാൎയ്യ, തം ചാപമേവ പ്രഗൃഹ്യ, ആപതതഃ താൻ ആപ=അനന്തരം പാൎത്ഥനാകിൽ, ആ

വിപ്രന്മാരെ ആഹവത്തിങ്കൽ നീന്ന നിവാരണം ചെയ്തിട്ട് ആ ചാപ ത്തെത്തന്നെ ഗ്രഹിച്ചിട്ട് ആപതത്തുകളായിരിക്കുന്ന അവരെ പ്രാപിച്ചു; പാർത്ഥൻ=അജ്ജുനൻ; വിപ്രന്മാർ ബ്രാഹ്മണർ; ആഹവം=യുദ്ധം; നിവാരണംചെയ്ക=തടുക്ക; ചാപം=വില്ല്; ഗ്രഹിക്ക=എടുക്ക; ആപതത്തുകൾ=ആപതിച്ചിയങ്ങുന്നവർ; ആപതിക്ക=വരിക; ഹസൻ—അങ്ങിനെയിരുന്ന പാത്ഥൻ; ഹസന്നായിരുന്നു; ഹസൻ=ഹസിച്ചിയങ്ങുന്നവൻ; ഹസിക്ക=ചിരിക്ക. സന്നാഹവതഃ—അങ്ങിനെയിരുന്ന വിപ്രന്മാർ; സന്നാഹവത്തുകളായിരുന്നു; സന്നാഹവത്തുകൾ=സന്നാഹം ഉള്ളവർ; സന്നാഹം=ഒരുംപാട്. അതികുപിതാൻ—അങ്ങിനെയിരുന്ന അവർ; അതികുപിതന്മാരായിരുന്നു; അതികുപിതന്മാർ=ഏററവും കുപിതന്മാർ; കുപിതന്മാർ=കോപിച്ചവർ.

93 സ ഖലു മഹേഷ്വാസാഗ്ര്യഃ
സ്ഫീതമഹാസ്ത്രേഷു വിഗ്രഹേ ഷ്വാസാദ്യ
രാജ്ഞഃ സമുദഗ്രജവാൻ
അദ്രാവയ ദജ്ജുനോഥ സമുദഗ്രജവാൻ.

അഥ സഃ അജ്ജുനഃ ഖലു വിഗ്രഹേഷു ആസാദ്യ രാജ്ഞഃ അദ്രാവയൽ=അനന്തരം അജ്ജുനൻ ആകിൽ വിഗ്രഹങ്ങളിൽ പ്രാപിച്ചിട്ട് രാജാക്കന്മാരെ ദ്രവിപ്പിച്ചു; വിഗ്രഹങ്ങൾ=യുദ്ധങ്ങൾ; ദ്രവിപ്പിക്ക=ഓടിക്ക; മഹേഷ്വാസാഗ്ര്യഃ—അങ്ങിനെയിരുന്ന അജ്ജുനൻ; മഹേഷ്വാസാഗ്ര്യനായിരുന്നു; മഹേഷ്വാസാഗ്ര്യൻ=മഹേഷ്വാസന്മാരിൽവെച്ച് ആഗ്ര്യൻ; മഹേഷ്വാസന്മാർ=വില്ലാളികൾ; ആഗ്ര്യൻ=പ്രധാനഭൂതൻ. സ്ഫീതമഹാസ്ത്രേഷു—അങ്ങിനെയിരുന്ന വിഗ്രഹങ്ങൾ; സ്ഫീതമഹാസ്ത്രങ്ങളായിരുന്നു; സ്ഫീതമഹാസ്ത്രങ്ങൾ=സ്ഫീതങ്ങളായിരിക്കുന്ന മഹാസ്ത്രങ്ങളോടുകൂടിയവ; സ്ഫീതങ്ങൾ=പ്രവൃദ്ധങ്ങൾ; മഹാസ്ത്രങ്ങൾ=മഹത്തുകളായിരിക്കുന്ന അസ്ത്രങ്ങൾ; മഹത്തുകൾ=പെരുകിയവ; അസ്ത്രങ്ങൾ=ആയുധങ്ങൾ. സമുദഗ്രജവാൻ—അങ്ങിനെയിരുന്ന രാജാക്കന്മാർ; സമുദഗ്രജവന്മാരായിരുന്നു;

സമുദഗ്രജവന്മാർ=സമുദഗ്രമായിരിക്കുന്ന ജവത്തോടുകൂടിയവർ; സമുദഗ്രം=സംപൂൎണ്ണം; ജവം=വേഗം. സമുൽ—അങ്ങിനെയിരുന്ന അൎജ്ജുനൻ; സമുത്തായിരുന്നു; സമുത്ത്=മുത്തിനോടുകൂടിയവൻ; മുത്ത്=സന്തോഷം. അഗ്രജവാൻ—അങ്ങിനെയിരുന്ന അൎജ്ജുനൻ; അഗ്രജവാനായിരുന്നു; അഗ്രജവാൻ=അഗ്രജനുള്ളവൻ; അഗ്രജൻ=ജ്യേഷ്ഠൻ.

94 തദനു സമാദായ,ാതഃ
പാഞ്ചാലീം പാണ്ഡവഃ ക്രമാ,ദായാതഃ
സ തദേവ കുലാലസ്യ
സ്ഥാനം ക്രിയമാണ ശാത്രവകുലാലസ്യഃ.

തദനു സഃ പാണ്ഡവഃ ക്രമാൽ പാഞ്ചാലീം സമാദായ, അതഃ കുലാലസ്യ തൽ സ്ഥാനമേവ ആയാതഃ=അനന്തരം ആ പാണ്ഡവൻ ക്രമത്താലെ പാഞ്ചാലിയെ സമാദാനം ചെയ്തിട്ട് ഇവിടെനിന്ന് കുലാലൻെറ അസ്ഥാനത്തെത്തന്നെ ആയാതനായി; പാണ്ഡവൻ=അൎജ്ജുനൻ; പാഞ്ചാലി=ദ്രൌപദി; സമാദാനംചെയ്ക=സ്വീകരിക്ക; കുലാലൻ=കുശവൻ; സ്ഥാനം=ഭവനം; ആയാതൻ=പ്രാപ്തൻ. ക്രിയമാണ ശാത്രവകുലാലസ്യ—അങ്ങിനെയിരുന്ന പാണ്ഡവൻ; ക്രിയമാണശാത്രവകുലാലസ്യനായിരുന്നു; ക്രിയമാണശാത്രവകുലാലസ്യൻ=ക്രിയമാണമായിരിക്കുന്ന ശാത്രവകുലാലസ്യത്തോടുകൂടിയവൻ; ക്രിയമാണം=ചെയ്യപ്പെട്ടിയങ്ങുന്നതു്; ശാത്രവകുലാലസ്യം=ശാത്രവകുലത്തിന്ന് ആലസ്യം; ശാത്രവകുലം=ശത്രുസമൂഹം; ആലസ്യം=പീഡ.

95 വസതൌ കൌലാല്യാം തേ
കൌ ലാല്യാം തേജസാ വധൂ,മാദായ
ഊഷുഃ സ്വച്ഛാദനതഃ
സ്വച്ഛാദനതഃ ശരീരയാത്രാം ദധതഃ.

തേ വധൂം ആദായ കൌലാല്യാം വസതൌ ഊഷുഃ=അവർ വധുവിനെ ആദാനംചെയ്തിട്ട് കൌലാലിയായിരിക്കുന്ന വസതിയി

ങ്കൽ വസിച്ചു; വധൂ=സ്ത്രീ; ആദാനംചെയ്ക=സ്വീകരിക്ക; കൌലാലി=കുലാലനെ സംബന്ധിച്ചിട്ടുള്ളത്; കുലാലൻ=കുശവൻ; വസതി=വാസസ്ഥാനം; വസിക്ക=ഇരിക്ക. തേജസാ കൌലാല്യാം (ലാള്യാം)—ലാല്യാം (ലാള്യാം]—അങ്ങിനെയിരുന്ന വധൂ; തേജസ്സുകൊണ്ടു് കവികൾക്കു ലാള്യയായിരുന്നു; കു=ഭൂമി; ലാള്യ=ലാളിക്കപ്പെടുവാൻ യോഗ്യ; ലാളിക്ക=ആദരിക്ക. സ്വച്ഛാദനതഃ സ്വച്ഛാദനതഃ ശരീരയാത്രാം ദധതഃ—അങ്ങിനെയിരുന്ന അവർ; സ്വച്ഛാദനം ഹേതുവായിട്ടുള്ള സ്വച്ഛാദനംകൊണ്ടു് ശരീരയാത്രയെ ദധത്തുകളായിരുന്നു; സ്വച്ഛാദനം=തങ്ങളുടെ ഛാദനം; ഛാദനം=മറയ്ക്കൽ; സ്വച്ഛാദനം=സ്വഛമായിരിക്കുന്ന അദനം; സ്വച്ഛം=നിർമ്മലം; അദനം=ഭക്ഷണം; ശരീരയാത്ര=ദേഹരക്ഷ; ദധത്തുകൾ=ധരിച്ചിയങ്ങുന്നവൻ.

96 തദനു ദ്രുപദേന പുരം ഗമിതൈഃ
സവിചാര മുദാരമുദാ വിദിതൈഃ
നരദേവസുതൈ രുദവാഹി വധൂഃ
വിധിനൈവ ച സാ വചസാദിമുനേഃ.

തദനു നരദേവസുതൈഃ സാ വധൂഃ ഉദവാഹി ച=അനന്തരം നരദേവസുതന്മാരാൽ ആ വധൂ ഉദ്വഹിക്കപ്പെട്ടതും ചെയ്തു; നരദേവസുതന്മാർ=പാണ്ഡുപുത്രന്മാർ; വധൂ=സ്ത്രീ; ഉദ്വഹിക്ക=പാണിഗ്രഹണം ചെയ്ക. വിധിനാ ഏവ—വിധികൊണ്ടുതന്നെ. ആദിമുനേഃ വചസാ—ആദിമുനിയുടെ വചസ്സുകൊണ്ടു്; ആദിമുനി=വേദവ്യാസമഹർഷി; വചസ്സ്=വാക്ക്. ദ്രുപദേന സവിചാരം വിദിതൈഃ പുരം ഗമിതൈഃ—അങ്ങിനെയിരുന്ന നരദേവസുതന്മാർ; ദ്രുപദരാൽ സവിചാരവാവുംവണ്ണം വിദിതന്മാരായിയും, പുരത്തെ ഗമിതന്മാരായിയും ഇരുന്നു; ദ്രുപദർ=ദ്രുപദരാജാവു്; സവിചാരം=വിചാരത്തോടുകൂടുംവണ്ണം; വിചാരം=നിരൂപണം; വിദിതന്മാർ=അറിയപ്പെട്ടവർ; പുരം=രാജധാനി; ഗമിതന്മാർ=പ്രാപിക്കപ്പെട്ടവർ. അങ്ങനെയിരുന്ന ദ്രുപദർ; ഉദാരമുദാ=ഉദാരമുത്തോടുകൂടിയിരുന്നു; ഉദാരമുത്ത്=ഉദാരമായ മുത്തു്; ഉദാരം=ഉൽകൃഷ്ടം; മുത്തു്=സന്തോഷം.

97 രരാജസാ ച പാണ്ഡവൈ-
രരാജസാ സ്തയാചതേ
അനേനസാ ജനേനപൂഃ
അനേനസാ ദധൌശ്രിയം.

സാ ച പാണ്ഡവൈഃ രരാജ, തേ തയാ ച=അവളും പാണ്ഡവന്മാരെക്കൊണ്ടു് ശോഭിച്ചു, അവർ അവളെക്കൊണ്ടും. അരാജസാഃ—അങ്ങിനെയിരുന്ന അവർ; അരാജസന്മാരായിരുന്നു; അരാജസന്മാർ=രാജസന്മാരെന്നിയെ ഇരിക്കുന്നവർ; രാജസന്മാർ=രജോഗുണപ്രധാനന്മാർ. സാ പൂഃ അനേന ജനേന ശ്രിയം ദധൌ=അപ്പൂരു് ഇജ്ജനത്തെക്കൊണ്ടു് ശ്രീയെ ധരിച്ചു; പൂരു്=രാജധാനി; ശ്രീ=ശോഭ അനേനസാഃ—അങ്ങിനെയിരുന്ന ജനം; അനേനസ്സായിരുന്നു; അനേനസ്സ്=ഏനസ്സിനോടുകൂടാത്തതു്; ഏനസ്സ്=ദോഷം.

ഇതി യുധിഷ്ഠിരവിജയേ
പ്രഥമഃ ആശ്വാസഃ.

---

# ദ്വിതീയഃ ആശ്വാസഃ.

1 അഥ ഗിരിവപ്രാകാരം
ദ്രുപദപുരസ്യ ക്ഷണാദിവ പ്രാകാരം
കുരവഃ ക്രുദ്ധാ മാന-
സ്പർദ്ധാബദ്ധാ ന്യരൌത്സു,രുദ്ധാമാനഃ.

അഥ കുരവഃ ക്ഷണാൽ ഇവ ദ്രുപദപുരസ്യ പ്രാകാരം ന്യരൌത്സുഃ=അനന്തരം കുരുക്കൾ വേഗേനതന്നെ ദ്രുപദപുരത്തിൻെറ പ്രാകാരത്തെ നിരോധിച്ചു; കുരുക്കൾ=ദുര്യോധനാദികൾ; ദ്രുപദപുരം=ദ്രുപദരാജധാനി; പ്രാകാരം=മതില്; നിരോധിക്ക=തടുക്ക. ഗിരിവപ്രാകാരം—അങ്ങിനെയിരുന്ന പ്രാകാരം; ഗിരിവപ്രാകാരമായിരുന്നു; ഗിരിവപ്രാകാരം=ഗിരിവപ്രത്തിൻെറ ആകാരംപോലെ ഇരിക്കുന്ന ആകാരത്തോടുകൂടിയതു്; ഗിരിവപ്രം=ഗിരിയുടെ വപ്രം; ഗിരി=പൎവ്വതം; വപ്രം=താമവര (താഴ്‌വര); ആകാരം=ആകൃതി. ക്രുദ്ധാഃ—അങ്ങിനെയിരുന്ന കുരുക്കൾ; ക്രുദ്ധന്മാരായിരുന്നു; ക്രുദ്ധന്മാർ=കോപിച്ചവർ. മാനസ്പർദ്ധാ ബദ്ധാഃ—അങ്ങിനെയിരുന്ന കുരുക്കൾ; മാനസ്പർദ്ധാബദ്ധന്മാരായിരുന്നു; മാനസ്പർദ്ധാബദ്ധന്മാർ=മാനസ്പർദ്ധകളാൽ ബദ്ധന്മാർ; മാനസ്പർദ്ധകൾ=മാനവും സ്പർദ്ധയും; മാനം=അഭിമാനം; സ്പർദ്ധ=അസൂയ; ബദ്ധന്മാർ=ബന്ധിക്കപ്പെട്ടവർ. ഉദ്ധാമാനഃ—അങ്ങിനെയിരുന്ന കുരുക്കൾ; ഉദ്ധാമാക്കളായിരുന്നു; ഉദ്ധാമാക്കൾ=ഉൽഭൂതമായിരിക്കുന്ന ധാമാക്കളോടുകൂടിയവർഃ ഉൽഭൂതം=ഉണ്ടായതു്; ധാമ=തേജസ്സ്.

2 ദർപ്പ മസഹമാനേന
ദ്വിഷതാം പാൎത്ഥഃ പ്രസഹ്യ സഹമാനേന
നഗരേ രുദ്ധേ തിലതാം
നേതു മരിചമൂം നിരീയ രുദ്ധേതിലതാം.

പാൎത്ഥാഃ പ്രസഹ്യ നഗരേ രുദ്ധേ നിരീയുഃ=പാൎത്ഥന്മാർ ബലാല്ക്കാരേണ നഗരം രുദ്ധമായിരിക്കും വിഷയത്തിങ്കൽ നിൎഗ്ഗമിച്ചു; പാൎത്ഥന്മാർ പാണ്ഡവന്മാർ; നഗരം=രാജധാനി; രുദ്ധം=രോധിക്കപ്പെട്ടതു്; രോധിക്ക=തടുക്ക; നിൎഗ്ഗമിക്ക=പുറപ്പെടുക. അരിചമൂം തിലതാം നേതും—അരിചമുവിനെ തിലതയെ നയിപ്പാനായിക്കൊണ്ടു്; അരിചമൂ=അരികളുടെ ചമൂ; അരികൾ=ശത്രുക്കൾ; ചമൂ=പടജ്ജനം; തിലത=തിലമാവു എന്നുള്ളതു്; തിലം=എള്ളു്; നയിക്ക=പ്രാപിപ്പിക്ക. മാനേന സഹ—മാനത്തോടും കൂടെ; മാനം= അഭിമാനം. ദ്വിഷതാം ദൎപ്പം അസഹമാനേന—അങ്ങിനെയിരുന്ന മാനം; ദ്വിഷത്തുക്കളുടെ ദൎപ്പത്തെ അസഹമാനമായിരുന്നു; ദ്വിഷത്തുകൾ=ശത്രുക്കൾ; ദൎപ്പം=അഹങ്കാരം; അസഹമാനം=സഹമാനമെന്നിയെ ഇരിക്കുന്നതു്; സഹമാനം=സഹിച്ചിയങ്ങുന്നതു്. ഉദ്ധേതിലതാം—അങ്ങിനെയിരുന്ന അരിചമൂ; ഉദ്ധേതിലതയായിരുന്നു; ഉദ്ധേതിലത=ഉൽക്ഷിപ്തകളായിരിക്കുന്ന ഹേതിലതകളോടുകൂടിയതു്; ഉൽക്ഷിപ്തകൾ=എകത്തപ്പെട്ടവ; ഹേതിലതകൾ=പ്രശസ്തകളായിരിക്കുന്ന ഹേതികൾ; ഹേതികൾ=ആയുധങ്ങൾ.

3 തൈഃ കൃതസേനാനാശാഃ
കുരവോ യയു രേവ സാദ്ധ്വസേന,ാനാശാഃ
ശത്രുഷു സമുദസ്തേഷു
ന്യവസൻ പാൎത്ഥാഃ പുരേ/ത്ര സമുദ സ്തേഷു.

തൈഃ കൃതസേനാനാശാഃ കുരവഃ യയുഃ ഏവ=അവരാൽ കൃതസേനാനാശന്മാരായിരിക്കുന്ന കുരുക്കൾ യാനംചെയ്‌വുതും ചെയ്തു; കൃതസേനാനാശന്മാർ=കൃതമായിരിക്കുന്ന സേനാനാശത്തോടുകൂടിയവർ; കൃതം=ചെയ്യപ്പെട്ടതു്; സേനാനാശം=സേനേടെ നാശം; സേനാ=പടജ്ജനം; കുരുക്കൾ=ദുൎയ്യോധനാദികൾ; യാനംചെയ്‌ക=പോക; സാദ്ധ്വസേന=സാദ്ധ്വസത്തോടുകൂടെ; സാദ്ധ്വസം=ഭയം. അനാശാഃ—അങ്ങിനെയിരുന്ന കുരുക്കൾ; അനാശന്മാരായിരുന്നു; അനാശന്മാർ=ആശയോടുകൂടാത്തവർ; ആശ=ശ്രദ്ധ. തേഷു ശത്രുഷു സമുദസ്തേഷു പാൎത്ഥാഃ അത്ര പുരേ സമുദഃ ന്യവസൻ=അശ്ശത്രുക്കൾ സമുദ

സ്തന്മാരായിരിക്കും വിഷയത്തിങ്കൽ പാൎത്ഥന്മാർ ഇപ്പുരത്തിങ്കൽ സമുത്തുകളായിട്ട് നിവസിച്ചു. സമുദസ്തന്മാർ (ദൂരീകരിക്കപ്പെട്ടവർ); പാൎത്ഥന്മാർ=പാണ്ഡവന്മാർ; പുരം=രാജധാനി; സമുത്തുകൾ=മുത്തിനോടുകൂടിയവർ; മുത്ത്=സന്തോഷം; നിവസിക്ക=ഇരിക്ക.

4 വൃത്തം പുത്രാണാ ന്തം
പാൎത്ഥാനാം ചോദയം രിപുത്രാണാന്തം
വിദുരഗിരാ ജാതാന്ത—
സ്താപഃ ശുശ്രാവ തദനു രാജാ താന്തഃ.

തദനു രാജാ പുത്രാണാം വൃത്തം, പാൎത്ഥാണാം ഉദയം ച വിദുരഗിരാ ശുശ്രാവ—അനന്തരം രാജാവ് പുത്രന്മാരുടെ വൃത്തത്തേയും പാൎത്ഥന്മാരുടെ ഉദയത്തേയും വിദുരഗീരുകൊണ്ട് ശ്രവിച്ചു; വൃത്തം=ചരിത്രം; പാൎത്ഥന്മാർ=പാണ്ഡവന്മാർ; ഉദയം=അഭ്യുദയം; വിദുരഗീര്=വിദുരരുടെ ഗീര്; ഗീര്=വാക്ക്; ശ്രവിക്ക=കേൾക്ക. രിപുത്രാണാന്തം—അങ്ങിനെയിരുന്ന ഉദയം; രിപുത്രാണാന്തമായിരുന്നു; രിപുത്രാണാന്തം=രിപുത്രാണത്തിൻെറ അന്തത്തെ വരുത്തുന്നത്; രിപുത്രാണം=രിപുക്കളുടെ ത്രാണം; രിപുക്കൾ=ശത്രുക്കൾ; ത്രാണം=രക്ഷ; അന്തം=നാശം. ജാതാന്തസ്താപഃ—അങ്ങിനെയിരുന്ന രാജാവ്; ജാതാന്തസ്താപനായിരുന്നു; ജാതാന്തസ്താപൻ=ജാതമായിരിക്കുന്ന അന്തസ്താപത്തോടുകൂടിയവൻ; ജാതം=ജനിച്ചത്; അന്തസ്താപം=ഉൾച്ചൂട്; താന്തഃ—അങ്ങിനെയിരുന്ന രാജാവ്; താന്തനായിരുന്നു; താന്തൻ=തളൎന്നവൻ.

5 വ്യസനം ഭാവി ദുരന്തം
വിചിന്ത്യ ച പ്രാഹിണോ ദപിഭാവിദുര ന്തം
കുരുഭൎത്താ പാൎത്ഥാനാം
ആനയനാൎത്ഥം ഗുരുപ്രതാപപാൎത്ഥാനാം.

കുരുഭൎത്താ പാൎത്ഥാനാം ആനയനാൎത്ഥം തം വിദുരം പ്രാഹിണോൽ ച=കുരുഭൎത്താവ് പാൎത്ഥന്മാരുടെ ആനയനം പ്രയോജനമാ

യിട്ടു് ആ വിദുരരെ യാത്രയാക്കുതും ചെയ്തു; കുരുഭൎത്താവു് =ധൃതരാഷ്ട്രൻ; പാർത്ഥന്മാർ=പാണ്ഡവന്മാർ; ആനയനം=കൂട്ടിക്കൊണ്ടുവരൽ. ഭാവി ദുരന്തം വ്യസനം വിചിന്ത്യ വിഭാഃ—അങ്ങിനെയിരുന്ന കുരുഭൎത്താവു് ; ഭാവിയായി ദുരന്തമായിരിക്കുന്ന വ്യസനത്തെ വിചിന്തിച്ചിട്ടു് വിഭാസ്സായിരുന്നു; ഭാവി=വരുവാനിരിക്കുന്നതു് ; ദുരന്തം=ദുഷ്ടമായിരിക്കുന്ന അന്തത്തോടുകൂടിയതു് ; അന്തം=അവസാനം; വ്യസനം=ദുഃഖം; വിചിന്തിക്ക=നിരൂപിക്ക; വിഭാസ്സു് =ഭാസ്സിനോടുകൂടാത്തവൻ; ഭാസ്സു്=തേജസ്സു് ; ഗുരുപ്രതാപാൎത്ഥാനാം—അങ്ങിനെയിരുന്ന പാൎത്ഥന്മാർ—ഗുരുപ്രതാപാൎത്ഥന്മാരായിരുന്നു; ഗുരുപ്രതാപാൎത്ഥന്മാർ=ഗുരുക്കളായിരിക്കുന്ന പ്രതാപാൎത്ഥങ്ങളോടുകൂടിയവർ; ഗുരുക്കൾ=പെരുകിയവ; പ്രതാപാൎത്ഥങ്ങൾ=പ്രതാപവും അൎത്ഥവും; പ്രതാപം= പൌരുഷം.

6 സ ച മതിമാ നനയ ത്താൻ
നാഗപുരം ജ്ഞാതിവൎഗ്ഗമാനനയത്താൻ
വ്രജതോ ബന്ധുരസേന
സ്യാലോ മൂ നനപ്ടിയായ ബന്ധുരസേന.

സഃ താൻ നാഗപുരം അനയൽ ച=അവൻ അവരെ നാഗപുരത്തെ നയിപ്പുതും ചെയ്തു; നാഗപുരം=ഹസ്തിനപുരം; നയിക്ക=പ്രാപിപ്പിക്ക. മതിമാൻ—അിനെ ഇരുന്ന അവൻ; മതിമാനായിരുന്നു; മതിമാൻ=ബുദ്ധിമാൻ. ജ്ഞാതിവൎഗ്ഗമാനനയത്താൻ—അങ്ങിനെയിരുന്ന അവർ; ജ്ഞാതിവൎഗ്ഗമാനനയത്തന്മാരായിരുന്നു; ജ്ഞാതിവൎഗ്ഗമാനനയത്തന്മാർ=ജ്ഞാതിവൎഗ്ഗമാനനത്തിങ്കൽ യത്തന്മാർ; ജ്ഞാതിവൎഗ്ഗമാനനം=ജ്ഞാതിവൎഗ്ഗത്തിൻെറ മാനനം; ജ്ഞാതിവൎഗ്ഗം=ജ്ഞാതികളുടെ വൎഗ്ഗം; ജ്ഞാതികൾ=ബന്ധുക്കൾ; വൎഗ്ഗം=സമൂഹം; മാനനം=സമ്മാനം; യത്തന്മാർ=സന്നദ്ധന്മാർ. സ്യാലഃ വ്രജതഃ അമൂൻ അനപ്ടിയായ=സ്യാലൻ വ്രജത്തുകളായിരിക്കുന്ന ഇവരെ അനുഗമിച്ചു; സ്യാലൻ=പത്നീഭ്രാതാവു് ; വ്രജത്തുക്കൾ=വ്രജിച്ചിയങ്ങുന്നവർ; വ്രജിക്ക=ഗമിക്ക; അനുഗമിക്ക=പിൻചെല്ലുക. ബന്ധുരസേന—ബന്ധുരസം ഹേതുവായിട്ടു് ; ബന്ധുരസം=ബന്ധുക്കളിലെ രസം; രസം=

രാഗം. ബന്ധുരസേനഃ—അങ്ങിനെയിരുന്നു സ്യാലൻ; ബന്ധുരസേനനായിരുന്നു; ബന്ധുരസേനൻ=ബന്ധുരയായിരിക്കുന്ന സേനയോടു കൂടിയവൻ; ബന്ധുര=മനോഹര; സേന=പടജ്ജനം.

7 തൃപ്തിതമാനവരാശീ
രത്നസമൂഹേന വാച്യമാനവരാശീഃ
സതി നിനദേ വാദ്യാനാം
സുഹൃദാം വാക്യേന വാസുദേവാദ്യാനാം.

8 സപദി ജനസമൃദ്ധ്യതരാഷ്ട്രഃ
പ്രദായ രാജ്യാംശമപി സമൃദ്ധ്യതരാഷ്ട്രഃ
സഹ സപദി വ്യാസാദ്യൈഃ
ധർമ്മജ മഭിഷിക്തമകൃത ദിവ്യാസാദ്യൈഃ.

ധൃതരാഷ്ട്രഃ സപദി ധർമ്മജം അഭിഷിക്തം അകൃത=ധൃതരാഷ്ട്രൻ വേഗേന ധർമ്മജനെ അഭിഷിക്തനാക്കി; ധർമ്മജൻ=ധർമ്മപുത്രൻ; അഭിഷിക്തൻ=അഭിഷേകം ചെയ്യപ്പെട്ടവൻ. വ്യാസാദ്യൈഃ സഹ—വ്യാസാദ്യന്മാരോടും കൂടെ; വ്യാസാദ്യന്മാർ=വ്യാസൻ തുടങ്ങിയുള്ളവർ. ദിവ്യാസാദ്യൈഃ—അങ്ങിനെയിരുന്ന വ്യാസാദ്യന്മാർ; ദിവ്യാസാദ്യന്മാരായിരുന്നു; ദിവ്യാസാദ്യന്മാർ=ദിവ്യന്മാരാൽ ആസാദ്യന്മാർ; ആസാദ്യന്മാർ=പ്രാപിക്കപ്പെട്ടവാൻ യോഗ്യന്മാർ. രാജ്യാംശം അപി പ്രദായ—രാജ്യാംശത്തേയും പ്രദാനംചെയ്തിട്ട്; രാജ്യാംശം=രാജ്യത്തിന്റെ അംശം; അംശം=ഭാഗം; പ്രദാനംചെയ്ക=കൊടുക്ക. വാസുദേവാദ്യാനാം സുഹൃദാം വാക്യേന—വാസുദേവാദ്യന്മാരായിരിക്കുന്ന സുഹൃത്തുക്കളുടെ വാക്യംകൊണ്ട്; വാസുദേവാദ്യന്മാർ=വാസുദേവൻ തുടങ്ങിയുള്ളവർ; സുഹൃത്തുക്കൾ=ബന്ധുക്കൾ; വാക്യം=വാക്ക്; വാദ്യാനാം നിനദേ സതി—വാദ്യങ്ങളുടെ നിനദം സത്തായിരിക്കും വിഷയത്തിങ്കൽ; നിനദം=ശബ്ദം; സത്ത്=ഭവിച്ചിയങ്ങുന്നത്. രത്നസമൂഹേന തൃപ്തിതമാനവരാശിഃ—അങ്ങിനെയിരു

ന്നു ധൃതരാഷ്ട്രൻ; രത്നസമൂഹംകൊണ്ട് തർപ്പിതമാനവരാശിയായി രുന്നു; രത്നസമൂഹം=രത്നങ്ങളുടെ സമൂഹം; തർപ്പിതമാനവരാശി= തർപ്പിതമായിരിക്കുന്ന മാനവരാശിയോടുകൂടിയവൻ; തർപ്പിതം= സന്തോഷിക്കപ്പെട്ടതു്; മാനവരാശി=മാനവന്മാരുടെ രാശി; മാനവ ന്മാർ=മനുഷ്യർ; രാശി=സമൂഹം. വാച്യമാനവരാശീഃ—അങ്ങി നെയിരുന്ന ധൃതരാഷ്ട്രൻ; വാച്യമാനവരാശിസ്സായിരുന്നു; വാച്യമാ നവരാശിസ്സ്=വാച്യമാനകളായിരിക്കുന്ന വരാശിസ്സുകളോടുകൂടിയ വൻ; വാച്യമാനകൾ=വചിപ്പിക്കപ്പെട്ടിയങ്ങുന്നവ; വചിപ്പിക്ക=പ റയിക്ക; വരാശിസ്സുകൾ=വരകളായിരിക്കുന്ന ആശിസ്സുകൾ; വര കൾ=ശ്രേഷ്ഠകൾ; ആശിസ്സുകൾ=ആശീർവ്വാദങ്ങൾ. സ്വഭുജസമു ദ്ധൃതരാഷ്ട്രഃ—അങ്ങിനെയിരുന്ന ധൃതരാഷ്ട്രൻ; സ്വഭുജസമുദ്ധൃതരാ ഷ്ട്രനായിരുന്നു; സ്വഭുജസമുദ്ധൃതരാഷ്ട്രൻ=സ്വഭുജസമുദ്ധൃതമായിരിക്കു ന്ന രാഷ്ട്രത്തോടുകൂടിയവൻ; സ്വഭുജസമുദ്ധൃതം=സ്വഭുജങ്ങളെക്കൊ ണ്ട് സമുദ്ധൃതം; സ്വഭുജങ്ങൾ=തൻെറ ഭുജങ്ങൾ; ഭുജങ്ങൾ=കയ്യു കൾ; സമുദ്ധൃതം=സമുദ്ധരിക്കപ്പെട്ടതു്; സമുദ്ധരിക്ക=ഉയത്തുക; രാഷ്ട്രം=രാജ്യം. സമുൽ—അങ്ങിനെയിരുന്ന ധൃതരാഷ്ട്രൻ; സമുത്താ യിരുന്നു; സമുത്ത്=മുത്തിനോടുകൂടിയവൻ; മുത്ത്=സന്തോഷം

9 യുക്തഃ സത്വാർദ്ധേന
ക്ഷോണ്യാ ശ്ചിത്തേന ചൈവ സത്വാർദ്ധേന
ഹതദ്ദസ്സഹ രിപുരോഗഃ
ശക്രപ്രസ്ഥം വിവേശ സഹരിപുരോഗഃ.

സ തു ശക്രപ്രസ്ഥം വിവേശ=അവനാകിൽ ശക്രപ്രസ്ഥത്തെ പ്രവേശിച്ചു; ശക്രപ്രസ്ഥം=ഇന്ദ്രപ്രസ്ഥം; പ്രവേശിക്ക=അകംപൂവുക. ക്ഷോണ്യാഃ അർദ്ധേനയുക്തഃ, സത്വാർദ്ധേന ചിത്തേന ച ഏവ—അ ങ്ങിനെയിരുന്ന അവൻ—ക്ഷോണിയുടെ അർദ്ധത്തോടു യുക്തനായിരു ന്നു, സത്വാർദ്ധമായിരിക്കുന്ന ചിത്തത്തോടും; ക്ഷോണി=ഭൂമി; അർദ്ധം= പാതി; യുക്തൻ=കൂടിയവൻ; സത്വാർദ്ധം=സത്വംകൊണ്ട് ഋദ്ധം; സത്വം=സത്വഗുണം; ഋദ്ധം=വർദ്ധിച്ചതു്; ചിത്തം=മനസ്സ്. ഹത

ദുസ്സഹരിപുരോഗഃ—അങ്ങിനെയിരുന്ന അവൻ; ഹതദുസ്സഹരിപുരോഗനായിരുന്നു; ഹതദുസ്സഹരിപുരോഗൻ=ഹതങ്ങളായിരിക്കുന്ന ദുസ്സഹരിപുരോഗങ്ങളോടുകൂടിയവൻ; ഹതങ്ങൾ=ഹനിക്കപ്പെട്ടവ; ഹനിക്ക=നിഗ്രഹിക്ക; ദുസ്സഹരിപുരോഗങ്ങൾ=ദുസ്സഹങ്ങളായിരിക്കുന്ന രിപുരോഗങ്ങൾ; ദുഃസഹങ്ങൾ=ദുഃഖേന സഹിക്കപ്പെടുന്നവ; രിപുരോഗങ്ങൾ=രിപുക്കളാലുള്ള രോഗങ്ങൾ; രിപുക്കൾ=ശത്രുക്കൾ; രോഗങ്ങൾ=പീഡകൾ. സഹരിപുരോഗഃ—അങ്ങിനെയിരുന്ന അവൻ; സഹരിപുരോഗനായിരുന്നു; സഹരിപുരോഗൻ=ഹരിപുരോഗത്തോടുകൂടിയവൻ; ഹരിപുരോഗൻ=ഹരിയാകുന്ന പുരോഗൻ; ഹരി=ശ്രീകൃഷ്ണൻ; പുരോഗൻ=മുമ്പിൽ നടക്കുന്നവൻ

10 ഹതപാ ഭ്രമാവസതഃ
പുരം തദുദ് ഭൃത ഭൃതിഭ്ര മാവസതഃ
താ നൃഷി രാപാദരതഃ
തദ് ഭൃതേർ ധാതൃസൂനു രാപ,ാദരതഃ.

ധാതൃസൂനുഃ ഋഷിഃ താൻ ആപ=ധാതൃസൂനുവായിരിക്കുന്ന ഋഷി അവരെ പ്രാപിച്ചു; ധാതൃസൂനു=ധാതാവിൻെറ സൂനു; ധാതാവു്=ബ്രഹ്മാവു്; സൂനു=പുത്രൻ. ഭ്രമൌ അസതഃ ഹതപാ തൽ പുരം ആവസതഃ—അങ്ങിനെയിരുന്ന അവർ; ഭ്രമിയിങ്കൽ അസത്തുകളെ ഹനിച്ചിട്ട് അപ്പുരത്തിങ്കൽ ആവസത്തുകളായിരുന്നു; അസത്തുകൾ=ദുഷ്ടന്മാർ; ഹനിക്ക=നിഗ്രഹിക്ക; പുരം=രാജധാനി; ആവസത്തുകൾ=ആവസിച്ചിരിക്കുന്നവർ; ആവസിക്ക=ഇരിക്ക. ഉൽഭൃതഭൃതിഭ്രമ—അങ്ങിനെയിരുന്ന പുരം; ഉൽഭൃതഭൃതിഭ്രമാവായിരുന്നു; ഉൽഭൃതഭൃതിഭ്രമാവു്=ഉൽഭൃതമായിരിക്കുന്ന ഭൃതിഭ്രമാവിനോടുകൂടിയതു്; ഉൽഭൃതം=ഉണ്ടായതു്; ഭൃതിഭ്രമാവു്=ഭൃതിയുടെ ഭ്രമാവു്; ഭൃതി=സമൃദ്ധി; ഭ്രമാവു്=പെരുപ്പം. ആദരതഃ തൽഭൃതേഃ ആപാദരതഃ—അങ്ങിനെയിരുന്ന ഋഷി—ആദരം ഹേതുവായിട്ട് തൽഭൃതിയുടെ ആപാദരതനായിരുന്നു; ആദരം=സ്നേഹം; തൽഭൃതി=അവരുടെ ഭൃതി; ഭൃതി=സമൃദ്ധി; ആപാദരതൻ=ആപാദത്തിങ്കൽ രതൻ; ആപാദം=ഉണ്ടാക്കുക; രതൻ=തല്പരൻ.

11 സ ച വധമത്യായതതഃ
സ്നേഹാ ത്തേഷ്വവദ ദൈകമത്യായ തതഃ
സുരലലനാമോദിതയോഃ
ഭ്രാത്രോഃ സുന്ദോപസുന്ദനാമോദിതയോഃ

തതഃ സഃ സുന്ദോപസുന്ദനാമോദിതയോഃ ഭ്രാത്രോഃ വധം അവദൽ ച=അനന്തരം അവൻ സുന്ദോപസുന്ദനാമോദിതന്മാരായിരിക്കുന്ന ഭ്രാതാക്കന്മാരുടെ വധത്തെ വദിപ്പൂതും ചെയ്തു; സുന്ദോപസുന്ദനാമോദിതന്മാർ=സുന്ദോപസുന്ദനാമങ്ങളെക്കൊണ്ടു് ഉദിതന്മാർ; സുന്ദോപസുന്ദനാമങ്ങൾ=സുന്ദോപസുന്ദന്മാരെന്നുള്ള നാമങ്ങൾ; സു സുന്ദോപസുന്ദന്മാർ=സുന്ദനും ഉപസുന്ദനും; നാമങ്ങൾ=പേരുകൾ; ഉദിതന്മാർ=ഉക്തന്മാർ; ഭ്രാതാക്കന്മാർ=ജ്യേഷ്ഠാനുജന്മാർ; വധം=നിഗ്രഹം; വദിക്ക=പറക. അത്യായതതഃ സ്നേഹാൽ—അത്യായതമായിരിക്കുന്ന സ്നേഹം ഹേതുവായിട്ടു്; അത്യായതം=ഏററവും ആയതം; ആയതഃ=പെരുകിയതു്; തേഷു ഐകമത്യായ—അവരിലെ ഐകമത്യത്തിന്നായികൊണ്ടു്; ഐകമത്യം=ഒരുമ. സുരലലനാമോദിതയോഃ—അങ്ങിനെയിരുന്ന ഭ്രാതാക്കന്മാർ—സുരലലനാമോദിതൻമാരായിരുന്നു; സുരലലനാ മോദിതൻമാർ=സുരലലനയാൽ മോദിതന്മാർ; സുരലലന=സ്വൎഗ്ഗസ്ത്രീ; മോദിതൻമാർ=സന്തോഷിപ്പിക്കപ്പെട്ടവർ

12 തേ മതമാദധു രസ്യ
ജ്ഞാത്വാ സംവാദ മപ്രമാദധുരസ്യ
ദ്രുപദസുതാം പ്രത്യഗ്രേ
തസ്യൈവ വയസ്യവസ്ഥിതാം പ്രത്യഗ്രേ

തേ അസ്യ മതം ജ്ഞാത്വാ തസ്യ അഗ്രേ ഏവ ദ്രുപദസുതാം പ്രതി സംവാദം ആദധുഃ=അവർ ഇവൻെറ മതത്തെ അറിഞ്ഞിട്ടു് അവൻെറ അഗ്രത്തിങ്കൽത്തന്നെ ദ്രുപദസുതയെക്കുറിച്ചു് സംവാദത്തെ ചെയ്തു; മതം=അഭിപ്രായം; അഗ്രം=മുമ്പു്; ദ്രുപസുദത= ദ്രൌപദി; സംവാദം= സംഭാഷണം അപ്രമാദധുരസ്യ—അങ്ങിനെയിരുന്ന ഇവൻ—അപ്രമാദധുരനായിരുന്നു. അപ്രമാദധുരൻ=അപ്രമാദത്തിൽ

COMPLEMENTARY COPY



പ്രധാനി. അപ്രമാദം=പ്രമാദമില്ലായ്മ എന്നുള്ളത്. പ്രമാദം=അനവധാത (അശ്രദ്ധ). പ്രത്യഗ്രേ വയസി അവസ്ഥിതാം—അങ്ങനെ ഇരുന്ന ദ്രുപദസുത—പ്രത്യഗ്രമായ വയസ്സിൽ അവസ്ഥിതയായിരുന്നു. പ്രത്യഗ്രം=നവം. അവസ്ഥിതഃ വർത്തിക്കുന്നവൾ. (യൌവനയുക്തയായിരുന്ന ദ്രൌപദി).

13 "വ്യത്യസനേന സമാനാം
പത്നീ മസ്മാകമഭിജനേന സമാനാം
അന്തിക മാനയമാനാ:
വത്സ്യാമോ മുനിവചാംസി മാനയമാനാ:

14 യ സ്തപവനാ വാസന്നഃ
തത്സേവ്യായാം ഭവേദപവനാവാസ ന്നഃ
സ ശരദമേകാ ന്തനതാം,
വ്രതിനാ മാലംബ്യ വൃത്തി മേകാന്തനതാം"

15 ഇതികൃതസമയോ നിജയാ
ദേവ്യാ നൃപതിർ ദധദ്രസ മയോനിജയാ
നിതരാ മരമത നതയാ
കാന്ത്യാ ക്രമരമ്യഭാവ മര മതനതയാ

ഇതി കൃതസമയഃ നൃപതിഃ നിജയാ ദേവ്യാ നിതരാം അരമത=ഇങ്ങിനെ കൃതസമയനായിരിക്കുന്ന നൃപതി നിജയായിരിക്കുന്ന ദേവിയോടും കൂടെ ഏററവും രമിച്ചു; കൃതസമയൻ=കൃതമായിരിക്കുന്ന സമയത്തോടു കൂടിയവൻ; കൃതം=ചെയ്യപ്പെട്ടത്; സമയം=നിശ്ചയം. നൃപതി=രാജാവ്; നിജ=ആത്മീയ; ദേവി=ഭാര്യ; രമിക്ക=സുഖിക്ക; രസം ദധൽ—അങ്ങിനെയിരുന്ന നൃപതി—രസത്തെ ദധത്തായിരുന്നു; രസം=രാഗം; ദധത്ത്=ധരിച്ചിരിക്കുന്നവൻ. അയോനിജയാ—അങ്ങിനെയിരുന്ന ദേവി—അയോനിജയായിരുന്നു; അയോനിജ=വേദിമദ്ധ്യോൽഭൂത. യാ നതയാ കാന്ത്യാ അരം ക്രമരമ്യഭാവം അതനത=യാവളൊരുത്തി നതയായിരിക്കുന്ന കാന്തികൊണ്ട് ഏററവും ക്രമരമ്യ

ഭാവത്തെ ഉണ്ടാക്കി; നത=സ്തുത; കാന്തി=ശോഭ; ക്രമരമ്യഭാവം=ക്രമരമ്യത്വം. അസ്മാകം യഃ തു തത്സേവ്യായാം അവനൌ ആസന്നഃ ഭവേൽ, സഃ വ്രതിനാം വൃത്തിം ആലംബ്യ ഏകാം ശരദം വനാവാസം തനുതാം=നമ്മിൽ വച്ച് യാവനൊരുത്തൻ തത്സേവ്യയായിരിക്കുന്ന അവനിയിങ്കൽ ആസന്നനായി ഭവിക്കുന്നു, അവൻ വ്രതികളുടെ വൃത്തിയെ ആലംബിച്ചിട്ട് ഒരു ശരത്തു മുഴുവൻ വനാവാസത്തെ ചെയ്യേണം; തത്സേവ്യം=അവരാൽ സേവ്യം; സേവ്യം=സേവിക്കപ്പെട്ടുവാൻ യോഗ്യം; അവനി=ഭൂമി; അസന്നൻ=അണഞ്ഞവൻ; വ്രതികൾ=സന്യാസികൾ; വൃത്തി=ആചാരം; ആലംബിക്ക=ആശ്രയിക്ക; ശരത്ത്=സംവത്സരം; വന്യവാസം=വനത്തിങ്കലെ ആവാസം; ആവാസം=ഇരുപ്പ്. ഏകാന്തനതാം—അങ്ങിനെയിരുന്ന വൃത്തി—ഏകാന്തനതയായിരുന്നു; ഏകാന്തനത=ഏകാന്തേന നത; ഏകാന്തേന=നിയമേന; നത=സ്തുത. വയം അസ്മാകം പത്നീം സമാനാം വ്യത്യസനേന അന്തികം ആനയമാനാഃ വത്സ്യാമഃ=നാം നമ്മുടെ പത്നിയെ സമകളുടെ വ്യത്യസനം കൊണ്ടു് അന്തികത്തെ ആനയമാനന്മാരായിട്ട് വസിക്കേണം; പത്നി=ഭാര്യ; സമകൾ=സംവത്സരങ്ങൾ; വ്യത്യസനം=പകർച്ച; അന്തികം=സമീപം; ആനയമാനന്മാർ=ആനയിച്ചിയങ്ങുന്നവർ; ആനയിക്ക=പ്രാപിക്ക; വസിക്ക=ഇരിക്ക. അഭിജനേന സമാനാം—അങ്ങിനെയിരുന്ന പത്നി—അഭിജനംകൊണ്ടു സമാനയായിരുന്നു; ആഭിജനം=അഭിജാത്യം; സമാന=സദൃശ. മുനിവചാംസി മാനയമാനാഃ—അങ്ങിനെയിരുന്ന നാം—മുനിവചസ്സുകളെ മാനയമാനന്മാരായിരുന്നു; മുനിവചസ്സുകൾ=മുനിയുടെ വചസ്സുകൾ; മുനി=ഋഷി; വചസ്സുകൾ=വാക്കുകൾ; മാനയമാനന്മാർ=മാനിച്ചിയങ്ങുന്നവർ; മാനിക്ക=ബഹുമാനിക്ക.

16 തത്ര ച രിപുരോപാന്തേ
രമമാണേ ഭ്രമിഭർത്തരി പുരോപാന്തേ
സഹസാ രോദരവ സ്തു
ശ്രുതഃ സമുദ്ഭൂതപുരവരോദരവസ്തു.

ഭ്രമിഭർത്തരി തത്ര രമമാണേ തു പരോപാന്തേ സഹസാ രോദരവഃ ശ്രുതഃ ച=ഭ്രമിഭർത്താവ് അവിടെ രമമാണനായിരിക്കും വിഷയ

ത്തിങ്കലാകിൽ, പുരോപാന്തത്തിങ്കൽ പൊട്ടുന്നനവെ രോദരവം ശ്രുതമാവൃതും ചെയ്തു; ഭൂമിഭർത്താവ്=രാജാവ്; രമമാണൻ=രമിച്ചിയങ്ങുന്നവൻ; രമിക്ക=സുഖിക്ക; പുരോപാന്തം=പുരത്തിൻെറ ഉപാന്തം; പുരം=രാജധാനി; ഉപാന്തം=സമീപം; രോദരവം=രോദനം (നിലവിളി). ശ്രുതം=ശ്രവിക്കപ്പെട്ടതു്; ശ്രവിക്ക=കേൾക്ക. രിപുരോപാന്തേ—അങ്ങിനെയിരുന്ന ഭൂമിഭർത്താവ്—രിപുരോപാന്തനായിരുന്നു; രിപുരോപാന്തൻ=രിപുരോപങ്ങളുടെ അന്തത്തെ വരുത്തുന്നവൻ; രിപുരോപങ്ങൾ=രിപുക്കളുടെ രോപങ്ങൾ; രിപുക്കൾ;=ശത്രുക്കൾ; രോപങ്ങൾ=ശരങ്ങൾ; അന്തം=നാശം. സമുദ്ധൃത പുരവരോദരവസ്തു=സമുദ്ധൃതങ്ങളായിരിക്കുന്ന പുരവരോദരവസ്തുക്കളോടു കൂടും വണ്ണം; സമുദ്ധൃതങ്ങൾ=ഇളക്കപ്പെട്ടവ; പുരവരോദരവസ്തുക്കൾ=പുരവരോദരത്തിങ്കലെ വസ്തുക്കൾ; പുരവരോദരം=പുരവരത്തിൻെറ ഉദരം; പുരവരം=പുരങ്ങളിൽവെച്ചു് വരം; പുരങ്ങൾ=രാജധാനികൾ; വരം=ശ്രേഷ്ഠം; ഉദരം; ഉള്ളു്; വസ്തുക്കൾ=പദാൎത്ഥങ്ങൾ.

17 ആദ്രവതാ,മേയാ ഗാഃ
ഹരന്തി ചോരാ ഇമേ ഹതാ മേ യാഗാഃ
സാസിഗദാസന്നാഹാഃ
ദ്രുതതര മനുയാത യാവ ദാസന്നാ ഹാ!

ആദ്രവത=ആദ്രവിപ്പിൻ; ആദ്രവിക്ക=ഓടി അണയുക, ഇമേ ചോരാഃ അമേയാഃ ഗാഃ ഹരന്തി=ഇതല്ലോ ചോരന്മാർ അമേയകളായിരിക്കുന്ന ഗോക്കളെ ഹരിക്കുന്നു. ചോരന്മാർ=കള്ളന്മാർ; അമേയകൾ=അസംഖ്യകൾ; ഗോക്കൾ=പശുക്കൾ; ഹരിക്ക=കൊണ്ടുപോക. മമ യാഗാഃ ഹതാഃ=എൻെറ യാഗങ്ങളെല്ലാം ഹതങ്ങളായി; ഹതങ്ങൾ=നഷ്ടങ്ങൾ. സാസിഗദാസന്നാഹാഃ ദ്രുതതരം അനുയാത=സാസിഗദാസന്നാഹന്മാരായിട്ടു് വേഗേന തന്നെ അനുയാനം ചെയ്വിൻ; സാസിഗദാസന്നാഹന്മാർ=അസിഗദാസന്നാഹങ്ങളോടു കൂടിയവർ; അസിഗദാസന്നാഹങ്ങൾ=അസിയും, ഗദയും, സന്നാഹവും; അസി=വാൾ; സന്നാഹം=ഒരുംപാടു്. അനുയാനം ചെയ്ക=പിഞ്ചെല്ലുക. യാവൽ ആസന്നാഃ=യാതൊരളവു് (അവർ) ആസന്നന്മാരായിരിക്കുന്നു; ആസന്നന്മാർ=അണഞ്ഞവർ; ഹാ=അയ്യോ പാവം!

18 ഇതി സഹസാ രോദ ന്തം
ദ്വിജസ്യ പാൎത്ഥോ ഽശൃണോ ദസരോദന്തം
ദദ്ധ്യൌ ചാപാദ്യേഷു
ക്ഷിതിപഗൃഹാദായുധേഷു ചാപാദ്യേഷു.

പാൎത്ഥഃ ദ്വിജസ്യ ഇതി സഹസാ തം രോദം അശൃണോൽ= പാൎത്ഥൻ ദ്വിജൻെറ ഇങ്ങിനെ പൊട്ടുന്നനവെ ഉള്ള ആ രോദത്തെ ശ്രവിച്ചു; പാൎത്ഥൻ=അൎജ്ജുനൻ; ദ്വിജൻ=ബ്രാഹ്മണൻ; രോദം=കരച്ചിൽ; ശ്രവിക്ക=കേൾക്ക. അസാരോദന്തം—അങ്ങിനെയിരുന്ന രോദം—അസാരോദന്തം=അസാരമായിരിക്കുന്ന ഉദന്തത്തോടു കൂടിയതു്; അസാരം=നിസ്സാരം; ഉദന്തം=വൃത്താന്തം. ചാപാദ്യേഷു ആയുധേഷു ക്ഷിതിപഗൃഹാൽ ആപാദേഷു ദദ്ധ്യൗ ച=ചാപാദ്യങ്ങളായിരിക്കുന്ന ആയുധങ്ങൾ ക്ഷിതിപഗൃഹത്തിങ്കൽ നിന്നു് ആപാദ്യങ്ങളായിരിക്കും വിഷയത്തിങ്കൽ, ധ്യാനിപ്പൂതും ചെയ്തു; ചാപാദ്യങ്ങൾ=ചാപം തുടങ്ങിയുള്ളവ; ചാപം=വില്ലു്; ക്ഷിതിപഗൃഹം=ക്ഷിതിപൻെറ ഗൃഹം; ക്ഷിതിപൻ=രാജാവു്; ഗൃഹം=ഭവനം; ആപാദ്യങ്ങൾ=പ്രാപിക്കപ്പെടുവാൻ യോഗ്യങ്ങൾ; പ്രാപിക്ക=ലഭിക്ക; ധ്യാനിക്ക=നിരൂപിക്ക.

19 ന ഹി സംവാദത്യാഗഃ
സജ്ജനരക്ഷാസു മാൎദ്ദവാ ദത്യാഗഃ
ത ന്മമ ഭാവി പ്രായഃ
ശ്രേയഃ പ്രതിപാദ്യ ഗാഃ ശുഭാ വിപ്രായ

സജ്ജനരക്ഷാസു സംവാദത്യാഗഃ മാൎദ്ദവാൽ അത്യാഗഃ ന ഹി=സജ്ജനരക്ഷകൾ നിമിത്തമായിട്ടുള്ള സംവാദത്യാഗം മാൎദ്ദവം ഹേതുവായിട്ടു് അത്യാഗസ്സായി ഭവിക്കുന്നതല്ല; സജ്ജനരക്ഷകൾ= സജ്ജനങ്ങളുടെ രക്ഷകൾ; സംവാദത്യാഗം=സംവാദത്തിൻെറ ത്യാഗം; സംവാദം=സമയം; ത്യാഗം=ഉപേക്ഷ; മാൎദ്ദവം=ലാഘവം. അത്യാഗസ്സ്=ഏററവുമുള്ള ആഗസ്സ്; ആഗസ്സ്=ദോഷം. തൽ വിപ്രായ ശുഭാഃ ഗാഃ പ്രതിപാദ്യ മമ പ്രായഃ ശ്രേയഃ ഭാവി=ആകയാൽ

വിപ്രനായിക്കൊണ്ടു് ശുഭകളായിരിക്കുന്ന ഗോക്കളെ പ്രതിപാദിച്ചാൽ എനിക്കു് മിക്കവാറും ശ്രേയസ്സത്രെ ഭാവി; വിപ്രൻ=ബ്രാഹ്മണൻ; ഗോക്കൾ=പശുക്കൾ; പ്രതിപാദിക്ക=ദാനം ചെയ്ക; ശ്രേയസ്സ്=നല്ലതു്; ഭാവി=വരുവാനിരിക്കുന്നതു്.

20 ഇതി ബലവാ നുഗ്രാഹി–
പ്രതിമം ജഗ്രാഹ മാനവാനുഗ്രാഹി
അരിപരിഭവനോദരതഃ
പാൎത്ഥ ശ്ചാപം നരേന്ദ്രഭവനോദരതഃ

പാൎത്ഥഃ ഇതി നരേന്ദ്രഭവനോദരതഃ ചാപം ജഗ്രാഹ=പാൎത്ഥൻ ഇങ്ങിനെ നിരൂപിച്ചു് നരേന്ദ്രഭവനോദരത്തിങ്കൽ നിന്നു് ചാപത്തെ ഗ്രഹിച്ചു; പാൎത്ഥൻ=അൎജ്ജുനൻ; നരേന്ദ്രഭവനോദരം=നരേന്ദ്ര ഭവനത്തിൻെറ ഉദരം; നരേന്ദ്രഭവനം=നരേന്ദ്രൻെറ ഭവനം; നരേന്ദ്രൻ=രാജാവു്; ഭവനം=ഗൃഹം; ഉദരം=ഉള്ളു്; ചാപം=വില്ലു്; ഗ്രഹിക്ക=എടുക്ക. ബലവാൻ—അങ്ങിനെയിരുന്ന പാൎത്ഥൻ—ബലവാൻ=ബലമുള്ളവൻ; ബലം=ശക്തി. ഉഗ്രാഹിപ്രതിമം—അങ്ങിനെയിരുന്ന ചാപം—ഉഗ്രാഹിപ്രതിമമായിരുന്നു; ഉഗ്രാഹിപ്രതിമം=ഉഗ്രാഹിയോടു പ്രതിമയുള്ളതു്; ഉഗ്രാഹി=ഉഗ്രനായിരിക്കുന്ന. അഹി; ഉഗ്രം=ക്രൂരൻ; അഹി=സൎപ്പം; പ്രതിമ=സാദൃശ്യം. മാനവാനുഗ്രാഹി—അങ്ങിനെയിരുന്ന ചാപം—മാനവാനുഗ്രാഹിയായിരുന്നു; മാനവാനുഗ്രാഹി=മാനവന്മാരെ അനുഗ്രഹിക്കുക ശീലമായിട്ടുള്ളതു്; മാനവന്മാർ=മനുഷ്യർ. അരിപരിഭവനോദരതഃ—അങ്ങിയെയിരുന്ന പാൎത്ഥൻ — അരിപരിഭവനോദരതനായിരുന്നു; അരിപരിഭവനോദരതൻ=അരിപരിഭവനോദത്തിങ്കൽ രതൻ; അരിപരിഭവനോദം=അരിപരിഭവനത്തിൻെറ നോദം; അരിപരിഭവം=അരികളാലുള്ള പരിഭവം; അരികൾ=ശത്രുക്കൾ; നോദം=കളക; രതൻ=തല്പരൻ.

21 സ പ്രസഭം ഗുരവേ ഗാഃ
ദത്വാ ഹത്വാ ഖലാ നഭംഗുരവേഗാഃ

ദാരഭ്വാ സമയേന
പ്രയയൌ തീൎത്ഥാനി വിപ്രവാസമയേന

സഃ പ്രസഭം ഖലാൻ ഹത്വാ ഗുരവേ ഗാഃ ദത്വാ ദാരഭ്വാ സമയേന തീൎത്ഥാനി പ്രയയൌ=അവൻ ബലാല്ക്കാരേണ ഖലന്മാരെ ഹനിച്ചിട്ട് ഗുരുവിനായിക്കൊണ്ട് ഗോക്കളെ ദാനം ചെയ്തിട്ട്, ദാരഭ്രുവായിരിക്കുന്ന സമയം ഹേതുവായിട്ട് തീൎത്ഥങ്ങളെക്കുറിച്ച് പ്രയാണം ചെയ്തു; ഖലന്മാർ=ദുഷ്ടന്മാർ; ഹനിക്ക=നിഗ്രഹിക്ക; ഗുരു=(മുൻ പറഞ്ഞ) ബ്രാഹ്മണൻ; ഗോക്കൾ=പശുക്കൾ; ദാനം ചെയ്ക=കൊടുക്ക; ദാരഭ്രുവ്=ദാരങ്ങളെസ്സംബന്ധിച്ചുണ്ടായ; സമയം=വ്യവസ്ഥ. പ്രയാണം ചെയ്ക=പോക. അഭംഗുരവേഗഃ=അങ്ങിനെഇരുന്ന ഗോക്കൾ—അഭംഗുരവേഗകൾ=അഭംഗുരമായിരിക്കുന്ന വേഗത്തോടുകൂടിയവ; അഭംഗുരം=ഭംഗുരമെന്നിയെ ഇരിക്കുന്നതു്; ഭംഗുരം=നശ്വരം. വിപ്രവാസമയേന—അങ്ങിനെയിരുന്ന സമയം—വിപ്രവാസമയമായിരുന്നു; വിപ്രവാസമയം=വിപ്രവാസസ്വരൂപം; വിപ്രവാസം=വിദേശഗമനം.

22 തം ശ്രിതഗംഗാദ്വാരാ
നദന്ത മംഹാംസി സമ്യഗംഗാ ദ്വാരാ
നാഗസുതാ പാതാലം
പാൎത്ഥമനൈഷീദതൎക്കിതാപാതാ ലം

നാഗസുതാ തം പാൎത്ഥം പാതാളം അനൈഷീൽ=നാഗസുത അപ്പാൎത്ഥനെ പാതാല (ള) ത്തെ നയിച്ചു; നാഗസുത=ഉലൂപി; പാൎത്ഥൻ=അൎജ്ജുനൻ; നയിക്ക=പ്രാപിക്ക. ശ്രിതഗംഗാദ്വാരാ—അങ്ങിനെയിരുന്ന നാഗസുത—ശ്രിതഗംഗാദ്വാരയായിരുന്നു; ശ്രിതഗംഗാദ്വാര=ശ്രിതമായിരിക്കുന്ന ഗംഗാദ്വാരത്തോടുകൂടിയവൾ; ശ്രിതം=ആശ്രയിക്കപ്പെട്ടതു്; ഗംഗാദ്വാരം=ഗംഗാദ്വാരമാകുന്ന തീൎത്ഥം. വാരാ അംഗാൽ അംഹാംസി സമ്യക് നദന്തം—അങ്ങിനെയിരുന്ന പാൎത്ഥൻ—വാരുകൊണ്ട് അംഗത്തിങ്കൽ നിന്നു് അംഹസ്സുക്കളെ സമ്യക്കാവുംവണ്ണം നദന്നായിരുന്നു; വാരു്=ജലം; അംഗം=ദേഹം; അംഹ

സ്സുകൾ=ദുരിതങ്ങൾ. സമൃക്കാവും വണ്ണം=ചെഞ്ചെമ്മെ; നദൻ=നോദിച്ചിയങ്ങുന്നവൻ; നോദിക്ക=കളക. അലം അതൎക്കിതാപാതാ—അങ്ങിനെയിരുന്ന നാഗസുത—ഏറ്ററവും അതൎക്കിതാപാതയായിരുന്നു; അതൎക്കിതാപാത=അതൎക്കിതമായിരിക്കുന്ന ആപാതത്തോടുകൂടിയവൾ; അതൎക്കിതം=അനിരൂപിതം; ആപാതം=വരവു് (ആഗമനം)

23 സ ച രേമേ കാമനയാ
ബീഭൽസു സ്തത്ര രാത്രി മേകാ മനയാ
അഹിസുതയേരാവന്തം
സുത മാപ ച വംശവൃദ്ധയേ/രാ വന്തം.

സഃ ബീഭത്സുഃ തത്ര ഏകാം രാത്രിം അനയാ അഹിസുതയാ രേമേ ച=ആ ബീഭത്സു അവിടെ ഒരു രാത്രി മുഴവൻ ഈ അഹിസുതയോടുകൂടെ രമിപ്പൂതും ചെയ്തു; ബീഭത്സു=അൎജ്ജുനൻ; അഹിസുത=ഉലൂപി; രമിക്ക=സുഖിക്ക; കാമനയാ—കാമനഹേതുവായിട്ടു്; കാമന=പ്രാൎത്ഥന; ഇരാവന്തം സുതം ആപ ച=ഇരാവാനാകുന്ന സുതനെ പ്രാപിപ്പൂതും ചെയ്തു: സുതൻ=പുത്രൻ; പ്രാപിക്ക=ലഭിക്ക. വംശവൃദ്ധയേ—വംശവൃദ്ധിക്കായിക്കൊണ്ടു്; വംശവൃദ്ധി=വംശത്തിൻെറ വൃദ്ധി; വംശം=കുലം; വൃദ്ധി=വൎദ്ധന; അരൌ അന്തം—അങ്ങിനെ ഇരുന്ന സുതൻ—അരിവിഷയത്തിങ്കൽ അന്തനായിരുന്നു; അരി=ശത്രു; അന്തൻ=അന്തത്തെ വരുത്തുന്നവൻ; അന്തം=നാശം.

24 സ ഹി സകലക്ഷ്മാചക്രേ
പ്രദക്ഷിണം വൃക്ഷചീരലക്ഷ്മാ ചക്രേ
ഗച്ഛ ന്നളിനീരജനീ-
രാശ്രമകുല്യാ നദീശ്ച നളിനീ രജിനീ

സഃ ഹി സകലക്ഷ്മാചക്രേ പ്രദക്ഷിണം ചക്രേ=അവനാകിൽ സകലക്ഷ്മാചക്രത്തിങ്കൽ പ്രദക്ഷിണത്തെ ച്ചെയ്തു; സകലക്ഷ്മാചക്രം=ഒട്ടൊഴിയാതെയുള്ള ക്ഷ്മാചക്രം; ക്ഷ്മാചക്രം=ഭൂമണ്ഡലം. വൃക്ഷചീര

ലക്ഷ്മാ—അങ്ങിനെ ഇരുന്ന അവൻ—വൃക്ഷചീരലക്ഷ്മാവായിരുന്നു; വൃക്ഷചീരലക്ഷ്മാവ്=വൃക്ഷചീരമായിരിക്കുന്ന ലക്ഷ്മത്തോടു കൂടിയവൻ; വൃക്ഷചീരം=മരവിരി; ലക്ഷ്മം=ലാഞ്ഛനം. ആമകുല്യാഃ നദീഃ നളിനീഃ ച ഗച്ഛൻ—അങ്ങിനെ ഇരുന്ന അവൻ—ആശ്രമകുല്യകളേയും, നദികളേയും നളിനികളേയും ഗച്ഛന്നായിരുന്നു; ആമകുല്യകൾ=ആശ്രമങ്ങളിലെ കുല്യകൾ; ആശ്രമങ്ങൾ=ഋഷ്യാമങ്ങൾ; കുല്യകൾ=തോടുകൾ; നദികൾ=പുഴകൾ; നളിനികൾ=പൊയ്കകൾ; ഗച്ഛൻ=ഗമിച്ചിയങ്ങുന്നവൻ; ഗമിക്ക=പോക. അളിനീരജനീഃ—അങ്ങിനെയിരുന്ന അവ—അളിനീരജനികളായിരുന്നു; അളിനീരജനികൾ=അളിനീരജങ്ങളുള്ളവ; അളിനീരജങ്ങൾ=അളികളും നീരജങ്ങളും; അളികൾ=വണ്ടുകൾ; നീരജങ്ങൾ=താമരപ്പൂക്കൾ. അജിനീ—അങ്ങിനെ ഇരുന്ന അവൻ—അജിനിയായിരുന്നു; അജിനി=അജിനമുള്ളവൻ; അജിനം=കൃഷ്ണാജിനം.

25 സ നഗര മരിചക്രാന്തം
പാണ്ഡ്യപതേഃ ക്രമുകഷണ്ഡ മരിചക്രാന്തം
പ്രാപ്യ വിചിത്രാംഗദയാ
തൽസുതയാ രതി മവാപ ചിത്രാംഗദയാ

സഃ പാണ്ഡ്യപതേഃ നഗരം പ്രാപ്യ തൽസുതയാ ചിത്രാംഗദയാ രതിം അവാപ=അവൻ പാണ്ഡ്യപതിയുടെ നഗരത്തെ പ്രാപിച്ചിട്ട് തൽസുതയായിരിക്കുന്ന ചിത്രാംഗദയോടുകൂടെ രതിയെ പ്രാപിച്ചു; പാണ്ഡ്യ പതി=പാണ്ഡ്യരാജാവ്; നഗരം=രാജധാനി; തൽസുത=അവൻെറ സുത; സുത=പുത്രി; അരിചക്രാന്തം—അങ്ങിനെയിരുന്ന നഗരം—അരിചക്രാന്തമായിരുന്നു; അരിചക്രാന്തം=അരിചക്രത്തിൻെറ അന്തത്തെ വരുത്തുന്നത്; അരിചക്രം=അരികളുടെ ചക്രം; അരികൾ=ശത്രുക്കൾ; ചക്രം=സമൂഹം; അന്തം=നാശം. ക്രമുകഷണ്ഡ,മരിചക്രാന്തം=ക്രമുകഷണ്ഡമരിചരങ്ങളാൽ ക്രാന്തം; ക്രമുകഷണ്ഡങ്ങൾ=കമുകിൻതോട്ടങ്ങൾ; മരിചങ്ങൾ=കുരുമുളകുകൾ; ക്രാന്തം=ആക്രാന്തം (നിറഞ്ഞത്) വിചിത്രാംഗദയാ—അങ്ങിനെയിരുന്ന ചിത്രാഗദ—വിചിത്രാംഗദയായിരുന്നു; വിചിത്രാംഗദ=വിചിത്രങ്ങളായി

രിക്കുന്ന അംഗദങ്ങളോട്ടുകൂടിയവരം; വിചിത്രങ്ങരം=മനോഹരങ്ങരം; അംഗദങ്ങരം=തോരംവളകരം.

26 ദൃഷ്ടമഹാസഹ്യാഗഃ
തീൎത്ഥേഷു വിശോദ്ധ്യ ശത്രുഹാ സ ഹ്യാഗഃ
വിപ്രസഭാസന്നാമ-
പ്രവണ സ്തീൎത്ഥം ഗതഃ പ്രഭാസ ന്നാമ.

സഃ ഹി പ്രഭാസം നാമ തീൎത്ഥം ഗതഃ=അവൻ പ്രഭാസം എന്നിങ്ങിനെ പ്രസിദ്ധമായിരിക്കുന്ന തീൎത്ഥത്തെ ഗതനായി; ഗതൻ=പ്രാപ്തൻ. തീൎത്ഥേഷു ആഗഃ വിശോദ്ധ്യ=തീൎത്ഥങ്ങളിൽ ആഗസ്സിനെ വിരോധിച്ചിട്ട്; ആഗസ്സ=ദോഷം; വിശോധിക്ക=കളക; ദൃഷ്ടമഹാസഹ്യാഗഃ—അങ്ങിനെയിരുന്ന അവൻ—ദൃഷ്ടമഹാസഹ്യാഗനായിരുന്നു; ദൃഷ്ടമഹാസഹ്യാഗൻ=ദൃഷ്ടമായിരിക്കുന്ന മഹാസഹ്യാഗത്തോടുകൂടിയവൻ; ദൃഷ്ടം=ദൎശിക്കപ്പെട്ടതു്; ദർശിക്ക=കാൺക മഹാസഹ്യാഗം=മഹത്തായിരിക്കുന്ന സഹ്യാഗം; മഹത്തു്=പെരുകിയതു്; സഹ്യാഗം=സഹ്യപൎവ്വതം. ശത്രുഹാ—അങ്ങിനെയിരുന്ന അവൻ—ശത്രുഹാവായിരുന്നു; ശത്രുഹാവു=ശത്രുക്കളെ ഹനിക്കുന്നവൻ; ഹനിക്ക=നിഗ്രഹിക്ക. വിപ്രസഭാസന്നാമപ്രവണഃ—അങ്ങിനെ ഇരുന്ന അവൻ—വിപ്രസഭാസന്നാമപ്രവണനായിരുന്നു; വിപ്രസഭാസന്നാമപ്രവണൻ=വിപ്രസഭാസന്നാമത്തിങ്കൻ പ്രവണൻ; വിപ്രസഭാസന്നാമം=വിപ്രസഭയുടെ സന്നാമം; വിപ്രസഭ=ബ്രാഹ്മണസഭ; സന്നാമം=നമസ്കാരം; പ്രവണൻ=തല്പരൻ.

27 തത്ര സുഭദ്രാം ഗദതഃ
ശ്രുത്വാ സൎവ്വാംഗനാസു ഭദ്രാം ഗദതഃ
പ്രാപ വശം കാമസ്യ
വ്യധിത പുരോ ദുൎഗ്ഗതാ ച ശംകാ മസ്യ

തത്ര ഗദതഃ സുഭദ്രാം സൎവ്വാംഗനാസുഭദ്രാം ശ്രുത്വാ കാമസ്യ വശം പ്രാപ=അവിടെ ഗദനായിരിക്കുന്ന ഗദൻ എന്നു യാദവൻ വ്വ

ക്കൽനിന്നു്, സുഭദ്രയെ സൎവ്വാംഗനമാരിൽ വെച്ചു് ഭദ്രയെന്നു് കേട്ടിട്ടു്, കാമന്റെ വശത്തെ പ്രാപിച്ചു; ഗദൻ=ഗദിച്ചിയങ്ങുന്നവൻ; ഗദിക്ക=പറക; സൎവ്വാംഗനമാർ=സ്ത്രീകൾ; ഭദ്ര=സുന്ദരി; കാമൻ=കാമദേവൻ; വശം=അധീനത. പുരഃ ദുൎഗ്ഗതാ അസ്യ ശങ്കാംവ്യധിത ച=പൂരിന്റെ ദുൎഗ്ഗത ഇവന്നു ശങ്കയെ ഉണ്ടാക്കുകയും ചെയ്തു; പൂരു്=രാജധാനി; ദുൎഗ്ഗത=ദുൎഗ്ഗമാവു എന്നുള്ളതു്; ദുൎഗ്ഗം=കോട്ട; ശങ്ക=വിചാരം.

28 ഭ്രത്വാ കന്ദൎപ്പയതിഃ
സ്തനതി ഘനൌഘേ ച കാമുക ന്ദൎപ്പയതി
ശ്യാമള മസ്മര ദളിതഃ
സ ഹി വൈകുണ്ഠം കുരൂത്തമഃ സ്മരദളിതഃ

സഃ ഹി കുരൂത്തമഃ കന്ദൎപ്പയതിഃ ഭൂത്വാ വൈകുണ്ഠം അസ്മാരൽ=ആ കുരൂത്തമൻ കന്ദൎപ്പയതിയായി ഭവിച്ചിട്ടു് വൈകുണ്ഠനെ സ്മരിച്ചു; കുരൂത്തമൻ=അൎജ്ജുനൻ; കന്ദൎപ്പയതി=കന്ദൎപ്പപ്രധാനനായിരിക്കുന്ന യതി; കന്ദൎപ്പപ്രധാനൻ=കന്ദൎപ്പൻ പ്രധാനമായിട്ടുള്ളവൻ; കന്ദൎപ്പൻ=കാമദേവൻ; യതി=സന്യാസി; വൈകുണ്ഠൻ=ശ്രീകൃഷ്ണൻ; സ്മരിക്ക=നിരൂപിക്ക. ഘനൌഘേ സ്തനതി—ഘനൌഘം സ്തനത്തായിരിക്കും വിഷയത്തിങ്കൽ; ഘനൌഘം=ഘനങ്ങളുടെ ഓഘം; ഘനങ്ങൾ=മേഘങ്ങൾ; ഓഘം=സമൂഹം; സ്തനത്തു്=ശബ്ദിച്ചിയങ്ങുന്നതു്. കാമുകം ദൎപ്പയതി—അങ്ങിനെയിരുന്ന ഘനൌഘം—കാമുകനെ ദൎപ്പയത്തായിരുന്നു; കാമുകൻ=കാമി; ദൎപ്പയത്തു്=മദിച്ചിയങ്ങുന്നതു്. അളിതഃ ശ്യാമളം—അങ്ങിനെയിരുന്ന വൈകുണ്ഠൻ—അളിയേക്കാൾ ശ്യാമളനായിരുന്നു; അളി=വണ്ടു്; ശ്യാമളൻ=ശ്യാമളവൎണ്ണമുള്ളവൻ; ശ്യാമളം=നീലം. സ്മരദളിതഃ—അങ്ങിനെയിരുന്ന കുരൂത്തമൻ—സ്മരദളിതനായിരുന്നു; സ്മരദളിതൻ=സ്മരനാൽ ദളിതൻ; സ്മരൻ=കാമദേവൻ; ദളിതൻ=പിളൎക്കപ്പെട്ടവൻ.

29 സോപി സഹാസ മുപായാൽ
അമുഷ്യ സന്തുഷ്യ കംസഹാ സമുപായാൽ

തദനു സമസ്തോഭാഭ്യാം
നിജചേഷ്ടാ നിജഗദേ സമസ്തേ*f* ഭാഭ്യാം.

സഃ കംസഹാ അപി സഹാസം സമുപായാൽ— ആ കംസഹാവും സഹാസം ആവും വണ്ണം സമുപയാനം ചെയ്തു; കംസഹാവു്=ശ്രീകൃഷ്ണൻ; സഹാസമാവും വണ്ണം=ഹാസത്തോടു കൂടും വണ്ണം; ഹാസം=പുഞ്ചിരി; സമുപയാനം ചെയ്ക=വരിക. അമുഷ്യ ഉപായാൽ സന്തുഷ്യ—ഇവന്റെ ഉപായം ഹേതുവായി സന്തോഷിച്ചിട്ടു്. തദനു ഉഭാഭ്യാം സമസ്താ നിജചേഷ്ടാ നിജഗദേ=അനന്തരം ഇരുവരാലും സമസ്തയായിരിക്കുന്ന നിജചേഷ്ട നിഗദിക്കപ്പെട്ടു; സമസ്ത=ഒട്ടൊഴിയാതെ ഉള്ളതു്; നിജചേഷ്ട=തങ്ങളുടെ ചേഷ്ട; ചേഷ്ട=വ്യാപാരം; നിഗദിക്ക=പറക. സമസ്തോഭാഭ്യാം—അങ്ങിനെയിരുന്ന ഇരുവരും—സമസ്തോഭന്മാരായിരുന്നു; സമസ്തോഭന്മാർ=സമങ്ങളായിരിക്കുന്ന സ്തോഭങ്ങളോടുകൂടിയവർ; സമങ്ങൾ=തുല്യങ്ങൾ; സ്തോഭങ്ങൾ=മനോവ്യാപാരങ്ങൾ.

30 നരനാരായണദേഹൌ
പുരാണപുരുഷൌ നൃണാം പരായണദേഹൌ
രൈവതകം പാദാഭ്യാം
അപുനീതാ മവനതാനകംപാദാഭ്യാം

പുരാണ പുരുഷൌ പാദാഭ്യാം രൈവതകം അപുനീതാം=പുരാണ പുരുഷന്മാർ പാദങ്ങളെക്കൊണ്ടു് രൈവതകത്തെ ശുദ്ധമാക്കി; പുരാണ പുരുഷന്മാർ=പുരാണന്മാരായിരിക്കുന്ന പുരുഷന്മാർ; പുരാണന്മാർ=പെരികെപ്പണ്ടേ ഭവിച്ചവർ; പാദങ്ങൾ=കാലുകൾ; രൈവതകം=രൈവതകപർവ്വതം. നരനാരായണദേഹൌ—അങ്ങിനെയിരുന്ന പുരാണപുരുഷന്മാർ—നർനാരായണ ദേഹന്മാരായിരുന്നു; നരനാരായണദേഹന്മാർ=നരദേഹവും നാരായണദേഹവും. നൃണാം പരായണ ദേഹൌ—അങ്ങിനെ ഇരുന്ന പുരാണപുരുഷന്മാർ—നൃക്കൾക്കു് പരായണ ദേഹന്മാരായിരുന്നു; നൃക്കൾ=മനുഷ്യർ; പരായണ ദേഹന്മാർ=പരായണദയായിരിക്കുന്ന ഈഹയോടുകൂടിയവർ; പരായണദം=

പരായണത്തെ ദാനം ചെയ്യുന്നതു്; പരായണം=ആശ്രയം; ദാനം ചെയ്ക=കൊടുക്ക; ഈഹ=വ്യാപാരം. (ഇച്ഛ) അവനതാനുകംപദാഭ്യാം—അങ്ങിനെയിരുന്ന പാദങ്ങൾ—അവനതാനുകമ്പാദങ്ങളായിരുന്നു; അവനതാനുകംപാദങ്ങൾ=അവനതന്മാൎക്കു അനുകംപയെ ദാനം ചെയ്യുന്നവ; അവനതന്മാർ=കുമ്പിട്ടവർ; അനുകമ്പ=ദയ; ദാനം ചെയ്ക=കൊടുക്ക.

31 ഭൃത്വാ പരമോ ഹംസഃ
കുൎവ്വാണശ്ചേഷ്ടിതേന പരമോഹം സഃ
അദ്ധ്യവസ ദ്വിജയോഽഗം
രൈവതകം ഹരിമതേന സദ്വിജയോഗം.

സഃ വിജയഃ പരമഃ ഹംസഃ ഭൃത്വാ ഹരിമതേന രൈവതകം അഗം അദ്ധ്യവസൻ=ആ വിജയൻ പരമഹംസനായി ഭവിച്ചിട്ട് ഹരിമതം കൊണ്ടു് രൈവതകമാകുന്ന അഗത്തിങ്കൽ അധിവസിച്ചു; വിജയൻ=അർജ്ജുനൻ; പരമഹംസൻ=സന്യാസി; അഗം=പൎവ്വതം; അധിവസിക്ക=ഇരിക്ക; ചേഷ്ടിതേന പരമോഹം കുൎവ്വാണഃ—അങ്ങിനെയിരുന്ന വിജയൻ—ചേഷ്ടിതംകൊണ്ടു് പരമോഹത്തെ കുൎവ്വാണനായിരുന്നു; ചേഷ്ടിതം=വ്യാപാരം; പരമോഹം=അജ്ഞാനം; കുൎവ്വാണൻ=ഉണ്ടാക്കിയിയങ്ങുന്നവൻ. സദ്വിജയോഗം—അങ്ങിനെയിരുന്ന അഗം—സദ്വിജയോഗമായിരുന്നു; സദ്വിജയോഗം=സദ്വിജന്മാരുടെ യോഗത്തോടുകൂടിയതു്; സദ്വിജന്മാർ=സത്തുക്കളായിരിക്കുന്ന ദ്വിജന്മാർ; സത്തുകൾ=ഉൽകൃഷ്ടന്മാർ; ദ്വിജന്മാർ=ബ്രാഹ്മണർ.

32 അഥബലഭദ്രമുഖാനാം
യദുവൃഷഭാണാം മതേന ഭദ്രമുഖാനാം
യാദവകന്യായോഗാൽ
ധന്യം ഭവനം സ ഭിക്ഷുകന്യായോഽഗാൽ

അഥ സഃ യാദവകന്യായോഗാൽ ധന്യം ഭവനം അഗാൽ=അനന്തരം അവൻ യാദവകന്യായോഗം ഹേതുവായിട്ടു് ധന്യമായിരി

ക്കുന്ന ഭവനത്തെക്കുറിച്ച് ഗമിച്ചു; യാദവകന്യായോഗം=യാദവക ന്യയോടുള്ള യോഗം; യാദവകന്യ=സുഭദ്ര; യോഗം=സംയോഗം; ധ ന്യം=വിശിഷ്ടം; ഭവനം=ഗൃഹം; ഗമിക്ക=പോക. ബലഭദ്രമുഖാനാം യദുവൃഷഭാണാം മതേന—ബലഭദ്രമുഖന്മാരായിരിക്കുന്ന യദുവൃഷഭട ന്മാരുടെ മതംകൊണ്ട്; ബലഭദ്രമുഖന്മാർ=ബലഭദ്രൻ തുടങ്ങിയുള്ളവർ; യദുവൃഷഭടന്മാർ;=യദുശ്രേഷ്ഠന്മാർ; മതം=അഭിപ്രായം. ഭദ്രമുഖാനാം— അങ്ങിനെയിരുന്ന യദുവൃഷഭടന്മാർ—ഭദ്രമുഖൻമാരായിരുന്നു; ഭദ്രമുഖ ന്മാർ=ഭദ്രമായിരിക്കുന്ന മുഖത്തോടുകൂടിയവർ; ഭദ്രം=പ്രസന്നം. ഭിക്ഷു കന്യായഃ—അങ്ങിനെയിരുന്ന അവൻ—ഭിക്ഷുകന്യായനായിരുന്നു; ഭി ക്ഷുകന്യായൻ=ഭിക്ഷുകൻെറ ന്യായംപോലെയുള്ള ന്യായത്തോടുകൂടി യവൻ; ഭിക്ഷുകൻ=സന്യാസി; ന്യായം=ആചാരം.

33 യദുഷു സബലദേവേഷു
വ്യഗ്രേഷ്വന്യത്ര തുലിതബലദേവേഷു
മുദിതമനാഃ ഭോജഗൃഹേ
തൽപാണി മുപേതപത്മനാഭഃ ജഗൃഹേ

സഃ ഭോജഗൃഹേ തൽ പാണിം ജഗ്രാഹ=അവൻ ഭോജഗൃഹത്തി ങ്കൽ തൽപാണിയെ ഗ്രഹിച്ചു; ഭോജഗൃഹം=ദ്വാരവതി; തൽപാണി= അവളുടെ പാണി; പാണി=കയ്യ്; ഗ്രഹിക്ക=പിടിക്ക. സബലദേ വേഷു യദുഷു അന്യത്ര വ്യഗ്രേഷു—സബലദേവൻമാരായിരിക്കുന്ന യദുക്കൾ മറെറാരേടത്ത് വ്യഗ്രൻമാരായിരിക്കും വിഷയത്തിങ്കൽ; സ ബലദേവൻമാർ=ബലദേവനോടുകൂടിയവർ; ബലദേവൻ=ബലഭദ്രൻ; യദുക്കൾ=യാദവൻമാർ; വ്യഗ്രന്മാർ=വ്യാപൃതന്മാർ; വ്യാപൃതന്മാർ= വ്യാപരിച്ചവർ; തുലിതബലദേവേഷു—അങ്ങിനെയിരുന്ന യദുക്കൾ; തുലിതബലദേവൻമാരായിരുന്നു; തുലിതബലദേവൻമാർ=തുലിതബ ലൻമാരായിരിക്കുന്ന ദേവൻമാരോടു കൂടിയവർ; തുലിതബലന്മാർ= തുലിതമായിരിക്കുന്ന ബലത്തോടുകൂടിയവർ; തുലിത=തുല്യമായിക്കാ ണപ്പെട്ടതു്; ബലം=ശക്തി; ദേവൻമാർ=ദേവകൾ. മുദിതമനാഃ—അ ങ്ങിനെയിരുന്ന അവൻ—മുദിതമനസ്സായിരുന്നു; മുദിതമനസ്സ്=മുദിത മായിരിക്കുന്ന മനസ്സോടുകൂടിയവൻ; മുദിതം=സന്തുഷ്ടം. ഉപേതപ

ത്മനാഭഃ—അങ്ങിനെയിരുന്ന അവൻ. ഉപേതപത്മനാഭനായിരുന്നു; ഉപേതപത്മനാഭൻ=പത്മനാഭനോടു കൂടിയവൻ; പത്മനാഭൻ=ശ്രീകൃഷ്ണൻ.

34 അഗമ ച്ചാരൂഢേന
പ്രിയയാ പാൎത്ഥ സ്തയൈവ ചാരൂഢേന
തൽപുരമുദ്യദേപഷഃ
പ്രക്ഷോഭ്യ രഥേന തൂൎണ്ണമുദ്യദേപഷഃ

ഏഷഃ പാൎത്ഥഃ രഥേന തൂൎണ്ണം അഗമൽ ച=ഈ പാൎത്ഥൻ രഥത്തിലൂടെ വേഗേന ഗമിപ്പൂതും ചെയ്തു; പാൎത്ഥൻ=അൎജ്ജുനൻ; രഥം=തേരു്; ഗമിക്ക=പോക; പ്രിയയാ ആരൂഢേന തയാ ഏവ ചാരു ഊഢേന ച—അങ്ങിനെയിരുന്ന രഥം—പ്രിയയാൽ ആരൂഢമായുമിരുന്നു, അവളാൽത്തന്നെ ചാരുവാകും വണ്ണം ഊഢമായുമിരുന്നു; പ്രിയ=ഭാൎയ്യ; ആരൂഢം=ആരോഹിക്കപ്പെട്ടതു്; ആരോഹിക്ക=കരേറുക; ചാരു=മനോഹരം ഊഢം=വഹിക്കപ്പെട്ടതു്; തൽപുരം പ്രക്ഷോഭ്യ—ആ പുരത്തെ പ്രക്ഷോഭിപ്പിച്ചിട്ടു്; പുരം=രാജധാനി; പ്രക്ഷോഭിപ്പിക്ക=ഇളക്കുക. ഉദ്യദു—അങ്ങിനെയിരുന്ന പുരം—ഉദ്യദുവായിരുന്നു; ഉദ്യദു=ഉൽക്രാന്തൻമാരായിരിക്കുന്ന യദുക്കളോടുകൂടിയതു്; ഉൽക്രാന്തൻമാർ=ഗതൻമാർ; യദുക്കൾ=യാദവൻമാർ. ഉദ്യദേപഷഃ—അങ്ങിനെയിരുന്ന പാൎത്ഥൻ—ഉദ്യദേപഷനായിരുന്നു; ഉദ്യദേപഷൻ=ഉദ്യത്തായിരിക്കുന്ന വേഷത്തോടുകൂടിയവൻ; ഉദ്യത്തു്=ഉദിച്ചിയങ്ങുന്നതു്; വേഷം=അണിവു്.

35 തദനു മദഭ്രമവന്തഃ
ചേലുഃ കലഹായ ബലമദഭ്രമവന്തഃ
ഉദ്ധിമശാസ്യാം ഭോജാഃ
വിഭ്രാണാ രോഷകക്കശാസ്യാംഭോജാ

തദനു ഭോജാഃ കലഹായ ചേലുഃ=അനന്തരം ഭോജന്മാർ കലഹത്തിന്നായിക്കൊണ്ടു് ചലിച്ചു; ഭോജൻമാർ=യാദവൻമാർ; കലഹം=

യുദ്ധം; ചലിക്ക=ഇളകിനടക്ക. മദഭ്രമവന്തഃ— അങ്ങിനെയിരുന്ന ഭോജൻമാർ—മദഭ്രമവത്തുകളായിരുന്നു; മദഭ്രമവത്തുകൾ=മതഭ്രമങ്ങളുള്ളവർ; മദഭ്രമങ്ങൾ= മദവും ഭ്രമവും; മദം=അഹങ്കാരം; ഭ്രമം=പരിഭ്രമം. അദഭ്രം ബലം അവന്തഃ—അങ്ങിനെയിരുന്ന ഭോജൻമാർ—അദഭ്രമായിരിക്കുന്ന ബലത്തെ അവത്തുകളായിരുന്നു; അദഭ്രം=പെരുകിയതു്; ബലം=ശക്തി; അവത്തുകൾ=രക്ഷിച്ചിയങ്ങുന്നവർ. അശാസ്യാം ഋദ്ധിം വിഭ്രാണാഃ—അങ്ങിനെയിരുന്ന ഭോജൻമാർ—അശാസ്യയായിരിക്കുന്ന ഋദ്ധിയെ വിഭ്രാണൻമാരായിരുന്നു; അശാസ്യ=അപരിഭവനീയ; ഋദ്ധി=സമൃദ്ധി; വിഭ്രാണൻമാർ=ഭരിച്ചിയങ്ങുന്നവ. രോഷകക്ക്ശാസ്യാംഭോജാഃ—അങ്ങിനെയിരുന്ന. ഭോജൻമാർ—രോഷകക്ക്ശാസ്യാംഭോജൻമാരായിരുന്നു; രോഷകക്ക്ശാസ്യാംഭോജൻമാർ=രോഷകക്ക്ശമായിരിക്കുന്ന ആസ്യാംഭോജത്തോടുകൂടിയവർ; രോകക്ക്ശം=രോഷംകൊണ്ടു് കക്ക്ശം; രോഷം=കോപം; കക്ക്ശം=ക്രൂരം; ആസ്യാഭോജംമുഖപത്മം.

36 നൃരുണൽ കോപായസ്താൻ
യദുവീരാൻ ശൌരിരകടുകോപായ സ്താൻ
വചനൈ സ്തരസാ മധുരൈഃ
തം ചാനുജഗാമ ചാരുതരസാമധുരൈഃ

ശൌരിഃ താൻ യദുവീരാൻ നൃരുണൽ=ശൌരി ആയദുവീരന്മാരെ നിരോധിച്ചു; ശൌരി=ശ്രീകൃഷ്ണൻ; യദുവീരന്മാർ=യദുശ്രേഷ്ഠന്മാർ; നിരോധിക്ക=തടുക്ക. കോപായസ്താൻ—അങ്ങിനെയിരുന്ന യദുവീരന്മാർ—കോപായസ്തന്മാരായിരുന്നു; കോപായസ്തൻമാർ=കോപംകൊണ്ടു് ആയസ്തൻമാർ; ആയസ്തൻമാർ=ക്ലിഷ്ടൻമാർ. അകടുകോപായഃ—അങ്ങിനെയിരുന്ന ശൌരി—അകടുകോപായനായിരുന്നു; അകടുകോപായൻ=അകടുകമായിരിക്കുന്ന ഉപായത്തോടുകൂടിയൻ; അകടുകം=സൌമ്യം. മധുരൈഃ വചഃനൈഃ തരസാ തം അനുജഗാമ ച=മധുരങ്ങളായിരിക്കുന്ന വചനങ്ങളോടും കൂടെ വേഗേന അവനെ അനുഗമിപ്പിക്കുന്നും ചെയ്തു; മധുരങ്ങൾ=പ്രിയങ്ങൾ; വചനങ്ങൾ=വാക്കുകൾ; അനുഗമിക്ക=പിൻചെല്ലുക. ചാരുതരസാമധുരൈഃ—അങ്ങിനെയിരു

ന്നു വചനങ്ങൾ—ചാരുതരസാമധുരങ്ങളായിരുന്നു; ചാരുതരസാമധുരങ്ങൾ=ചാരുതരയായിരിക്കുന്ന സാമധുരിനോടു കൂടിയവ; ചാരുതര=അതിശയേന ചാരു; ചാരു=മനോഹരം; സാമധുര്=സാമവ്യാപാരം.

37 സോഽപി ച മാനീ ചരണ—
ശ്രിത പ്രിയാവാക്യ കൃത ശമഽനീചരണഃ
പരിസര മാപ പുരസ്യ
സ്വസ്യ, നരാഃ ദൃശ്ഭി രംഗ മാപപു രസ്യ

സഃ അപി ച സ്വസ്യ പുരസ്യ പരിസരം ആപ=അവനും സ്വമായിരിക്കുന്ന പുരത്തിന്റെ പരിസരത്തെ പ്രാപിച്ചു; സ്വം=ആത്മീയം; പുരം=രാജധാനി; പരിസരം=സമീപം. മാനീ—അങ്ങിനെയിരുന്ന അവൻ—മാനിയായിരുന്നു; മാനി=മാനമുള്ളവൻ; മാനം=അഭിമാനം. ചരണശ്രിതപ്രിയാ വാക്യകൃതശമാനീ ചരണഃ—അങ്ങിനെയിരുന്ന അവൻ—ചരണശ്രിത പ്രയാവാക്യ കൃത ശമാനീചരണനായിരുന്നു; ചരണശ്രിത പ്രിയാവാക്യ കൃതശമാനീചരണൻ=ചരണശ്രിത പ്രിയാവാക്യം കൊണ്ടു് കൃതശമമായിരിക്കുന്ന അനീചരണത്തോടുകൂടിയവൻ; ചരണശ്രിത പ്രിയാവാക്യം=ചരശ്രിതയായിരിക്കുന്നപ്രിയയുടെ വാക്യം; ചരണശ്രിത=ചരണത്തെ ശ്രിത; ചണം=പാദം; ശ്രിത=ആശ്രയിച്ചവൾ; പ്രിയ=ഭാൎയ്യ; വാക്യം=വാക്കു്; കൃതശമം=കൃതമായിരിക്കുന്ന ശമത്തോടു കൂടിയതു്; കൃത=ചെയ്യപ്പെട്ടതു്; ശമം=അടക്കം. അനീചരണം=അനീചമായിരിക്കുന്ന രണം; അനീചം=പെരുകിയതു്; രണം=യുദ്ധം. നരാഃ ദൃശ്ഭിഃ അസ്യ അംഗം ആപപുഃ=നരന്മാർ. ദൃക്കുകളെക്കൊണ്ടു് ഇവന്റെ അംഗത്തെ പാനം ചെയ്തു; നരന്മാർ=മനുഷ്യർ; ദൃക്കുകൾ=കണ്ണുകൾ; അംഗം=ദേഹം.

38 അഥ ദധുരാമോദ ന്തേ
പാൎത്ഥാഃ പ്രാപ്തേഽജ്ജുനേഽഭിരാമോദന്തേ
വധ്വാ മാനിന്യാ തേ
കുന്തീ കൃഷ്ണാ ച മോദ മാനിന്യാതേ.

അഥ തേ പാൎത്ഥാഃ അൎജ്ജുനേ പ്രാപ്തേ ആമോദം ദധുഃ=അനന്തരം ആ പാൎത്ഥന്മാർ അൎജ്ജുനൻ പ്രാപ്തനായിരിക്കും വിഷയത്തിങ്കൽ ആമോദത്തെ ധരിച്ചു; പാൎത്ഥൻമാർ=പാണ്ഡവൻമാർ; പ്രാപ്തൻ=പ്രാപിച്ചവൻ; ആമോദം=സന്തോഷം. അഭിരാമോദന്തേ—അങ്ങിനെയിരുന്ന അൎജ്ജുനൻ; അഭിരാമോദന്തനായിരുന്നു; അഭിരാമോദന്തൻ=അഭിരാമമായിരിക്കുന്ന ഉദന്തത്തോടുകൂടിയവൻ; അഭിരാമം=മനോഹരം; ഉദന്തം=വൃത്താന്തം. കുന്തീ കൃഷ്ണാ ച തേ വധ്വാ മോദം ആനിന്യാതെ=കുന്തിയും, കൃഷ്ണയും അവരിരുവരും വധുവിനാൽ മോദത്തെ നയിക്കപ്പെട്ടു; കൃഷ്ണാ=ദ്രൌപദി; വധൂ=സുഭദ്രാ; മോദം=സന്തോഷം; നയിക്ക=പ്രാപിപ്പിക്ക. മാനിന്യാ—അങ്ങിനെയിരുന്ന വധൂ; മാനിനിയായിരുന്നു; മാനിനി=മാനിക്കുന്നവൾ; മാനിക്ക=സമ്മാനിക്ക.

39 മഹിതതമാരംഭാ സാ
പിതൃസദൃശ മജീജനൽ കുമാരം ഭാസാ
കുരുമഹിമന്യുന്നാമ—
പ്രദായിനം കുരുകുലേ ഽഭിമന്യുർ നാമ.

സാ അഭിമന്യുഃ നാമ കുമാരം അജീജനൽ=അവൾ അഭിമന്യു എന്നിങ്ങനെ പ്രസിദ്ധനായിരിക്കുന്ന കുമാരനെ ജനിപ്പിച്ചു; കുമാരൻ=പുത്രൻ; ജനിപ്പിക്ക=ഉല്പാദിപ്പിക്ക. മഹിതതമാരംഭാ—അങ്ങിനെയിരുന്ന അവൾ—മഹിതതമാരംഭയായിരുന്നു; മഹിതതമാരംഭാ=മഹിതതമമായിരിക്കുന്ന ആരംഭത്തോടുകൂടിയവൾ; മഹിതതമം=അതിശയേന മഹിതം; മഹിതം=പൂജിതം; ആരംഭം=വ്യാപാരം. ഭാസാ പിതൃസദൃശം—അങ്ങിനെയിരുന്ന കുമാരൻ; ഭാസ്സുകൊണ്ടു പിതൃസദൃശനായിരുന്നു; ഭാസ്സ്=തേജസ്സ്; പിതൃസദൃശൻ=പിതാവിനോടു സദൃശൻ; പിതാവ്=അച്ഛൻ; സദൃശൻ=തുല്യൻ. കുരുകുലേ ഉന്നാമപ്രദായിനം—അങ്ങിനെയിരുന്ന കുമാരൻ; കുരുകുലത്തിങ്കൽ ഉന്നാമപ്രദായിയായിരുന്നു; കുരുകുലം=കുരുവിൻെറ കുലം; കുരു=കുരുവാകുന്ന രാജാവു്; കുലം=വംശം; ഉന്നാമപ്രദായി=ഉന്നാമത്തെ

പ്രദാനംചെയ്യുക ശീലമായുള്ളവൻ; ഉന്നാമം=ഔന്നത്യം; പ്രദാനം ചെയ്ക=കൊടുക്ക. ഗുരുമഹിമനി — അങ്ങിനെയിരുന്ന കരുകലം; ഗുരുമഹിമാവായിരുന്നു; ഗുരുമഹിമാവ്=ഗുരുവായിരിക്കുന്ന മഹിമാവോടുകൂടിയതു്; ഗുരു=പെരുകിയതു്; മഹിമാവ്=മഹത്വം.

40 അഥ രമിതോ വാസവിനാ
കൃഷ്ണ സ്തത്രൈവ ഹലഭൃതോഽവാസ വിനാ
പ്രീതിരസേന,ാഹാനി
സ്വൈരം കതിചിൽ കൃതാരിസേനാഹാനിഃ.

അഥ കൃഷ്ണഃ തത്ര ഏവ കതിചിൽ അഹാനി സ്വൈരം ഉവാസ=അനന്തരം കൃഷ്ണൻ അവിടെത്തന്നെ ചില അഹസ്സുകൾ മുഴവൻ സ്വൈരമാവും വസിച്ചു; അഹസ്സുകൾ=ദിവസങ്ങൾ; വസിക്ക=ഇരിക്ക. ഹലഭൃതാ വിനാ—ഹലഭൃത്തോടുകൂടാതെ; ഹലഭൃത്ത്=ശ്രീബലഭദ്രൻ. പ്രീതിരസേന—പ്രീതിരസം ഹേതുവായിട്ട്; പ്രീതിരസം=പ്രീത്യതിശയം. വാസവിനാ രമിതഃ—അങ്ങിനെയിരുന്ന കൃഷ്ണൻ; വാസവിയാൽ രമിതനായിരുന്നു; വാസവി=അർജ്ജുനൻ; രമിതൻ=രമിക്കപ്പെട്ടവൻ; രമിപ്പിക്ക=സുഖിപ്പിക്ക. കൃതാരിസേനാഹാനിഃ—അങ്ങിനെയിരുന്ന കൃഷ്ണൻ; കൃതാരിസേനാഹാനിയായിരുന്നു; കൃതാരിസേനാഹാനി=കൃതയായിരിക്കുന്ന അരിസേനാഹാനിയോടുകൂടിയവൻ; കൃത=ചെയ്യപ്പെട്ടതു്; അരിസേനാഹാനി=അരിസേനയുടെ ഹാനി; അരിസേന=അരികളുടെ സേന; അരികൾ=ശത്രുക്കൾ; സേന=പടജ്ജനം; ഹാനി=നാശം.

41 സസ്നേഹരിരംസേന
ധ്രിയമാണഭജോഽർജ്ജുനേന ഹരി രംസേന
അഗമച്ച ക്രീഡായൈ
യമുനാം പ്രതി, വന്ദിനശ്ച ചക്രീഡായൈ.

ഹരിഃ ക്രീഡായൈ യമുനാം പ്രതി അഗമൽ, വന്ദിനഃ ചക്രീഡായൈ ച=ഹരി ക്രീഡക്കായിക്കൊണ്ടു് യമുനയെക്കുറിച്ചു് ഗമിപ്പൂ

ളും ചെയ്തു, വന്ദികൾ ചക്രീഡകായിക്കൊണ്ടും; ഹരി=ശ്രീകൃഷ്ണൻ; ക്രീഡ=കളി; യമുന=കാളിന്ദി; ഗമിക്ക=പോക; വന്ദികൾ=സ്തുതി പാഠകന്മാർ; ചക്രീഡ=ചക്രിയുടെ ഈഢ; ചക്രീ=ശ്രീകൃഷ്ണൻ; ഈഢ=സ്തുതി. അർജ്ജുനേന അംസേന ധ്രിയമാണഭുജഃ—അങ്ങിനെയിരുന്ന ഹരി; അർജ്ജുനനാൽ അംസംകൊണ്ട് ധ്രിയമാണഭുജനായിരുന്നു; അംസം=ചുമല്; ധ്രിയമാണഭുജൻ=ധ്രിയമാണമായിരിക്കുന്ന ഭുജത്തോടുകൂടിയവൻ; ധ്രിയമാണം=ധരിക്കപ്പെട്ടിയങ്ങുന്നതു്; ഭുജം=കയ്യ്. സസ്നേഹരിരംസേന—അങ്ങിനെയിരുന്ന അർജ്ജുനൻ; സസ്നേഹരിരംസനായിരുന്നു; സസ്നേഹരിരംസൻ=സ്നേഹരിരംസകളോടു കൂടിയവൻ; സ്നേഹരിരംസകൾ=സ്നേഹവും രിരംസയും; രിരംസ=രമിപ്പാനായിക്കൊണ്ടുള്ള ഇച്ഛ.

42 ഭുവനവിഭാ,വയമാനേ
വനവിഹരണവിഭ്രമം വിഭാവയമാനേ
ഋതവോ മാധവമാസം
നിധായ പുരത സ്തതോഽഭി മാധവ മാസൻ.

ഭുവനവിഭൌ വനവിഹരണവിഭ്രമം വിഭായമാനേ അയമാനേ തതഃ ഋതവഃ മാധവമാസം പുരതഃ നിധായ അഭിമാധവം ആസൻ=ഭുവനവിഭു വനവിഹരണവിഭ്രമത്തെ വിഭാവയമാനനായി അയമാനനായിരിക്കും വിഷയത്തിങ്കൽ, അനന്തരം ഋതുക്കൾ മാധവമാസത്തെ മുമ്പിലാക്കീട്ട് മാധവനെ അഭിമുഖീകരിച്ചു ഭവിച്ചു; ഭുവനവിഭു=ശ്രീകൃഷ്ണൻ; വനവിഹരണവിഭ്രമം=വനവിഹരണത്തിങ്കലെ വിഭ്രമം; വനവിഹരണം=വനക്രീഡ; വിഭ്രമം=വിലാസം; വിഭാവയമാനൻ=ദർശിപ്പിച്ചിയങ്ങുന്നവൻ; ദർശിപ്പിക്ക=കാട്ടുക; അയമാനൻ=പ്രാപിച്ചിയങ്ങുന്നവൻ; ഋതുക്കൾ=വസന്തം, ഗ്രീഷ്മം, പ്രാവൃഡ്, ശരത്, ഹേമന്തം, ശിശിരം എന്നിവ; മാധവമാസം=മാധവൻെറ മാസം; മാധവൻ=വസന്തം; മാധവൻ=ശ്രീകൃഷ്ണൻ; അഭിമുഖീകരിക്ക=നേരിടുക.

43 മുകുളഃ സന്തേനേ യഃ
ചംപക തരുണാഽഗതേ വസന്തേ നേയഃ
ദീപ ഇവ സ്വച്ഛശിഖഃ
സ ബഭൌ; ലോകശ്ച ശുഭവിവസ്വച്ഛശിഖഃ.

ചംപകതരുണാ യഃ മുകുളഃ സന്തേനേ, സഃ വസന്തേ ആഗതേ നേയഃ ദീപഃ ഇവ ബഭൌ=ചമ്പകതരുവിനാൽ യാതൊരു മുകുളം പരത്തപ്പെട്ടുവോ അതു് വസന്തം ആഗതനായിരിക്കും വിഷയത്തിങ്കൽ നേയമായിരിക്കുന്ന ദീപം എന്നപോലെ ശോഭിച്ചു; ചമ്പകതരു= ചമ്പകവൃക്ഷം; മുകുളം=മൊട്ടു്; ആഗതൻ=ആഗമിച്ചവൻ; ആഗമിക്ക=വരിക; നേയം=നയിക്കപ്പെടുവാൻ യോഗ്യം; നയിക്ക=പ്രാപിപ്പിക്ക. സ്വച്ഛശിഖഃ—അങ്ങിനെയിരുന്ന ദീപഃ; സ്വച്ഛശിഖയായിരുന്നു; സ്വച്ഛശിഖ=സ്വച്ഛയായിരിക്കുന്ന ശിഖയോടുകൂടിയതു്; സ്വച്ഛം=നിമ്മലം; ശിഖ=ജ്വാല. ശുഭവിവസ്വച്ഛശിഖഃ ലോകഃ ച=ശുഭവിവ സ്വച്ഛശിഖമായിരിക്കുന്ന ലോകവും ശോഭിച്ചു; ശുഭവിവസ്വച്ഛശിഖം=ശുഭവിവസ്വച്ഛശിയായിരിക്കുന്ന ഖത്തോടുകൂടിയതു്; ശുഭവിവസ്വച്ഛശി=ശുഭന്മാരായിരിക്കുന്ന വിവസ്വച്ഛശികളോടുകൂടിയതു്; ശുഭന്മാർ=ശോഭനന്മാർ; വിവസ്വച്ഛശികൾ=വിവസ്വാനും ശശിയും; വിവസ്വാൻ=ആദിത്യൻ; ശശി=ചന്ദ്രൻ; ഖം= ആകാശം.

44 പഥികജനാനാം കുരവാൻ
കുർവൻ കുരവോ ബഭ്രുവ നാനാംകുരവാൻ
പ്രേക്ഷ്യ രുച ഞ്ചൂതസ്യ
സ്തബകേഷു പികശ്ചകാര ചഞ്ചും തസ്യ

കുരവഃ നനാംകുരവാൻ ബഭ്രുവ=കുരവം നാനാംകുരവാനായി ഭവിച്ചു; കുരവം=കുരുക്കുത്തിമുല്ല; നാനാങ്കുരവാൻ=നാനാങ്കുരങ്ങളുള്ളതു്; നാനാങ്കുരങ്ങൾ=നാനാവിധങ്ങളായിരിക്കുന്ന അങ്കുരങ്ങൾ; നാനാവിധങ്ങൾ=ബഹുവിധങ്ങൾ; അങ്കുരങ്ങൾ=മൊട്ടുകൾ. പഥികജനാ

നാം കുരവാൻ കുർവ്വൻ—അങ്ങിനെ ഇരുന്നു കുരവം; പഥികജനങ്ങൾക്ക് കുരവങ്ങളെ കുർവ്വന്നായിരുന്നു; പഥികജനങ്ങൾ=വിരഹികൾ; കുരവങ്ങൾ=കുത്സിതങ്ങളായിരിക്കുന്ന രവങ്ങൾ; കുത്സിതങ്ങൾ=നിന്ദിതങ്ങൾ; രവങ്ങൾ=ശബ്ദങ്ങൾ; കുർവ്വൻ=ഉണ്ടാക്കിയിയങ്ങുന്നതു്. പികഃ ചൂതസ്യ രുചം പ്രേക്ഷ്യ തസ്യ സ്തബകേഷു ചഞ്ചു ചകാര=പികം ചൂതത്തിൻെറ രുക്കിനെ പ്രേക്ഷിച്ചിട്ട് അതിൻെറ സ്തബകങ്ങളിൽ ചഞ്ചുക്കളെ വിക്ഷേപിച്ചു; പികം=കുയില്; ചൂതം=തേൻമാവ്; രുക്ക്=ശോഭ; പ്രേക്ഷിക്ക=കാൺക; സ്തബകങ്ങൾ=പൂന്തൊത്തുകൾ; ചഞ്ചുക്കൾ=കൊക്കുകൾ; വിക്ഷേപിക്ക=വയ്ക്കു.

45 ഭൃംഗചമൂപരിവാരഃ
തസ്താരാംഗാരവൽ കിമുപരി വാരഃ
നതു നളിനാനി വസന്തഃ
പ്ലുഷ്ടാ ഹ്യമുനാ പ്രിയാം വിനാ നിവസന്തഃ.

വസന്തഃ വാരഃ ഉപരി കിമു തസ്താര=വസന്തം വാരിൻെറ ഉപരിഭാഗത്തിങ്കൽ എന്തൊന്നിനെയാണോ സ്തരിച്ചതു്; വാരു്=ജലം; ഉപരിഭാഗം=മേൽഭാഗം; സ്തരിക്ക=പരത്തുക. അംഗാരവൽ=അംഗാരത്തെപ്പോലെ; അംഗാരം=കനൽ. നളിനാനി നതു=നളിനങ്ങളെ അല്ല; നളിനങ്ങൾ=താമരപ്പൂവുകൾ; ഭൃംഗചമൂപരിവാരഃ—അങ്ങിനെയിരുന്നു വസന്തം; ഭൃംഗചമൂപരിവാരനായിരുന്നു; ഭൃംഗചമൂപരിവാരൻ=ഭൃംഗചമൂവാകുന്ന പരിവാരത്തോടുകൂടിയവൻ; ഭൃംഗചമൂ=വണ്ടിൻ ചാർത്തു്; പരിവാരം=പരിജനം. ഹി പ്രിയാം വിനാ നിവസന്തഃ അമുനാ പ്ലുഷ്ടാഃ=എന്തുകൊണ്ടെന്നാൽ പ്രിയയോടുകൂടാതെ നിവസത്തുകളായിരിക്കുന്നവർ ഇതിനാൽ പ്ലുഷ്ടന്മാരായി ബ്‌ഭവിക്കുന്നു. പ്രിയ=ഭാര്യ; നിവസത്തുകൾ=നിവസിച്ചിയങ്ങുന്നവർ; നിവസിക്ക=ഇരിക്ക; പ്ലുഷ്ടന്മാർ=ദശ്ധന്മാർ.

46 സ്ഫുടിതം ച പലാശേന,
ഭ്രാന്തം ഭ്രമരേണ ചൈവ ചപലാശേന,

ഹസിതമശോക പ്രസവൈഃ,

പതിതം പാന്ഥാശ്രുഭിശ്ച ശോകപ്രസവൈഃ.

പലാശേന ച സ്ഫുടിതം=പലാശത്താലും സ്ഫുടിപ്പൂ എന്നുള്ളതുണ്ടായി; പലാശം=പ്ലാശിൻപൂവ്; സ്ഫുടിക്ക=വികസിക്ക. ഭ്രമരേണ ഭ്രാന്തം ഏവ ച=ഭ്രമരത്താൽ ഭ്രമിപ്പൂ എന്നുള്ളതേ ഉണ്ടായതുള്ളൂ; ഭ്രമരം=വണ്ട്; ഭ്രമിക്ക=ഉഴലുക. ചപലാശേന—അങ്ങിനെയിരുന്ന ഭ്രമരം; ചപലാശമായിരുന്നു; ചപലാശം=ചപലയായിരിക്കുന്ന ആശയോടുകൂടിയത്; ചപല=ചഞ്ചല; ആശ=ശ്രദ്ധ. അശോകപ്രസവൈഃ ഹസിതം=അശോകപ്രസവങ്ങളാൽ ഹസിപ്പൂ എന്നുള്ളതുണ്ടായി; അശോകപ്രസവങ്ങൾ=അശോകത്തിൻപൂക്കൾ. ഹസിക്ക=വികസിക്ക. പാന്ഥാശ്രുഭിഃ ച പതിതം=പാന്ഥാശ്രുക്കളാലും പതിപ്പൂ എന്നുള്ളതുണ്ടായി; പാന്ഥാശ്രുക്കൾ=പാന്ഥന്മാരുടെ അശ്രുക്കൾ; പാന്ഥന്മാർ=വിരഹികൾ; അശ്രുക്കൾ=കണ്ണുനീരുകൾ; പതിക്ക=വീഴുക. ശോകപ്രസവൈഃ—അങ്ങിനെയിരുന്ന പാന്ഥാശ്രുക്കൾ; ശോകപ്രസവങ്ങളായിരുന്നു; ശോകപ്രസവങ്ങൾ=ശോകത്തിങ്കൽനിന്നു പ്രസവത്തോടുകൂടിയവ; ശോകം=ദുഃഖം; പ്രസവം=ഉത്ഭവം.

47 സ്വതലോരസി തരുഗളിതഃ
കച്ഛുഭവാ കുസുമരേണു,രസിതരു,ഗളിതഃ
ചാരുവസന്തോഷിതയാ
ദധ്രേ പുളകോദ്ഗമനേവ സന്തോഷിതയാ.

കച്ഛുഭവാ സ്വതലോരസി തരുഗളിതഃ കുസുമരേണുഃ ദധ്രേ=കച്ഛുഭൂവിനാൽ സ്വതലോരസ്സിങ്കൽ തരുഗളിതമായിരിക്കുന്ന കുസുമരേണു ധരിക്കപ്പെട്ടു; കച്ഛുഭൂവ്=മിട്ടാൽ പ്രദേശം; സ്വതലോരസ്സ്=സ്വതലമാകുന്ന ഉരസ്സ്; സ്വതലം=തൻെറ തലം; തലം=പ്രദേശം; ഉരസ്സ്=മാറിടം; തരുഗളിതം=തരുക്കളിൽനിന്ന് ഗളിതം; തരുക്കൾ=വൃക്ഷങ്ങൾ; ഗളിതം=പതിതം; കുസുമരേണു=പൂമ്പൊടി.

അളിതഃ അസിതരുക്—അങ്ങിനെയിരുന്ന കുസുമരേണു; അളിയെ കൊണ്ടു് അസിതരുക്കായിരുന്നു; അളി=വണ്ടു്; അസിതരുക്ക്=അസിതയായിരിക്കുന്ന രുക്കിനോടുകൂടിയതു്; അസിത=കറുത്തതു്; രുക്ക്=ശോഭ. അങ്ങിനെയിരുന്ന രേണു; ചാരു വസന്തോഷിതയാ അമുനാ സന്തോഷിതയാ പുളക ഇവ=ചാരുവാകുംവണ്ണം വസന്തോഷിതയായി ഇവനാൽ സന്തോഷിതയായിരിക്കുന്നവളാൽ ധരിക്കപ്പെട്ട പുളകമോ എന്നു തോന്നും; ചാരുമനോഹരം; വസന്തോഷിത=വസന്തത്തിനോടുകൂടെ ഉഷിത; ഉഷിത=വസിച്ചവൾ; സന്തോഷിത=സന്തോഷിപ്പിക്കപ്പെട്ടവൾ; പുളകം=രോമാഞ്ചം.

46 ഭൃംഗകൃതാരാവ ന്തം
ജപന്ത മിവ ദന്തധവളതാരാവന്തം
നരകഭി ദാതപസേവാ-
നിരത മപശ്യ ച്ഛുചിം തദാ, തപസേ വാ.

തദാ നരകഭിൽ തം ശുചിം അപശ്യൽ=അക്കാലഃ നരകഭിത്തു് ആ ശുചിയെ ദർശിച്ചു; നരകഭിത്തു്=ശ്രീകൃഷ്ണൻ; ശുചി=ഗ്രീഷ്മം; ദർശിക്ക=കാൺക. ഭൃംഗകൃതാരാവം—അങ്ങിനെയിരുന്ന ശുചി; ഭൃംഗകൃതാരാവനായിരുന്നു; ഭൃംഗകൃതാരാവൻ=ഭൃംഗകൃതമായിരിക്കുന്ന ആരാവത്തോടുകൂടിയവൻ; ഭൃംഗകൃതം=ഭൃംഗങ്ങളാൽ കൃതം; ഭൃംഗങ്ങൾ=വണ്ടുകൾ; കൃതം=ഉണ്ടാക്കപ്പെട്ടതു്; ആരാവം=ശബ്ദം; ജപന്തം ഇവ=ജപന്നോ എന്നു തോന്നും; ജപൻ=ജപിച്ചിരിക്കുന്നവൻ. ദന്തധവളതാരാവന്തം—അങ്ങിനെയിരുന്ന ശുചി; ദന്തധവളതാരാവാനായിരുന്നു; ദന്തധവളതാരാവാൻ=ദന്തധവളതാരകളുള്ളവൻ; ദന്തധവളതാരകൾ=ദന്തധവളകളായിരിക്കുന്ന താരകൾ; ദന്തധവളകൾ=ദന്തങ്ങളെപ്പോലെ ധവളകൾ; ദന്തങ്ങൾ=പല്ലുകൾ; ധവളകൾ=വെളുത്തവ; താരകൾ=നക്ഷത്രങ്ങൾ. ആതപസേവാനിരതം—അങ്ങിനെയിരുന്ന ശുചി; ആതപസേവാനിരതനായിരുന്നു; ആതപസേവാനിരതൻ=ആതപസേവയിങ്കൽ നിരതൻ; ആതപസേവ=ആതപത്തിന്റെ

സേവ; ആതപം=വെയില്; നിരതൻ=തല്പരൻ; തപസേവാ=തപസ്സിന്നായിക്കൊണ്ടോ എന്നു തോന്നും.

49 ന പ്രസവേ ശൈരീഷേ
വിയുക്തി രളിഭിഃ കൃതപ്രവേശൈ രീഷേ
സുമനസ്സേവന മന്തഃ
ഗത്വാ ബഹുമന്വതേ രസേഽവനമന്തഃ.

ശൈരീഷേ പ്രസവൈഃ കൃതപ്രവേശൈഃ അളിഭിഃ വിയുക്തിഃ ന ഈഷേ=ശൈരീഷമായിരിക്കുന്ന പ്രസവത്തിങ്കൽ കൃതപ്രവേശങ്ങളായിരിക്കുന്ന അളികളാൽ വിയുക്തി ഇച്ഛിക്കപ്പെട്ടില്ല; ശൈരീഷം=ശിരീഷത്തെ സംബന്ധിച്ചിട്ടുള്ളതു്; ശിരീഷം=നെന്മേനിവാക; പ്രസനം=പുഷ്പം; കൃതപ്രവേശങ്ങൾ=കൃതമായിരിക്കുന്ന പ്രവേശത്തോടുകൂടിയവ; കൃതം=ചെയ്യപ്പെട്ടതു്; പ്രവേശം=അകംപൂകൽ; അളികൾ=വണ്ടുകൾ; വിയുക്തി=വേർപാട്. അന്തഃ ഗത്വാ രസേ അവനമന്തഃ സുമനഃസേവനം ബഹുമന്വതേ=അന്തർഭാഗത്തിങ്കൽ ഗമിച്ചിട്ടു് രസത്തിങ്കൽ അവനമത്തുകളായിരിക്കുന്ന അവർ സുമനസ്സേവനത്തെ ബഹുമാനിക്കുന്നു; അന്തർഭാഗം=ഉള്ളു്; ഗമിക്ക=പ്രാപിക്ക; രസം=പുഷ്പരസം; രസം=സുഖം; അവനമത്തുകൾ=അവനമിച്ചിയങ്ങുന്നവർ; അവനമിക്ക=കുമ്പിടുക; സുമനസ്സേവനം=സുമനസ്സുകളുടെ സേവനം; സുമനസ്സുകൾ=പുഷ്പങ്ങൾ; (സുമനസ്സുകൾ=സജ്ജനങ്ങൾ); സേവനം=സേവ.

50 അഥ ഭൃംഗാനവമ രുത
സ്ഫീതാഃ പ്രാവൃഡ്ഘനാഗ്രഗാഃ നവമരുതഃ
ആയാസം പദവീജം
നിയമ്യ ശൌരേഃ സമാന്ധ്യസംപ ദവീജൻ.

അഥ പ്രാവൃഡ് ഘനാഗ്രഗാഃ നവമരുതഃ അവീജൻ=അനന്തരം പ്രാവൃഡ്ഘനാഗ്രഗങ്ങളായിരിക്കുന്ന നവമരുത്തുകൾ വീജനംചെ

യ്ക്കു; പ്രാവൃഡ്ഘനാഗ്രഗങ്ങൾ=പ്രാവൃഡ്ഘനങ്ങളുടെ അഗ്രഗങ്ങൾ; പ്രാവൃഡ്ഘനങ്ങൾ=പ്രാവൃഡ്കാലത്തിലെ ഘനങ്ങൾ; പ്രാവൃഡ്കാലം=വൎഷാകാലം; ഘനങ്ങൾ=മേഘങ്ങൾ; അഗ്രഗങ്ങൾ=അഗ്രത്തിങ്കൽ ഗമിക്കുന്നവ; അഗ്രം=മുമ്പു്; ഗമിക്ക=സഞ്ചരിക്ക. നവമരുത്തുകൾ=നവങ്ങളായിരിക്കുന്ന മരുത്തുകൾ; നവങ്ങൾ=പുതുതായുള്ളവ; മരുത്തുകൾ=വായുക്കൾ. വീജനംചെയ്ക=വീശുക; ശൌരേഃ പദവീജം ആയാസം നിയമ്യ—ശൌരിയുടെ പദവീജമായിരിക്കുന്ന ആയാസത്തെ നിയമം ചെയ്തിട്ടു്; ശൌരി=ശ്രീകൃഷ്ണൻ; പദവീജം=പദവീങ്കൽനിന്നു ജനിച്ചതു്; പദവീ=മാർഗ്ഗം; ആയാസം=ക്ലേശം; നിയമംചെയ്ക=അടക്കുക. ഭൃംഗാനവമരുതസ്ഫീതാഃ—അങ്ങിനെയിരുന്ന നവമരുതങ്ങൾ; ഭൃംഗാനവമരുതസ്ഫീതങ്ങളായിരുന്നു; ഭൃംഗാനവമരുതസ്ഫീതങ്ങൾ=ഭൃംഗാനവമരുതങ്ങളെക്കൊണ്ടു് സ്ഫീതങ്ങൾ; ഭൃംഗാനവമരുതങ്ങൾ=ഭൃംഗങ്ങളുടെ അനവമരുതങ്ങൾ; ഭൃംഗങ്ങൾ=വണ്ടുകൾ; അനവമരുതങ്ങൾ=അനവമങ്ങളായിരിക്കുന്ന രുതങ്ങൾ; അനവമങ്ങൾ=ഉൽകൃഷ്ടങ്ങൾ; രുതങ്ങൾ=ശബ്ദങ്ങൾ; സ്ഫീതങ്ങൾ=പ്രവൃദ്ധങ്ങൾ. സമാന്ദ്യസംപൽ—അങ്ങനെയിരുന്ന വീജനം—സമാന്ദ്യസമ്പത്തു് ആയിരുന്നു. സമാന്ദ്യസമ്പത്തു്=മാന്ദ്യത്തിനോടുകൂടുംവണ്ണം; മാന്ദ്യസമ്പത്ത്=മാന്ദ്യാതിശയം.

51 പ്രീണിതമാനവകോടേഃ
ഉദയേ മേഘസ്യ മോദമാന ബകോടേഃ
അഭവൽ സന്നാ ഹംസാ-
വലിർ, ദധൌ ച ഗമനസന്നാഹം സാ.

മേഘസ്യ ഉദയേ ഹംസാവലിഃ സന്നാ അഭവൽ=മേഘത്തിൻെറ ഉദയത്തിൽ ഹംസാവലി സന്നയായി ഭവിച്ചു. ഹംസാവലി=ഹംസങ്ങളുടെ ആവലി. ഹംസങ്ങൾ=അരയന്നങ്ങൾ; ആവലി=സമൂഹം; സന്നാ=ക്ഷീണാ. പ്രീണിതമാനവകോടേഃ—അങ്ങിനെയിരുന്ന മേഘം; പ്രീണിതമാനവകോടിയായിരുന്നു; പ്രീണിതമാനവകോടി=പ്രീണിതയായിരിക്കുന്ന മാനവകോടിയോടുകൂടിയതു്; പ്രീണിത=സന്തോഷിപ്പിക്കപ്പെട്ടതു്; മാനവകോടി=മാനവന്മാരുടെ കോടി;

മാനവന്മാർ=മനുഷ്യർ; കോടി=സമൂഹം. മോദമാനബകോടേ:— അങ്ങിനെയിരുന്ന ഉദയം; മോദമാനബകോടമായിരുന്നു; മോദമാന ബകോടം=മോദമാനങ്ങളായിരിക്കുന്ന ബകോടങ്ങളോടുകൂടിയതു്; മോദമാനങ്ങൾ മോദിപ്പിച്ചിയങ്ങുന്നവ; മോദിപ്പിക്ക=സന്തോഷിപ്പിക്ക; ബകോടങ്ങൾ=ബകങ്ങൾ. സാ ഗമനസന്നാഹം ദധൌ ച=അതു് ഗമനസന്നാഹത്തെ ധരിപ്പൂതും ചെയ്തു; ഗമനസന്നാഹം=ഗമനത്തിങ്കലെ സന്നാഹം; ഗമനം=യാത്ര; സന്നാഹം=ഒരുമ്പാടു്.

52 സകല ജഗത്യാധാരാഃ
ന സമാ മേഘസ്യ പുണ്യഗത്യാ ധാരാഃ
അന്യാ സ്വാദാപേതേ
ചാതകവദനേ യയാ ജവാ ദാപേതേ

മേഘസ്യ ധാരാഃ പുണ്യഗത്യാ തയാ ന സമാഃ=മേഘത്തിന്റെ ധാരകൾ പുണ്യഗതികൊണ്ടു് അതിനോടു സമകളല്ല. ധാരകൾ= ജലധാരകൾ; പുണ്യഗതി=പുണ്യപ്രാപ്തി; സമകൾ=തുല്യകൾ. സകലജഗത്യാധാരാഃ—അങ്ങിനെയിരുന്ന ധാരകൾ; സകലജഗത്യാധാരകളായിരുന്നു; സകലജഗത്യാധാരകൾ=സകലജഗതിക്കും ആധാരകൾ; സകലജഗതി=ഒട്ടൊഴിയാതെയുള്ള ജഗതി; ജഗതി=ഭൂമി; ആധാരകൾ=ആശ്രയമായിട്ടുള്ളവ. യയാ ജവാൽ ചാതകവദനേ ആപേതേ=യാതൊന്നിനാൽ വേഗേന ചാതകവദനത്തിങ്കൽ ആപതിപ്പൂ എന്നുള്ളതുണ്ടായിതു്; ചാതകവദനം=ചാതകത്തിന്റെ വദനം; ചാതകം=വേഴാമ്പൽ; വദനം=മുഖം; ആപതിക്ക=വീഴുക. അന്യാസ്വാദാപേതേ—അങ്ങിനെയിരുന്ന ചാതകവദനം; അന്യാസ്വാദാപേതമായിരുന്നു; അന്യാസ്വാദാപേതം=അന്യാസ്വാദത്തോടു് അപേതം; അന്യാസ്വാദം=മററുള്ളവററിന്റെ ആസ്വാദം; ആസ്വാദം=ആസ്വദിക്ക; അപേതം=വേർപെട്ടതു്.

53 വിദധാനാ ധ്വനിമലിനാ
ന കേതകീ രാക്ഷസീ വനാദധ്വനി മലിനാ

പഥികൈ രാത്തവ ദശനൈഃ
സ്ഫുരിതാ സേഹേ പതദ്ഭി രാത്തവദശനൈഃ.

പഥികൈഃ വനാദ്ധ്വനി കേതകീ രാക്ഷസീ ന സേഹേ=പഥികന്മാരാൽ വനാദ്ധ്വാവിങ്കൽ കേതകിയാകുന്ന രാക്ഷസി സഹിക്കപ്പെട്ടില്ല; പഥികന്മാർ=വിരഹികൾ; വനാദ്ധ്വാവു്=വനമാൎഗ്ഗം; കേതകി=കൈത. അലിനാ(അളിന)ധ്വനിം വിദധാനാ—അങ്ങിനെയിരുന്ന കേതകിയാകുന്ന രാക്ഷസി; അളിയെക്കൊണ്ടു് ധ്വനിയെ വിദധാനയായിരുന്നു; അളി=വണ്ടു്; ധ്വനി=ശബ്ദം; വിദധാനാ=ഉണ്ടാക്കിയിയങ്ങുന്നവൾ. മലിനാ—അങ്ങിനെയിരുന്ന രാക്ഷസി; മലിനയായിരുന്നു; മലിന=കൃഷ്ണവൎണ്ണ. ആത്തവദശനൈഃ സ്ഫുരിതാ—അങ്ങിനെയിരുന്ന രാക്ഷസി; ആത്തവദശനങ്ങളെക്കൊണ്ടു് സ്ഫുരിതയായിരുന്നു; ആത്തവദശനങ്ങൾ=ആത്തവമായിരിക്കുന്ന ദശനങ്ങൾ; ആത്തവം=പുഷ്പം; ദശനങ്ങൾ=ദന്തങ്ങൾ; സ്ഫുരിതാ=ശോഭിച്ചവൾ. ആത്തവൽ അശനൈഃ പതൽഭിഃ—അങ്ങിനെയിരുന്ന പഥികന്മാർ; ആൎത്തന്മാരെപ്പോലെ വേഗേന പതത്തുകളായിരുന്നു; ആൎത്തന്മാർ=പരവശന്മാർ; പതത്തുകൾ=പതിച്ചിയങ്ങുന്നവർ; പതിക്ക=വീഴുക.

54 ഘടിതനികേത കവാടഃ
കാമിജനൈഃ സ്ഫുരിതസുരഭികേതക വാടഃ
ജലദൈഃ സകലാപിഹിതഃ
കാലോ വ്യാജൃംഭതേ സ്മ സ കലാപിഹിതഃ.

കലാപിഹിതഃ സഃ കാലഃ വ്യാജൃംഭതേ സ്മ=കലാപിഹിതമായിരിക്കുന്ന അക്കാലം വ്യാജൃംഭിച്ചു; കലാപിഹിതം=കലാപികൾക്കായിക്കൊണ്ടു് ഹിതം; കലാപികൾ=മയിലുകൾ; ഹിതം=ഇഷ്ടം; വ്യാജൃംഭിക്ക=മൂരിനീരുക. കാമിജനൈഃ ഘടിതനികേതകവാടഃ—അങ്ങിനെയിരുന്ന കാലം; കാമിജനങ്ങളാൽ ഘടിതനികേതകവാടമായിരുന്നു; കാമിജനങ്ങൾ=കാമികൾ; ഘടിതനികേതകവാടം=ഘടിതങ്ങ

ളായിരിക്കുന്ന നികേതകവാടങ്ങളോടുകൂടിയതു്; ഘടിതങ്ങൾ=അട ക്കപ്പെട്ടവ; നികേതകവാടങ്ങൾ=നികേതങ്ങളിലെ കവാടങ്ങൾ; നി കേതങ്ങൾ=ഭവനങ്ങൾ; കവാടങ്ങൾ=വാതിലുകൾ. സ്ഫുരിതസുര ഭികേതകവാടഃ—അങ്ങിനെ ഇരുന്ന കാലം; സ്ഫുരിതസുരഭികേത കവാടമായിരുന്നു; സ്ഫുരിതസുരഭികേതകവാടം=സ്ഫുരിതങ്ങളാ യിരിക്കുന്ന സുരഭികേതകവാടങ്ങളോടുകൂടിയതു്; സ്ഫുരിതങ്ങൾ= ശോഭിച്ചവ; സുരഭികേതകവാടങ്ങൾ=സുരഭികളായിരിക്കുന്ന കേതക വാടങ്ങൾ; സുരഭികൾ=ഘ്രാണേന്ദ്രിയാനന്ദകരങ്ങൾ; കേതകവാട ങ്ങൾ=കൈതത്തോട്ടങ്ങൾ. ജലദൈഃ സകലാപിഹിതഃ—അങ്ങിനെ യിരുന്ന കാലം; ജലദങ്ങളെക്കൊണ്ട് സകലാപിഹിതമായിരുന്നു; ജലദങ്ങൾ=മേഘങ്ങൾ; സകലാപിഹിതം=മുഴുവനെ അപിഹിതം; അപിഹിതം=മൂടപ്പെട്ടതു്.

55 അഥ നവകോകനദേന
ക്ഷിതിഃ കപണൽ കുരരഹംസകോക നദേന
രമമാണ വിശേഷേണ
പ്രാപ്യത യോഷേവ ഭൂഷണവിശേഷേണ.

അഥ ക്ഷിതിഃ ഇഷേണ പ്രാപ്യത=അനന്തരം ക്ഷിതി ഇഷ ത്താൽ പ്രാപിക്കപ്പെട്ടു; ക്ഷിതി=ഭൂമി; ഇഷം=ഇഷമാസം; നവകോ കനദേന—അങ്ങിനെയിരുന്ന ഇഷം; നവകോകനദമായിരുന്നു; നവ കോകനദം=നവങ്ങളായിരിക്കുന്ന കോകനദങ്ങളോടുകൂടിയതു്; നവ ങ്ങൾ=പുതുതായുള്ളവ; കോകനദങ്ങൾ=അരക്കാംപലകൾ (രക്തോ ല്പലങ്ങൾ). കപണൽ കുരരഹംസകോകനദേന—അങ്ങിനെയിരു ന്ന ഇഷം—കപണൽ കുരരഹംസകോകനദമായിരുന്നു; കപണൽ കുര രഹംസകോകനദം=കപണൽ കുരരഹംസകോകങ്ങളായിരിക്കുന്ന നദ ങ്ങളോടുകൂടിയതു്; കപണൽ കുരരഹംസകോകങ്ങൾ=കപണത്തുക ളായിരിക്കുന്ന കുരരഹംസകോകങ്ങളോടുകൂടിയവ; കപണത്തുകൾ= ശബ്ദിച്ചിയങ്ങുന്നവ; കുരരഹംസകോകങ്ങൾ=കുരരങ്ങളും, ഹംസങ്ങ ളും, കോകങ്ങളും; കുരരങ്ങൾ=അന്നിൽ പക്ഷികൾ; ഹംസങ്ങൾ=

അരയന്നങ്ങൾ; കോകങ്ങൾ=ചക്രവാകങ്ങൾ; നദങ്ങൾ=ആണാറ കൾ.(?) രമമാണ വിശാ—അങ്ങിനെയിരുന്ന ഇഷം; രമമാണവിട്ടായിരുന്നു; രമമാണവിട്ട്=രമമാണന്മാരായിരിക്കുന്ന വിട്ടുകളോടുകൂടിയത്; രമമാണന്മാർ=രമിച്ചിയങ്ങുന്നവർ; രമിക്ക=സുഖിക്ക; വിട്ടുകൾ= വൈശ്യർ. യോഷാ ഭൂഷണ വിശേഷേണ ഇവ=യോഷ ഭൂഷണവിശേഷത്താൽ എന്നപോലെ; യോഷ=സ്ത്രീ; ഭൂഷണവിശേഷം=ആഭരണവിശേഷം.

56 വിരഹിണ മാരവ്യസനം
ഭൃംഗൈശ്ച ബഭൂവ ഭുവന മാര വ്യസനം
സുതരാ മഭ്രമ ദഭ്രം
ബഭ്രാജേ ഭ്രമരവണ്ണ മഭ്രമദഭ്രം.

വ്യസനം വിരഹിണം ആര=വ്യസനം വിരഹിയെ പ്രാപിച്ചു. വ്യസനം=ദുഃഖം; ഭുവനം ഭൃംഗൈഃ ആരവ്യസനം ബഭൂവ ച=ഭുവനം ഭൃംഗങ്ങളെക്കൊണ്ട് ആരവ്യസനമായി ഭവിപ്പുതും ചെയ്തു; ഭുവനം= ലോകം; ഭൃംഗങ്ങൾ=വണ്ടുകൾ; ആരവ്യസനം=ആരവികളായിരിക്കുന്ന അസനങ്ങളോടുകൂടിയത്; ആരവികൾ=ആരവമുള്ളവ; ആരവം=ശബ്ദം; അസനങ്ങൾ=വെണ്ടകൾ (ഓട്ടുകൊണ്ടുണ്ടാക്കിയ ചെറിയ മണികൾ); അഭ്രം സുതരാം ബഭ്രാജേ=അഭ്രം ഏററവും ശോഭിച്ചു; അഭ്രം=ആകാശം. അദഭ്രം—അങ്ങിനെയിരുന്ന അഭ്രം; അദഭ്രമായിരുന്നു; അദഭ്രം=പെരുകിയത്. ഭ്രമരവണ്ണം—അങ്ങിനെയിരുന്ന അഭ്രം; ഭ്രമരവണ്ണമായിരുന്നു; ഭ്രമരവണ്ണം=ഭ്രമരത്തിന്റെ വണ്ണംപോലെയിരിക്കുന്ന വണ്ണത്തോടുകൂടിയത്; ഭ്രമരം=വണ്ട്; വണ്ണം=നിറം. അഭ്രമദഭ്രം—അങ്ങിനെയിരുന്ന അഭ്രം; അഭ്രമദഭ്രമായിരുന്നു; അഭ്രമദഭ്രം=ഭ്രമദഭ്രമെന്നിയേ ഇരിക്കുന്നത്; ഭ്രമദഭ്രം=ഭ്രമത്തുകളായിരിക്കുന്ന അഭ്രങ്ങളോടുകൂടിയത്; ഭ്രമത്തുകൾ=ഭ്രമിച്ചിയങ്ങുന്നവ; ഭ്രമിക്ക= സഞ്ചരിക്ക; അഭ്രങ്ങൾ=മേഘങ്ങൾ.

57 രജനേർ മുക്താ വലയഃ
ഖഗഹേ മുനിസപ്തകേന മുക്താ വലയഃ

രേജു സ്താരാസാൎത്ഥാഃ
ന പുരേവ പയോധരാ ബത,ാരാസാൎത്ഥാഃ

താരാസാൎത്ഥാഃ രേജുഃ=താരാസാൎത്ഥങ്ങൾ ശോഭിച്ചു; താരാസാൎത്ഥങ്ങൾ=താരകളുടെ സാൎത്ഥങ്ങൾ; താരകൾ=നക്ഷത്രങ്ങൾ; സാൎത്ഥങ്ങൾ=സമൂഹങ്ങൾ. രജന്യാഃ മുക്താവലയഃ—അങ്ങിനെയിരുന്ന താരാസാൎത്ഥങ്ങൾ; രജനിയുടെ മുക്താവലികളായിരുന്നു; രജനി=രാത്രി; മുക്താവലികൾ=മുത്തുമാലകൾ. ഖഗൃഹേ മുനിസപ്തകേന മുക്താ വ (ബ)ലയഃ—അങ്ങിനെയിരുന്ന താരാസാൎത്ഥങ്ങൾ; ഖഗൃഹത്തിങ്കൽ മുനിസപ്തകത്താൽ മുക്തകളായിരിക്കുന്ന ബലികളായിരുന്നു; ഖഗൃഹം=ഖമാകുന്ന ഗൃഹം; ഖം=ആകാശം; ഗൃഹം=ഭവനം; മുനിസപ്തകം=സപ്തൎഷികൾ; മുക്തകങ്ങൾ=മോചിക്കപ്പെട്ടവ; മോചിക്ക=ഇടുക; ബലികൾ=വൈശ്വദേവബലികൾ. പയോധരാഃ പുരാ ഇവ ന ബത=പയോധരങ്ങളെല്ലാം പണ്ടെപ്പോലെ അല്ല, കഷ്ടം; പയോധരങ്ങൾ=മേഘങ്ങൾ. ആരാസാൎത്ഥാഃ—അങ്ങിനെയിരുന്ന പയോധരങ്ങൾ; ആരാസാൎത്ഥങ്ങളായിരുന്നു; ആരാസാൎത്ഥങ്ങൾ=ആരാസമാകുന്ന അൎത്ഥത്തോടുകൂടിയവ; ആരാസം=ശബ്ദം; അൎത്ഥം=ധനം.

58 ശശിനാ സകലകലേന
സ്ഫുരിതം, ശാലിഷു ശുകേന സകലകലേന
നിപതിത മാപകേപഷു;
സ്മരസ്യ ലക്ഷ്യേഷു ഭംഗമാപ കേപഷുഃ.

ശശിനാ സ്ഫുരിതം=ശശിയാൽ സ്ഫുരിപ്പു എന്നുള്ളതുണ്ടായി; ശശി=ചന്ദ്രൻ; സ്ഫുരിക്ക=ശോഭിക്ക. സകലകലേന—അങ്ങിനെയിരുന്ന ശശി; സകലകലനായിരുന്നു; സകലകലൻ=ഒട്ടൊഴിയാതെയുള്ള കലകളോടുകൂടിയവൻ; കലകൾ=ഷോഡശഭാഗങ്ങൾ. ശുകേന ശാലിഷു പതിതം=ശുകത്താൽ ശാലികളിൽ പതിപ്പു എന്നുള്ളതുണ്ടായി; ശുകം=കിളി; ശാലികൾ=നെല്ലുകൾ; പതിക്ക=ഇറങ്ങുക. സകലകലേന (സകളകളേന)—അങ്ങിനെയിരുന്ന ശുകം; സകളകളമായിരുന്നു; സകളകളം=കളകളത്തോടുകൂടിയതു്; കളക

ളം=കോലാഹലം. ആപകേഷു—അങ്ങിനെയിരുന്ന ശാലികരം; ആപകങ്ങളായിരുന്നു; ആപകങ്ങരം=പഴുത്തവ. സ്മരസ്യ ഇഷു ലക്ഷ്യേഷു ക്വ ഭംഗം ആപ=സ്മരൻെറ ഇഷു ലക്ഷ്യങ്ങളിൽ എവിടെ ഒരിടത്തു് ഭംഗത്തെ പ്രാപിച്ചു? സ്മരൻ=കാമദേവൻ; ഇഷു=ശരം; ലക്ഷ്യങ്ങരം=ലാക്കുകരം; ഭംഗം=പരാജയം.

59 പ്രതിപന്നാവശ്യായഃ
സ്ഫുടം ഭവേ ദ്വായുരംഗനാവശ്യായ
അകൃത മരുൽ സാഹസ്യഃ
സ്ത്രീം ഭർത്തുർ യ ദ്വശേ നിരുത്സാഹസ്യ.

പ്രതിപന്നാവശ്യായഃ വായുഃ അംഗനാവശ്യായ ഭവേൽ സ്ഫുടം=പ്രതിപന്നാവശ്യായനായിരിക്കുന്ന വായു അംഗനാവശ്യത്തിനായി ക്കൊണ്ടു ഭവിക്കും നിശ്ചയം; പ്രതിപന്നാവശ്യായൻ=പ്രതിപന്നമായിരിക്കുന്ന അവശ്യായത്തോടുകൂടിയവൻ; പ്രതിപന്നം=പ്രാപ്തം; അവശ്യായം=ഹിമം; അംഗനാവശ്യം=അംഗനമാരുടെ വശ്യം; അംഗനമാർ=സ്ത്രീകരം; വശ്യം=വശീകരണസാധനം. സാഹസ്യമരുൽ സ്ത്രീം ഭർത്തുഃ വശേ അകൃത യൽ=സാഹസ്യനായിരിക്കുന്ന മരുത്തു് സ്ത്രീയെ ഭർത്താവിൻെറ വശത്തിലാക്കി എന്നതു് യാതൊന്നോ; സാഹസ്യൻ=സാഹസ്യമാസത്തിങ്കൽ ഭവിച്ചവൻ; മരുത്തു്=വായു; വശം=അധീനത. നിരുത്സാഹസ്യ—അങ്ങിനെയിരുന്ന ഭർത്താവു്; നിരുത്സാഹനായിരുന്നു; നിരുത്സാഹൻ=ഉത്സാഹത്തോടുകൂടാത്തവൻ.

60 അവനിതലേ ശീതരുജഃ
കർത്താപി ഭൃശം തുഷാരലേശീ തരുജഃ
പവമാന സ്താപസ്യഃ
സ്ഥാപയിതാഭ്രൂ ദ്വിയോഗിന സ്താപസ്യ.

താപസ്യഃ തരുജഃ പവമാനഃ വിയോഗിനഃ താപസ്യ സ്ഥാപയിതാ അഭൂൽ=താപസ്യനായി തരുജനായിരിക്കുന്ന പവമാനൻ വിയോഗിയുടെ താപത്തിൻെറ സ്ഥാപയിതാവായി ഭവിച്ചു; താപ

സ്യൻ=തപസ്യമാസത്തിങ്കൽ ഭവിച്ചവൻ; തരുജൻ=തരുക്കളിൽ നിന്ന് ജനിച്ചവൻ; തരുക്കൾ=വൃക്ഷങ്ങൾ; പവമാനൻ=വായു; വിയോഗി=വിരഹി; താപം=ഉൾച്ചൂട്; സ്ഥാപയിതാവ്=സ്ഥിതിചെയ്യിപ്പിക്കുന്നവൻ. അവനിതലേ ഭൃശം ശീതരുജഃ കർത്താ അപി=അവനിതലത്തിങ്കൽ ഏറ്റവും ശീതരുക്കിന്റെ കർത്താവ് എന്നിരിക്കുന്നതാകിലും; അവനിതലം=ഭൂപ്രദേശം; ശീതരുക്ക്=ശീതംകൊണ്ടുള്ള രുക്ക്; ശീതം=തണുപ്പ്; രുക്ക്=പീഡാ; കർത്താവ്=ഉണ്ടാക്കുന്നവൻ. തുഷാരലേശീ—അങ്ങിനെയിരുന്ന പവമാനൻ; തുഷാരലേശിയായിരുന്നു; തുഷാരലേശി=തുഷാരലേശമുള്ളവൻ; തുഷാരലേശം=ഹിമജലകണം.

61 വനഭൂമൌ കുന്ദേന
സ്മിതേന സാദൃശ്യ മാപി മൌകുന്ദേന
ദേശഃ കോഽപലവംകഃ
പ്രിയാജനോപി രകൃത യുവസു കോപലവം കഃ.

വനഭൂമൌ കുന്ദേന മൌകുന്ദേന സ്മിതേന സാദൃശ്യം ആപി=വനഭൂമിയിങ്കൽ കുന്ദത്താൽ മൌകുന്ദമായിരിക്കുന്ന സ്മിതത്തോടു സാദൃശ്യം പ്രാപിക്കപ്പെട്ടു. വനഭൂമി=വനപ്രദേശം; കുന്ദം=കുരുക്കുത്തിമുല്ലപ്പൂവ്; മൌകുന്ദം=മുകുന്ദനെ സംബന്ധിച്ചിട്ടുള്ളതു്; മുകുന്ദൻ=ശ്രീകൃഷ്ണൻ; സ്മിതം=മന്ദസ്മിതം; സാദൃശ്യം=സാധർമ്മ്യം. കഃ ദേശഃ അപലവംകഃ=ഏതൊരു ദേശം ആണ് അപലവംകമായിരിക്കുന്നതു്; അപലവംകം=ലവങ്കത്തോടുകൂടാത്തതു്; ലവങ്കം=ഏലമഞ്ഞിപ്പൂവ്. കഃ പ്രിയാജനഃ യുവസു കോപലവം അപി അകൃത=ഏതൊരു പ്രിയാജനമാണ് യുവാക്കന്മാരിൽ കോപലവത്തെപ്പോലും ഉണ്ടാക്കിയതു്; പ്രിയാജനം=ഭാര്യാജനം; യുവാക്കന്മാർ=യൌവ്വനയുക്തന്മാർ; കോപലവം=കോപലേശം.

62 ഏതദൈത്യോഽനിശകലിത-
സ്ഫുരദിഷുകോദണ്ഡ ചിത്തയോനിശകലിതഃ

അകൃശൈ്ര രതിശയനമിതഃ

സ്തനഭാരൈഃ സ്ത്രീഗണോƒഥ രതിശയനമിതഃ.

തൽ വനം അശിതും പ്രാർത്ഥയേ=ആകയാൽ വനത്തെ അശിപ്പാനായിക്കൊണ്ട് പ്രാർത്ഥിക്കുന്നേൻ; അശിക്ക=ഭക്ഷിക്ക; പ്രാർത്ഥിക്ക=അപേക്ഷിക്ക. വൃക,ഗോമായു, വയോ,രംകുഗണൈഃ അമാ—വൃക

ഗോമായുവയോരംകുഗണങ്ങളോടുകൂടി; വൃകഗോമായുവയോരംകുഗണങ്ങൾ=വൃകഗോമായുവരോരംകുക്കളുടെ ഗണങ്ങൾ; വൃകഗോമായുവയോരംകുക്കൾ=വൃകങ്ങളും, ഗോമായുക്കളും, വയസ്സുകളും, രംകുക്കളും. വൃകങ്ങൾ=ചെന്നായ്ക്കൾ; ഗോമായുക്കൾ=കുറുനരികൾ; വയസ്സുകൾ=പക്ഷികൾ; രംകുക്കൾ=മൃഗവിശേഷങ്ങൾ; ഗണങ്ങൾ=സമൂഹങ്ങൾ. യുവയോഃ ഭുജബലാനുഗഃ—അങ്ങിനെയിരുന്ന ഞാൻ; നിങ്ങളിരുവരുടേയും ഭുജബലാനുഗനായിരുന്നു; ഭുജബലാനുഗൻ=ഭുജബലത്തെ അനുഗമിക്കുന്നവൻ; ഭുജബലം കയ്യൂക്ക്; അനുഗമിക്ക=അനുസരിക്ക. ദ്വിരദവരാഹാരരഹിതം—അങ്ങിനെയിരുന്ന വനം; ദ്വിരദവരാഹാരരഹിതമായിരുന്നു; ദ്വിരദവരാഹാരരഹിതം=ദ്വിരദവരാഹങ്ങളോട് അരഹിതം; ദ്വിരദവരാഹങ്ങൾ=ദ്വിരദങ്ങളും, വരാഹങ്ങളും; ദ്വിരദങ്ങൾ=ആനകൾ; വരാഹങ്ങൾ=പന്നികൾ; അരഹിതം=കൂടിയത്. വരാഹാരഹിതം—അങ്ങിനെയിരുന്ന വനം; വരാഹാരഹിതമായിരുന്നു; വരാഹാരഹിതം=വരാഹാരത്തിന്നായിക്കൊണ്ട് ഹിതം; വരാഹാരം=വരമായിരിക്കുന്ന ആഹാരം; വരം=ശ്രേഷ്ഠം; ആഹാരം=ഭക്ഷണം; ഹിതം=ഇഷ്ടം.

6 ഇത്ഥം സാദരമുക്തഃ
പ്രതിജജ്ഞേ ജിഷ്ണു രഞ്ജസാ ദരമുക്തഃ
ഹതരിപുരംഹോമായഃ
സ്ഫീതസ്യ വനസ്യ സത്വരം ഹോമായ.

ഇത്ഥം സാദരം ഉക്തഃ ജിഷ്ണുഃ വനസ്യ ഹോമായ സത്വരം അഞ്ജസാ പ്രതിജജ്ഞേ=ഇവ്വണ്ണം സാദരമാവുംവണ്ണം ഉക്തനായിരിക്കുന്ന ജിഷ്ണു വനത്തിൻെറ ഹോമത്തിന്നായിക്കൊണ്ട് സത്വരമാവുംവണ്ണം ചെഞ്ചമ്മേ പ്രതിജ്ഞചെയ്തു; സാദരം=ആദരത്തോടുകൂടുംവണ്ണം; ആദരം=ബഹുമാനം; ഉക്തൻ=വചിക്കപ്പെട്ടവൻ; വചിക്ക=പറയുക; ജിഷ്ണു=അർജ്ജുനൻ; സത്വരമാവുംവണ്ണം=ത്വരയോടുകൂടുംവണ്ണം; ത്വര=ഉഴററ; ദരമുക്ത—അങ്ങിനെയിരുന്ന ജിഷ്ണു; ദരമുക്തനായിരുന്നു; ദരമുക്തൻ=ദരത്തിങ്കൽനിന്നു മുക്തൻ; ദരം=ഭയം;

മുക്തൻ=വേർപെട്ടവൻ; മോചിക്ക=ത്യജിക്ക. ഹതരിപുരംഹോമായഃ—അങ്ങിനെയിരുന്ന ജിഷ്ണു; ഹതരിപുരംഹോമായനായിരുന്നു; ഹതരിപുരംഹോമായൻ=ഹതകളായിരിക്കുന്ന രിപുരംഹോമായകളോടുകൂടിയവർ; ഹതകൾ=ഹനിക്കപ്പെട്ടവ; ഹനിക്ക=നിഗ്രഹിക്ക; രിപുരംഹോമായകൾ=രിപുക്കളുടെ രംഹോമായകൾ; രിപുക്കൾ=ശത്രുക്കൾ; രംഹോമായകൾ=രംഹസ്സും, മായയും; രംഹസ്സ്=വേഗം; മായ=ചതി. സ്ഫീതസ്യ—അങ്ങിനെയിരുന്ന വനം; സ്ഫീതമായിരുന്നു; സ്ഫീതം=പ്രവൃദ്ധം.

7 ഇഹ പവമാന സഖേദം
കിംചന കൃത്യേ കരോതി മാനസഖേദം
മമ പുനരാസാദ്യാനി
സ്ഥിരാണി ശസ്ത്രാണി ശരശരാസാദ്യാനി.

8 ഇതി ശുഭ മായാചിത്രേ
ഗാണ്ഡീവം നാമ വിവിധ, മായാചിത്രേ
ദൈവത കാര്യന്തേന
സ്മൃതപാ സാദ്ധ്യം രണേfധി കാര്യന്തേന

9 തസ്മൈ ചാപം നഗതഃ
കക്കശമതിഭീഷണം രുഷാ പന്നഗതഃ
സ ഖലു ദദാ വരുണേന
സ്ഫുരദ്ഗുണേനാഹ്യതം തദാ വരുണേന.

സഃ ഖലു ഇതി ശുഭം ആയാചിതേ തസ്മൈ ഗാണ്ഡീവം നാമ ചാപം ദദൌ=അവനാകിൽ ഇങ്ങിനെ ശുഭമാവുംവണ്ണം ആയാചിതാവായിരിക്കുന്ന അവനായിക്കൊണ്ടു് ഗാണ്ഡീവമെന്നിങ്ങനെ പ്രസിദ്ധമായിരിക്കുന്ന ചാപത്തെ ദാനം ചെയ്തു; ശുഭമാവുംവണ്ണം=ശോഭനമാവുംവണ്ണം; ആയാചിതാവു്=ആയാചിച്ചവൻ; ആയാചിക്ക=അപേക്ഷിക്ക; ചാപം=വില്ലു്; ദാനംചെയ്ക=കൊടുക്ക. തേന രണേ

ദൈവതകാൎയ്യം സാദ്ധ്യം സ്മൃതം—അവനാൽ രണത്തിങ്കൽ ദൈവത കാൎയ്യം സാദ്ധ്യമെന്നു് സ്മരിച്ചിട്ടു്; രണം=യുദ്ധം; ദൈവതകാൎയ്യം= ദൈവതകളുടെ കാൎയ്യം; ദൈവതങ്ങൾ=ദേവതകൾ; സാദ്ധ്യം=സാ ധിക്കപ്പെടുവാൻ ശക്യം; സ്മരിക്ക=നിരൂപിക്ക. വിവിധമായാ ചിത്രേ—അങ്ങിനെയിരുന്ന ആ രണം; വിവിധ മായാചിത്രമായിരു ന്നു; വിവിധമായാചിത്രം=വിവിധമായകളെക്കൊണ്ടു് ചിത്രം; വിവി ധമായകൾ=വിവിധകളായിരിക്കുന്ന മായകൾ; വിവിധകൾ=ബഹു വിധകൾ; ചിത്രം=ആശ്ചൎയ്യം. അധികാൎയ്യന്തേന—അങ്ങിനെയിരു ന്ന അവൻ; അധികാൎയ്യന്തനായിരുന്നു; അധികാൎയ്യന്തൻ=ഏററവും അൎയ്യന്തത്തെ വരുത്തുന്നവൻ; അൎയ്യന്തം=അരികളുടെ അന്തം; അ രികൾ=ശത്രുക്കൾ; അന്തം=നാശം. നഗതഃ കൎക്കശം—അങ്ങിനെ യിരുന്ന ചാപം; നഗത്തെക്കാൾ കൎക്കശമായിരുന്നു; നഗം=പൎവ്വതം; കൎക്കശം=കഠിനം; രുചാ പന്നഗതഃ അതിഭീഷണം—അങ്ങിനെയി രുന്ന ചാപം; രുക്കുകൊണ്ടു് പന്നഗത്തേക്കാൾ അതിഭീഷണമായി ന്നു; രുക്ക്=ശോഭ; പന്നഗം=സർപ്പം; അതിഭീഷണം=ഏററവും ഭീഷണം; ഭീഷണം=ഭയങ്കരം. അരുണേന ഗുണേന സ്ഫുരൽ— അങ്ങിനെയിരുന്ന ചാപം; അരുണമായിരിക്കുന്ന ഗുണംകൊണ്ടു് സ്ഫുരത്തായിരുന്നു; അരുണം=ചുകന്നതു്; ഗുണം=ഞാണ്; സ്ഫു രത്തു്=സ്ഫുരിച്ചിയങ്ങുന്നതു്; സ്ഫുരിക്ക=ശോഭിക്ക. തദാ വരു ണേന ആഹൃതം—അങ്ങിനെയിരുന്ന ചാപം; അപ്പോൾ വരുണനാൽ ആഹൃതമായിരുന്നു; ആഹൃതം=ആഹരിക്കപ്പെട്ടതു്; ആഹരിക്ക= കൊണ്ടുവരിക. പവമാനസഖ, ഇഹ കൃത്യേ ഇദം കിംചന മമ മാ നസഖേദം കരോതി=പവമാനസഖനായുള്ളോവേ, ഈ കൃത്യത്തിൽ ഇതു് കുറഞ്ഞൊന്നു് എനിക്കു് മാനസഖേദത്തെ ഉണ്ടാക്കുന്നു; പവ മാനസഖൻ=പവമാനന്നു് സഖി; പവമാനൻ=വായു; കൃത്യം=കാ ൎയ്യം; മാനസഖേദം=മാനസത്തിങ്കലേ ഖേദം; മാനസം=മനസ്സ്; ഖേ ദം=പീഡ. ശരശരാസാദ്യാനി സ്ഥിരാണി ശസ്ത്രാണി പുനഃ ആസാ ദ്യാനി—ശരശരാസാദ്യങ്ങളായി സ്ഥിരങ്ങളായിരിക്കുന്ന ശസ്ത്രങ്ങൾ പിന്നെ ആസാദ്യങ്ങൾ; ശരശരാസാദ്യങ്ങൾ=ശരങ്ങളും, ശരാസ ങ്ങളും ആദിയായുള്ളവ; ശരങ്ങൾ=അമ്പുകൾ; ശരാസങ്ങൾ=വില്ലു

കൾ; സ്ഥിരങ്ങൾ=ഉറച്ചവ; ശസ്ത്രങ്ങൾ=ആയുധങ്ങൾ; ആസാദ്ധ്യങ്ങൾ=പ്രാപിക്കപ്പെട്ടവാൻ യോഗ്യങ്ങൾ.

10 അശ്വാം സ്താവൽ ധവളാൻ
സഹ ശരധിയുഗേന ഭാസ്വതാ ബദ്ധബലാൻ
സ ദദൌ കപി ലസിതേന
ധ്വജേന യുക്തം രഥം ച കപില സിതേന.

സതാവൽ അശ്വാൻ ദദൌ=അവൻ അവ്വളവു് അശ്വങ്ങളെ ദാനംചെയ്തു; അശ്വങ്ങൾ=കുതിരകൾ; ദാനംചെയ്ക=കൊടുക്ക; ശരധിയുഗേന സഹ=ശരധിയുഗത്തോടും കൂടെ; ശരധിയുഗം=ശരധികളുടെ യുഗം; ശരധികൾ=ആവനാഴികൾ; യുഗം=രണ്ടു്. ധവളാൻ—അങ്ങിനെയിരുന്ന അശ്വങ്ങൾ; ധവളങ്ങളായിരുന്നു; ധവളങ്ങൾ=വെളുത്തവ. ഭാസ്വതാ—അങ്ങിനെയിരുന്ന ശരധിയുഗം; ഭാസ്വത്തായിരുന്നു; ഭാസ്വത്തു്=ഭാസ്സുള്ളതു്; ഭാസ്സ്=തേജസ്സ്. ബദ്ധബലാൻ—അങ്ങിനെയിരുന്ന അശ്വങ്ങൾ; ബദ്ധബലങ്ങളായിരുന്നു; ബദ്ധബലങ്ങൾ=ബദ്ധമായിരിക്കുന്ന ബലത്തോടുകൂടിയവ; ബദ്ധം=ബദ്ധിക്കപ്പെട്ടതു്; ബലം=ശക്തി; കപിലസിതേന ധ്വജേന യുക്തം രഥം ച=കപിലസിതമായിരിക്കുന്ന ധ്വജത്തോടു് യുക്തമായിരിക്കുന്ന രഥത്തേയും; കപിലസിതം=കപിയെക്കൊണ്ടു് ലസിതം; കപി=വാനരം; ലസിതം=ശോഭിച്ചതു്; ധ്വജം=കൊടിമരം; യുക്തം=കൂടിയതു്; രഥം=തേരു്. കപിലസിതേന—അങ്ങിനെയിരുന്ന ധ്വജം; കപിലസിതമായിരുന്നു; കപിലസിതം=കപിലമായി സിതമായിരിക്കുന്നതു്; കപിലം=ചൊകന്നതു്; സിതം=വെളുത്തതു്.

11 അഭിഭൂതാഖണ്ഡലതഃ
തൽബലതഃ തദനു വേഷ്ടിതാഖണ്ഡലതഃ
ദീപ്തിമഗാ ദനലോഽലം
വിഭ്രാണോ ഹേതിശത മഗാദനലോലം.

അനലഃ അലം ദീപ്തിം അഗാൽ=അനലൻ ഏറ്റവും ദീപ്തിയെ പ്രാപിച്ചു; അനലൻ=അഗ്നി; ദീപ്തി=ജ്വലിക്കൽ. അഭിഭൂതാ ഖണ്ഡലതഃ തൽബലതഃ—അഭിഭൂതാഖണ്ഡലമായിരിക്കുന്ന തൽബലത്തെ അവലംബിച്ചിട്ടു്; അഭിഭൂതാഖണ്ഡലം=അഭിഭൂതനായിരിക്കുന്ന ആഖണ്ഡലനോടു കൂടിയതു്; അഭിഭൂതൻ=പരിഭവിക്കപ്പെട്ടവൻ; ആഖണ്ഡലൻ=ഇന്ദ്രൻ; തൽബലം=അവരുടെ ബലം; ബലം=ശക്തി; അവലംബിക്ക=ആശ്രയിക്ക. വേഷ്ടിതാഖണ്ഡലതഃ—അങ്ങിനെയിരുന്ന അനലൻ; വേഷ്ടിതാഖണ്ഡലതനായിരുന്നു; വേഷ്ടിതാഖണ്ഡലതൻ=വേഷ്ടിതകളായിരിക്കുന്ന അഖണ്ഡലതകളോടുകൂടിയവൻ; വേഷ്ടിതകൾ=വേഷ്ടിക്കപ്പെട്ടവ; വേഷ്ടിക്ക=ചുററുക; അഖണ്ഡലതകൾ=അഖണ്ഡകളായിരിക്കുന്ന ലതകൾ; അഖണ്ഡകൾ=ഒട്ടൊഴിയാതെയുള്ളവ; ലതകൾ=വള്ളികൾ. ഹേതിശതം ബിഭ്രാണ—അങ്ങിനെയിരുന്ന അനലൻ; ഹേതിശതത്തെ ബിഭ്രാണനായിരുന്നു; ഹേതിശതം=ഹേതികളുടെ ശതം; ഹേതികൾ=ജ്വാലകൾ; ശതം=സമൂഹം; ബിഭ്രാണൻ=ഭരിച്ചിയങ്ങുന്നവൻ. അഗാദനലോലം—അങ്ങിനെയിരുന്ന ഹേതിശതം; അഗാദനലോലമായിരുന്നു; അഗാദനലോലം=അഗാദനത്തിങ്കൽ ലോലം; അഗാദനം=അഗങ്ങളുടെ അദനം; അഗങ്ങൾ=വൃക്ഷങ്ങൾ; അദനം=ഭക്ഷണം; ലോലം=സതൃഷ്ണം.

12 കൃത നിജകക്ഷേമഹതി
ക്ഷയ മേഷ്യതി തക്ഷകസ്യ കക്ഷേ മഹതി
അമു മാരബ്ധാരാവാൻ
ഘനാ ന്നുദ ന്നാപ സ ഹരി രബ്ധാരാവാൻ.

തക്ഷകസ്യ മഹതി കക്ഷേ ക്ഷയം ഏഷ്യതി സതി ഹരിഃ അമും ആപ=തക്ഷകന്റെ മഹത്തായിരിക്കുന്ന കക്ഷം ക്ഷയത്തെ ഏഷ്യത്തായിരിക്കും വിഷയത്തിങ്കൽ ഹരി ഇവനെ പ്രാപിച്ചു; തക്ഷകൻ=തക്ഷകനായിരിക്കുന്ന സർപ്പം; മഹത്തു്=പെരുകിയതു്; കക്ഷം=വനം; ക്ഷയം=നാശം; ഏഷ്യത്തു്=പ്രാപിക്കാനിരിക്കുന്നതു്; ഹരി=ഇന്ദ്രൻ; കൃതനിജകക്ഷേമഹതി=കൃതയായിരിക്കുന്ന നിജകക്ഷേമഹതിയോടുകൂടുംവണ്ണം; കൃത=ചെയ്യപ്പെട്ടതു്; നിജക ക്ഷേമഹതി=നിജക

ക്ഷേമത്തിൻെറ ഹതി; നിജകക്ഷേമം=നിജകമായിരിക്കുന്ന ക്ഷേമം; നിജകം=ആത്മീയം; ക്ഷേമം=രക്ഷ; ഹതി=നാശം. ഘനാൻ നദൻ—അങ്ങിനെയിരുന്ന ഹരി; ഘനങ്ങളെ നദനായിരുന്നു; ഘനങ്ങൾ=മേഘങ്ങൾ; നദൻ=നോദിച്ചിയങ്ങുന്നവൻ; നോദിക്ക=പ്രേരിക്ക. ആരബ്ധാരാവാൻ—അങ്ങിനെയിരുന്ന ഘനങ്ങൾ; ആരബ്ധാരാവങ്ങളായിരുന്നു; ആരബ്ധാരാവങ്ങൾ=ആരബ്ധമായിരിക്കുന്ന ആരാവത്തോടുകൂടിയവ; ആരബ്ധം=ആരംഭിക്കപ്പെട്ടതു്; ആരാവം=ശബ്ദം. അബ്ധാരാവാൻ=അങ്ങിനെയിരുന്ന ഹരി; അബ്ധാരാവനായിരുന്നു; അബ്ധാരാവാൻ=അബ്ധാരകളുള്ളവൻ; അബ്ധാരകം=ജലധാരകം

13 സ്തബ്ധ പതത്രി ദശാശം
ശരഗൃഹ മകൃതാർജ്ജുനഃ പതത് ത്രിദശാശം
രുദ്ധാ ബദ്ധാരാസാ
ബഹി രേവ തതോഽഭവ ദ്ധാരാ സാ.

അർജ്ജുനഃ ശരഗൃഹം അകൃത=അർജ്ജുനൻ ശരഗൃഹത്തെ ഉണ്ടാക്കി; ശരഗൃഹം=ശരത്തെക്കൊണ്ടുള്ള ഗൃഹം. സ്തബ്ധപതത്രിദശാശം—അങ്ങിനെയിരുന്ന ശരഗൃഹം; സ്തബ്ധപതത്രിദശാശമായിരുന്നു; സ്തബ്ധപതത്രിദശാശം=സ്തബ്ധപതത്രികളായിരിക്കുന്ന ദശാശകളോടുകൂടിയതു്; സ്തബ്ധപതത്രികൾ=സ്തബ്ധങ്ങളായിരിക്കുന്ന പതത്രികൾ; സ്തബ്ധങ്ങൾ=സ്തംഭിക്കപ്പെട്ടവ; പതത്രികൾ=പക്ഷികൾ; ദശാശകൾ=പത്താശകൾ; ആശകൾ=ദിക്കുകൾ; പതത്ത്രിദശാശം=പതത്രിയായിരിക്കുന്ന ത്രിദശാശയോടുകൂടുംവണ്ണം; പതത്രി=പതിച്ചിയങ്ങുന്നതു്; പതിക്ക=ഗമിക്ക; ത്രിദശാശ=ത്രിദശൻെറ ആശ; ത്രിദശൻ=ഇന്ദ്രൻ; ആശ=ശ്രദ്ധ. രുദ്ധാ സാ ധാരാ തതഃ ബഹിഃ ഏവ അഭവൽ—രുദ്ധയായിരിക്കുന്ന ആ ധാര അതിങ്കൽനിന്നു് ബഹിർഭാഗത്തിങ്കൽ തന്നെ ഭവിച്ചു; രുദ്ധാ=രോധിക്കപ്പെട്ടതു്; രോധിക്ക=തടുക്ക; ധാരാ=ജലധാര; ബഹിർഭാഗം=പുറത്തു്. ബദ്ധാരാസാ—അങ്ങിനെയിരുന്ന ധാര; ബദ്ധാരാസയായിരുന്നു; ബദ്ധാരാസ=

ബദ്ധമായിരിക്കുന്ന ആരാസത്തോടുകൂടിയതു്; ബദ്ധം=ബന്ധിക്കപ്പെട്ടതു്; ആരാസം=ശബ്ദം.

14 തദനു ഘനോദകരോധാൽ
ക്രോധം വിബുധാധിപോfരിനോദകരോfധാൽ
കൃതസന്നാഹവലോfഭീ
രഭസാ ദാഗച്ഛ ദജ്ജ്ജുനാഹവലോഭീ.

തദനു വിബുധാധിപഃ ഘനോദകരോധാൽ ക്രോധം അധാൽ=അനന്തരം വിബുധാധിപൻ ഘനോദകരോധം ഹേതുവായിട്ട് ക്രോധത്തെ ധരിച്ചു; വിബുധാധിപൻ=ഇന്ദ്രൻ; ഘനോദകരോധം=ഘനോദകത്തിൻെറ രോധം; ഘനോദകം=ഘനങ്ങളുടെ ഉദകം; ഘനങ്ങൾ=മേഘങ്ങൾ; ഉദകം=ജലം; രോധം=തടുക്ക; ക്രോധം=കോപം. അരിനോദകര—അങ്ങിനെയിരുന്ന വിബുധാധിപൻ; അരിനോദകരനായിരുന്നു; അരിനോദകരൻ=അരിനോദത്തെ ഉണ്ടാക്കുക ശീലമായുള്ളവൻ; അരിനോദം=അരികളുടെ നോദം; അരികൾ=ശത്രുക്കൾ; നോദം=പ്രേരണ. അജ്ജ്ജുനാഹവലോഭീ രഭസാൽ ആഗച്ഛൻ=അജ്ജ്ജുനാഹവലോഭിയായിട്ട് വേഗേന ആഗമിച്ചു; അജ്ജ്ജുനാഹവലോഭീ=അജ്ജ്ജുനാഹവലോഭമുള്ളവൻ; അജ്ജ്ജുനാഹവലോഭം=അജ്ജ്ജുനാഹവത്തിങ്കലെ ലോഭം; അർജ്ജുനാഹവം=അർജ്ജ്ജുനനോടുകൂടെയുള്ള ആഹവം; ആഹവം=യുദ്ധം; ലോഭം=ആഗ്രഹം; ആഗമിക്ക=വരിക. കൃതസന്നാഹബലഃ—അങ്ങിനെയിരുന്ന വിബുധാധിപൻ; കൃതസന്നാഹബലനായിരുന്നു; കൃതസന്നാഹബലൻ=കൃതസന്നാഹമായിരിക്കുന്ന ബലത്തോടുകൂടിയവൻ; കൃതസന്നാഹം=കൃതമായിരിക്കുന്ന സന്നാഹത്തോടുകൂടിയതു്; കൃതം=ഉണ്ടാക്കപ്പെട്ടതു്; സന്നാഹം=ഒരുമ്പാട്; ബലം=പടജ്ജനം. അഭീ—അങ്ങിനെയിരുന്ന വിബുധാധിപൻ; അഭീയായിരുന്നു; അഭീ=ഭീതിയോടുകൂടാത്തവൻ; ഭീ=ഭയം.

15 വിജിതാവാപ്യ മരുദ്ഭിഃ
ശരനികരൈ രശപി,വസു,ശിവ,ാഗ്മ,രുദ്ഭിഃ

പ്രാപ്തം തുംഗജവന്തം

ജിഗായ ജിഷ്ണുഃ ശതക്രതും ഗജവന്തം.

ജിഷ്ണുഃ ശരനികരൈഃ പ്രാപ്തം തം ശതക്രതും ജിഗായ=ജിഷ്ണു ശരനികരങ്ങളെക്കൊണ്ടു് പ്രാപ്തനായിരിക്കുന്ന അസ്ശതക്രതുവിനെ ജയിച്ചു; ജിഷ്ണു=അർജ്ജുനൻ; ശരനികരങ്ങൾ=ശരങ്ങളുടെ നികരങ്ങൾ; ശരങ്ങൾ=അസ്ത്രങ്ങൾ; നികരങ്ങൾ=സമൂഹങ്ങൾ; പ്രാപ്തൻ=പ്രാപിച്ചവൻ; ശതക്രതു=ഇന്ദ്രൻ. വിജിതാവാര്യമരുദ്ഭിഃ—അങ്ങിനെയിരുന്ന ശരനികരങ്ങൾ—വിജിതാവാര്യമരുത്തുകളായിരുന്നു; വിജിതാവാര്യമരുത്തുകൾ=വിജിതന്മാരായിരിക്കുന്ന അവാര്യമരുത്തുകളോടുകൂടിയവ; വിജിതന്മാർ=ജയിക്കപ്പെട്ടവർ; അവാര്യമരുത്തുകൾ=അവാര്യന്മാരായിരിക്കുന്ന മരുത്തുകൾ; അവാര്യന്മാർ=അപരിഭവനീയന്മാർ; മരുത്തുകൾ=ദേവകൾ. അശ്വി,വസു,ശിവ,ആര്യമ,രുദ്ഭി—അങ്ങിനെയിരുന്ന ശരനികരങ്ങൾ; അശ്വിവസുശിവാര്യമരുത്തുകളായിരുന്നു; അശ്വിവസുശിവാര്യമരുത്തുകൾ=അശ്വിവസുശിവാര്യമാക്കളെ രോധിക്കുന്നവ; അശ്വിവസുശിവാര്യമാക്കൾ=അശ്വികളും, വസുക്കളും, ശിവന്മാരും, അര്യമാക്കളും; അശ്വികൾ=അശ്വനീദേവകൾ; വസുക്കൾ=അഷ്ടവസുക്കൾ; ശിവന്മാർ=ഏകാദശരുദ്രന്മാർ; അര്യമാക്കൾ=ദ്വാദശാദിത്യന്മാർ; രോധിക്ക=തടുക്ക. തുംഗജവം—അങ്ങിനെയിരുന്ന ശതക്രതു; തുംഗജവനായിരുന്നു; തുംഗജവൻ=തുംഗമായിരിക്കുന്ന ജവത്തോടുകൂടിയവൻ; തുംഗം=പെരുകിയതു്; ജവം=വേഗം. ഗജവന്തം—അങ്ങിനെയിരുന്ന ശതക്രതു; ഗജവാനായിരുന്നു; ഗജവാൻ=ഗജമുള്ളവൻ; ഗജം=ഐരാവതം എന്ന ഗജം.

16 തദനു സമിദ്ധോ മഹിതം

സപക്ഷിസംഘം വനം സമിദ്ധോ മഹിതം

സലിലം ജലദേ വപതി

സൈ്വരം വഹ്നിർ ദദാഹ ജലദേവപതിഃ.

തദനു വഹ്നിഃ വനം സ്വൈരം ദദാഹ=അനന്തരം വഹ്നിവനത്തെ സ്വൈരമാവുംവണ്ണം ദഹിപ്പിച്ചു; സ്വൈരം=സ്വച്ഛന്ദം; വഹ്നി=അഗ്നി; ജലദേ സലിലം വപതി=ജലദം സലിലത്തെ വപത്തായിരിക്കും വിഷയത്തിങ്കൽ; ജലദം=മേഘം; സലിലം=ജലം; വപത്തു്=വപിച്ചിയങ്ങുന്നതു്; വപിക്ക=വർഷിക്ക. സമിദ്ധോമഹിതം—അങ്ങിനെയിരുന്ന വനം; സമിദ്ധോമഹിതമായിരുന്നു; സമിദ്ധോമഹിതം=സമിദ്ധോമത്തിങ്കൽ ഹിതം; സമിദ്ധോമം=സമിത്തിന്റെ ഹോമം; സമിത്തു്=ചമത; ഹിതം=ഇഷ്ടം. സപക്ഷിസംഘം—അങ്ങിനെയിരുന്ന വനം; സപക്ഷിസംഘമായിരുന്നു; സപക്ഷിസംഘം=പക്ഷിസംഘത്തോടുകൂടിയതു്; പക്ഷിസംഘം=പക്ഷികളുടെ സംഘം; സംഘം=സമൂഹം. സമിദ്ധഃ—അങ്ങിനെയിരുന്ന വഹ്നി; സമിദ്ധനായിരുന്നു; സമിദ്ധൻ=സമ്യക്കാകുംവണ്ണം ഇദ്ധൻ; ഇദ്ധൻ=ജ്വലിച്ചവൻ. മഹിതം—അങ്ങിനെയിരുന്ന വനം; മഹിതമായിരുന്നു; മഹിതം=പൂജിതം. ജല(ള)ദേവപതിഃ—അങ്ങിനെയിരുന്ന വഹ്നി; ജല(ള)ദേവപതിയായിരുന്നു; ജല(ള)ദേവപതി=ജല(ള)നായിരിക്കുന്ന ദേവപതിയോടുകൂടിയവൻ; ജളൻ=അശക്തൻ; ദേവപതി=ഇന്ദ്രൻ.

17 തച്ച യദാ സമദാഹി-
വ്രാതം വന മുജ്ഝിതാപദാ സമദാഹി
ശിഖിനാ സന്നാഗേന
സ്ഥിത മത്ര ന തക്ഷകേണ സന്നാഗേന.

യദാ ശിഖിനാ തൽ ച വനം സമദാഹി, തദാ തക്ഷകേണ സന്നാഗേന അത്ര ന സ്ഥിതം=യാതൊരിക്കൽ ശിഖിയാൽ ആ വനം ദഹിപ്പിക്കപ്പെട്ടു, അപ്പോൾ തക്ഷകനാകുന്ന സന്നാഗത്താൽ ഇവിടെ സ്ഥിതിചെയ്വൂ എന്നുള്ളതുണ്ടായീല; ശിഖി=അഗ്നി; സന്നാഗം=സത്തായിരിക്കുന്ന നാഗം; സത്തു്=ഉൽകൃഷ്ടൻ; നാഗം=സർപ്പം; സ്ഥിതിചെയ്ക=ഇരിക്ക. സമദാഹിവ്രാതം—അങ്ങിനെയിരുന്ന വനം; സമദാഹിവ്രാതമായിരുന്നു; സമദാഹിവ്രാതം=സമദമായിരിക്കു

ന്ന അഹിവ്രാതത്തോടുകൂടിയതു്; സമദം=മദത്തോടുകൂടിയതു്; മദം=അഹങ്കാരം; അഹിവ്രാതം=അഹികളുടെ വ്രാതം; അഹികൾ=സർപ്പങ്ങൾ; വ്രാതം=സമൂഹം. ഉജ്ഝിതാപദാ—അങ്ങിനെയിരുന്ന ശിഖി; ഉജ്ഝിതാപത്തായിരുന്നു; ഉജ്ഝിതാപത്തു്=ഉജ്ഝിതയായിരിക്കുന്ന ആപത്തിനോടുകൂടിയവൻ; ഉജ്ഝിത=ത്യക്ത. സന്നാഗേന—അങ്ങിനെയിരുന്ന ശിഖി; സന്നാഗനായിരുന്നു; സന്നാഗൻ=സന്നങ്ങളായിരിക്കുന്ന അംഗങ്ങളോടുകൂടിയവൻ; സന്നങ്ങൾ=ക്ഷീണങ്ങൾ; അഗങ്ങൾ=വൃക്ഷങ്ങൾ.

13 തനയം മാതാ തസ്യ
വ്യഥിതം വിരഹേ സസംഭ്രമാ താതസ്യ
വസതിർ വത്സലതായാ
നിഗീര്യ വനരാജിതോഽദ്രവൽ സലതായാഃ.

മാതാ തസ്യ തനയം നിഗീര്യ വനരാജിതഃ അദ്രവൽ=മാതാവു് അവന്റെ തനയനെ നിഗിരണം ചെയ്തിട്ടു് വനരാജിയിങ്കൽ നിന്നു് ദ്രവിച്ചു, പുത്രൻ; നിഗിരണം ചെയ്ക=വിഴുങ്ങുക (ഒളിക്ക); വനരാജി=വനപ്രദേശം; ദ്രവിക്ക=ഓടുക. താതസ്യ വിരഹേ വ്യഥിതം—അങ്ങിനെയിരുന്ന തനയൻ; താതന്റെ വിരഹത്തിങ്കൽ വ്യഥിതനായിരുന്നു; താതൻ=അച്ഛൻ; വിരഹം=വേർപാടു്; വ്യഥിതൻ=ദുഃഖിതൻ. സസംഭ്രമാ—അങ്ങിനെയിരുന്ന മാതാവു്; സസംഭ്രമയായിരുന്നു; സസംഭ്രമ=സംഭ്രമത്തോടുകൂടിയവൾ; സംഭ്രമം=പരിഭ്രമം; വത്സലതായാഃ വസതിഃ—അങ്ങിനെയിരുന്ന മാതാവു്; വത്സലതക്കു് വസതിയായിരുന്നു; വത്സലത=വാത്സല്യം; വസതി=വാസസ്ഥാനം. സലതായാഃ—അങ്ങിനെയിരുന്ന വനരാജി; സലതയായിരുന്നു; സലത=ലതകളോടുകൂടിയതു്; ലതകൾ=വള്ളികൾ.

19 താം ച തതാന നഭോഗാം
കൃത്തഗളാ മർജ്ജുന സ്തതാനനഭോഗാം
തത്ര സമുൽസർപ്പന്തം
ഹൃതപുച്ഛ മപാ ഝരിഃ സമുൽ സർപ്പ ന്തം.

അർജ്ജുനഃ നഭോഗാം താം കൃത്തഗളാം താതന ച=അർജ്ജുനൻ നഭോഗയായിരിക്കുന്ന അവളെ കൃത്തഗളയാക്കുതും ചെയ്തു; നഭോഗ=നഭസ്സിനെ ഗമിച്ചവൾ; നഭസ്സ്=ആകാശം; ഗമിക്ക=പ്രാപിക്ക; കൃത്തഗള=കൃത്തമായിരിക്കുന്ന ഗളത്തോടുകൂടിയവൾ; കൃത്തം=ഛേദിക്കപ്പെട്ടതു്; ഗളം=കഴുത്തു്. തതാനനഭോഗാം—അങ്ങിനെയിരുന്ന അവൾ; തതാനനഭോഗയായിരുന്നു; തതാനനഭോഗ=തതങ്ങളായിരിക്കുന്ന ആനനഭോഗങ്ങളോടുകൂടിയവൾ; തതങ്ങൾ=വ്യാപ്തങ്ങൾ; ആനനഭോഗങ്ങൾ=ആനനവും, ഭോഗവും; ആനനം=മുഖം; ഭോഗം=ദേഹം. ഹരിഃ തത്ര സമുത്സർപ്പന്തം തം സർപ്പം അപാൽ=ഹരി അവിടെ സമുൽസർപ്പത്തായിരിക്കുന്ന സർപ്പത്തെ രക്ഷിച്ചു; ഹരി=ഇന്ദ്രൻ; സമുൽസർപ്പന്തു്=സമുൽസർപ്പിച്ചിയങ്ങുന്നതു്; സമുൽസർപ്പിക്ക=ഉൽഗം ഗമിക്ക. ഹൃതപുച്ഛം—അങ്ങിനെയിരുന്ന സർപ്പം; ഹൃതപുച്ഛമായിരുന്നു; ഹൃതപുച്ഛം=ഹൃതമായിരിക്കുന്ന പുച്ഛത്തോടുകൂടിയതു്; ഹൃതം=അപഹരിക്കപ്പെട്ടതു്; ഹരിക്ക=കളക; പുച്ഛം=വാലു്. സമുൽ—അങ്ങിനെയിരുന്ന ഹരി; സമുത്തായിരുന്നു; സമുത്തു്=മുത്തിനോടുകൂടിയവൻ; മുത്തു്=സന്തോഷം.

20 സ്തബ്ധരവിപ്രഭവിഷ്ണുഃ
ശരണാഗത മത്ര വനഭുവി പ്രഭവിഷ്ണുഃ
ച്യുത മനലേ നരരക്ഷ—
സ്സാദിനി പാൎത്ഥോ മയം ബലേന രരക്ഷ.

പാൎത്ഥഃ അത്ര വനഭുവി ശരണാഗതം ച മയം ബലേന രരക്ഷ=പാൎത്ഥൻ ഈ വനഭൂമിയിങ്കൽ ശരണാഗതനായിരിക്കുന്ന മയനെ ബലംകൊണ്ടു് രക്ഷിച്ചു; പാൎത്ഥൻ=അർജ്ജുനൻ; വനഭ്രുവ്=വനഭൂമി; ശരണാഗതൻ=ശരണംപ്രാപ്തൻ; മയൻ=അസുരതാക്ഷാവു്; ബലം=ശക്തി. അനലേ ച്യുതം—അങ്ങിനെയിരുന്ന മയൻ; അനലങ്കൽ ച്യുതനായിരുന്നു; അനലൻ=അഗ്നി; ച്യുതൻ=പതിതൻ. നരരക്ഷസ്സാദിനി—അങ്ങിനെയിരുന്ന അനലൻ; നരരക്ഷസ്സാദിനിയായിരുന്നു; നരരക്ഷസ്സാദി=നരരക്ഷസ്സുകളെ സാദിക്കുന്നവൻ; നര

രക്ഷസ്സുകൾ=നരന്മാരും, രക്ഷസ്സുകളും; നരന്മാർ=മനുഷ്യർ; രക്ഷസ്സുകൾ=രാക്ഷസർ; സ്വാദിക്ക=ഭക്ഷിക്ക. സ്തബ്ധരവിപ്രഭവിഷ്ണു—അങ്ങിനെയിരുന്ന പാർത്ഥൻ; സ്തബ്ധരവിപ്രഭവിഷ്ണുവായിരുന്നു; സ്തബ്ധരവിപ്രഭവിഷ്ണു=സ്തബ്ധനായിരിക്കുന്ന രവിപ്രഭവിഷ്ണുവോടുകൂടിയിരിക്കുന്നവൻ; സ്തബ്ധൻ=സ്തംഭിക്കപ്പെട്ടവൻ; രവിപ്രഭവിഷ്ണു=രവിപ്രഭനായിരിക്കുന്ന വിഷ്ണു; രവിപ്രഭൻ=രവിയുടെ പ്രഭപോലെയിരിക്കുന്ന പ്രഭയോടുകൂടിയവൻ; രവി=ആദിത്യൻ; പ്രഭ=ശോഭ; വിഷ്ണു=ശ്രീകൃഷ്ണൻ. പ്രഭവിഷ്ണു—അങ്ങിനെയിരുന്ന പാർത്ഥൻ; പ്രഭവിഷ്ണുവായിരുന്നു; പ്രഭവിഷ്ണു=പ്രഭവിക്കശീലമായുള്ളവൻ; പ്രഭവിക്ക=ശക്തനായി ഭവിക്ക.

21 വിപിന മപാതിതതോയം
ദഗ്ദ്ധ്വാ തൃപ്തേ തനൂനപാതി തതോഽയം
പാർത്ഥം ദത്തക്ഷേമം
ദൈതേയാനാം തദാഽവദത്തക്ഷേമം.

തനൂനപാതി വിപിനം ദഗ്ദ്ധ്വാ തൃപ്തേ, തതഃ തദാ ദൈതേയാനാം അയം തക്ഷ ഇമം പാർത്ഥം അവദൽ=തനൂനപാത്തു് വിപിനത്തെ ദഹിപ്പിച്ചിട്ടു് തൃപ്തനായിരിക്കും വിഷയത്തിങ്കൽ, അനന്തരം അപ്പോൾ ദൈതേയന്മാരുടെ ഈ തക്ഷാവു് ഈ പാർത്ഥനോടു് വദിച്ചു; തനൂനപാത്തു്=അഗ്നി; വിപിനം=വനം; തൃപ്തൻ=സന്തുഷ്ടൻ; ദൈതേയന്മാർ=അസുരകൾ; തക്ഷാവു്=തച്ചൻ (മയൻ); പാർത്ഥൻ=അർജ്ജുനൻ; വദിക്ക=പറക. അപാതിത തോയം—അങ്ങിനെയിരുന്ന വിപിനം; അപാതിതതോയമായിരുന്നു; അപാതിതതോയം=അപാതിതമായിരിക്കുന്ന തോയത്തോടുകൂടിയതു്; അപാതിതം=പാതിതമെന്നിയെ ഇരിക്കുന്നതു്; പാതിതം=പതിപ്പിക്കപ്പെട്ടതു്; പതിപ്പിക്ക=വീഴിപ്പിക്ക; തോയം=ജലം. ദത്തക്ഷേമം—അങ്ങിനെയിരുന്ന പാർത്ഥൻ; ദത്തക്ഷേമനായിരുന്നു; ദത്തക്ഷേമൻ=ദത്തമായിരിക്കുന്ന ക്ഷേമത്തോടുകൂടിയവൻ; ദത്തം=ദാനംചെയ്കപ്പെട്ടതു്; ക്ഷേമം=രക്ഷ.

22 "വേഷ്ടിത വീരു ച്ചക്രാൽ
ദഹനാദ്ദഹതോ മഹാടവീ രുച്ചക്രാൽ
അപി ച മുരാസുരഹന്തുഃ
സ്ഫുടം ത്വയാ പാലിതഃ പരാസു രഹ ന്തു

അഹം തു ത്വയാ സ്ഫുടം പാലിതഃ—ഞാനാകിൽ നിന്നാൽ സ്ഫുടമാവുംവണ്ണം പാലിതനായി; സ്ഫുടമാവുംവണ്ണം=സ്പഷ്ടമാവുംവണ്ണം; പാലിതൻ=പാലിക്കപ്പെട്ടവൻ; പാലിക്ക=രക്ഷിക്ക. പരാസു—അഞ്ചിനെയിരുന്ന ഞാൻ; പരാസുവായിരുന്നു; പരാസു=മൃതൻ. വേഷ്ടിത വീരു ച്ചക്രാൽ മഹാടവീഃ ദഹതഃ ദഹനാൽ, അപി ച, ഉച്ചക്രാൽ മുരാസുരഹന്തുഃ=വേഷ്ടിതവീരുച്ചക്രനായി മഹാടവികളെ ദഹന്നായിരിക്കുന്ന ദഹനങ്കൽ നിന്നും, അത്രയുമല്ല, ഉച്ചക്രനായിരിക്കുന്ന മുരാസുരഹന്താവു പക്കൽനിന്നും (പരാസുവായിരുന്നു); വേഷ്ടിതവീരുച്ചക്രൻ=വേഷ്ടിതമായിരിക്കുന്ന വീരുച്ചക്രത്തോടുകൂടിയവൻ; വേഷ്ടിതം=വേഷ്ടിക്കപ്പെട്ടതു്; വേഷ്ടിക്ക=ചുററുക; വീരുച്ചക്രം=വള്ളിക്കെട്ട്; മഹാടവികഠം=മഹതികളായിരിക്കുന്ന അടവികഠം; മഹതികഠം=പെരുകിയവ; അടവികഠം=വനങ്ങഠം; ദഹൻ=ദഹിച്ചിയങ്ങുന്നവൻ; ദഹനൻ=അഗ്നി; ഉൽച്ചക്രൻ=ഉൽക്ഷിപ്തമായിരിക്കുന്ന ചക്രത്തോടുകൂടിയവൻ; ഉൽക്ഷിപ്തം=ഉയർത്തപ്പെട്ടതു്; മുരാസുരഹന്താവു്=ശ്രീകൃഷ്ണൻ.

23 ത ത്തവ ഭവതാഽഭിഷ്ടം
മദ്വചനം മനുജവീര ഭവതാ ദിഷ്ടം
ഇഷ്ടം കരവൈ ഭവതഃ
ത്വഷ്ടാരം മാമവൈഹി കരവൈഭവതഃ."

തൽ മനുജവീര! മദ്വചനം തവ ഇഷ്ടം ഭവതാൽ=ആകയാൽ മനുജവീരനായുള്ളോവേ, മദ്വജനം നിനക്കിഷ്ടമായി ഭവിക്കണം; മനുജവീരൻ=മനുജന്മാരിൽവെച്ചു് വീരൻ; മനുജന്മാർ=മനുഷ്യർ; മദ്വചനം=എൻെറ വചനം; വചനം=വാക്കു്. ഭവതാഽഭിഷ്ടം ഭവതഃ

ഇഷ്ടം കരവൈ=ഭവാനാൽ ആദിഷ്ടമായി ഭവാൻെറ ഇഷ്ടത്തെ ചെയ്യട്ടെ ഞാൻ; ആദിഷ്ടം=ആദേശിക്കപ്പെട്ടതു്; ആദേശിക്ക=നിയോഗിക്ക. കരവൈഭവതഃ മാം ത്വഷ്ടാരം അവൈഹി=കരവൈഭവം കൊണ്ടു് എന്നെ ത്വഷ്ടാവെന്നറിഞ്ഞാലും; കരവൈഭവം=കരകൌശലം; ത്വഷ്ടാവു്=വിശ്വകമ്മാവു്.

24 ഇതി വചന മനാമയതഃ

ശ്രുത്വാ പാത്ഥോഥ ശോഭനമനാ മയതഃ

ഉപപന്നാഭിജനാനാം

ഉചിത മുവാചാഭിനളിനനാഭി ജനാനാം.

അഥ പാത്ഥഃ മയതഃ ഇതി വചനം ശ്രുത്വാ അഭിനളിനനാഭി ഉപ പന്നാഭി ജനാനാം ജനാനാം ഉചിതം ഉവാച=അനന്തരം പാത്ഥൻ മയങ്കൽനിന്നു് ഇങ്ങിനെയുള്ള വചനത്തെ ശ്രവിച്ചിട്ടു്, നളിനനാഭിയെ അഭിമുഖീകരിച്ചു്, ഉപപന്നാഭിജനങ്ങളായിരിക്കുന്ന ജനങ്ങൾക്കു് ഉചിതമായിരിക്കുന്നതിനെ വചിച്ചു; പാത്ഥൻ=അർജ്ജുനൻ; മയൻ=അസുരതക്ഷാവു്; വചനം=വാക്കു്; ശ്രവിക്ക=കേൾക്ക; നളിനനാഭി=ശ്രീകൃഷ്ണൻ; അഭിമുഖീകരിക്ക=നേരിടുക; ഉപപന്നാഭിജനങ്ങൾ=ഉപപന്നമായിരിക്കുന്ന അഭിജനത്തോടുകൂടിയവ; ഉപപന്നം=യുക്തം; അഭിജനം=ആഭിജാത്യം; വചിക്ക=പറക. അനാമയത—അങ്ങിനെയിരുന്ന മയൻ; അനാമയനായിരുന്നു; അനാമയൻ=ആമയത്തോടുകൂടാത്തവൻ; ആമയം=പീഡ. ശോഭനമതാഃ—അങ്ങിനെയിരുന്ന പാത്ഥൻ; ശോഭനമനസ്സായിരുന്നു; ശോഭനമനസ്സു്=ശോഭനമായിരിക്കുന്ന മനസ്സോടുകൂടിയവൻ.

25 "ന സ്വയ മസുരക്ഷണതഃ

പ്രത്യുപകൃതയേ ച്ഛേയ മസുര ക്ഷണതഃ

ജഗദഭിരാമതമസ്യ

ക്രിയതാം കൃഷ്ണസ്യ മദ് ഗിരാ മത മസ്യ."

അസുര, അഹം സ്വയം അസുരക്ഷണതഃ പ്രത്യുപകൃതയേ ക്ഷണതഃ ന ചരേയം=എടോ അസുരൻ! ഞാന്താൻ അസുരക്ഷണം ഹേതുവായിട്ടുള്ള പ്രത്യുപകൃതിക്കായിക്കൊണ്ട് ക്ഷണംപോലും ചരിക്കയില്ല; അസുരക്ഷണം=അസുക്കളുടെ രക്ഷണം; അസുക്കൾ=പ്രാണങ്ങൾ; രക്ഷണം=രക്ഷിക്ക; പ്രത്യുപകൃതി=പ്രത്യുപകാരം; ചലിക്ക=നടക്ക; ചലിക്ക, വ്യതിചലിക്ക. മൽഗിരാ അസ്യ കൃഷ്ണസ്യ മതം ക്രിയതാം=മൽഗീരുകൊണ്ട് ഈ കൃഷ്ണന്റെ മതം ചെയ്യപ്പെടണം; മൽഗീര്=എന്റെ ഗീര്; ഗീര്=വാക്ക്; കൃഷ്ണൻ=ശ്രീകൃഷ്ണൻ; മതം=അഭിപ്രായം. ജഗദഭിരാമതമസ്യ—അങ്ങിനെയിരുന്ന കൃഷ്ണൻ; ജഗദഭിരാമതമനായിരുന്നു; ജഗദഭിരാമതമൻ=അതിശയേന ജഗദഭിരാമൻ; ജഗദഭിരാമൻ=ജഗത്തുക്കൾക്ക് അഭിരാമൻ; ജഗത്തുക്കൾ=ലോകങ്ങൾ; അഭിരാമൻ=മനോഹരൻ.

26 തദനു ച നരകാന്തേന
പ്രോക്തം ശ്രുത്വൈതദഖിലനരകാന്തേന
രാജ്ഞോ ഭാസുരധാമ്നഃ
ക്രിയതാ മധികപ്രഭാ സഭാ സുരധാമ്നഃ.

തദനു നരകാന്തേന ച ഏതൽ ശ്രുത്വാ പ്രോക്തം=അനന്തരം നരകാന്തനാലും ഇതിനെ ശ്രവിച്ചിട്ട് വചിപ്പൂ എന്നുള്ളതുണ്ടായി; നരകാന്തൻ=ശ്രീകൃഷ്ണൻ; ശ്രവിക്ക=കേൾക്ക; വചിക്ക=പറക. അഖിലനരകാന്തേന—അങ്ങിനെയിരുന്ന നരകാന്തൻ; അഖിലനരകാന്തനായിരുന്നു; അഖിലനരകാന്തൻ=അഖിലനരന്മാൎക്കും കാന്തൻ; അഖിലനരന്മാർ=ഒട്ടൊഴിയാതെയുള്ള നരന്മാർ; നരന്മാർ=മനുഷ്യർ; കാന്തൻ=മനോഹരൻ. രാജ്ഞഃ സഭാ ക്രിയതാം=രാജാവിന്ന് ഒരു സഭ ഉണ്ടാക്കപ്പെടണം. ഭാസുരധാമ്നഃ—അങ്ങിനെയിരുന്ന രാജാവ്; മാസുരധാമാവായിരുന്നു; ഭാസുരധാമാവ്=ഭാസുരങ്ങളായിരിക്കുന്ന ധാമങ്ങളോട്ടുകൂടിയവൻ; ഭാസുരങ്ങൾ=ശോഭിക്ക ശീലമായുള്ളവ; ധാമങ്ങൾ=ഭവനങ്ങൾ. സുരധാമ്നഃ അധികപ്രഭാ—അങ്ങിനെയിരിക്കണം സഭാ; സുരധാമത്തെക്കാൾ അധികപ്രഭയായിരിക്കണം; സുര

ധാമം സ്വൎഗ്ഗം; അധികപ്രഭാ=അധികയായിരിക്കുന്ന പ്രഭയോടുകൂടിയ ത്; അധികം=പെരുകിയത്; പ്രഭ=ശോഭ.

27 ദേവസമോദന്താഭ്യാം
ഇതി കൃത്വാ സംവിദം സമോദ ന്താഭ്യാം
ഭവദവസര സമയാഭ്യാം
പ്രാപേ ധൎമ്മാത്മജോഥ സരസമയാഭ്യാം.

അഥ താഭ്യാം ഇതി സംവിദം കൃത്വാ ധൎമ്മാത്മജഃ പ്രാപേ=അനന്തരം അവരിരുവരാലും അങ്ങിനെ സംവിത്തിനെ ചെയ്തിട്ടു ധൎമ്മാത്മജൻ പ്രാപിക്കപ്പെട്ടു; സംവിത്ത്=സമയം; ധൎമ്മാത്മജൻ=ധൎമ്മപുത്രൻ. ദേവസമോദന്താഭ്യാം—അങ്ങിനെയിരുന്ന അവരിവരും; ദേവസമോദന്തന്മാരായിരുന്നു; ദേവസമോദന്തന്മാർ=ദേവസമമായിരിക്കുന്ന ഉദന്തത്തോടുകൂടിയവർ; ദേവസമം=ദേവകളോട് സമം; ഉദന്തം=വൃത്താന്തം; സമോദം=മോദത്തോടുകൂടുംവണ്ണം; മോദം=സന്തോഷം. ഭവദവസരസമയാഭ്യാം—അങ്ങിനെയിരുന്ന അവർ; ഭവദവസരസമയന്മാരായിരുന്നു; ഭവദവസരസമയന്മാർ=ഭവത്തുകളായിരിക്കുന്ന അവസരസമയത്തോടുകൂടിയവർ; ഭവത്തുക്കൾ=ഭവിച്ചിയങ്ങന്നവ; അവസരസമയം=സമീപഗമനദർശനോചിതകാലം. സരസമയാഭ്യാം—അങ്ങിനെയിരുന്ന അവർ; സരസമയന്മാരായിരുന്നു; സരസമയന്മാർ=സരസനായിരിക്കുന്ന മയനോടുകൂടിയവർ; സരസൻ=രസത്തോടുകൂടിയവൻ; രസം=രാഗം; മയൻ=അസുരതക്ഷാവ്.

28 തേന ച തരസാ രചിതാ
സഭാ നരേന്ദ്രായ ചാരുതര സാരചിതാ
താം ച സദാനന്ദതപാ-
ദ്ഗത പുളകോ/വിശ ത്സ ദാന ന്ദതപാ.

തേന തരസാ നരേന്ദ്രായ സഭാ രചിതാ ച=അവനാൽ വേഗേന നരേന്ദ്രനായിക്കൊണ്ടു സഭ രചിതയായുമുതും ചെയ്തു; നരേന്ദ്രൻ=രാജാവ്; രചിത=ചമക്കപ്പെട്ടത്. ചാരു തരസാരചിതാ—അങ്ങിനെ

യിരുന്ന സഭാ; ചാരുതര സാരചിതയായിരുന്നു; ചാരുതരസാരചിത= ചാരുതരസാരങ്ങളാൽ ചിത; ചാരുതര സാരങ്ങൾ; ചാരുതരങ്ങളായിരിക്കുന്ന സാരങ്ങൾ; ചാരുതരങ്ങൾ=അതിശയേന ചാരുക്കൾ; ചാരുക്കൾ=മനോഹരങ്ങൾ; സാരങ്ങൾ=രത്നാദികൾ; ചിത=വ്യാപ്ത; സഃ ദാനം ദത്വാ താം അവിശൽ ച=അവൻ ദാനം ചെയ്തിട്ട് അതിങ്കൽ പ്രവേശിപ്പതും ചെയ്തു; ദാനം=ദേയദ്രവ്യം; പ്രവേശിക്ക= അകംപൂക. സദാനന്ദത്വാൽ ഉൽഗതപുളകഃ—അങ്ങിനെയിരുന്ന അവൻ; സദാനന്ദത്വം ഹേതുവായിട്ട് ഉൽഗതപുളകനായിരുന്നു; സദാനന്ദത്വം=സദാനന്ദനാവു എന്നുള്ളതു്; സദാനന്ദൻ=സത്തായിരിക്കുന്ന ആനന്ദത്തോടുകൂടിയവൻ; സത്തു്=ഭവിച്ചിയങ്ങുന്നതു്; ഉൽഗതപുളകൻ=ഉൽഗതമായിരിക്കുന്ന പുളകത്തോടുകൂടിയവൻ; ഉൽഗതം=ഉണ്ടായതു്; പുളകം=രോമാഞ്ചം.

29 ദ്രഷ്ടുമനാ മയജാതാ
സമാഗമ ത്താം സഭാ മനാമയജാതാം
സതത മുദാരാ ജനതാ
തസ്ഥൌ തത്രൈവ സാ മുദാ രാജനതാ.

ഉദാരാ ജനതാ മയജാതാം താം സഭാം ദ്രഷ്ടുമനാഃ സമാഗമൽ= ഉദാരയായിരിക്കുന്ന ജനത മയജാതയായിരിക്കുന്ന ആ സഭയെ ദ്രഷ്ടുമനസ്സായിട്ട് സമാഗമിച്ചു; ഉദാര=മഹതി; ജനത=ജനസമൂഹം; മയജാത=മയങ്കൽനിന്ന് ജാത; മയൻ=അസുരതക്ഷാവ്; ജാത=ജനിച്ചതു്; ദ്രഷ്ടുമനസ്സ്=ദർശിപ്പാനായിക്കൊണ്ടു് മനസ്സുള്ളതു്; ദർശിക്ക=കാൺക; സമാഗമിക്ക=വരിക. അനാമയജാതാം—അങ്ങിനെയിരുന്ന സഭ; അനാമയജാതയായിരുന്നു; അനാമയജാത=ആമയജാതത്തോടുകൂടാത്തതു്; ആമയജാതം=ആമയത്തിൻെറ ജാതം; ആമയം=പീഡ; ജാതം=സമൂഹം; സാ മുദാ സതതം തത്ര ഏവ തസ്ഥൌ= അതു് മുത്തുഹേതുവായിട്ട് എല്ലായ്പോഴും അവിടെത്തന്നെ സ്ഥിതിചെയ്തു; മുത്തു്=സന്തോഷം. രാജനതാ—അങ്ങിനെയിരുന്ന ജനത; രാജനതയായിരുന്നു; രാജനത=രാജാവിങ്കൽ നത; നത=തല്പര.

30 അമലീമസഭാവ ന്തം
ദ്രഷ്ടുമനാ മുനി രനുത്തമസഭാവന്തം
വീണാഹസ്തോ ഭരത—
ശ്രേഷ്ഠ മഗാദ് ജഗദനുഗ്രഹസ്തോഭരതഃ.

വീണാഹസ്തഃ മുനിഃ തം ഭരതശ്രേഷ്ഠം ദ്രഷ്ടുമനാഃ അഗാൽ= വീണാഹസ്തനായിരിക്കുന്ന മുനി ആ ഭരതശ്രേഷ്ഠനെ ദ്രഷ്ടുമനസ്സായിട്ട് ആഗമിച്ചു; വീണാഹസ്തനായിരിക്കുന്ന മുനി-ശ്രീനാരദമഹർഷി; ഭരതശ്രേഷ്ഠൻ=യുധിഷ്ഠിരൻ; ദ്രഷ്ടുമനസ്സ്=ദർശിപ്പാനായിക്കൊണ്ടു മനസ്സുള്ളവൻ; ദർശിക്ക=കാൺക; ആഗമിക്ക=വരിക. അമലീമസഭാവം—അങ്ങിനെയിരുന്ന ഭരതശ്രേഷ്ഠൻ; അമലീമസഭാവനായിരുന്നു; അമലീമസഭാവൻ=അമലീമസമായിരിക്കുന്ന ഭാവത്തോടുകൂടിയവൻ; അമലീവസം=മലീമസമെന്നിയെ ഇരിക്കുന്നതു്; മലീമസം= മലിനം; ഭാവം=ഹൃദയം. അനുത്തമസഭാവന്തം—അങ്ങിനെയിരുന്ന ഭരതശ്രേഷ്ഠൻ; അനുത്തമസഭാവാനായിരുന്നു; അനുത്തമസഭാവാൻ= അനുത്തമസഭയുള്ളവൻ; അനുത്തമസഭ=അനുത്തമമായിരിക്കുന്ന സഭ; അനുത്തമം=അത്യുത്തമം. ജഗദനുഗ്രഹസ്തോഭരതഃ—അങ്ങിനെയിരുന്ന മുനി; ജഗദനുഗ്രഹസ്തോഭരതനായിരുന്നു; ജഗദനുഗ്രഹസ്തോഭരതൻ=ജഗദനുഗ്രഹസ്തോഭത്തിങ്കൽ രതൻ; ജഗദനുഗ്രഹസ്തോഭം=ജഗത്തിന്റെ അനുഗ്രഹസ്തോഭം; ജഗത്ത്=ലോകം; അനുഗ്രഹസ്തോഭം=അനുഗ്രഹവ്യാപാരം; രതൻ=തല്പരൻ.

31 സ വചോഭീ രാജനയ—
ന്നിഗദ്യ നിഖിലം ധിയോ ഗഭീരാ ജനയൻ
ആത്ത പരമസൌമുഖ്യം
നൃപ മശിഷൽ കത്തു മധ്വരമസൌ മുഖ്യം.

സഃ അസൗ വചോഭിഃ നിഖിലം രാജനയം നിഗദ്യ നൃപം മുഖ്യം അധ്വരം കത്തും അശിഷൽ=അങ്ങിനെയെല്ലാമിരിക്കുന്ന ഇവൻ വചസ്സുകളെക്കൊണ്ടു് നിഖിലമായിരിക്കുന്ന രാജനയത്തെ നിഗ

ദിച്ചിട്ട് നൃപനോട് മുഖ്യമായിരിക്കുന്ന അദ്ധ്വരത്തെ ചെയ്‌വാനായിക്കൊണ്ട് ശാസിച്ചു; വചസ്സുകൾ=വാക്കുകൾ; നിഖിലം=ഒട്ടൊഴിയാതെയുള്ളത്; രാജനയം=രാജനീതി; നിഗദിക്ക=പറക; നൃപൻ=രാജാവ്; മുഖ്യമായിരിക്കുന്ന അദ്ധ്വരം=രാജസൂയം; ശാസിക്ക=നിയോഗിക്ക. ഗഭീരാഃ ധിയഃ ജനയൻ—അങ്ങിനെയിരുന്ന ഇവൻ; ഗഭീരകളായിരിക്കുന്ന ധീകളെ ജനയന്നായിരുന്നു; ഗഭീരകൾ=ഗംഭീരകൾ; ധീകൾ=ബുദ്ധികൾ; ജനയൻ=ജനിപ്പിച്ചിയങ്ങുന്നവൻ. ആത്തപരമസൌമുഖ്യം—അങ്ങിനെയിരുന്ന നൃപൻ; ആത്തപരമസൌമുഖ്യനായിരുന്നു; ആത്തപരമസൌമുഖ്യൻ=ആത്തമായിരിക്കുന്ന പരമസൌമുഖ്യത്തോടുകൂടിയവൻ; ആത്തം=ആദാനം ചെയ്യപ്പെട്ടതു്; പരമസൌമുഖ്യം=പരമമായിരിക്കുന്ന സൌമുഖ്യം; പരമം=ഉൽകൃഷ്ടം; സൌമുഖ്യം=സുമുഖത.

32 സോഽപി സമുദ്യദുപായഃ
സ്വം സൂതം പ്രാഹിണോൽ സമു ദ്യദുപായ
സദ്യഃ സാദരഹസിതം
ഹരിരപി കുരുരാജ മാസസാദ രഹസി തം

സഃ അപി യദുപായ സ്വം സൂതം പ്രാഹിണോൽ=അവനും യദുപനായിക്കൊണ്ട് സ്വന്നായിരിക്കുന്ന സൂതനെ യാത്രയാക്കി. യദുപൻ=ശ്രീകൃഷ്ണൻ; സ്വൻ=ആത്മീയൻ; സൂതൻ=സാരഥി. സമുദ്യദുപായഃ—അങ്ങിനെയിരുന്ന അവൻ—സമുദ്യദുപായനായിരുന്നു. സമുദ്യദുപായൻ=സമുദ്യത്തുകളായിരിക്കുന്ന ഉപായങ്ങളോടുകൂടിയവൻ. സമുദ്യത്തുക്കൾ=സമ്യക്കാവും വണ്ണം ഉദ്യത്തുകൾ. ഉദ്യത്തുകൾ=ഉദിച്ചിയങ്ങുന്നവ. ഉപായങ്ങൾ=ചതുരുപായങ്ങൾ ചതുരുപായങ്ങൾ:—സാമ, ദാന, ഭേദ, ദണ്ഡങ്ങൾ. സമുൽ—അങ്ങിനെയിരുന്ന അവൻ—സമുത്തായിരുന്നു; സമുത്ത്=മുത്തിനോടു കൂടിയവൻ; മുത്ത്=സന്തോഷം. ഹരിഃ അപി സദ്യഃ രഹസി തം കുരുരാജം ആസസാദ=ഹരിയും അപ്പോഴെ രഹസ്സിങ്കൽ ആ കുരുരാജനെ പ്രാപിച്ചു. ഹരി=ശ്രീകൃഷ്ണൻ; രഹസ്സ്=വിജനം. കുരുരാജൻ=യുധിഷ്ഠിരൻ. സാദരഹസിതം=ആദരഹസിതങ്ങളൊടുകൂടും വണ്ണം; ആദര ഹസിതങ്ങൾ=ആദരവും ഹസിതവും. ആദരം=സ്നേഹം; ഹസിതം=മന്ദസ്മിതം.

33 സത്യഗിരാ സന്ധായ
പ്രഭുണാ സ പ്രാഹിണോ ജ്ജരസന്ധായ
ദധത മഫല്ഗു നവ ന്തം
ഹാർദ്ദം ഹരിമേവ ഭീമഫല്ഗുനവന്തം

സഃ പ്രഭുണാ സന്ധായ ജരാസന്ധായ ഭീമഫൽഗുനവന്തം തം ഹരിം പ്രാഹിണോൽ—അവൻ പ്രഭുവിനോട്ട് സന്ധാനം ചെയ്തിട്ട് ജരാസന്ധനെ ഹനിപ്പാനായിക്കൊണ്ടു് ഭീമഫൽഗുനവാനായിരിക്കുന്ന ഹരിയെത്തന്നെയാത്രയാക്കി. പ്രഭു=ശ്രീകൃഷ്ണൻ, സന്ധാനംചെയ്ക= സമയം ചെയ്ക. ഹനിക്ക=നിഗ്രഹിക്ക; ഭീമഫൽഗുനവാൻ=ഭീമ ഫൽഗുനന്മാരുള്ളവൻ; ഭീമഫൽഗുനന്മാർ=ഭീമനും, ഫൽഗുനനും. ഭീ മൻ=ഭീമസേനൻ; ഫൽഗുനൻ=അർജ്ജുനൻ; ഹരി=ശ്രീകൃഷ്ണൻ; സ ത്യഗിരാ—അങ്ങിനെയിരുന്ന പ്രഭു സത്യ ഗീരായിരുന്നു; സത്യഗീ ൎ=സത്യമായിരിക്കുന്ന ഗീരിനോടുകൂടിയവൻ. ഗീർ=വാക്കു്. അ ഫൽഗു നവം ഹാർദ്ദം ദധതം—അങ്ങിനെയിരുന്ന ഹരി—അഫൽഗു വായി നവമായിരിക്കുന്ന ഹാർദ്ദത്തെ ദധത്തായിരുന്നു. അഫൽഗു— പെരുകിയതു്; നവം=പുതുതായുള്ളതു്, ഹാർദ്ദം=സ്നേഹം. ദധത്തു്= ധരിച്ചിരിയങ്ങുന്നവൻ.

34 സോപി ബൃഹദ്രഥജന്തു
പ്രവിശ്യ മാഗധപുരം ബൃഹദ്രഥജ ന്തു
മാരുതിനാ വധ മനയ—
ന്നിഗളിതനൃപതിം രണാവനാ വധമനയം.

സഃ അപി മാഗധപുരം പ്രവിശ്യ ബൃഹദ്രഥജം മാരുതിനാ വധം അനയൽ=അവരും മാഗധപുരത്തെ പ്രവേശിച്ചിട്ട് ബൃഹദ്രഥജനെ മാരുതിയെക്കൊണ്ടു് വധത്തെ നയിച്ചു. മാഗധപുരം=മാഗധന്റെ പുരം. മാഗധൻ=ജരാസന്ധൻ; പുരം=രാജധാനി; പ്രവേശിക്ക=അകം പൂക, ബൃഹദ്രഥൻ=ജരാസന്ധൻ. മാരുതി=ഭീമസേനൻ; വധം=നി ഗ്രഹം; നയിക്ക=പ്രാപിക്ക; ബൃഹദ്രഥജന്തു—അങ്ങിനെയിരുന്ന മാ ഗധപുരം; ബൃഹദ്രധജന്തുവായിരുന്നു; ബൃഹദ്രധജന്തു=ബൃഹത്തുക്കളാ

യിരിക്കുന്ന രഥജന്തുക്കളോടുകൂടിയതു്. ബൃഹത്തുക്കൾ=പെരുകിയവ; രഥജന്തുക്കൾ=രഥങ്ങളും, ജന്തുക്കളും; രഥങ്ങൾ=തേരുകൾ. ജന്തുക്കൾ=ഗജാശ്വാദികൾ. രണാവനൌ നിഗളിത നൃപതിം—അങ്ങിനെയിരുന്ന ബൃഹദ്രഥജൻ—രണാവനിയിങ്കൽ നിഗളിത നൃപതിയായിരുന്നു. രണാവനി=യുദ്ധഭൂമി; നിഗളിതനൃപതി=നിഗളിതന്മാരായിരിക്കുന്ന നൃപതികളോടു കൂടിയവൻ. നിഗളി(ഡി)തന്മാർ=ബദ്ധന്മാർ. നൃപതികൾ=രാജാക്കന്മാർ; അധമനയം, അങ്ങിനെയിരുന്ന ബൃഹദ്രഥജൻ—അധമനയനായിരുന്നു; അധമനയൻ=അധമമായിരിക്കുന്ന നയത്തോടുകൂടിയവൻ; അധമം=ദുഷ്ടം; നയം=നീതി.

35 അഥ സദുപായനയോ ഗാം
അനുജൈർ നിർജ്ജിത്യ ലസദുപായനയോഗാം
സ്വപനിചയ മതനുതയാഗം
ദധനൃപോ രാജസൂയ മതനുത യാഗം.

അഥ നൃപഃ രാജസൂയം യാഗം അതനുത=അനന്തരം നൃപൻ രാജസൂയമാകുന്ന യാഗത്തെ ചെയ്തു. നൃപൻ=യുധിഷ്ഠിരൻ; അനുജൈഃ ഗാം നിർജ്ജിത്യ; അനുജന്മാരെക്കൊണ്ടു് ഗോവിനെ ജയിച്ചിട്ടു്. ഗോവു്=ഭൂമി. സദുപായനയഃ, അങ്ങിനെയിരുന്ന നൃപൻ സദുപായനയനായിരുന്നു, സദുപായനയൻ—സത്തുകളായിരിക്കുന്ന ഉപായ നയങ്ങളോടു കൂടിയവൻ. സത്തുകൾ=ഉൽകൃഷ്ടകൾ; ഉപായനയനങ്ങൾ=ഉപായങ്ങളും നയങ്ങളും. ഉപായങ്ങൾ=സാമദാനഭേദ ദണ്ഡങ്ങൾ. നയങ്ങൾ=സന്ധിവിഗ്രഹയാനാസന ദ്വൈധീഭാവസമാശ്രയങ്ങൾ. ലസദുപായനയോഗം—അങ്ങിനെയിരുന്ന ഗോവു്. ലസദുപായനയോഗയായിരുന്നു ലസദുപായനയോഗ=ലസത്തുകളായിരിക്കുന്ന ഉപായന യോഗങ്ങളോടു കൂടിയതു്. ലസത്തുകൾ=ശോഭിച്ചിയങ്ങുന്നവ. ഉപായനയോഗങ്ങൾ=ഉപായനങ്ങളുടെ യോഗങ്ങൾ. ഉപായനയങ്ങൾ=കാഴ്ചദ്രവ്യങ്ങൾ; യോഗങ്ങൾ=സമൂഹങ്ങൾ; അതനുതയാ അഗം സ്വപനിചയം ദധൽ- അങ്ങിനെയിരുന്ന നൃപൻ—അതനുതകൊണ്ടു് അഗമായിരിക്കുന്ന സ്വപനിചയത്തെ ദധത്തായിരുന്നു. അതനുത=പെരുപ്പം. അം

ഗം=പർവ്വതം. സ്വനിചയം=സ്വമുകളുടെ നിചയം; സ്വമുകൾ=ധനങ്ങൾ. നിചയം=സമൂഹം. ദധത്ത്=ധരിച്ചിയങ്ങുന്നവൻ,

36 തം ഗുരുതര കരഭാര-
പ്രഭുഗ്നക ണ്ഠോഷ്ട്രകാ,ശ്വതര,കരഭാര
വാരിധി വേലാപാളീ
വേഷ്ടിത ഭൂവേഷ്ടസംഭവേലാപാളീ

വാരിധി വേലാപാളീ വേഷ്ടിത ഭൂവേഷ്ട സംഭവാ ഇലാ പാളീ തം ആര=വാരിധി വേലാപാളീ വേഷ്ടിത ഭൂവേഷ്ടസംഭവയായിരിക്കുന്ന ഇലാ (ളാ) പാളി അവനെ പ്രാപിച്ചു. വാരിധി വേലാ പാളീ വേഷ്ടിതഭൂവേഷ്ട സംഭവ=വാരിധിവേലാ പാളീ വേഷ്ടിത ഭൂവേഷ്ടത്തിങ്കൽനിന്നു സംഭവത്തോടു കൂടിയതു്. വാരിധി വേലാപാളീവേഷ്ടിത ഭൂവേഷ്ടം=വാരിധി വേലാപാളീ വേഷ്ടിതമായിരിക്കുന്ന ഭൂവേഷ്ടം. വാരിധിവേലാ പാളീ വേഷ്ടിതം=വാരിധിവേലാപാളിയാൽ വേഷ്ടിതം. വാരിധിവേലാപാളി=വാരിധികളുടെ വേലാപാളി; വാരിധികൾ=സമുദ്രങ്ങൾ വേലാപാളി=വേലകളുടെ പാളി. വേലകൾ=മിട്ടാലകൾ; പാളികൾ=സമൂഹങ്ങൾ; വേഷ്ടിതം=ചുററപ്പെട്ടതു്; ഭൂവേഷ്ടം=ഭൂമണ്ഡലം; സംഭവം=ഉൽഭവം. ഇളാപാളീ=ഇളാപന്മാരുടെ ആളി; ഇളാപന്മാർ=രാജാക്കന്മാർ; ആളി=സമൂഹം; ഗുരുതരകരഭാരപ്രഭുഗ്നകണ്ഠോഷ്ട്രകാശ്വതരകരഭാ, അങ്ങിനെയിരുന്നുള്ളാപാളി—ഗുരുതരകര ഭാരപ്രഭുഗ്നകണ്ഠോഷ്ട്രകാശ്വതരകരഭയായിരുന്നു. ഗുരുതരകരഭാര പ്രഭുഗ്നകണ്ഠോഷ്ട്രകാശ്വതരകരഭ=ഗുരുതരകഭാരപ്രഭുഗ്നകണ്ഠങ്ങളായിരിക്കുന്ന ഉഷ്ട്രകാശ്വതരകരഭങ്ങളോടുകൂടിയതു്; ഗുരുതരകര ഭാരപ്രഭുഗ്നകണ്ഠങ്ങൾ=ഗുരുതരകരഭാരംകൊണ്ടു് പ്രഭുഗ്നകണ്ഠങ്ങൾ. ഗുരുതരകരഭാരം=ഗുരുതരമായിരിക്കുന്ന കരഭാരം. ഗുരുതരം=അതിശയേന ഗുരു. ഗുരു=കനത്തതു്; കരഭാരം=കരങ്ങളാകുന്ന ഭാരം; കരങ്ങൾ=നികുതി; ഭാരം=ചുമടു്; പ്രഭുഗ്നകണ്ഠങ്ങൾ=പ്രഭുഗ്നമായിരിക്കുന്ന കണ്ഠത്തോടുകൂടിയവ. പ്രഭുഗ്നം=വളഞ്ഞതു്. കണ്ഠം=കഴുത്തു്; ഉഷ്ട്രകാശ്വതരകരഭങ്ങൾ=ഉഷ്ട്രകങ്ങളും അശ്വതരങ്ങളും കരഭ

ങ്ങളും ഉഷ്ട്രകങ്ങൾ=ഒട്ടകങ്ങൾ; അശ്വതരങ്ങൾ=പട്ടികുതിരകൾ (കോവർകഴുതകൾ) കരഭങ്ങൾ=കഴുതകൾ.

37 അധികതരാമേയജനേ
ന്ന്യയുങ്ക്ത ധമ്മാത്മജോƒഭിരാമേ യജനേ
അവഗത നാനാമനുജം
സഹദേവം പൂജനേ ജനാനാമനുജം

ധമ്മാത്മജഃ അഭിരാമേ യജനേ ജനാനാം പൂജനേ അനുജം സഹദേവം ന്യയുങ്ക്ത=ധമ്മാത്മജൻ അഭിരാമമായിരിക്കുന്ന യജനത്തിങ്കൽ ജനങ്ങളുടെ പൂജനത്തിങ്കൽ അനുജനായിരിക്കുന്ന സഹദേവനെ നിയോഗിച്ചു. ധമ്മാത്മജൻ=ധമ്മപുത്രർ. അഭിരാമം=മനോഹരം. യജനം=യോഗം; പൂജനം=പൂജ; അധികതരാമേയജനേ, അങ്ങിനെയിരുന്ന യജനം—അധികതരാമേയജനമായിരുന്നു. അധികതരാമേയജനം=അധികതരാമേയങ്ങളായിരിക്കുന്ന ജനങ്ങളോടുകൂടിയതു്. അധികതരാമേയങ്ങൾ=എത്രയുമേററം അമേയങ്ങൾ. അമേയങ്ങൾ=അപരിച്ഛേദ്യങ്ങൾ. അവഗതനാനാമനുജം, അങ്ങിനെയിരുന്ന സഹദേവൻ—അവഗതനാനാമനുജനായിരുന്നു. അവഗതനാനാമനുജൻ=അവഗതന്മാരായിരിക്കുന്ന നനാമനുജന്മാരോടുകൂടിയവൻ. അവഗതന്മാർ=അറിയപ്പെട്ടവർ; നാനാമനുജന്മാർ=നാനാവിധന്മാരായിരിക്കുന്ന മനുജന്മാർ. നനാവിധന്മാർ=ബഹുവിധന്മാർ; മനുജന്മാർ=മനുഷ്യർ.

38 അപി ച വിരോചിത വേദീ—
ഭാഗ മപൃഛദ് ഗുരും ഗിരോചിതവേദീ
"ഇഹ ശാന്തനവൈകസ്മൈ
വദാഗ്ര്യ പൂജാം നരായ തനവൈ കസ്മൈ".

അപി ച ഗിരാഗുരും അപൃച്ഛൽ=അത്രയുമല്ല ഗീരുകൊണ്ടു് ഗുരുവിനോടു് പൃഛിച്ചു; ഗീരു്=വാക്കു്; ഗുരു=ഭീഷ്മർ; പൃഛിക്ക=ചോദിക്ക. വിരോചിത വേദീഭാഗം, അങ്ങിനെയിരുന്ന ഗുരു—വിരോചിതവേദീഭാഗനായിരുന്നു. വിരോചിത വേദീഭാഗൻ=വിരോ

ചിതമായിരിക്കുന്ന വേദീഭാഗത്തോടു കൂടിയവൻ; വിരോചിതം=ശോഭിക്കപ്പെട്ടതു്; വേദീഭാഗം=വേദിപ്രദേശം. ഉചിതവേദീ, അങ്ങിനെയിരുന്ന അവൻ—ഉചിതവേദിയായിരുന്നു; ഉചിതവേദി=ഉചിതത്തെ അറിയുന്നവൻ; ശാന്തനവ, ഇഹ ഏകസ്യൈ കസ്യൈ നരായ അഗ്രപൂജാം തനവൈ വദ=എടോ ശാന്തനവൻ, ഇവിടെ ഏകനായിരിക്കുന്ന ഏതൊരു നരനായികൊണ്ടു് അഗ്രപൂജ ചെയ്യേണ്ടു? വദിച്ചാലും; ശാന്തനവൻ=ഭീഷ്മർ; ഏകൻ=പ്രധാനൻ; നരൻ=പുരുഷൻ; വദിക്ക=പറക.

39 ഇതി സദൃശ തനുജേന
പ്രോക്തേ ധർമ്മസ്യ വചസി ശന്തനുജേന
ഉക്തം, "തോയജനേത്ര-
പ്രാന്തേ പ്രശ്നോऽയമനുചിതോ യജനേऽത്ര

ധർമ്മസ്യ തനുജേന ഇതി സദൃശം വചസി പ്രോക്തേ, ശന്തനുജേന ഉക്തം=ധർമ്മൻെറ തനുജനാൽ ഇങ്ങിനെ സദൃശമാവും വണ്ണമുള്ള വചസ്സ് പ്രോക്തമായിരിക്കും വിഷയത്തിങ്കൽ ശന്തനുജനാൽ വചിപ്പൂ എന്നുള്ളതുണ്ടായി. ധർമ്മൻ=ധർമ്മരാജാവു്; തനുജൻ=പുത്രൻ സദൃശം=യോഗ്യം; വചസ്സ്=വാക്കു്; പ്രോക്തം=വചിക്കപ്പെട്ടതു്; ശന്തനുജൻ=ഭീഷ്മർ; വചിക്ക=പറക; അത്ര യജനേ തോയജനേത്രപ്രാന്തേ അയം പ്രശ്നഃ അനുചിതഃ, ഈ യജനത്തിങ്കൽ തോയജനേത്ര പ്രാന്തത്തിങ്കൽ ഈ പ്രശ്നം അനുചിതം; യജനം=യാഗം; തോയജനേത്രപ്രാന്തം=തോയജനേത്രൻെറ പ്രാന്തം; തോയജനേത്രൻ=ശ്രീകൃഷ്ണൻ; പ്രാന്തം=സമീപം; പ്രശ്നം=ചോദ്യം; അനുചിതം=അയോഗ്യം.

40 കിം തുലിതാമര, സാക്ഷാൽ
അവതീർണ്ണം ഭാഗമേവ താമരസാക്ഷാൽ
ദാനവ സേനാദ്യന്തം
സ്വാമിന മേനം ന ബുദ്ധ്യസേऽനാദ്യന്തം.

തുലിതാമര! ത്വം ഏനം സ്വാമിനം ന ബുദ്ധ്യസേ കിം—തുലിതാമരനായുള്ളോവേ! നീ ഈ സ്വാമിയെ അറിയുന്നില്ലയോ? തുലിതാമരൻ=തുലിതന്മാരായിരിക്കുന്ന അമരന്മാരോടുകൂടിയവൻ. തുലിതന്മാർ=ആചിക്കാണപ്പെട്ടവർ (?)—തുല്യന്മാർ. അമരന്മാർ=ദേവകൾ. സ്വാമി=ഭഗവാൻ. താമരസാക്ഷാൽ അവതീർണ്ണം ഭാഗം ഏവ, അങ്ങിനെ ഇരുന്ന സ്വാമി—താമരസാക്ഷങ്കൽനിന്ന് അവതീർണ്ണമായിരിക്കുന്ന ഭാഗമായിട്ടേ ഇരുന്നു; താമരസാക്ഷൻ; ശ്രീനാരായണൻ; അവതീർണ്ണം=അവതരിച്ചതു്; ഭാഗം=അംശം. ദാനവസേനാദ്യന്തം, അങ്ങിനെയിരുന്ന സ്വാമി—ദാനവ സേനകളെ ദ്യന്നായിരുന്നു; ദാനവസേനകൾ=ദാനവന്മാരുടെ സേനകൾ. ദാനവന്മാർ=അസുരകൾ; സേനകൾ=പടജ്ജനങ്ങൾ; ദ്യൻ=ഖണ്ഡിച്ചിയങ്ങുന്നവൻ; അനാദ്യന്തം, അങ്ങിനെ ഇരുന്ന സ്വാമി; അനാദ്യന്തനായിരുന്നു; അനാദ്യന്തൻ=ആദ്യന്തങ്ങളോടുകൂടാത്തവൻ; ആദ്യന്തങ്ങൾ=ആദിയും അന്തവും.

41 ജലനിലയോ നിത്യാ ഗാഃ
യശ്ച വിചിക്യേ കൃതാബ്ജയോനിത്യാഗാഃ
കർത്തു മിവ സ്വാന്വേഷ-
സ്ഫുടനിഷ്ക്രയ മക്ഷിജിതവിവസ്വാനേഷഃ

യഃ ജലനിലയഃ നിത്യാഃ ഗാഃ വിചിക്യേച=യാതൊരു ഭഗവാൻ ജലനിലയനായിട്ടു് നിത്യകളായിരിക്കുന്ന ഗോക്കളെ വിചയിക്കയും ചെയ്തു. ജലനിലയൻ=ജലം നിലയമായിട്ടുള്ളവൻ. നിലയം=ഭവനം, നിത്യകളായിരിക്കുന്ന ഗോക്കൾ=വേദവാക്യങ്ങൾ; വിചയിക്ക=അന്വേഷിക്ക; കൃതാബ്ജയോനിത്യാഗാഃ—അങ്ങിനെയിരുന്ന ഗോക്കൾ—കൃതാബ്ജയോനിത്യഗകളായിരുന്നു; കൃതാബ്ജയോനിത്യാഗകൾ=കൃതമായിരിക്കുന്ന അബ്ജയോനിത്യാഗത്തോടുകൂടിയവ; കൃതം=ചെയ്യപ്പെട്ടതു്; അബ്ജയോനിത്യാഗം=അബ്ജയോനിയുടെ ത്യാഗം. അബ്ജയോനി=ബ്രഹ്മാവു്; ത്യാഗം=ഉപേക്ഷിക്കൽ;സ്വാന്വേഷസ്ഫുടനിഷ്ക്രയം കർത്തും ഇവ—സ്വാന്വേഷ സ്ഫുടനിഷ്ക്രയത്തെ ചെയ്യാനായിക്കൊണ്ടോ എന്നു തോന്നും; സ്വാന്വേഷസ്ഫുടനിഷ്ക്രയം=സ്വാന്വേഷത്തിൻെറ സ്ഫുട നിഷ്ക്രയം; സ്വാന്വേഷം=ത

ൻെറ അന്വേഷം; അന്വേഷം=അന്വേഷണം; സ്ഫുടനിഷ്ക്രയം= സ്ഫുടമാവും വണ്ണമുള്ള നിഷ്ക്രയം; സ്ഫുടം=സ്പഷ്ടം; നിഷ്ക്രയം=മറുവില; അക്ഷി ജിതവിവസ്വാൻ, അങ്ങിനെയിരുന്ന ഭഗവാൻ—അക്ഷിജിതവിവസ്വാനായിരുന്നു. അക്ഷിജിതവിവസ്വാൻ; അക്ഷിജിതനായിരിക്കുന്ന വിവസ്വാനോടുകൂടിയവൻ; അക്ഷിജിതൻ= അക്ഷികളെക്കൊണ്ടു് ജിതൻ; അക്ഷികൾ=കണ്ണുകൾ; ജിതൻ=ജയിക്കപ്പെട്ടവൻ; വിവസ്വാൻ=ആദിത്യൻ; സഃ ഏഷഃ നു=ആ ഭഗവാൻ ഇവനല്ലയോ?

42 ഉദധിപയശ്ചക്രാന്തഃ
കച്ഛപവേഷം വിധായ യ ശ്ച ക്രാന്തഃ
പൃഷ്ഠേ നാഗാഭോ/ഗം
മന്ദര മുദധാ ദൂഢനാഗാഭോഗം

യഃ കച്ഛപവേഷം വിധായ ഉദധിപയശ്ചക്രാന്തഃ ക്രാന്തഃ പൃഷ്ഠേന മന്ദരം അഗം ഉദധാൽ ച=യാതൊരു ഭഗവാൻ ആണോ കച്ഛപവേഷത്തെ ഉണ്ടാക്കിട്ടു് ഉദധിപയശ്ചക്രാന്തർഭാഗത്തിങ്കൽ ക്രാന്തനായിട്ടു് പൃഷ്ഠം കൊണ്ടു് മന്ദരമാകുന്ന അഗത്തെ ഉദ്ധരിച്ചതും. കച്ഛപവേഷം=കച്ഛപത്തിൻെറ വേഷം; കച്ഛപം=ആമ; ഉദധിപയശ്ചക്രാന്തർഭാഗം=ഉദധിപയശ്ചക്രത്തിൻെറ അന്തർഭാഗം; ഉദധിപയശ്ചക്രം= ഉദധിയുടെ പയശ്ചക്രം; ഉദധി=സമുദ്രം; പയശ്ചക്രം=പയസ്സിൻെറ ചക്രം; പയസ്സ്=ജലം; ചക്രം=മണ്ഡലം; അന്തർഭാഗം=ഉള്ള്; ക്രാന്തൻ=പ്രാപ്തൻ; അഗം=പർവ്വതം; ഉദ്ധരിക്ക=എടുക്ക; അഗാഭഃ—അങ്ങിനെയിരുന്ന ഭഗവാൻ—അഗാഭനായിരുന്നു; അഗാഭൻ=അഗത്തിൻെറ ആഭപോലെയിരിക്കുന്ന ആഭയോടുകൂടിയവൻ; അഗം=പർവ്വതം; ആഭ=ശോഭ. ഉദൂഢനാഗാഭോഗം; അങ്ങിനെയിരുന്ന അഗം—ഉദൂഢനാഗാഭോഗമായിരുന്നു; ഉദൂഢനാഗാഭോഗം=ഉദൂഢനായിരിക്കുന്ന നാഗാഭോഗത്തോടുകൂടിയതു്. ഉദൂഢം=ഉദ്വഹിക്കപ്പെട്ടതു്; നാഗഭോഗം=നാഗംകൊണ്ടുള്ള ആഭോഗം; നാഗം=സർപ്പം; ആഭോഗം=പരിപൂർണ്ണത; സഃ ഏഷഃ നു=ആ ഭഗവാൻ ഇവനല്ലയോ?

43 യശ്ച ധരണ്യാക്ഷേപ-
സ്ഫുടവൈരി ണ്യുപഗതേ ഹിരണ്യാക്ഷേƒപഃ
സപദി വരാഹ വപുഷ്യാം
താ മുദ്ധർത്തും ദധൌ വരാഹവ പുഷ്യാം.

യഃ ധരണ്യാക്ഷേപസ്ഫുടവൈരിണി ഹിരണ്യാക്ഷേ അപഃ ഉപഗതേ, സപദി താം ഉദ്ധർത്തുംവരാഹചപുഷ്യാം ദധൌ ച=യാതൊരുഭഗവാൻ ആണോ ധരണ്യാക്ഷേപസ്ഫുടവൈരിയായിരിക്കുന്ന ഹിരണ്യാക്ഷൻ അപ്പുകളെ ഉപഗതനായിരിക്കും വിഷയത്തിങ്കൽ, വേഗേന അതിനെ ഉദ്ധരിപ്പാനായിക്കൊണ്ടു് വരാഹവപുഷ്യയെ ധരിച്ചതും. ധരണ്യാക്ഷേപസ്ഫുടവൈരി=ധരണ്യാക്ഷേപംകൊണ്ടു് സ്ഫുടവൈരി. ധരണ്യാക്ഷേപം=ധരണിയുടെ ആക്ഷേപം; ധരണി=ഭൂമി; ആക്ഷേപം=ആകർഷണം; സ്ഫുടവൈരി=സ്ഫുടമാവും വണ്ണമുള്ള വൈരി; സ്ഫുടം=സ്പഷ്ടം; വൈരി=ശത്രു; അപ്പുകൾ=ജലങ്ങൾ; ഉപഗതൻ=പ്രാപ്തൻ; ഉദ്ധരിക്ക=എടുക്ക; വരാഹവപുഷ്യ=വരാഹത്തിൻെറ വപുസ്സിങ്കൽ സ്ഥിത; വരാഹവപുസ്സ്=വരാഹത്തിൻെറ വപുസ്സ്; വരാഹം=പന്നി; വപുസ്സ്=ശരീരം; വരാഹവപുഷ്യാം, അങ്ങിനെയിരുന്ന വരാഹവപുഷ്യ—വരാഹവ പുഷ്യയായിരുന്നു; വരാഹവ പുഷ്യ=വരാഹത്തിൻെറ പുഷ്യ; വരാഹവം=വരമായിരിക്കുന്ന ആഹവം. വരം=ശ്രേഷ്ഠം. ആഹവം=യുദ്ധം. പുഷ്യ=ശക്ത; സഃ ഏഷന—ആ ഭഗവാൻ ഇവനല്ലയോ?

44 ധൃതനരസിംഹാകാരം
രിപുഗണ മാനീയ ലസദസിം ഹാകാരം
യോƒസ്തരുഗരി മാഗ്ഗുരഃ
സ്ഥലേ നഖൈ രഭിനാ ദധികഗരിമാ ഗ്ഗുരഃ

യഃ ധൃതനരസിംഹാകാരം അരിം ആശു ഉരഃസ്ഥലെ നഖൈഃഅഭിനാൽ=യാതൊരു ഭഗവാൻ ആണോ ധൃതനരസിംഹാകാരമാവും വണ്ണം അരിയെ വെഗേന ഉരഃസ്ഥലത്തിങ്കൽ നഖങ്ങളെക്കൊണ്ടു് ഭെദിച്ചതു്. ധൃതനരസിംഹാകാരം=ധൃതമായിരിക്കുന്ന നരസിംഹാകാരം;

ധൃതം=ധരിക്കപ്പെട്ടതു്; നരസിംഹാകാരം=നരസിംഹത്തിൻെറ ആകാരം; ആകാരം=ആകൃതി; അരി=ശത്രു; ഉരഃസ്ഥലം=മാൎവ്വിടം. ഭേദിക്ക=പിളക്ക; രിപുഗണം ഹാകാരം ആനീയ=രിപുഗണം ഹാകാരത്തെ ആനയിച്ചിട്ടു്. രിപുഗണം=രിപുക്കളുടെ കണം; രിപുക്കൾ=ശത്രുക്കൾ; ഗണം=സമൂഹം; ഹാകാരം=ഹാ എന്നുള്ള ശബ്ദം. നയിക്ക=പ്രാപിക്ക; ലസദസിം അങ്ങിനെയിരുന്ന രിപുഗണം—ലസദസിയായിരുന്നു; ലസദസി=ലസത്തുകളായിരിക്കുന്ന അസികളോടുകൂടിയതു്. ലസത്തുകൾ=ശോഭിച്ചിയങ്ങുന്നവ. അസികൾ=വാളുകൾ; അസ്തരുക്=അസ്തയായിരിക്കുന്ന രുക്കിനോടുകൂടുംവണ്ണം; അസ്ത=ക്ഷിപ്ത; രുക്ക്=പീഡ. അധികഗരിമാ, അങ്ങനെയിരുന്ന ഭഗവാൻ; അധികഗരിമാവായിരുന്നു. അധികഗരിമാവു്=അധികമായിരിക്കുന്ന ഗരിമാവിനോടുകൂടിയവൻ; അധികം=പെരുകിയതു്; ഗരിമാവു് ഗുരുത്വം; ശൂരഃ അങ്ങിനെയിരുന്ന ഭഗവാൻ—ശൂരനായിരുന്നു; ശൂരൻ=രണനിർഭയൻ. സഃ ഏഷ നു? ആ ഭഗവാൻ ഇവനല്ലയോ?

45 അവനതദേവാ മനതാം
ആതനപാനഃ സതാം മുദേ വാമനതാം
യോ*f*ധികതര സന്നേഹേ
ദൈത്യബലേ ബലി മഹാസ്തതരസ ന്നേഹേ.

യഃ സതാം മുദേ വാമനതാം ആതനപാനഃ ബലിം നേഹേ=യാതൊരു ഭഗവാൻ ആണോ സത്തുക്കളുടെ മുത്തിനായിക്കൊണ്ടു് വാമനതയെ ആതനപാനനായിട്ടു് ബലിയെ നഹിച്ചതു്; സത്തുക്കൾ=സജ്ജനങ്ങൾ; മുത്തു്=സന്തോഷം; വാമനത=വാമനനാവു എന്നുള്ളതു്. വാമനൻ=വാമനമൂൎത്തി; ആതനപാനൻ=ഉണ്ടാക്കി ഇയങ്ങുന്നവൻ; ബലി=മഹാബലി; നഹിക്ക=ബന്ധിക്ക; ദൈത്യബലേ അധികതരസന്നേഹേ=ദൈത്യബലം അധികതരസന്നേഹരായിരിക്കും വിഷയത്തിങ്കൽ; ദൈത്യബലം=ദൈത്യന്മാരുടെ ബലം; ദൈത്യന്മാർ=അസുരകൾ; ബലം=പടജ്ജനം; അധികതരസന്നേഹം=അധികതര സന്നായായിരിക്കുന്ന ഈഹയോടുകൂടിയതു്; അധികതരസന്ന=എത്രയുമേററം സന്ന; സന്ന=ക്ഷീണ; ഈഹ=വ്യാപാരം; അവനതദേവാം, അങ്ങി

നെയിരുന്ന വാമനത; അവനതദേവയായിരുന്നു; അവനതദേവ=അവനതന്മാരായിരിക്കുന്ന ദേവന്മാരോട്ടുകൂടിയതു്; അവനതന്മാർ=അവനമിച്ചവർ; അവനമിക്ക=കുമ്പിടുക; ദേവന്മാർ=ദേവകൾ; അനതാം=അങ്ങിനെയിരുന്ന വാമനത; അനതമായിരുന്നു; അനത=നതയെന്നിയെ ഇരിക്കുന്നതു്; നത=നമിച്ചതു്; നമിക്ക=കുമ്പിടുക; അപാസ്തതരസം; അങ്ങിനെയിരുന്ന ബലി; അപാസ്തതരസ്സായിരുന്നു; അപാസ്തതരസ്സ്=അപാസ്തമായിരിക്കുന്ന തരസ്സിനോട്ടുകൂടിയവൻ; അപാസ്തം=ത്യക്തം; തരസ്സ്=ബലം. സഃ ഏഷഃ നു?—ആ ഭഗവാൻ ഇവനല്ലയോ?

46 അജനി ച യോ ഗവി രാമഃ
കുലേ ഭൃഗൂണാ മസൽപ്രയോഗവിരാമഃ
യോ ധൃതപരശു രാജ്ഞഃ
ചകർത്ത സമരേ നിരസ്ത പരശുരാജ്ഞഃ.

യഃ ഗവി ഭൃഗൂണാം കുലേ രാമഃ അജനി ച=യാതൊരു ഭഗവാൻ ആണോ ഗോവിങ്കൽ ഭൃഗുക്കളുടെ കുലത്തിങ്കൽ രാമനായിട്ടു് ജനിച്ചതും; ഗോവു്=ഭൂമി; ഭൃഗുക്കൾ=ഭൃഗുകുലജാതന്മാർ; കുലം=വംശം. രാമൻ=ശ്രീപരശുരാമൻ; ജനിക്ക=ഉത്ഭവിക്ക. അസൽ പ്രയോഗവിരാമൻ=അങ്ങിനെ ഇരുന്ന രാമൻ; അസൽ പ്രയോഗവിരാമനായിരുന്നു; അസൽ പ്രയോഗവിരാമൻ=അസൽ പ്രയോഗങ്ങളെ വിരമിക്കുന്നവൻ; അസൽ പ്രയോഗങ്ങൾ=അസത്തുക്കടെ പ്രയോഗങ്ങൾ; അസത്തുക്കൾ=ദുഷ്ടന്മാർ; പ്രയോഗങ്ങൾ=വ്യാപാരങ്ങൾ; വിരമിപ്പിക്ക=അടക്കുക. യഃ ധൃതപരശുഃ സമരേ രാജ്ഞഃ ചകർത്ത=യാതൊരു ഭഗവാൻ ആണോ ധൃതപരശുവായിട്ടു് സമരത്തിങ്കൽ രാജാക്കന്മാരെ കർത്തനം ചെയ്തതും; ധൃതപരശു=ധൃതമായിരിക്കുന്ന പരശുവിനോട്ടുകൂടിയവൻ; ധൃതം=ധരിക്കപ്പെട്ടതു്; പരശു=വെണ്മഴു; സമരം=യുദ്ധം; കർത്തനംചെയ്ക=ഛേദിക്ക. നിരസ്ത പരശുരാജ്ഞഃ—അങ്ങിനെ ഇരുന്ന ഭഗവാൻ; നിരസ്ത പരശുരാജ്ഞനായിരുന്നു; നിരസ്തപരശുരാജ്ഞൻ=നിരസ്തകളായിരിക്കുന്ന പര

ശ്ശുരാജ്ഞകളോട്ടുകൂടിയവൻ; നിരസ്തകൾ=നിരസിക്കപ്പെട്ടവ; പരശ്ശുരാജ്ഞകൾ=പരശ്ശുരന്മാരുടെ ആജ്ഞകൾ; പരശ്ശുരന്മാർ=പരന്മാരായിരിക്കുന്ന ശ്ശുരന്മാർ; പരന്മാർ=ശത്രുക്കൾ. സഃ ഏഷഃ നു?— ആ ഭഗവാൻ ഇവനല്ലയോ?

47 അസ്ത സമസ്ത കല(ള)ങ്കഃ
കപിബല കമ്പിത സുവേല മസ്തക ലങ്കഃ
യ ശ്ച യമക്ഷയ മനയ-
ന്നിശാചരണാം നികായ മക്ഷയ മനയം.

യഃ നിശാചരണാം നികായം യമക്ഷയം അനയൽ ച=യാതൊരു ഭഗവാൻ ആകുന്ന നിശാചരന്മാരുടെ നികായത്തെ യമക്ഷയത്തെ നയിച്ചതും; നിശാചരന്മാർ=രാക്ഷസന്മാർ; നികായം=സമൂഹം; യമക്ഷയം=യമൻെറ ക്ഷയം; യമൻ=അന്തകൻ; ക്ഷയം=ഭവനം; നയിക്ക=പ്രാപിക്ക. അസ്തസമസ്തകല(ള)ങ്കഃ—അങ്ങിനെയിരുന്ന ഭഗവാൻ; അസ്തസമസ്തകളങ്കനായിരുന്നു; അസ്തസമസ്തകളങ്കൻ=അസ്തങ്ങളായിരിക്കുന്ന സമസ്തകളങ്കങ്ങളോട്ടുകൂടിയവൻ; അസ്തങ്ങൾ=ക്ഷിപ്തങ്ങൾ; സമസ്തകളങ്കങ്ങൾ=ഒട്ടൊഴിയാതെയുള്ള കളങ്കങ്ങൾ; കളങ്കങ്ങൾ=ദോഷങ്ങൾ; കപിബലകംപിത സുവേലമസ്തകഃ—അങ്ങിനെയിരുന്ന ഭഗവാൻ; കപിബലകംപിത സുവേലമസ്തക ലങ്കനായിരുന്നു; കപിബലകംപിത സുവേലമസ്തകലങ്കൻ=കപിബലകംപിതയായിരിക്കുന്ന സുവേലമസ്തകലങ്കയോട്ടുകൂടിയവൻ; കപിബലകമ്പിത=കപിബലത്താൽ കംപിത; കപിബലം=കപികളുടെ ബലം; കപികൾ=വാനരത്താന്മാർ; ബലം=പടജ്ജനം; കംപിത=ഇളക്കപ്പെട്ടതു്; സുവേല മസ്തകലംക=സുവേലമസ്തകത്തിങ്കലെ ലങ്ക; സുവേലമസ്തകം=സുവേലത്തിൻെറ മസ്തകം; സുവേലം=സുവേലപൎവ്വതം; മസ്തകം=മുകൾപ്പരപ്പ്. അക്ഷയം—അങ്ങിനെയിരുന്ന നികായം; അക്ഷയമായിരുന്നു; അക്ഷയം=ക്ഷയത്തോട്ടുകൂടാത്തതു്; ക്ഷയം=നാശം. അനയം—അങ്ങിനെയിരുന്ന നികായം—അനയമായിരുന്നു; അനയം=നയത്തോട്ടുകൂടാത്തതു്; നയം=നീതി; സഃ ഏഷഃ നു?=ആ ഭഗവാൻ ഇവനല്ലയോ?

48 ഗുരുനിയമാരോഹിണ്യാം
ജാതോ മുസലീതി സമഹിമാ രോഹിണ്യാം
യോഽധൃത ഹാലാ പരതാം
അരിസേനാ മപി ചകാര ഹാലാപരതാം.

യഃ രോഹിണ്യാം മുസലി ഇതി ജാതഃ ഹാലാപരതാം അധൃത,= യാതൊരു ഭഗവാൻ ആണോ രോഹിണിയിങ്കൽ മുസലി എന്നിങ്ങനെ പ്രസിദ്ധമായി ജാതനായിട്ട് ഹാലാപരതയെ ധരിച്ചതും; മുസലി= ശ്രീബലഭദ്രൻ; ജാതൻ=ജനിച്ചവൻ; ഹാലാപരത=ഹാലാപരനാവു എന്നുള്ളത്; ഹാലാപരൻ=ഹാലയിങ്കൽ തല്പരൻ; ഹാലാ=മദ്യം; തല്പരൻ=സക്തൻ. ഗുരുനിയമാരോഹിണ്യം—അങ്ങിനെയിരുന്ന രോഹിണി; ഗുരുനിയമാരോഹിണിയായിരുന്നു; ഗുരുനിയമാരോഹിണി=ഗുരുനിയമങ്ങളെ ആരോഹിക്ക ശീലമായുള്ളവൾ; ഗുരുനിയമങ്ങൾ=ഗുരുക്കളായിരിക്കുന്ന നിയമങ്ങൾ; ഗുരുക്കൾ=പെരുകിയവ; നിയമങ്ങൾ=വ്രതങ്ങൾ; ആരോഹിക്ക=പ്രാപിക്ക. സമഹിമാ— അങ്ങിനെയിരുന്ന ഭഗവാൻ; സമഹിമാവായിരുന്നു; സമഹിമാവ്= മഹിമാവിനോടുകൂടിയവൻ; മഹിമാവ്=മഹത്വം. അരിസേനാം അപി ഹാലാപരതാം ചകാര=അരിസേനയേയും ഹാലാപരതയാക്കി; അരിസേന=അരികളുടെ സേന; അരികൾ=ശത്രുക്കൾ; സേന=പട ജ്ജനം; ഹാലാപരത=ഹാലാപത്തിങ്കൽ രത; ഹാലാപം=ഹാ എന്നുള്ള ആലാപം; ആലാപം=വാക്ക്; രതൻ=തല്പരൻ. സഃ ഏഷഃ നു?=ആ ഭഗവാൻ ഇവനല്ലയോ?

49 നിജമഹസാ ധുതദനുജഃ
ത്രാതും സ ജഗന്തി സാധു തദനുജഃ
ജനന മയാ ദവനിലയേ
സതി ദേവക്യാം യ ഏഷ യാദവനിലയേ.

സഃ ഏഷഃ ഭൂയഃ അവനിലയേ സതി യാദവനിലയെ ദേവാക്യാം തദനുജഃ ജനനം അയാൽ=യാതൊരു ഭഗവാൻ ആണോ പിന്നെയും

COMPLEMENTARY COPY



അവനിലയം സത്തായിരിക്കും വിഷയത്തിങ്കൽ യാദവനിലയത്തിങ്കൽ ദേവകിയിൽ തദനുജനായിട്ട് ജനനത്തെ പ്രാപിച്ചത്; അവനിലയം=അവനിയുടെ ലയം; അവനി=ഭൂമി; ലയം=നാശം; സത്ത്=ഭവിച്ചിയങ്ങുന്നതു്. യാദവനിലയം=യാദവന്മാരുടെ നിലയം; യാദവന്മാർ=യദുക്കൾ; നിലയം=ഭവനം; തദനുജൻ=അവൻെറ അനുജൻ; ജനനം=ജന്മം; ജഗന്തി സാധു ത്രാതും=ജഗത്തുക്കളെ സാധുവാകുംവണ്ണം രക്ഷിപ്പാനായിക്കൊണ്ടു്; ജഗത്തുകൾ=ലോകങ്ങൾ; സാധു=വഴിപോലെ. നിജമഹസാ ധൂതദനുജഃ—അങ്ങിനെയിരുന്ന ഭഗവാൻ; നിജമഹസ്സുകകളെക്കൊണ്ടു് ധൂതദനുജയായിരുന്നു; നിജമഹസ്സ്=തൻെറ മനസ്സ്; മഹസ്സ്=തേജസ്സ്; ധൂതദനുജൻ=ധൂതന്മാരായിരിക്കുന്ന ദനുജന്മാരോടുകൂടിയവൻ;. ധൂതന്മാർ=പരിഭ്രൂതന്മാർ; ദനുജന്മാർ=അസുരകൾ സഃ ഏഷഃ നു?=ആ ഭഗവാൻ ഇവനല്ലയോ?

50 ജനതാഃ കലി തത മോഹാ
ഭൂയോഽപ്യയ മേവ ഭക്തികലിത തമോഹാ
സംഹൎത്താ കല്യന്തേ
ത മൃതേ പൂജാഃ കപ മതിമതാ കല്യന്തേ.

അയം ഏവ ഭൂയഃ അപി കല്യന്തേ ജനതഃ സംഹൎത്താ=ഈ ഭഗവാൻ തന്നെ പിന്നെയും കല്യന്തത്തിങ്കൽ ജനതകളെ സംഹരിക്കും. കല്യന്തം=കലിയുടെ അന്തം; കലി=കലിയുഗം; അന്തം=അവസാനം; ജനതകൾ=ജനസമൂഹങ്ങൾ. കലിതമോഹാഃ—അങ്ങിനെയിരുന്ന ജനതകൾ; കലിതതമോഹകളായിരുന്നു; കലി തതമോഹകൾ=കലിയെക്കൊണ്ടു് തതമോഹകൾ; കലി=കലിയുഗം; തതമോഹകൾ=തതമായിരിക്കുന്ന മോഹങ്ങളോടുകൂടിയവൾ; തതം=വ്യാപ്തം; മോഹം=അജ്ഞാനം. ഭക്തികലിതതമോഹാഃ—അങ്ങിനെ ഇരുന്ന ഭഗവാൻ; ഭക്തികലിതതമോഹാവായിരുന്നു; ഭക്തികലിതതമോഹാവു്=ഭക്തികലിതതമസ്സിനെ ഹനിക്കുന്നവൻ; ഭക്തികലിതതമസ്സ്=ഭക്തികലിതന്മാരുടെ തമസ്സ്; ഭക്തികലിതന്മാർ=ഭക്തിയുക്തന്മാർ; തമസ്സ്=അജ്ഞാനം; ഹനിക്ക=നിഗ്രഹിക്ക. മതിമതാ തം ഋതേ കപ പൂജാഃ കല്യന്തെ=മതിമാനായിരിക്കുന്ന അവനാൽ ആ

ഭഗവാനെ ഒഴിച്ച് മററവനൊരുത്തങ്കൽ പൂജകൾ ചെയ്യപ്പെടുന്നു? മതിമാൻ=ബുദ്ധിമാൻ; സഃ ഏഷഃ നു?=ആ ഭഗവാൻ ഇവനല്ലയോ?

51 വച ഇതി ശാന്തനുതനയം
മാദ്രീതനയോ നിശമ്യ ശാന്ത നത നയം
ഭക്തധിയാ മാസാദ്യം
പുമാംസ മർഘ്യേണ പൂജയാമാസാദ്യം.

മാദ്രീതനയഃ ഇതി ശാന്തനു തനയം വചഃ നിശമ്യ ആദ്യം പുമാംസം അർഘ്യേണ പൂജയമാസ=മാദ്രീതനയൻ ശാന്തനുതനയനായിരിക്കുന്ന വചസ്സിനെ നിശമനം ചെയ്തിട്ട് ആദ്യനായിരിക്കുന്ന പുമാനെ അർഘ്യംകൊണ്ട് പൂജിച്ചു; മാദ്രീതനയൻ=സഹദേവൻ; ശാന്തനുതനയം=ശന്തനുതനയെ സംബന്ധിച്ചിട്ടുള്ളത്; ശന്തനുതനയൻ=ഭീഷ്മർ; വചസ്സ്=വാക്ക്; നിശമനംചെയ്ക=കേൾക്ക; ആദ്യനായിരിക്കുന്ന പുമാൻ=ശ്രീകൃഷ്ണൻ; അർഘ്യം=പൂജാസാധനം. ശാന്തനത നയം—അങ്ങിനെയിരുന്നു വചസ്സ്=ശാന്ത നത നയമായിരുന്നു; ശാന്തനതനയം=ശാന്തമായി,നതമായിരിക്കുന്ന നയത്തോടുകൂടിയത്; ശാന്തം=ദാന്തം; നതം=സ്തുതം; നയം=നീതി. ഭക്തധിയാം ആസാദ്യം—അങ്ങിനെയിരുന്നു പുമാൻ; ഭക്തധീകൾക്ക് ആസാദ്യനായിരുന്നു; ഭക്തധീകൾ=ഭക്തന്മാരുടെ ധീകൾ; ധീകൾ=ബുദ്ധികൾ; ആസാദ്യൻ=പ്രാപിക്കപ്പെടുവാൻ യോഗ്യൻ.

53 അഥ രിപുഭാസാ മന്തഃ
ശിശുപാലഃ പ്രവിചല തസഭാസാമന്തഃ
മാദ്രേയ ന്തമസോഢഃ
ശ്രിയഃ പതിം നൈവ പൂജയന്തമസോഢ.

അഥ ശിശുപാലഃ ശ്രിയഃ പതിം പൂജയന്തം മാദ്രേയം ന ഏവ അസോഢ=അനന്തരം ശിശുപാലൻ ശ്രീയുടെ പതിയെ പൂജയന്നായിരിക്കുന്ന മാദ്രേയനെ ഒട്ടമേ സഹിച്ചില; ശ്രീയുടെ പതി=ശ്രീകൃഷ്ണൻ; പൂജയൻ=പൂജിച്ചിയങ്ങുന്നവൻ; മാദ്രേയൻ=

സഹദേവൻ. രിപുഭാസാം അന്തഃ—അങ്ങിനെ ഇരുന്ന ശിശുപാലൻ; രിപുഭാസ്സുകളുടെ അന്തനായിരുന്നു; രിപുഭാസ്സുകൾ=രിപുക്കളുടെ ഭാസ്സുകൾ; രിപുക്കൾ=ശത്രുക്കൾ; ഭാസ്സുകൾ=ദീപ്തികൾ; അന്തൻ=അന്തത്തെ വരുത്തുന്നവൻ; അന്തം=നാശം. പ്രവിചലത്സഭാസാമന്തഃ—അങ്ങിനെ ഇരുന്ന ശിശുപാലൻ; പ്രവിചലത്സഭാസാമന്തനായിരുന്നു; പ്രവിചലത്സഭാസാമന്തൻ=പ്രവിചലത്തുകളായിരിക്കുന്ന സഭാസാമന്തന്മാരോടുകൂടിയവൻ; പ്രവിചലത്തുകൾ=പ്രവിചലിച്ചിയങ്ങുന്നവർ; പ്രവിചലിക്കുക=ഇളകുക; സഭാസാമന്തന്മാർ=സഭയിങ്കലെ സാമന്തന്മാർ; സാമന്തന്മാർ=രാജാക്കന്മാർ. തമസാ ഊഢഃ—അങ്ങിനെ ഇരുന്ന ശിശുപാലൻ; തമസ്സിനാൽ ഊഢനായിരുന്നു; തമസ്സ്=തമോഗുണം; ഊഢൻ=വഹിക്കപ്പെട്ടവൻ.

53 അരിണാ കാന്താരേണ
ത്രിവിക്രമ സ്ത്രുടിത ശത്രുകാന്താരേണ
സപദി ചകാര സ കൃത്തം
ചേദിപതിം ത്രിദശപടലികാരസകൃത്തം.

സഃ ത്രിവിക്രമഃ സപദി തം അരിണാ കൃത്തം ചകാര=ആ ത്രിവിക്രമൻ വേഗേന ആ ചേദിപതിയെ അരികൊണ്ടു് കൃത്തനാക്കി; ത്രിവിക്രമൻ=ശ്രീകൃഷ്ണൻ; ചേദിപതി=ശിശുപാലൻ; അരി=ചക്രം; കൃത്തൻ=ഛേദിക്കപ്പെട്ടവൻ. കാന്താരേണ—അങ്ങിനെ ഇരുന്ന അരി; കാന്താരമായിരുന്നു; കാന്താരം=കാന്തങ്ങളായിരിക്കുന്ന അരങ്ങളോടുകൂടിയതു്; കാന്തങ്ങൾ=മനോഹരങ്ങൾ; അരങ്ങൾ=പയ്പുകൾ (മൂർച്ചയുള്ള വാൾത്തലകൾ). ത്രുടിത ശത്രുകാന്താരേണ—അങ്ങിനെ ഇരുന്ന അരി; ത്രുടിതശത്രുകാന്താരമായിരുന്നു; ത്രുടിതശത്രുകാന്താരം=ത്രുടിതമായിരിക്കുന്ന ശത്രുകാന്താരത്തോടുകൂടിയതു്; ത്രുടിതം=ഛേദിക്കപ്പെട്ടതു്; ശത്രുകാന്താരം=ശത്രുക്കളാകുന്ന കാന്താരം; കാന്താരം=വനം. ത്രിദശപടലികാരസകൃൽ—അങ്ങിനെ ഇരുന്ന ത്രിവിക്രമൻ; ത്രിദശപടലികാ രസകൃത്തായിരുന്നു; ത്രിദശപടലികാ രസകൃത്തു്=ത്രിദശപടലികയ്ക്കു് രസത്തെ ഉണ്ടാക്കുന്നവൻ; ത്രിദശപടലിക=ദേവസമൂഹം; രസം=സുഖം.

54 സ ജ്ഞാനീ ചേദീനേ
നിഹതേ രാജാ ജനേ ച നീചേ ദീനേ
പ്രമുദിതമാനവ രാജം
സമാപയൽ കമ്മ ഹൂയമാന വരാജം.

സഃ രാജാ കമ്മ സമാപയൽ=ആ രാജാവു് കമ്മത്തെ സമാപിച്ചു; സമാപിക്ക=കഴിക്ക. ചേദീനേ നിഹതേ, നീചേ ജനേ ദീനേ ച=ചേദീനൻ നിഹതനായും, നീചമായിരിക്കുന്ന ജനം ദീനമായും ഇരിക്കും വിഷയത്തിങ്കൽ; ചേദീനൻ=ശിശുപാലൻ; നിഹതൻ=നിഹനിക്കപ്പെട്ടവൻ; നിഹനിക്ക=നിഗ്രഹിക്ക; നീചം=ദുഷ്ടം; ദീനം=ക്ഷീണം. ജ്ഞാനീ—അങ്ങിനെ ഇരുന്ന രാജാവു്; ജ്ഞാനിയായിരുന്നു; ജ്ഞാനി=ജ്ഞാനമുള്ളവൻ; ജ്ഞാനം=അറിവു്. പ്രമുദിതമാനവരാജം—അങ്ങിനെയിരുന്ന കമ്മം; പ്രമുദിതമാനവരാജമായിരുന്നു; പ്രമുദിതമാനവരാജം=പ്രമുദിതന്മാരായിരിക്കുന്ന മാനവരാജാക്കന്മാരോടുകൂടിയതു്; പ്രമുദിതന്മാർ=സന്തുഷ്ടന്മാർ; മാനവരാജന്മാർ=രാജാക്കന്മാർ; ഹൂയമാനവരാജം—അങ്ങിനെ ഇരുന്ന കമ്മം; ഹൂയമാനവരാജമായിരുന്നു; ഹൂയമാനവരാജം=ഹൂയമാനങ്ങളായിരിക്കുന്ന വരാജങ്ങളോടുകൂടിയതു്; ഹൂയമാനങ്ങൾ=ഹോമിക്കപ്പെട്ടിയങ്ങുന്നവ; വരാജങ്ങൾ=വരങ്ങളായിരിക്കുന്ന അജങ്ങൾ; വരങ്ങൾ=ശ്രേഷ്ഠങ്ങൾ; അജങ്ങൾ=ആടുകൾ.

55 സുബൃഹദസൂയാധ്വരതഃ
പാണ്ഡുസുതസ്യാഥ രാജസൂയാധ്വരതഃ
അധികധനോപായനതഃ
പ്രാപ താപം സുയോധനോഽപായ നതഃ.

അഥ സുയോധനഃ പാണ്ഡുസുതസ്യ രാജസൂയാധ്വരതഃ താപം പ്രാപൽ=അനന്തരം സുയോധനൻ പാണ്ഡുസുതൻെറ രാജസൂയാധ്വരം ഹേതുവായിട്ടു് താപത്തെ പ്രാപിച്ചു; സുയോധനൻ=ദുര്യോധനൻ; പാണ്ഡുസുതൻ=ധമ്മപുത്രർ; രാജസൂയാധ്വരം=രാജസൂയമാകുന്ന അ

ധാരം; അധാരം=യാഗം; താപം=ഉൾച്ചൂട്. സുബൃഹദസൂയാധാരതഃ—അങ്ങിനെയിരുന്ന സുയോധനൻ; സുബൃഹദസൂയാധാരതനായിരുന്നു; സുബൃഹദസൂയാധാരതൻ=സുബൃഹദസൂയാദ്ധ്വാവിൽ രതൻ; സുബൃഹദസൂയാദ്ധ്വാവ്=സുബൃഹത്തായ അസൂയാദ്ധ്വാവ്; സുബൃഹത്ത്=ഏററവും ബൃഹത്ത്; ബൃഹത്ത്=പെരുകിയതു്; അസൂയാധ്വാവ്=അസൂയാമാർഗ്ഗം; രതൻ=തല്പരൻ. അധികധനോപായനതഃ—അങ്ങിനെയിരുന്ന രാജസൂയാധാരം; അധികധനോപായനമായിരുന്നു; അധികധനോപായനം=അധികധനങ്ങളായിരിക്കുന്ന ഉപായനങ്ങളോടുകൂടിയതു്; അധികധനങ്ങൾ=അധികങ്ങളായിരിക്കുന്ന ധനങ്ങളോടുകൂടിയവ; അധികങ്ങൾ=പെരുകിയവ; ഉപായനങ്ങൾ=കാഴ്ചദ്രവ്യങ്ങൾ. അപായനത—അങ്ങിനെ ഇരുന്ന സുയോധനൻ; അപായനതനായിരുന്നു; അപായനതൻ=അപായത്തിങ്കൽ നതൻ; നതൻ=തല്പരൻ.

56 സ ഖലു സഭാലോകനതഃ
സുയോധനഃ സഞ്ചരൻ സഭാ ലോകനതഃ
സ്ഫടിക മഹാസാലസ്യ
സ്ഖലനേഽഭൂ ല്ലംഭിതാപഹാസാലസ്യഃ.

സഭാലോകനതഃ സഞ്ചരൻ സഃ സുയോധനഃ സ്ഫടികമഹാസാലസ്യ സ്ഖനേ ലംഭിതാപഹാസാലസ്യഃ അഭൂൽ=സഭാലോകനം ഹേതുവായിട്ടു് സഞ്ചരന്നായിരിക്കുന്ന സുയോധനൻ സ്ഫടികമഹാസാലത്തിൻെറ സ്ഖലനത്തിങ്കൽ ലംഭിതാപഹാസാലസ്യനായി ഭവിച്ചു; സഭാലോകനം=സഭയുടെ ആലോകനം; അലോകനം=കാൺക (കാണൽ); സഞ്ചരൻ=സഞ്ചരിച്ചിയങ്ങുന്നവൻ; സുയോധനൻ=ദുര്യോധനൻ; സ്ഫടികമഹാസാലം=സ്ഫടികമയമായിരിക്കുന്ന മഹാസാലം; സ്ഫടികമയം=സ്ഫടികസ്വരൂപം; സ്ഫടികം=പളുങ്കു്; മഹാസാലം=മഹത്തായിരിക്കുന്ന സാലം; മഹത്തു്=പെരുകിയതു്; സാലം=മതില്; സ്ഖലനം=എടറുക (എടച്ച്). ലംഭിതാപഹാസാലസ്യൻ=ലംഭിതങ്ങളായിരിക്കുന്ന അപഹാസാലസ്യങ്ങളോടുകൂടിയവൻ; ലംഭിതങ്ങൾ=ലംഭിപ്പിക്കപ്പെട്ടവ; ലംഭിപ്പിക്ക=പ്രാപിപ്പിക്ക; അപ

ഹാസാലസ്യങ്ങൾ=അപഹാസവും ആലസ്യവും; അപഹാസം=പരിഹാസം; ആലസ്യം=ക്ലേശം. സഭാഃ—അങ്ങിനെ ഇരുന്നു സുയോധനൻ; സഭാസ്സായിരുന്നു; സഭാസ്സ്=ഭാസ്സിനോടുകൂടിയവൻ; ഭാസ്സ്=തേജസ്സ്. ലോകനതഃ—അങ്ങിനെ ഇരുന്നു സുയോധനൻ; ലോകനതനായിരുന്നു; ലോകനതൻ=ലോകത്താൽ നതൻ; ലോകം=ജനം; നതൻ=നമിക്കപ്പെട്ടവൻ.

57 സ ച വസുധാമന്യത്ര
സ്ഫടികമയീം സംപ്രധാര്യ ധാമന്യത്ര
നിപപാത മഹാസരസഃ
സലിലേ ജനദത്ത ഭൂരിതമ ഹാസരസഃ.

സഃ അത്ര ധാമനി അന്യത്ര സ്ഫടികമയീം വസുധാം സംപ്രധാര്യ മഹാസരസഃ സലിലേ നിപപാത ച=അവൻ ഈ ഭവനത്തിങ്കൽ മറെറാരേടത്തു് സ്ഫടികമയിയായിരിക്കുന്ന വസുധയെന്നോർത്തിട്ടു് മഹാസരസ്സിൻെറ സലിലത്തിങ്കൽ നിപതിപ്പൂതും ചെയ്തു; ധാമം=ഭവനം; സ്ഫടികമയി=സ്ഫടികസ്വരൂപിണി; വസുധ=ഭൂമി; മഹാസരസ്സ്=മഹത്തായിരിക്കുന്ന സരസ്സ്; മഹത്തു്=പെരുകിയതു്; സരസ്സ്=പൊയ്ക; സലിലം=ജലം; നിപതിക്ക=വീഴുക. ജനദത്ത ഭൂരിതമ ഹാസരസഃ—അങ്ങിനെ ഇരുന്നു അവൻ; ജനദത്ത ഭൂരിതമ ഹാസരസനായിരുന്നു; ജനദത്തഭൂരിതമ ഹാസരസൻ=ജനദത്തമായിരിക്കുന്ന ഭൂരിതമ ഹാസരസത്തോടുകൂടിയവൻ; ജനദത്തം=ജനങ്ങൾക്കായിക്കൊണ്ടു് ദത്തം; ദത്തം=ദാനംചെയ്യപ്പെട്ടതു്; ഭൂരിതമ ഹാസരസം=ഭൂരിതമമായിരിക്കുന്ന ഹാസരസം; ഭൂരിതമം=അതിശയേന ഭൂരി; ഭൂരി=പെരുകിയതു്; ഹാസരസം=ഹാസത്തിങ്കലെ രസം; ഹാസം=ചിരി.

58 തം രിപുഭീമോക്ഷാന്തഃ
പാഞ്ചാലസുതാ തഥൈവ ഭീമോഽക്ഷാന്തഃ

പതിതം സലിലേƒഹസതാം

അസൂന്നൃണാം ഹാസ ഏവ സ ലിലേഹ സതാം.

പാഞ്ചാലസുതാ തഥാ ഏവ ഭീമഃ സലിലേ പതിതം തം അഹസതാം=പാഞ്ചാലസുതയും അപ്രകാരം തന്നെ ഭീമനും സലിലത്തിങ്കൽ പതിതനായിരിക്കുന്ന അവനെ ഹസിച്ചു; പാഞ്ചാലസുത=ദ്രൗപദി; ഭീമൻ=ഭീമസേനൻ; സലിലം=ജലം; പതിതൻ=പതിച്ചവൻ; പതിക്ക=വീഴുക; ഹസിക്ക=പരിഹസിക്ക. രിപുഭീമോക്ഷാന്തഃ—അങ്ങിനെ ഇരുന്ന ഭീമൻ; രിപുഭീമോക്ഷാന്തനായിരുന്നു; രിപുഭീമോക്ഷാന്തൻ=രിപുഭീമോക്ഷത്തിന്റെ അന്തത്തെ വരുത്തുന്നവൻ; രിപുഭീമോക്ഷം=രിപുക്കളുടെ ഭീമോക്ഷം; രിപുക്കൾ=ശത്രുക്കൾ; ഭീമോക്ഷം=ഭീയുടെ മോക്ഷം; ഭീ=ഭയം; മോക്ഷം=വേർപാട്; അന്തം=നാശം. അക്ഷാന്തഃ—അങ്ങിനെ ഇരുന്ന ഭീമൻ; അക്ഷാന്തനായിരുന്നു; അക്ഷാന്തൻ=ക്ഷാന്തമെന്നിയെ ഇരിക്കുന്നവൻ; ക്ഷാന്തം=ക്ഷമ സ ഹാസ ഏവ സതാം നൃണാം അസൂൻ ലിലേഹ=ആ ഹാസം തന്നെ സത്തുക്കളായിരിക്കുന്ന നൃക്കളുടെ അസുക്കളെ ലേഹനം ചെയ്തു; ഹാസം=ചിരി; സത്തുക്കൾ=സജ്ജനങ്ങൾ; നൃക്കൾ=മനുഷ്യർ; അസുക്കൾ=പ്രാണങ്ങൾ; ലേഹനം ചെയ്ക=ആസ്വദിക്ക.

59 ഇത്ഥം വൈ ലക്ഷ്യ്യാണി

പ്രാപ്യാഥ മഹാജനേന വൈലക്ഷ്യ്യാണി

നൃപതിം കല്യം ശസ്തം

സമനുജ്ഞാപ്യാ ഗമ ത്സ കല്യംശ സ്തം.

അഥ സഃ ഇത്ഥം വൈലക്ഷ്യ്യാണി പ്രാപ്യ തം നൃപതിം സമനുജ്ഞാപ്യ അഗമൽ=അനന്തരം അവൻ ഈവണ്ണം വൈലക്ഷ്യ്യങ്ങളെ പ്രാപിച്ചിട്ട് ആ നൃപതിയെ അനുജ്ഞ ചെയ്യിപ്പിച്ച് ഗമിച്ചു; വൈലക്ഷ്യ്യങ്ങൾ=വിലക്ഷന്റെ ഭാവങ്ങൾ; വിലക്ഷൻ=ലജ്ജിതൻ; നൃപതി=രാജാവ്; അനുജ്ഞചെയ്യിപ്പിക്ക=അനുവാദം ചെയ്യിപ്പിക്ക; ഗമിക്ക=പോക. മഹാജനേന ലക്ഷ്യ്യണി വൈ—അങ്ങിനെ ഇരുന്ന

വൈലക്ഷ്യങ്ങൾ; മഹാജനത്താൽ ലക്ഷ്യങ്ങളായിട്ട് ഇരുന്നു; മഹാജനം=മഹത്തായിരിക്കുന്ന ജനം; മഹത്തു്=പെരിയതു്; ലക്ഷ്യങ്ങൾ=ലക്ഷിക്കപ്പെടുവാൻ യോഗ്യങ്ങൾ; ലക്ഷിക്ക=കാൺക. കല്യം—അങ്ങിനെ ഇരുന്ന നൃപതി; കല്യനായിരുന്നു; കല്യൻ=നിരാമയൻ. ശസ്തം—അങ്ങിനെ ഇരുന്ന നൃപതി; ശസ്തനായിരുന്നു; ശസ്തൻ=പ്രശസ്തൻ. കല്യംശഃ—അങ്ങിനെ ഇരുന്ന അവൻ; കല്യംശനായിരുന്നു; കല്യംശൻ=കലിയുടെ അംശത്തോടുകൂടിയവൻ; കലി=കലിയുഗം; അംശം=ഭാഗം.

60 ശകുനിർ മായാവീ തം
പപ്രച്ഛ സുയോധനം ക്ഷമായാ വീതഃ
"നൃപ സുത ഹേതും ഗദ മേ
ത്വയി ദുഃഖസ്യാഽരിദുസ്സഹേ തുംഗദമേ.

ശകുനിഃ തം സുയോധനം പപ്രച്ഛ=ശകുനി ആ സുയോധനനോടു പൃച്ഛിച്ചു; സുയോധനൻ=ദുര്യോധനൻ; പൃച്ഛിക്ക=ചോദിക്ക. മായാവീ—അങ്ങിനെ ഇരുന്ന ശകുനി; മായാവിയായിരുന്നു; മായാവി=മായകളുള്ളവൻ; മായകൾ=ചതികൾ. ക്ഷമായാഃ വീതഃ—അങ്ങിനെ ഇരുന്ന സുയോധനൻ; ക്ഷമയിങ്കൽനിന്നു വീതനായിരുന്നു; വീതൻ=വേർപെട്ടവൻ. നൃപസുതഃ ത്വയി ദുഃഖസ്യ ഹേതും ഗദ=എടോ നൃപസുത! നിങ്കലെ ദുഃഖത്തിൻെറ ഹേതുവിനെ എനിക്കായിക്കൊണ്ടു് ഗദിക്ക; നൃപസുതൻ=രാജപുത്രൻ; ഹേതു=കാരണം; ഗദിക്ക=പറക. അരിദുസ്സഹേ—അങ്ങിനെ ഇരുന്ന നീ; അരിദുസ്സഹനായിരുന്നു; അരിദുസ്സഹൻ=അരികൾക്കു് ദുസ്സഹൻ; അരികൾ=ശത്രുക്കൾ; ദുസ്സഹൻ=ദുഃഖേന സഹിക്കപ്പെടുവാൻ യോഗ്യൻ തുംഗദമേ—അങ്ങിനെ ഇരുന്ന നീ; തുംഗദമനായിരുന്നു; തുംഗദമൻ=തുംഗമായിരിക്കുന്ന ദമത്തോടുകൂടിയവൻ; തുംഗം=പെരുകിയതു്; ദമം=അടക്കം.

61 നിജദേഹ വിരക്തേന
ശ്രുത്വേതി രുഷാ ഗിനേവ ഹവിരക്തേന

ഛദ്മബലായ നിജഗദേ

മൂലം തേനാപി സൌബലായ നിജഗദേ.

തേന അപി ഇതി ശ്രുത്വാ, നിജഗദമൂലം സൌബലായ നിജഗദേ=അവനാലും ഇങ്ങിനെ ശ്രവിച്ചിട്ട്, നിജഗദത്തിങ്കലെ മൂലം സൌബലനായിക്കൊണ്ട് നിഗദിക്കപ്പെട്ടു; ശ്രവിക്ക=കേൾക്ക; നിജഗദം=തൻെറ ഗദം; ഗദം=പീഡ; മൂലം=കാരണം; സൌബലൻ=ശകുനി; നിഗദിക്ക=പറക. രുഷാ ഹവിരക്തേന അഗ്നിനാ ഇവ=രുട്ടുകൊണ്ട് ഹവിസ്സിനെ അക്തനായിരിക്കുന്ന അഗ്നിയോ എന്നു തോന്നും; രുട്ട്=കോപം; ഹവിസ്സ്=ആജ്യം; അക്തൻ=നനക്കപ്പെട്ടവൻ. നിജദേഹവിരക്തേന—അങ്ങിനെ ഇരുന്നു അവൻ; നിജദേഹവിരക്തനായിരുന്നു; നിജദേഹവിരക്തൻ=നിജദേഹത്തിൽ വിരക്തൻ; നിജദേഹം=തൻെറ ദേഹം; വിരക്തൻ=വിരഹത്തെ പ്രാപിച്ചവൻ; ഛദ്മബലായ—അങ്ങിനെ ഇരുന്നു സൌബലൻ; ഛദ്മബലനായിരുന്നു; ഛദ്മബലൻ=ഛദ്മം ബലമായിട്ടുള്ളവൻ; ഛദ്മം=വ്യാജം; ബലം=ശക്തി.

62 "വച്മി മമാഽതുലരമ തേ

രുജം മനോ ജീവിതേന മാതുല രമതേ

ദൃഷ്ട്വാ മഹിതാം തസ്യ

ദ്വിഷതോ യജ്ഞേ സമൃദ്ധി മഹിതാന്തസ്യ"

അതുലരമമ മാതുല! മമ രുജം തേവ ച്മി=അതുലരമനായുള്ളോമേ എടൊ മാതുലൻ, എൻെറരുട്ടിനെ നിനക്കായിക്കൊണ്ട് വചിക്കുന്നേൻ; അതുലരമൻ=അതുലയായിരിക്കുന്ന രമയോടുകൂടിയവൻ; അതുല=പെരുകിയതു്; രമ=ശ്രീ; മാതുലൻ=അമ്മാമൻ; രുക്ക്=പീഡ; വചിക്ക=പറക; തസ്യ ദ്വിഷതഃ യജ്ഞേ സമൃദ്ധിം ദൃഷ്ട്വാ മമ മനം ജീവനേ രമതേ=ആ ദ്വിഷത്തിൻെറ യജ്ഞത്തിങ്കലെ സമൃദ്ധിയെ ദർശിച്ചിട്ട് എൻെറ മനസ്സ് ജീവനത്തിങ്കൽ രമിക്കുന്നില്ല. ദ്വിഷത്തു്=ശത്രു; യജ്ഞം=യാഗം; ദർശിക്ക=കാൺക. ജീവനം=ജീവിക്ക; (ജീ

വിച്ചിരിപ്പു എന്നുള്ള അവസ്ഥ) രമിക്ക=സുഖിക്ക; മഹിതാം; അങ്ങിനെയിരുന്ന സമൃദ്ധി—മഹിതയായിരുന്നു; മഹിത=പൂജിത; അഹിതാന്തസ്യ അങ്ങിനെയിരുന്ന ദ്വിഷത്തു്—അഹിതാന്തനായിരുന്നു; അഹിതാന്തൻ=അഹിതന്മാരുടെ അന്തത്തെ വരുത്തുന്നവൻ; അഹിതന്മാർ=ശത്രുക്കൾ; അന്തം=നാശം.

63 സൂചിത ലോഭാരത്യാ
നുന്ന സ്തസ്യേതി സൌബലോ ഭാരത്യാ
കൃതവാ നക്ഷരണായ
വ്യവസായം നിജക ജീവന ക്ഷരണായ

സ വ്യാസഃ പാൎത്ഥിവായ ഇതി പ്രോച്യ വായവ്യാ വീഥ്യാ പ്രയയൗ=വ്യാസൻ പാൎത്ഥിവന്നായിക്കൊണ്ടു് ഇങ്ങിനെ വചിച്ചിട്ടു വായവിയായിരിക്കുന്ന വീഥിയൂടേ പ്രയാണം ചെയ്തു. വ്യാസൻ=ശ്രീവേദവ്യാസമഹൎഷി; പാൎത്ഥിവൻ=രാജാവു്; വചിക്ക=പറക; വായവ്യമായിരിക്കുന്ന വീഥി=വായുമാൎഗ്ഗം; പ്രയാണം ചെയ്ക=പോക; അതികുപിതഃ മൈത്രേയഃ പ്രാദുരഭൂത്=അതികുപിതനായിരിക്കുന്ന മൈത്രേയൻ പ്രാദുൎഭവിച്ചു. അതികുപിതൻ=ഏററവും കുപിതൻ; കുപിതൻ=കോപിച്ചവൻ; പ്രാദുൎഭവിക്ക=വെളിച്ചത്തുവരിക യഃ പ്രാണിനാം മൈത്രേ രതഃ=യാവനൊരുത്തൻ ആണോ പ്രാണികളുടെ മൈത്രത്തിങ്കൽ രതനായിരിക്കുന്നതു്; മൈത്രം=ബന്ധുത്വം; രതൻ=തൽപരൻ; മനുജേശ, ഏഷഃ മൈത്രേയഃ സരഭസം ഇതഃ ആയാതി. അല്ലയോ മനുജേശൻ, ഇതല്ലോ മൈത്രേയൻ സരഭസമാവുംവണ്ണം ഇങ്ങോട്ടു ആയാനം ചെയ്യുന്നു. മനുജേശൻ=രാജാവു്; മൈത്രേയൻ=മൈത്രേയമഹൎഷി; സരഭസമാവും വണ്ണം=രഭസത്തോടുകൂടും വണ്ണം; രഭസം=ക്രോധം; ആയാനംചെയ്ക=വരിക; ശമായ—ശമത്തിന്നായിക്കൊണ്ടു്; ശമം=അടക്കം; മായാതീതഃ—അങ്ങിനെയിരുന്ന മൈത്രേയൻ; മായാതീതനായിരുന്നു. മായാതീതൻ=മായയെ അതീതൻ; മായ=ചതി; അതീതൻ=അതിക്രാന്തൻ; ആപേശലരഭാഃ—അങ്ങിനെയിരുന്ന മൈത്രേയൻ—ആപെശലഭാസ്സായിരുന്നു. ആപേശലഭാസ്സ്=ആപേശലയായിരിക്കുന്ന ഭാസ്സിനോടുകൂടിയവൻ; ആപേശലം=ആഭീക്ഷ്ണ്യേന പേശലം; പേശലം=മനോഹരം; ഭാസ്സ്=തേജസ്സ്. അസ്യശാപേ ശലഭാഃ മാ ഭൂത്, ഇവൻെറ ശാപത്തിങ്കൽ ശലഭങ്ങളാവാതെ ഇരിക്കേണം. ശലഭങ്ങൾ=ഇയ്യാംപാററകൾ; അനലനിഭേ—അങ്ങിനെ ഇരുന്ന ശാപം. അനലനിഭമായിരുന്നു; അനലനിഭം—അനലനോടു തുല്യം; അനലൻ=അഗ്നി.

13 സ സകല മാനവദത്തം
സാന്ത്വ മനാദൃത്യ ദീപ്തിമാ നവദ ത്തം
"ശാസിതു മാശു ഭവന്തം
സംപ്രാപ്തോऽഹംകരുത്തമാ ശുഭവന്തം

സഃ സകലമാനവദത്തം സാന്ത്വം അനാദൃത്യ ത മവദത്=അവൻ സകലമാനവദത്തമായിരിക്കുന്ന സാന്ത്വത്തെ ആദരിയാതെ അവനോട്ട് വദിച്ചു; സകലമാനവദത്തം=സകലമാനവന്മാരാലും ദത്തം; സകലമാനവന്മാർ=ഒട്ടൊഴിയാതെ ഉള്ള മാനവന്മാർ; മാനവന്മാർ=മനുഷ്യർ; ദത്തം=ദാനംചെയ്യപ്പെട്ടതു്; സാന്ത്വം=അനുസരണവാക്യം; ആദരിക്ക=ബഹുമാനിക്ക; വദിക്ക=പറക; ദീപ്തിമാൻ—അങ്ങിനെ ഇരുന്നു—അവൻ ദീപ്തിമാനായിരുന്നു; ദീപ്തിമാൻ=ദീപ്തിയുള്ളവൻ; ദീപ്തി=ശോഭ; കുരൂത്തമ, അഹം ഭവന്തം ശാസിതും ആശു സംപ്രാപ്തഃ=അല്ലയോ കുരൂത്തമൻ, ഞാൻ ഭവാനെ ശാസിപ്പാനായിക്കൊണ്ടു്വെഗേന സംപ്രാപ്തനായി. കുരൂത്തമൻ=കുരുശ്രേഷ്ഠൻ; ശാസിക്ക=ശിക്ഷിക്ക; സംപ്രാപ്തൻ=സംപ്രാപിച്ചവൻ. സംപ്രാപിക്ക=വരിക; അശുഭവന്തം അങ്ങിനെ ഇരുന്നു. ഭവാൻ—അശുഭവാനായിരുന്നു; അശുഭവാൻ=അശുഭങ്ങളുള്ളവൻ. അശുഭങ്ങൾ=ദോഷങ്ങൾ.

14 കഷ്ടാ രാജസഭാ വഃ
കഷ്ടോയം വംശ ഏവ രാജസ ഭാവഃ
ഗ്രഹണം കേശാന്താനാം
സാധ്വീനാം ലാളയന്തി കേ ശാന്താനാം.

യുഷ്മാകം രാജസഭാ കഷ്ടാ—നിങ്ങളുടെ രാജസഭ കഷ്ടയാകുന്നു. അയം വംശ ഏവ കഷ്ടഃ=ഈ വംശം തന്നെയും കഷ്ടം. രാജസഭാവഃ—അങ്ങിനെയിരുന്ന വംശം—രാജസഭാവമായിരുന്നു; രാജസഭാവം=രാജസമായിരിക്കുന്ന ഭാവത്തോടുകൂടിയതു്; രാജസം=രാജോഗുണപ്രധാനം; ഭാവം=ഹൃദയം; കേ സാധ്വീനാം കേശാന്താനാം ഗ്രഹണം ലാളയന്തി; ഏവ ചിലർ ആണോ സാധ്വിമാരുടെ കേശാന്തങ്ങളുടെ ഗ്രഹണത്തെ ലാളിക്കുന്നതു്. സ്വാധ്വിമാർ=പതിവ്രതമാർ; കേശാന്തങ്ങൾ=തലമുടികൾ; ഗ്രഹണം=ഗ്രഹിക്ക; ഗ്രഹിക്ക=പിടിക്ക. ലാളിക്ക=ആദരിക്ക; ശാന്താനാം—അങ്ങിനെയിരുന്നു സ്വാധ്വിമാർ; ശാന്തമായിരുന്നു. ശാന്തമാർ=ദാന്തമാർ.

15 ഇയമപി ദേവനചേഷ്ടാ
മതിമദ്ഭിഃ സജ്ജനൈർ നൃദേവ ന ചേഷ്ടാ

രാജ്യം ദേഹി ത ദേഭ്യഃ
പാത്ഥേഭ്യഃ സ്വകുലസമ്പദേഽഹിതദേഭ്യഃ

നൃദേവ, ഇയം ദേവനചേഷ്ടാ അപി മതിമൽഭിഃ സജ്ജനൈഃ ന ച ഇഷ്ടാ=അല്ലയോ നൃപദേവൻ, ഈ ദേവനചേഷ്ടയും മതിമത്തുകളായിരിക്കുന്ന സജ്ജനങ്ങളാൽ ഒട്ടുമേ ഇഷ്ടയല്ല. നൃപദേവൻ= രാജാവു്, ദേവനചെഷ്ട=ദേവനവ്യാപാരം; ദേവനം=ചൂതു്; മതിമത്തുകൾ;ബുദ്ധിമത്തുകൾ; ഇഷ്ട=ഇച്ഛിക്കപ്പെട്ടതു്; തൽ ഏഭ്യഃ പാത്ഥേഭ്യഃ രാജ്യം ദേഹി=ആകയാൽ ഈ പാത്ഥന്മാൎക്കായിക്കൊണ്ടു് രാജ്യത്തെ ദാനംചെയ്ക; പാത്ഥന്മാർ=പാണ്ഡവന്മാർ; ദാനംചെയ്ക= കൊടുക്ക; സ്വകുലസംപദേ—സ്വകുലസമ്പത്തിന്നായിക്കൊണ്ടു്; സ്വകുലസമ്പത്ത്=സ്വകുലത്തിന്റെ സമ്പത്ത്; സ്വകുലം=തന്റെ കുലം; സമ്പത്തു്=സമൃദ്ധി; അഹിതദേഭ്യഃ—ആങ്ങിനെയിരുന്ന പാത്ഥന്മാർ—അഹിതദന്മാരായിരുന്നു; അഹിതദന്മാർ=അഹിതന്മാരെ ഖണ്ഡിക്കുന്നവർ; അഹിതന്മാർ=ശത്രുക്കൾ.

16 അപി ഹിതമാരഭസേന
ത്വം ദുൎയ്യോധന ഘടസ്വ മാ രഭസേന
അസതാ മസ്വന്തേഭ്യഃ
പ്രദീയതാം ഭരതസത്തമ സ്വം തേഭ്യഃ"

അപി ദുൎയ്യാധന, ത്വം ഹിതേ ന ആരഭസേ=അത്രയുമല്ല, എടോ ദുൎയ്യോധനൻ, നീ ഹിതത്തെയല്ല ആരംഭിക്കുന്നതു്. ഹിതം=നല്ലതു്ഃ ആരംഭിക്ക=വ്യാപരിക്ക; രഭസേന മാ ഘടസ്വ,രഭസത്തോടു ഘടിക്കൊല്ല. രഭസം=ക്രോധം; ഘടിക്ക=ചേരുക; ഭരതസത്തമ, തേഭ്യഃ സ്വം പ്രദീയതാം—അല്ലയോ ഭരതസത്തമൻ, അവൎക്കായിക്കൊണ്ടു് സ്വം പ്രദാനം ചെയ്യപ്പെടേണം; ഭരതസത്തമൻ=ഭരതശ്രേഷ്ടൻ; സ്വം=ധനം; പ്രദാനം ചെയ്ക=കൊടുക്ക;അസതാം അസ്വന്തേഭ്യഃ— അങ്ങിനെയിരുന്ന അവർ. അസത്തുകളുടെ അസ്വന്തന്മാരായിരുന്നു; അസത്തുകൾ=ദുഷ്ടർ; അസ്വന്തന്മാർ=അസുക്കളുടെ അന്തത്തെ വരുത്തുന്നവർ; അസുക്കൾ=പ്രാണങ്ങൾ; അന്തം=നാശം.

17 ഇത്ഥം താപസ മേതം
കുപിതം ക്ഷിപതാ തപഃപ്രതാപസമേതം
നൃപസമിതാ വജ്ഞേന
സ്വോരു സ്സ്തേനാഽഹതഃ കൃതാവജ്ഞേന.

ഇത്ഥം കുപിതം ഏതം താപസം ക്ഷിപതാ തേന നൃപസമിതൌ സ്വോരുഃ ആഹതഃ=ഈവണ്ണം കുപിതനായിരിക്കുന്ന ഈ താപസനെ ക്ഷിപന്നായിരിക്കുന്ന അവനാൽ നൃപസമിതിയിങ്കൽ സ്വോരു ആഹതമായി. കുപിതൻ=കോപിച്ചവൻ; താപസൻ=ഋഷി; ക്ഷിപൻ=ക്ഷേപിച്ചിയങ്ങുന്നവൻ; ക്ഷേപിക്ക=നിരസിക്ക; നൃപസമിതി=നൃപന്മാരുടെ സമിതി; നൃപന്മാർ=രാജാക്കന്മാർ; സമിതി=സഭ; സ്വോരു=തൻെറ ഊരു; ഊരു=തുട; ആഹതാ=ആഹനിക്കപ്പെട്ടതു്; തപഃപ്രതാപസമെതം—അങ്ങിനെ ഇരുന്ന താപസൻ; തപഃ പ്രതാപസമേതനായിരുന്നു; തപഃ പ്രതാപസമേതൻ=തപഃ പ്രതാപത്തൊട്ട് സമെതൻ; തപഃപ്രതാപം=തപശ്ശക്തി; സമേതൻ=കൂടിയവൻ; അജ്ഞേന—അങ്ങിനെയിരുന്ന അവൻ—അജ്ഞനായിരുന്നു; അജ്ഞൻ=മൂഢൻ; കൃതാവജ്ഞേന;—അങ്ങിനെയിരുന്ന അവൻ, കൃതാവജ്ഞനായിരുന്നു. കൃതാവജ്ഞൻ=കൃതയായിരിക്കുന്ന അവജ്ഞയോടുകൂടിയവൻ; കൃത=ചെയ്യപ്പെട്ടതു്. അവജ്ഞ=നിന്ദ.

18 "ത്വാം മൂരൌ ദ്രാഗ്ഗദയാ
ദപിഷ്ഠോ ഹനിഷ്യന്തി ഹന്ത രൌദ്രാ ഗദയാ"
ഇതി കുപിതേനാശാപി
ക്ഷിതിപസുതോ സമ്മതാ ച തേനാശാപി

കുപിതേന തേന ക്ഷിതിപസുതഃ ഇതി അശാപി, സമ്മതാ ആശാ ആപി ച—കുപിതനായിരിക്കുന്ന അവനാൽ ക്ഷിതിപസുതൻ ഇങ്ങിനെ ശപിക്കപ്പെട്ടു, സമ്മതയായിരിക്കുന്ന ആശ പ്രാപിക്കപ്പെടുകയും ചെയ്തു; കുപിതൻ=കോപിച്ചവൻ; ക്ഷിതിപസുതൻ=ദുര്യോധനൻ; സമ്മത=ഇഷ്ട; അശ=ദിക്ക്; ഹന്ത ദപിഷഃ ത്വാം ഊരൌ ഗദയാ ദ്രാക് ഹനിഷ്യന്തി=എടൊ, ദപിട്ടുകഠം നിൻെറ ഊരുവിങ്കൽ ഗദ

കൊണ്ടു് വേഗെന ഹനിക്കും. ദ്വിട്ടുകൾ=ശത്രുക്കൾ; ഊരു=തുട; ഹനിക്ക=താഡിക്ക; അദയാഃ അങ്ങിനെ ഇരുന്ന ദ്വിട്ടുകൾ—അദയന്മാരായിരുന്നു; അദയന്മാർ=ദയയോടു് കൂടാത്തവർ; രൌദ്രാഃ—അങ്ങിനെയിരുന്ന ദ്വിട്ടുകൾ—രൌദ്രന്മാരായിരുന്നു; രൌദ്രന്മാർ=ഭയംകരന്മാർ.

19 ശാപാവേകത്രാസൗ
ലബ്ധ്വാ പിച നാഗമ ദ്വിവേകത്രാസൌ
അപി പുനരാസേദേ വൈ
രഭസേന കൃതേ മനോനിരാസേ ദേവൈഃ

അസൌ ഏകത്ര ശാപൌ ലബ്ധ്വാ അപി വിവേകത്രാസൌ ന ച അഗമൽ=ഇവൻ ഒരെടത്തു് രണ്ടു് ശാപങ്ങളെ ലഭിച്ചിട്ടും വിവേകത്രാസങ്ങളെ പ്രാപിച്ചില; വിവേകത്രാസങ്ങൾ=വിവേകവും ത്രാസവും; വിവേകം=വിചാരം; ത്രാസം=ഭയം; അപി പുനഃ രഭസേന ആസേദേ വൈ—അത്രയുമല്ല, പിന്നെ രഭസത്താൽ പ്രാപിക്കപ്പെട്ടുകയും ചെയ്തു; രഭസം=ക്രോധം; ദേവൈഃ മനോനിരാസേ കൃതേ; ദേവന്മാരാൽ മനോനിരാസം കൃതമായിരിക്കും വിഷയത്തിങ്കൽ; ദേവന്മാർ=ദൈവകൾ; മനോനിരാസം=മനസ്സിൻെറ രാസം; നിരാസം=ക്ഷേപം; കൃതം=ചെയ്യപ്പെട്ടതു്.

20 ഫല ശാകാലംബനതഃ
കഞ്ചന പാൎത്ഥ വ്യതീത്യകാലം വനതഃ
തസ്മാ ദാപാവനതഃ
സ ദ്വൈതവനം വനം തദാപാ/വനതഃ

സഃ പാൎത്ഥഃ ഫലശാകാലംബനതഃ കഞ്ചന കാലം വ്യതീത്യ തസ്മാൽ വനതഃ ദ്വൈതവനം തൽ വനം ആപ=ആ പാൎത്ഥൻ ഫലശാകാലംബനം ഹേതുവായിട്ടു് കുറഞ്ഞൊരു കാലത്തെ കഴിച്ചിട്ടു് ആ വനത്തിങ്കൽനിന്നു് ദ്വൈതവനമാകുന്ന ആ വനത്തെ പ്രാപിച്ചു; പാൎത്ഥൻ=യുധിഷ്ഠിരൻ; ഫലശാകാലം ബനം=ഫലശാകങ്ങളാകുന്ന ആലംബനം; ഫലശാകങ്ങൾ=ഫലങ്ങളും ശാകങ്ങളും; ഫലങ്ങൾ=കായ്

കൾ; ശാകങ്ങൾ=മൂലപത്രാദികൾ; ആലംബനം=ആശ്രയം; ആപാവനതഃ—അങ്ങിനെ ഇരുന്ന വനം—ആപാവനമായിരുന്നു; ആപാവനം=ആഭീഷ്ണ്യന പാവനം; പാവനം=ശുദ്ധീകരം; അവനതഃ—അങ്ങിനെ ഇരുന്ന പാൎത്ഥൻ—അവനതനായിരുന്നു—അവനതൻ=അവനമിച്ചവൻ; അവനമിക്ക=കുമ്പിടുക.

21 ദത്തരസേ വനസരസഃ
തീരേ തസ്മിൻ മഹർഷിസേവനസരസഃ
സന്നതിമാ നവസദ യം
മനോ ദധാനഃ സമസ്ത മാനവസദയം

അയം വനസരസഃ തസ്മിൻ തീരെ അവസൻ=ഇവൻ വനസരസ്സിൻെറ ആ തീരത്തിങ്കൽ വസിച്ചു; വനസരസ്സ്=വനത്തിങ്കലെ സരസ്സ്; സരസ്സ്=പൊയ്ക; തീരം=മിട്ടാല; വസിക്ക=ഇരിക്ക; ദത്തരസേ—അങ്ങിനെയിരുന്ന തീരം—ദത്തരസമായിരുന്നു; ദത്തരസം=ദാനം ചെയ്യപ്പെട്ടരസത്തോടുകൂടിയതു്; രസം=സുഖം, മഹൎഷിസേവനസരസഃ—അങ്ങിനെയിരുന്ന ഇവൻ—മഹൎഷി സേവന സരസനായിരുന്നു; മഹർഷി സേവനസരൻ=മഹർഷിസേവനത്തിൽ സരസൻ; മഹർഷിസേവനം=മഹൎഷികളുടെ സേവനം സരസൻ=രസമുള്ളവൻ; സന്നതിമാൻ—അങ്ങിനെയിരുന്ന ഇവൻ—സന്നതിമാനായിരുന്നു; സന്നതിമാൻ=സന്നതിയുള്ളവൻ; സന്നതി=വണക്കം; സമസ്തമാനവസദയം മനഃ ദധാനഃ—അങ്ങിനെ ഇരുന്ന ഇവൻ,—സമസ്തമാനവസദയമായിരിക്കുന്ന മനസ്സിനെ ദധാനനായിരുന്നു; സമസ്തമാനവസദയം=സമസ്തമാനവന്മാരിൻ സദയം. സമസ്തമാനവന്മാർ=ഒട്ടൊഴിയാമതയുള്ള മാനവന്മാർ; മാനവന്മാർ=മനുഷ്യർ. സദയം=ദയയോടുകൂടിയതു്. ദധാനൻ=ധരിച്ചിയങ്ങുന്നവൻ.

22 ദധതം ചീരമയ ന്തം
വസനം മുനിസംഹതീഃ ശുചീ രമയന്തം
പ്രതിപന്നാശംകാൎയ്യം
കൃഷ്ണോചേ വീക്ഷ്യ ശത്രുനാശം കാര്യം.

കൃഷ്ണാ ശത്രുനാശം കാര്യം വീക്ഷ്യ തം ഊചേ=കൃഷ്ണശത്രുനാശത്തെ കാര്യമെന്നോൎത്തിട്ടു് അവനോട് വചിച്ചു; കൃഷ്ണ=ദ്രൌപദി; ശത്രുനാശം=ശത്രുക്കളുടെ നാശം; കാര്യം=ചെയ്യപ്പെടുവാൻ യോഗ്യം; വചിക്ക=പറക; ചീരമയം വസനം ദധതം—അങ്ങിനെയിരുന്ന അവൻ, ചീരമയമായിരിക്കുന്ന വസനത്തെ ദധത്തായിരുന്നു; ചീരമയം=ചീരസ്വരൂപം; ചീരം=മരവുരി; വസനം=വസ്ത്രം; ദധത്ത്=ധരിച്ചിയങ്ങുന്നവൻ; ശുചീഃ മുനിസംഹതീം രമയന്തം—അങ്ങിനെയിരുന്ന അവൻ, ശുചികളായിരിക്കുന്ന മുനിസംഹതികളെ രമയന്നായിരുന്നു; ശുചികൾ=ശുദ്ധകൾ; മുനിസംഹതികൾ=മുനികളുടെ സംഹതികൾ; മുനികൾ=ഋഷികൾ; സംഹതികൾ=സമൂഹങ്ങൾ; രമയൻ=രമിപ്പിച്ചിയങ്ങുന്നവൻ; രമിപ്പിക്ക=സുഖിപ്പിക്ക; പ്രതിപന്നാശംകാ--അങ്ങിനെയിരുന്ന കൃഷ്ണ--പ്രതിപന്നാശംകയായിരുന്നു; പ്രതിപന്നാശങ്ക=പ്രതിപന്നയായിരിക്കുന്ന ആശങ്കയോടുകൂടിയവൾ; പ്രതിപന്ന=പ്രാപ്ത; ആശങ്ക=വിചാരം; ആൎയ്യൻ—അങ്ങിനെയിരുന്ന അവൻ; ആൎയ്യനായിരുന്നു; ആൎയ്യൻ=ശ്രേഷ്ഠൻ.

23 "നൃപ രിവവാധീ നനു തേ
ധൎമ്മോ വിഹിതോയ മാഹവാധീനനുതേ
ത ത്തവയോഗ്യന്നാദഃ
തിഷ്ഠസി യൽ കാനനേഷു യോഗ്യന്നാദഃ

ആഹവാധീനനുതേനൃപതേ, തേ വിഹിതഃ അയം ധൎമ്മഃ രിപുവാ(ബാ)ധീ നനു=ആഹവാധീനനുതിയായുള്ളോവേ, അല്ലയോ നൃപൻ, നിനക്കു് വിഹിതമായിരിക്കുന്ന ഈ ധൎമ്മം രിപുബാധിയല്ലോ. ആഹവാധീനനുതി=അഹവാധീനയായിരിക്കുന്ന നുതിയോടുകൂടിയവൻ; ആഹവാധീന=ആഹവത്തിങ്കൽ അധീന; ആഹവം=യുദ്ധം; നുതി=സ്തുതി; നൃപൻ=രാജാവു്; വിഹിതം=വിധിക്കപ്പെട്ടതു്; രിപുബാധി=രിപുക്കളെ ബാധിക്കശീലമായുള്ളതു്; രിപുക്കൾ=ശത്രുക്കൾ; ബാധിക്ക=പീഡിക്ക; തൽ തവഅയം ന യോഗ്യം. ആകയാൽ നിനക്കു് ഇതു് യോഗ്യമല്ല. കാനനേഷു യോഗ്യന്നാദഃ തിഷ്ഠസി യൽ കാനനങ്ങളിൽ യോഗ്യന്നാദനായിട്ടു സ്ഥിതിചെയ്യുന്നു എന്നതു യാതൊന്നു്; കാനന

ങ്ങൾ=വനങ്ങൾ; യോഗ്യന്നാദൻ=യോഗ്യന്നത്തെ അദിക്കുന്നവൻ; യോഗ്യന്നം=യോഗികളുടെ അന്നം; യോഗികൾ=സന്ന്യാസികൾ; അന്നം=ഭക്ഷണസാധനം; അദിക്ക=ഭക്ഷിക്ക; സ്ഥിതിചെയ്ക=ഇരിക്ക.

24 ഇഹ നതനാനായതിനാ
സിദ്ധിർ ധ്രിയതേ ത്വയാധുനാഽനായതിനാ
സത്യഗിരാ ജപതാ കാ
കേവല മാപ്താ ജനാധിരാജപതാകാ

ത്വയാ അധുനാ ഇഹ കാ സിദ്ധിഃ ധ്റിയതേ=നിന്നാൽ ഇപ്പോൾ ഇവിടെ ഏതൊരു സിദ്ധിയാണ് ധരിക്കപ്പെടുന്നതു്? സിദ്ധി=കാര്യസിദ്ധി; നത നാനായതിനാ—അങ്ങിനെയിരുന്ന നീ; നതനാനാ യതിയായിരുന്നു. നതനാനായതി=നതന്മാരായിരിക്കുന്ന നാനായതികളോടുകൂടിയവൻ; നതന്മാർ=നമിക്കപ്പെട്ടവർ; നമിക്ക=നമസ്കരിക്ക; നാനായതികൾ=നാനാവിധന്മാരായിരിക്കുന്ന യതികൾ; നാനാവിധന്മാർ=ബഹുവിധന്മാർ; യതികൾ=സന്ന്യാസികൾ; അനായതിനാ—അങ്ങിനെയിരുന്ന നീ; അനായതിയായിരുന്നു; അനായതി=ആയതിയോടു കൂടാത്തവൻ; ആയതി=മേൽവരവു്; കേവലം സത്യഗിരാ—അങ്ങിനെയിരുന്ന നീ; കേവലം സത്യഗീരായിരുന്നു; സത്യഗീര് =സത്യകളായിരിക്കുന്ന ഗീരുകളോടുകൂടിയവൻ; ഗീരുകൾ=വാക്കുകൾ; ജപതാ—അങ്ങിനെയിരുന്ന നീ—ജപന്നായിരുന്നു; ജപൻ=ജപിച്ചിയങ്ങുന്നവൻ; ജനാധിരാജപതാകാ ആപ്താ—ജനാധിരാജപതാക ആപ്തയായി; ജനാധിരാജപതാക=ജനാധിരാജൻെറ പതാക; ജനാധിരാജൻ=ജനസ്വാമി (മഹാരാജാവു്); പതാക=കൊടിക്കൂറ; ആപ്ത=പ്രാപിക്കപ്പെട്ടതു്.

25 ഭവതി മഹാരാജ നതാ
തീക്ഷ്ണേ, ന മുദൈവ കൃതോഽപഹാരാ ജനതാ
ത്രിജഗത് ഭാനുന്നമതി
ത്രിസന്ധ്യ മിന്ദും ന തൽ പ്രഭാനുന്നമതി

മഹാരാജ, ജനതാ തീക്ഷ്ണേ കൃതോപഹാരനതാ ഭവതി, മൃദൌ ന=എടൊ മഹാരാജൻ, ജനത തീക്ഷ്ണങ്കൽ കൃതോപഹാരയായി നതയായി ഭവിക്കുന്നു; മൃദുവിങ്കൻ ഇല്ല; ജനത=ജനസമൂഹം; തീക്ഷ്ണൻ=ക്രൂരൻ; കൃതോപഹാര=കൃതമായിരിക്കുന്ന ഉപഹാരത്തോടുകൂടിയതു്; കൃതം=ചെയ്യപ്പെട്ടതു്; ഉപഹാരം=കാഴ്ചദ്രവ്യം; നത=നമിച്ചതു്; നമിക്ക=നമസ്കരിക്ക; മൃദു=പതുത്തവൻ; ത്രിജഗൽ ത്രിസന്ധ്യം ഭാനും നമതി, ഇന്ദും ന; ത്രിജഗത്ത് മൂന്നുസന്ധ്യകംതോറും ഭാനുവിനെ നമിക്കുന്നു; ഇന്ദുവിനെ ഇല്ല; ത്രിജഗത്ത്=ത്രൈലോക്യം; ഭാനു=ആദിത്യൻ; നമിക്ക=നമസ്കരിക്ക; ഇന്ദു=ചന്ദ്രൻ; തൽപ്രഭാനുന്നമതി—അങ്ങിനെ ഇരുന്നു ത്രിജഗത്തു്; തൽപ്രഭാനുന്നമതിയായിരുന്നു; തൽപ്രഭാനുന്നമതി=തൽപ്രഭാനുന്നയായിരിക്കുന്ന മതിയോടുകൂടിയതു്; തൽപ്രഭാനുന്ന=തൽപ്രഭയാൽ നുന്ന; തൽപ്രഭ=അവന്റെ പ്രഭ; പ്രഭ=ശോഭ; നുന്ന=പ്രേരിത; മതി=ബുദ്ധി.

26 ന ദധതി രാജനയ ന്തേ
ശത്രുഷു സതതം നരേശ്വരാജനയന്തേ
യേ ഭൂപ ക്ഷാന്തത്വം
തസ്മാ ദ്യുദ്ധ്യസ്വ ശത്രുപക്ഷാന്തത്വം

ഭൂപ, യേ നരേശ്വരാഃ ശത്രുഷു സതതം ക്ഷാന്തത്വം ജനയന്തേ, തേ രാജനയം ന ദധതി=അല്ലയോ ഭൂപൻ, യാവചിലനരേശ്വരന്മാർ ആണോ ശത്രുക്കളിൽ എല്ലായ്പോഴും ക്ഷാന്തത്വത്തെ ജനിപ്പിക്കുന്നതു്, അവർ രാജനയത്തെ ധരിക്കുന്നില്ല; ഭൂപൻ=രാജാവു്; നരെശ്വരന്മാർ=രാജാക്കന്മാർ; ക്ഷാന്തത്വം=ശാന്തന്മാരാവു എന്നുള്ളതു്; ക്ഷാന്തന്മഃർ=ശാന്തന്മാർ; ജനിപ്പിക്ക=ഉണ്ടാക്കുക; രാജനയം=രാജനീതി; ശത്രുപക്ഷാന്ത, ത്വം തസ്മാൽ യുദ്ധ്യസ്വ=ശത്രുപക്ഷാന്തനായുള്ളോവേ, നീ ആകയാൽ യുദ്ധം ചെയ്ക; ശത്രുപക്ഷാന്തൻ=ശത്രുപക്ഷത്തിന്റെ അന്തം വരുത്തുന്നവൻ; ശത്രുപക്ഷം=ശത്രുസേന; അന്തം=നാശം

27 സോ*f*യ മഹോ മോഹ സ്തേ
കൃതോദയോ ജനിത യജനഹോമോ ഹസ്തേ

ഭ്രാതൃജനേനാ/ത്യാജി—
ക്ലിഷ്ടേന യ ദേകദേവനേനാത്യാജി.

തവ സഃ അയം മോഹഃ അഹോ=നിൻെറ അങ്ങിനെയെല്ലാമിരിക്കുന്ന ഈ മോഹം ആശ്ചര്യം; മോഹം=അജ്ഞാനം; ഭ്രാതൃജനേന ഹസ്തേ കൃതഃ ഉദയഃ ഏകദേവനേന അത്യാജി യൽ=ഭ്രാതൃജനത്താൽ ഹസ്തത്തിങ്കൽ കൃതമായിരിക്കുന്ന ഉദയം ഏകദേവനംകൊണ്ടു് ത്യജിക്കപ്പെട്ടു എന്നതു് യാതൊന്നോ; ഭ്രാതൃജനം=ഭ്രാതാക്കന്മാർ; ഹസ്തം=കയ്യു്; കൃതം=ആക്കപ്പെട്ടതു്; ഉദയം=അഭ്യുദയം; ഏകദേവനം=ഏകമായിരിക്കുന്ന ദേവനം; ഏകം=ഒന്നു്; ദേവനം=ചൂതു്; ത്യജിക്ക=ഉപേക്ഷിക്ക. ജനിത യജ്ഞഹോമം—അങ്ങിനെയിരുന്ന ഉദയം—ജനിതയജ്ഞഹോമമായിരുന്നു; ജനിതയജ്ഞഹോമം=ജനിതമായിരിക്കുന്ന യജ്ഞഹോമത്തോടുകൂടിയതു്; ജനിതം=ഉണ്ടായതു്; യജ്ഞഹോമം=യജ്ഞത്തിങ്കലെ ഹോമം; യജ്ഞം=യാഗം; അത്യാജിക്ലിഷ്ടേന—അങ്ങിനെയിരുന്ന ഭ്രാതൃജനം; അത്യാജിക്ലിഷ്ടമായിരുന്നു; അത്യാജിക്ലിഷ്ടം=അത്യാജിയിങ്കൽ ക്ലിഷ്ടം; അത്യാജി=ഏററവുമുള്ള ആജി; ആജി=യുദ്ധം; ക്ലിഷ്ടം=ശോഷിച്ചതു്.

28 സകല മവ ന്ന്യായേന
ത്വം നീതോ വിഘടനാ മവന്യാ യേന
സപദി നരേശ കുനിരയം
നേയഃ പരിപീഡ്യ സംഗരേ ശകുനിരയം.

നരേശ അയം ശകുനിഃ സംഗരേ പരിപീഡ്യ സപദി കുനിരയം നേയഃ=അല്ലയോ നരേശൻ, ഈ ശകുനി സംഗരത്തിങ്കൽ പരിപീഡിച്ചിട്ടു് വേഗേന കുനിരയത്തെ നേയൻ ആണു്; നരേശൻ=രാജാവു്; സംഗരം=യുദ്ധം; പരിപീഡിക്ക=ഹിംസിക്ക; കുനിരയം=കുത്സിതമായിരിക്കുന്ന നിരയം; കുത്സിതം=നിന്ദിതം; നിരയം=നരകം; നേയൻ=നയിക്കപ്പെടുവാൻ യോഗ്യൻ; നയിക്ക=പ്രാപിക്ക. ത്വം യേന അവന്യാ വിഘടനാം നീതഃ=നീയും യാവനൊരുത്തനിൽ ആണോ അവനിയോടുള്ള വിഘടനയെ നീതനായതു്; അവനി=

ഭ്രമി; വിഘടന=വേർപാട്; നീതൻ=നയിക്കപ്പെട്ടവൻ; നയിക്ക= പ്രാപിപ്പിക്ക. ന്യായേന സകലം അവൻ—അങ്ങിനെയിരുന്ന നീ—ന്യായംകൊണ്ട് സകലത്തെയും അവനായിരുന്നു; ന്യായം=ആചാരം; സകലം=ഒട്ടൊഴിയാതെയുള്ളതു്; അവൻ=രക്ഷിച്ചിയങ്ങുന്നാവൻ.

29 വിരചിത നരകംകാലേ
സമരേ പ്രതിപാദ്യ നൃവര നരകം കാലേ
അചിരാ ദേവ സ നേയഃ
പരാമൃശ ന്മാം ഹി സുവിശദേ വസനേ യഃ.

നൃവര, സഃ സമരേ കാലേ പ്രതിപാദ്യ അചിരാൽ ഏവ നരകം നേയഃ=അല്ലയോ നൃവരൻ, അവൻ സമരത്തിങ്കൽ പ്രതിപാദിച്ചിട്ട് വേഗേനതന്നെ നരകത്തെ നേയൻ (ആകുന്നു); നൃവരൻ=രാജാവ്; സമരം=യുദ്ധം; കാലൻ=അന്തകൻ; പ്രതിപാദിക്ക=അർപ്പിക്ക; നേയൻ=നയിക്കപ്പെട്ടുവാൻ യോഗ്യൻ; നയിക്ക=പ്രാപിപ്പിക്ക; വിരചിത നരകംകാലേ—അങ്ങിനെയിരുന്ന സമരം; വിരചിത നരകംകാലമായിരുന്നു; വിരചിതനരകംകാലം=വിരചിതങ്ങളായിരിക്കുന്ന നരകംകാലങ്ങളോടുകൂടിയതു്; വിരചിതങ്ങൾ=വ്യാപ്തങ്ങൾ; നരകംകാലങ്ങൾ=നരന്മാരുടെ കംകാലങ്ങൾ; നരന്മാർ=മനുഷ്യർ; കംകാലങ്ങൾ=പച്ചയിറച്ചികൾ; യഃ മാം സുവിശദേ വസനേ പരാമൃശൽ ഹി=യാവനൊരുത്തൻ ആണോ എന്നെ സുവിശദമായിരിക്കുന്ന വസനത്തിങ്കൽ പരാമർശിച്ചതു്; സുവിശദ=ഏററവും വിശദം; വിശദം=നിർമ്മലം; വസനം=വസ്ത്രം; പരാമർശിക്ക=സ്പർശിക്ക.

30 ആത്തതരാ ജന്യായ
സ്യാ രാജ നപിധുത വൈരി രാജന്യായ
സ്മാര്യോ രാജന്യായഃ;
സ്വീകർത്തവ്യഃ സ യഃ പുരാƒജന്യായഃ."

രാജൻ, ജന്യായ ആത്തതരാഃ സ്യാഃ=അല്ലയോ, രാജാവേ, ജന്യത്തിന്നായിക്കൊണ്ടു് ആത്തതരസ്സായി ഭവിക്ക; ജന്യം=യുദ്ധം; ആത്തതരസ്സ്=ആത്തമായിരിക്കുന്ന തരസ്സിനോടുകൂടിയവൻ; ആത്തം=ആദാനംചെയ്യപ്പെട്ടതു്; ആദാനംചെയ്ക=സ്വീകരിക്ക; തരസ്സ്=വേഗം. വിധൂതവൈരി രാജന്യായ—അങ്ങിനെയിരുന്ന ജന്യം; വിധൂതവൈരി രാജന്യമായിരുന്നു; വിധൂതവൈരിരാജന്യം=വിധൂതന്മാരായിരിക്കുന്ന വൈരിരാജന്യന്മാരോടുകൂടിയതു്; വിധൂതന്മാർ=പരിഭ്രൂതന്മാർ; വൈരിരാജന്യന്മാർ=വൈരികളായിരിക്കുന്ന രാജന്യന്മാർ; വൈരികൾ=ശത്രുക്കൾ; രാജന്യന്മാർ=ക്ഷത്രിയരാജാക്കന്മാർ; രാജന്യായഃ സ്മാര്യഃ=രാജന്യായം സ്മാര്യം; രാജന്യായം=രാജാക്കന്മാരുടെ ന്യായം; ന്യായം=ആചാരം; സ്മാര്യം=സ്മരിക്കപ്പെടുവാൻ യോഗ്യം; സ്മരിക്ക=നിരൂപിക്ക; പുരാ യഃ ആയഃ അജനി, സഃ സ്വീകർത്തവ്യഃ ച=പണ്ടു് യാതൊരു ആയമാണോ ജനിച്ചതു്, അതു് സ്വീകർത്തവ്യമാണുതാനും; ആയം=ധനം; ജനിക്ക=ഉണ്ടാവുക; സ്വീകർത്തവ്യം=സ്വീകരിക്കപ്പെടുവാൻ യോഗ്യം; സ്വീകരിക്ക=തനിക്കാക്കുക.

31 ഇതി ശുഭപദക ന്യായാം
അഭി ഹിതവത്യാം ഗിരം ദ്രുപദകന്യായാം
ദത്തമനോദാഹാരി—
വ്രാതേന ച വാതസൂനുനോഽദാഹാരി.

ദ്രുപദകന്യായാം ഇതി ശുഭപദകന്യായാം ഗിരം അഭിഹിതവത്യാം വാതസൂനുനാ ച ഉദാഹാരി=ദ്രുപദകന്യ ഇങ്ങിനെ ശുഭപദകന്യായയായിരിക്കുന്ന ഗീരിനെ അഭിഹിതവതിയായിരിക്കും വിഷയത്തിങ്കൽ വാതസൂനുവിനാലും ഉദാഹരിപ്പൂ എന്നുള്ളതുണ്ടായി; ദ്രുപദകന്യ=ദ്രൌപദി; ശുഭപദകന്യായ=ശുഭങ്ങളായിരിക്കുന്ന പദകന്യായങ്ങളോടുകൂടിയതു്; ശുഭങ്ങൾ=ശോഭനങ്ങൾ; പദകന്യായങ്ങൾ=പദകങ്ങളും, ന്യായങ്ങളും; പദകങ്ങൾ=പദങ്ങൾ; ന്യായങ്ങൾ=ആചാരങ്ങൾ; ഗീര്=വാക്കു്; അഭിഹിതവതി=അഭിധാനംചെയ്യവൾ; അഭിധാനംചെയ്ക=പറക; വാതസൂനു=ഭീമസേനൻ;

ഉദാഹരിക്ക=പറക. ദത്തമനോദാഹാരിവ്രാതേന—അങ്ങിനെയിരു ന്ന വാതസൂനു—ദത്തമനോദാഹാരിവ്രാതനായിരുന്നു; ദത്തമനോദാ ഹാരിവ്രാതൻ=ദത്തമനോദാഹമായിരിക്കുന്ന അരിവ്രാതത്തോടുകൂടി യവൻ; ദത്തമനോദാഹം=ദത്തമായിരിക്കുന്ന മനോദാഹത്തോടുകൂടി യതു്; ദത്തം=ദാനംചെയ്യപ്പെട്ടതു്; മനോദാഹം=മനസ്സിൻെറ ദാ ഹം; ദാഹം=ചൂടു്; അരിവ്രാതം=അരികളുടെ വ്രാതം; അരികൾ= ശത്രുക്കൾ; വ്രാതം=സമൂഹം.

32 "സ്ഫുടതര മാഹ വരാ ഗാ
ദ്രുപദതനൂജേയ മുത്തമാഹവരാഗാ
സംരംഭീ മത മസ്യാഃ
പ്രഗൃഹ്യ രാജൻ പരേഷു ഭീമതമഃ സ്യാഃ.

ഇയം ദ്രുപദതനൂജാ വരാഃ ഗാഃ സ്ഫുടതരം ആഹ=ഈ ദ്രുപ ദതനൂജ വരകളായിരിക്കുന്ന ഗോക്കളെ സ്ഫുടതരമാവുംവണ്ണം വചി ക്കുന്നു; ദ്രുപദതനൂജ=ദ്രൌപദി; വരകൾ=ശ്രേഷ്ഠകൾ; ഗോക്കൾ= വാക്കുകൾ; സ്ഫുടതരമാവുംവണ്ണം=അതിശയേന സ്ഫുടമാവുംവ ണ്ണം; സ്ഫുടമാവുംവണ്ണം=സ്പഷ്ടമാവുംവണ്ണം; വചിക്ക=പറക. ഉത്തമാഹവരാഗാം—അങ്ങിനെയിരുന്ന ദ്രുപദസുത; ഉത്തമാഹവരാ ഗയായിരുന്നു; ഉത്തമാഹവരാഗ=ഉത്തമമായിരിക്കുന്ന ആഹവരാഗ ത്തോടുകൂടിയവൾ; ഉത്തമം=ഉൽകൃഷ്ടം; ആഹവരാഗം=ആഹവത്തി ങ്കലെ രാഗം; ആഹവം=യുദ്ധം; രാഗം=അപേക്ഷ; രാജൻ, ത്വം അസ്യാ: മതം പ്രഗൃഹ്യ സംരഭീ പരേഷു ഭീമതമഃ സ്യാഃ=അല്ലയോ രാജാവേ, നീ ഇവളുടെ മതത്തെ ഗ്രഹിച്ചിട്ടു് സംരഭിയായിട്ടു് പര ന്മാരിൽ ഭീമതമനായി ഭവിക്ക; മതം=അഭിപ്രായം; സംരംഭീ=ക്രു ദ്ധൻ; പരന്മാർ=ശത്രുക്കൾ; ഭീമതമൻ=അതിശയേന ഭീമൻ; ഭീ മൻ=ഭയങ്കരൻ.

33 അനൃശംസ ഭാദശ തേ
സമാ നിരത്ഥാ രിപാ വസഭാദശതേ

തസ്മാൽ സത്വരണായ
ക്രിയതാം ബുദ്ധിർമ്മഹേന്ദ്രസത്വ, രണായ.

അനൃശംസ, രിപൌ അസദ്വാദശതേ തേ ദ്വാദശ സമാഃ നിരത്ഥാഃ=അനൃശംസനായുള്ളോവേ, രിപു അസദ്വാദശതനായിരിക്കും വിഷയത്തിങ്കൽ നിൻെറ പന്ത്രണ്ട് സമകളും നിരത്ഥങ്ങൾ; അനൃശംസൻ=സൌമ്യൻ; രിപു=ശത്രു; അസദ്വാദ ശതൻ=അസദ്വാദങ്ങളുടെ ശതത്തോടുകൂടിയവൻ; അസദ്വാദങ്ങൾ=അസത്തുകളായിരിക്കുന്ന വാദങ്ങൾ; അസത്തുകൾ=ദുഷ്ടങ്ങൾ; വാദങ്ങൾ=വാക്കുകൾ; ശതം=സമൂഹം; സമകൾ=സംവത്സരങ്ങൾ, നിരത്ഥകൾ=നിഷ്പ്രയോജനകൾ; മഹേന്ദ്രസത്വ, തസ്മാൽ രണായ ബുദ്ധിഃ ക്രിയതാം=മഹേന്ദ്രസത്വനായുള്ളോവേ, ആകയാൽ രണത്തിന്നായിക്കൊണ്ട് ബുദ്ധി ചെയ്യപ്പെടേണം; മഹേന്ദ്രസത്വൻ=മഹേന്ദ്രൻെറ സത്വംപോലെയിരിക്കുന്ന സത്വത്തോടുകൂടിയവൻ; മഹേന്ദ്രൻ=ദേവേന്ദ്രൻ; സത്വം=വ്യവസായം; രണം=യുദ്ധം. സത്വരണായ—അങ്ങിനെ ഇരുന്ന രണം; സത്വരണമായിരുന്നു; സത്വരണം=ത്വരണത്തോടുകൂടിയതു്; ത്വരണം=ഉഴററ.

34 നൈവ ഗദാധാരസ്യ
സ്ഥിതസ്യ മമ വീര്യ സംപദാധാരസ്യ
സ്യാ ദവശം കാര്യ്ന്തേ;
തസ്മാൽ കാര്യ്യാ ച നൈവ ശംകാര്യ്യ ന്തേ.

ഗദാധാരസ്യ സ്ഥിതസ്യ മമ തേ കാൎയ്യം ന ഏവ അവശം സ്യാൽ=ഗദാധാരനായി സ്ഥിതനായിരിക്കുന്ന എനിക്ക് നിൻെറ കാൎയ്യം ഒട്ടുമേ അവശമായി ഭവിക്കയില്ല; ഗദാധരൻ=ഗദയെ ധരിക്കുന്നവൻ; സ്ഥിതൻ=സ്ഥിതിചെയ്യുവൻ; അവശം=വശമെന്നിയെ ഇരിക്കുന്നതു്; വശം=അധീനം. വീൎയ്യസംപദാധാരസ്യ—അങ്ങിനെ ഇരുന്ന ഞാൻ—വീൎയ്യസംപദാധാരനായിരുന്നു; വീര്യസംപദാധാരൻ=വീര്യസമ്പത്തിന് ആധാരമായിട്ടുള്ളവൻ; വീൎയ്യസംപത്തു്=വീൎയ്യാതിശയം; ആധാരം=ആശ്രയം; തസ്മാൽ അൎയ്യന്തേ ശങ്കാന

ഏവ കാൎയ്യാ=ആകയാൽ അത്യന്തത്തിങ്കലെ ശങ്കയും ഒട്ടും കാൎയ്യയല്ല; അത്യന്തം=അരികളുടെ അന്തം; അരികൾ=ശത്രുക്കൾ; അന്തം=നാശം; ശങ്ക=വിചാരം; കാൎയ്യ=ചെയ്യപ്പെടുവാൻ യോഗ്യ.

35 അചിരാ ദാഹത്യ ജനം
സസുയോധനകൎണ്ണ മാത്തദാഹ ത്യജനം
ധ്രിയതാം ഭൂയാ നായഃ
സ്ഥിരോ ഭവാദ്യൈവ രാഷ്ട്രഭ്രയാനായ."

സസുയോധനകൎണ്ണം ജനം അചിരാൽ ആഹത്യ ഭൂയാൻ ആയഃ ക്രിയതാം=സസുയോധനകൎണ്ണമായിരിക്കുന്ന ജനത്തെ വേഗേന ആഹനിച്ചിട്ട് ഭൂയാനായിരിക്കുന്ന ആയം ധരിക്കപ്പെടണം; സസുയോധനകർണ്ണം=സുയോധനകർണ്ണന്മാരോടുകൂടിയതു്; സുയോധനകർണ്ണന്മാർ=സുയോധനനും, കർണ്ണനും; ആഹനിക്ക=നിഗ്രഹിക്ക; ഭൂയാൻ=പെരുകിയതു്; ആയം=ധനം; ആത്തദാഹത്യജനം=ആത്തദാഹത്യജനമാവുംവണ്ണം; (ആത്തമായിരിക്കുന്ന ദാഹത്യജനത്തോടുകൂടുംവണ്ണം); ആത്തം=ആദാനംചെയ്യപ്പെട്ടതു്; ആദാനംചെയ്ക=സ്വീകരിക്ക; ദാഹത്യജനം=ദാഹത്തിൻെറ ത്യജനം; ദാഹം=ചൂടു്; ത്യജനം=ഉപേക്ഷ; അദ്യ ഏവ രാഷ്ട്രഭ്രയാനായ സ്ഥിരഃ ഭവ=ഇന്നുതന്നെ രാഷ്ട്രഭ്രയാനത്തിന്നായിക്കൊണ്ടു് സ്ഥിരനായി ഭവിക്ക; രാഷ്ട്രഭ്രയാനം=രാഷ്ട്രഭ്രവിനെക്കുറിച്ചുള്ള യാനം. രാഷ്ട്രഭ്രവ്=രാജ്യം; യാനം=ഗമനം; സ്ഥിരൻ=ഉറച്ചവൻ.

36 ഇത്ഥം മതിമാ നാഭ്യാം
അഭിഹിത മാകർണ്യ വചന മതിമാനാഭ്യാം
മധുരം ച ക്ഷേമഹിതം
ധൎമ്മസുതോ വാക്യ മാചചക്ഷേ മഹിതം.

ധൎമ്മസുതഃ ആഭ്യാം ഇത്ഥം അഭിഹിതം വചനം ആകർണ്യ മധുരം വാക്യം ആചചക്ഷേ ച=ധൎമ്മസുതൻ ഇവരിരുവരാലും ഈവണ്ണം അഭിഹിതമായിരിക്കുന്ന വചനത്തെ ആകൎണ്ണനം ചെയ്തിട്ടു് മധു

രമായിരിക്കുന്ന വാക്യത്തെ ആഖ്യാനം ചെയ്‌വൂതും ചെയ്തു; ധമ്മ സുതൻ=ധമ്മപുത്രൻ; അഭിഹിതം=അഭിധാനം ചെയ്യപ്പെട്ടതു്; അ ഭിധാനംചെയ്ക=പറക; വചനം=വാക്കു്; ആകണ്ണനംചെയ്ക= കേൾക്ക; മധുരം=മനോഹരം; വാക്യം=വാക്കു്; ആഖ്യാനംചെയ്ക= പറക. മതിമാൻ—അങ്ങിനെ ഇരുന്ന ധമ്മസുതൻ; മതിമാനായി രുന്നു; മതിമാൻ=ബുദ്ധിമാൻ. അതിമാനാഭ്യാം—അങ്ങിനെ ഇരു ന്ന ഇവർ; അതിമാനന്മാരായിരുന്നു; അതിമാനന്മാർ=ഏററവും മാ നത്തോടുകൂടിയവർ; മാനം=അഭിമാനം; ക്ഷേമഹിതം—അങ്ങിനെ ഇരുന്ന വാക്യം; ക്ഷേമഹിതമായിരുന്നു; ക്ഷേമഹിതം=ക്ഷേമത്തി ന്നായിക്കൊണ്ടു് ഹിതം; ക്ഷേമം=രക്ഷ; ഹിതം=ഇഷ്ടം; മഹിതം— അങ്ങിനെയിരുന്ന വാക്യം; മഹിതമായിരുന്നു; മഹിതം=പൂജിതം.

37 "പാണ്ഡവ, പക്ഷോ ഭവതോഃ
ശ്രുതോ മയാ ശത്രുഭൂമിപ ക്ഷോഭവതോഃ
അതിസംരംഭീ മമ ന
സ്ഫുടമത്രാത്ഥേ കൃതാദരം ഭീമ മനഃ

പാണ്ഡവ, ഭവതോഃ പക്ഷഃ മയാശ്രുതഃ=എടോ പാണ്ഡവൻ, ഭവാന്മാരുടെ പക്ഷം എന്നാൽ ശ്രുതമായി; പക്ഷം=സാദ്ധ്യം; ശ്രു തം=ശ്രവിക്കപ്പെട്ടതു്; ശ്രവിക്ക=കേൾക്ക. ശത്രുഭൂമിപ ക്ഷോഭവ തോഃ—അങ്ങിനെ ഇരുന്ന ഭവാന്മാർ; ശത്രുഭൂമിപ ക്ഷോഭവാന്മാരായി രുന്നു; ശത്രുഭൂമിപക്ഷോഭവാന്മാർ=ശത്രുഭൂമിപന്മാരിൽ ക്ഷോഭത്തോ ടുകൂടിയവർ; ശത്രുഭൂമിപന്മാർ=ശത്രുരാജാക്കന്മാർ; ക്ഷോഭം=കോപം. അതിസംരംഭീ—അങ്ങിനെ ഇരുന്ന പക്ഷം; അതിസംരംഭിയായിരു ന്നു; അതിസംരംഭി=ഏററവും സംരംഭമുള്ളതു്; സംരംഭം=ഉത്സാ ഹം; ഭീമ, മമ മനഃ അത്ര അത്ഥേ സ്ഫുടം ന കൃതാദരം=എടോ ഭീമൻ, എൻെറ മനസ്സ് ഈ അർത്ഥത്തിങ്കൽ സ്ഫുടമാവുംവണ്ണം കൃതാദരമല്ല; അത്ഥം=പ്രയോജനം; സ്ഫുടമാവുംവണ്ണം=സ്പഷ്ട മാവുംവണ്ണം; കൃതാദരം=കൃതമായിരിക്കുന്ന ആദരത്തോടുകൂടിയതു്; കൃതം=ഉണ്ടാക്കപ്പെട്ടതു്; ആദരം=ബഹുമാനം

38 ഇഹ നാമ തന്നമഹേ യം
ഇർവനുചര്യേതി ധമ്മ മതനു മഹേയം
അത്ര സബാധാഃ സ്യാമ
സ്ഫുടാ യദി രണം ക്ഷണാദിവാഽധാസ്യാമഃ.

ഇഹ ഇർവ്വനുചര്യാ ഇതി യം ധമ്മം തന്നമഹേ നാമ, ക്ഷണാൽ ഇവ രണം ആധാസ്യാമഃ യദി അത്ര സബാധാഃ സ്യാമ സ്ഫുടം=ഇവിടെ ഇർവ്വനുചര്യ എന്നിട്ട് യാതൊരു ധമ്മത്തെ ചെയ്യുന്നുവല്ലോ, നാം വേഗേന തന്നെ രണത്തെ ചെയ്യും എന്നാവിരിപ്പതെങ്കിൽ ഇതിങ്കൽ സബാധന്മാരായി ഭവിക്കും നിശ്ചയം; ഇർവ്വനുചര്യ=ഇരുക്കളുടെ അനുചര്യ; ഇരുക്കൾ=ഇരുഭൃതന്മാർ; അനുചര്യ=സേവ; രണം=യുദ്ധം; സബാധന്മാർ=ബാധത്തോടുകൂടിയവർ; ബാധം=ഭംഗം. അതനും—അങ്ങിനെ ഇരുന്ന ധമ്മം; അതനുവായിരുന്നു; അതനു=പെരുകിയതു്; അഹേയാ—അങ്ങിനെ ഇരുന്ന ധമ്മം; അഹേയമായിരുന്നു; അഹേയം=ഹേയമെന്നിയെ ഇരിക്കുന്നതു്; ഹേയം=ത്യാജ്യം.

39 അപി സമരേ സ ത്യസ്യ
സ്യാൽ ബാധാ ഇരുജനാന്തരേ സത്യസ്യ
തസ്മാ ത്സാഹസ മാസു
പ്രധനം പശ്യാമി ശത്രുസാഹ സമാസു.

അപി സമരേ സതി ഇരുജനാന്തരേ അസ്യ സത്യസ്യ ബാധാ സ്യാൽ=അത്രയുമല്ല, സമരം സത്തായിരിക്കും വിഷയത്തിങ്കൽ ഇരുജനാന്തരത്തിങ്കലെ ഈ സത്യത്തിന്നു് ബാധ ഭവിക്കും; സമരം=യുദ്ധം; സത്ത=ഭവിച്ചിയങ്ങുന്നതു്; ഇരുജനാന്തരം=ഇരുക്കളുടെ അന്തരം; അന്തരം=മദ്ധ്യം; ബാധ=ഭംഗം; ശത്രുസാഹ, തസ്മാൽ ആസു സമാസു പ്രധനം സാഹസം പശ്യാമി=ശത്രുസാഹനായുള്ളോവേ, ആകയാൽ ഈ സമകളിലെ പ്രധനത്തെ സാഹസമെന്നു് കല്പിക്കുന്നേൻ; ശത്രുസാഹൻ=ശത്രുക്കളെ സഹിക്കുന്നവൻ; സമകൾ=കൊല്ലങ്ങൾ; പ്രധനം=യുദ്ധം; സാഹസം=അവിചാരിതകമ്മം.

40 ഉചിതാരംഭീ മതപാ
പുനഃ പ്രവക്ഷ്യാമി ചാപരം ഭീമ തപാ
ദ്വിഷതാ മവലോപായ
സ്യാദപി നൂനം ജനോയ മവലോപായഃ.

ഭീമ, അഹം മതപാ പുനഃ തപാ അപരം ച പ്രവക്ഷ്യാമി=എടോ ഭീമൻ, ഞാൻ വിചാരിച്ചിട്ട് പിന്നെ നിന്നോട് മററൊന്നിനേയും വചിക്കുന്നേൻ; വചിക്ക=പറക; ഉചിതാരംഭീ—അങ്ങിനെയിരുന്നു ഞാൻ; ഉചിതാരംഭിയായിരുന്നു; ഉചിതാരംഭി=ഉചിതത്തെ ആരംഭിക്ക ശീലമായുള്ളവൻ; അയം ജനഃ ദ്വിഷതാം അവവലോപായ അബലോപായഃ സ്യാൽ അപി നൂനം=ഈ ജനം ദ്വിഷത്തുകളുടെ അവലോപത്തിനായിക്കൊണ്ട് അവ(ബ)ലോപായമായി ഭവിപ്പൂതും ചെയ്യും, നിശ്ചയം; ദ്വിഷത്തുകൾ=ശത്രുക്കൾ; അവലോപനം=നാശം; അവ(ബ)ലോപായം=ബലോപായങ്ങളോടുകൂടാത്തതു്; ബലോപായങ്ങൾ=ബലവും ഉപായവും; ബലം=ശക്തി.

41 പ്രതിഹത പരശ്ശു ഭരണതഃ
ഖ്യാതം രാമം സമേത്യ പരശ്ശു ഭരണതഃ
അരിബലഹാ രേജേ യഃ
കഥം ന ഭീഷ്മഃ സ സംപ്രഹാരേ ജേയഃ.

സഃ ഭീഷ്മഃ സംപ്രഹാരേ കഥം ന ജേയഃ=ആ ഭീഷ്മർ സംപ്രഹാരത്തിങ്കൽ എങ്ങിനെ ജേയനായി ഭവിക്കുന്നു; സംപ്രഹാരം=യുദ്ധം; ജേയൻ=ജയിക്കപ്പെട്ടുവാൻ യോഗ്യൻ; അരിബലഹാ യഃ പരശ്ശുഭരണതഃ ഖ്യാതം രാമം സമേത്യ രേജേ=അരിബലഹാവായ യാവനൊരുത്തൻ ആണോ പരശ്ശുഭരണംകൊണ്ട് ഖ്യാതനായിരിക്കുന്ന രാമനെ പ്രാപിച്ചിട്ട് ശോഭിച്ചതു്; അരിബലഹാവ്=അരിബലത്തെ ഹനിക്കുന്നവൻ; അരിബലം=ശത്രുബലം; ഹനിക്കുക=ഇല്ലായ്മചെയ്യുക; പരശ്ശുഭരണം=പരശ്ശുവിൻെറ ഭരണം; പരശ്ശു=വെണ്മഴു; ഭരണം=ഭരിക്ക; ഖ്യാതൻ=പ്രസിദ്ധൻ; രാമൻ=ശ്രീപരശ്ശു

രാമൻ. പ്രതിഹത പര ശുഭരണതഃ—അങ്ങിനെ ഇരുന്ന പരശുഭര ണം—പ്രതിഹതപര ശുഭരണമായിരുന്നു; പ്രതിഹതപര ശുഭരണം= പ്രതിഹതങ്ങളായിരിക്കുന്ന പര ശുഭരണങ്ങളോട്ടക്കൂടിയതു്; പ്രതിഹ തങ്ങൾ=പ്രതിഹനിക്കപ്പെട്ടവ; പ്രതിഹനിക്ക=മുടക്കുക; പര ശുഭ രണങ്ങൾ=പരന്മാരുടെ ശുഭരണങ്ങൾ; പരന്മാർ=ശത്രുക്കൾ; ശുഭ രണങ്ങൾ=ശുഭങ്ങളായിരിക്കുന്ന രണങ്ങൾ; ശുഭങ്ങൾ=ശോഭനങ്ങൾ; രണങ്ങൾ=യുദ്ധങ്ങൾ.

42 യത്ര ച സാന്നിദ്ധ്യ മിതൌ
ക്ഷാത്രഃ ബ്രാഹ്മ സ്തഥാംഭസാ ന്നിദ്ധ്യമിതൌ
ദ്വാവപി വേദാ വാര്യ്യഃ
ക്ഷത്രാചാര്യ്യഃ സ കഥം ഭവേ ദാവാര്യ്യഃ.

സഃ ക്ഷത്രാചാര്യ്യഃ കഥം ആവാര്യ്യഃ ഭവേൽ=ആ ക്ഷത്രാചാ ര്യ്യൻ എങ്ങിനെ ആവാര്യ്യനായി ഭവിക്കുന്നു; ക്ഷത്രാചാര്യ്യൻ=ദ്രോ ണാചാര്യ്യർ; ആവാര്യ്യൻ=ആവാരണം ചെയ്യപ്പെടുവാൻ യോഗ്യൻ; ആവാരണംചെയ്ക=തടുക്ക. ആര്യ്യൻ—അങ്ങിനെ ഇരുന്ന ക്ഷത്രാ ചാര്യ്യൻ; ആര്യ്യനായിരുന്നു; ആര്യ്യൻ=ശ്രേഷ്ഠൻ; ക്ഷാത്രഃ തഥാ ബ്രാഹ്മഃ ദ്വൌ വേദൌ അപി യത്ര സാന്നിദ്ധ്യം ഇതൌ ച=ക്ഷാത്രമാ യും അപ്രകാരം ബ്രാഹ്മമായും ഇരിക്കുന്ന രണ്ടു വേദങ്ങളും യാവനൊരു ത്തങ്കൽ ആണോ സാന്നിദ്ധ്യത്തെ ഇതങ്ങളായിരിക്കുന്നതു്; ക്ഷാ ത്രം=ക്ഷത്രിയരെ സംബന്ധിച്ചിട്ടുള്ളതു്; ബ്രാഹ്മം=ബ്രാഹ്മണരെ സം ബന്ധിച്ചിട്ടുള്ളതു്; ഇതങ്ങൾ=പ്രാപ്തങ്ങൾ. അംഭസാന്നിദ്ധ്യമി തൌ—അങ്ങിനെ ഇരുന്ന വേദങ്ങൾ; അംഭസാന്നിദ്ധ്യമിതങ്ങളായി രുന്നു; അംഭസാന്നിദ്ധ്യമിതങ്ങൾ=അംഭസാന്നിധിപോലെ അമിത ങ്ങൾ; അംഭസാന്നിധി=സമുദ്രം; അമിതങ്ങൾ=അപരിച്ഛിന്നങ്ങൾ.

43 യുധി ശല, ശല്യ, കൃപാണാം
കുരുപൃതനാം പ്രാപ്യ നിശിത ശല്യ കൃപാണാം

അചിരാ ദേവ ച മൂഢഃ

പുമാൻ പ്രയാത്യന്ത മപിച ദേവച മൂഢഃ.

മൂഢഃ പുമാൻ യുധി ശല, ശല്യ, കൃപാണാം കുരുപൃതനാം പ്രാപ്യ ചിരാൽ ഏവ അന്തം പ്രയാതി ച=മൂഢനായിരിക്കുന്ന പുമാൻ യുദ്ധത്തിങ്കൽ ശല ശല്യ കൃപന്മാരുടെ കുരു പൃതനയെ പ്രാപിച്ചിട്ടു് വേഗേന തന്നെ അന്തത്തെ പ്രയാണം ചെയ്‌വൂതും ചെയ്യുന്നു; പുമാൻ= പുരുഷൻ; ശലശല്യകൃപന്മാർ=ശലനും ശല്യരും കൃപരും; കുരുപൃതന=കുരുക്കളുടെ പൃതന; കുരുക്കൾ=ദുര്യോധനാദികൾ; പൃതന= പടജ്ജനം; അന്തം=നാശം; പ്രയാണംചെയ്ക=പ്രാപിക്ക നിശിതശല്യകൃപാണാം—അങ്ങിനെ ഇരുന്ന കുരുപൃതന; നിശിതശല്യകൃപാണയായിരുന്നു; നിശിതശല്യകൃപാണ=നിശിതങ്ങളായിരിക്കുന്ന ശല്യകൃപാണങ്ങളോടുകൂടിയതു്; നിശിതങ്ങൾ=മൂൎച്ചയുള്ളവ; ശല്യകൃപാണങ്ങൾ=ശല്യങ്ങളും കൃപാണങ്ങളും; ശല്യങ്ങൾ=ശരങ്ങൾ; കൃപാണങ്ങൾ=വാളുകൾ; ദേവചമൂഢഃ അപി ച=ദേവചമൂഢൻ എന്നിരിക്കുന്നതാകിലും; ദേവചമൂഢൻ=ദേവചമുവിനാൽ ഊഢൻ; ദേവചമൂ=ദേവകളുടെ ചമൂ; ചമൂ=പടജ്ജനം; ഊഢൻ=വഹിക്കപ്പെട്ടവൻ.

44 അരിഭിഃ സഹ ജേയസ്യ

സ്മര കവചം കുണ്ഡലം ച സഹജേ യസ്യ

സംരംഭീ മാനീ തേ

കൎണ്ണോ വദ്ധ്യഃ കഥം ന ഭീമാഽനീതേ.

അനീതേ, ഭീമ, സഃ കൎണ്ണഃ തേ കഥം ന വദ്ധ്യഃ=അനീതിയായുള്ളോവേ, എടോ ഭീമൻ, ആ കൎണ്ണൻ നിനക്കു് എങ്ങിനെ വദ്ധ്യനായി ഭവിക്കുന്നു; അനീതി=നീതിയോടുകൂടാത്തവൻ; വദ്ധ്യൻ=വധിക്കപ്പെടുവാൻ ശക്യൻ; വധിക്ക=നിഗ്രഹിക്ക. സംരംഭീ—അങ്ങിനെ ഇരുന്ന കൎണ്ണൻ; സംരംഭിയായിരുന്നു; സംരംഭി=സംരംഭമുള്ളവൻ; സംരംഭം=ഉത്സാഹം. മാനീ—അങ്ങിനെ ഇരുന്ന കൎണ്ണൻ—

മാനിയായിരുന്നു; മാനി=മാനമുള്ളവൻ; മാനം=അഭിമാനം; യസ്യ കവചം കുണ്ഡലം ച സഹജേ സ്മര=യാവനൊരുത്തന്ന് കവചവും കുണ്ഡലവും സഹജങ്ങളായിരിക്കുന്നതു് സ്മരിക്ക; കവചം=മാർച്ചട്ട; സഹജങ്ങൾ=കൂടെ ജനിച്ചവ; സ്മരിക്ക=നിരൂപിക്ക. അരിഭിഃ സഹ ജേയസ്യ—അങ്ങിനെ ഇരുന്ന അവൻ; അരികളോടുംകൂടെ ജേയനായിരുന്നു; അരികൾ=ശത്രുക്കൾ; ജേയൻ=ജയിക്കപ്പെടുവാൻ യോഗ്യൻ.

45 ഇഹ മേ സന്നാശായ
ത്വയാഽഭ്യുപായാന്തരാണി സന്നാശായ
അഹിതാനാ മുച്യന്താം;
തദന്യഥാ വാക്യവിരചനാ മുച്യന്താം."

ഇഹ സന്നാശായ മേ ത്വയാ അഹിതാനാം സന്നാശായ അഭ്യുപായാന്തരാണി ഉച്യന്താം=ഇവിടെ സന്നാശയനായിരിക്കുന്ന എനിക്കായിക്കൊണ്ടു് നിന്നാൽ അഹിതന്മാരുടെ സന്നാശയത്തിന്നായിക്കൊണ്ടു് അഭ്യുപായാന്തരങ്ങൾ വചിക്കപ്പെടണം; സന്നാശൻ=സന്നയായിരിക്കുന്ന ആശയോടുകൂടിയവൻ; സന്നം=ക്ഷീണം; ആശ=ശ്രദ്ധ; അഹിതന്മാർ=ശത്രുക്കൾ; സന്നാശം=സമ്യക്കാവുംവണ്ണമുള്ള നാശം; അഭ്യുപായന്തരങ്ങൾ=ഉപായവിശേഷങ്ങൾ; വചിക്ക=പറക; തൽ അന്യഥാ വാക്യ വിരചനാഃ മുച്യന്താം=അല്ലാതെയുള്ള വാക്യവിരചനകൾ മോചിക്കപ്പെടണം; വാക്യവിരചനകൾ=വാക്യങ്ങളുടെ വിരചനകൾ; വാക്യങ്ങൾ=വാക്കുകൾ; വിരചനകൾ=ചമയങ്ങൾ; മോചിക്ക=ഉപേക്ഷിക്ക.

46 ഇത്ഥം മാനസ മേതൌ
ബോധയതി നരാധിപേ സ്വമാന സമേതൌ
പുര ആവിരഭൂദ്ദേവ
ശ്രീമാൻ വ്യാസോ ജഗൽസ്ഥവിര ഭൂദേവഃ.

നരാധിപേ ഏതൌ ഇത്ഥം സ്വമാനസം ബോധയതി, ശ്രീമാൻ വ്യാസഃ പുരഃ ഏവ ആവിരഭൂൽ=നരാധിപൻ ഇവരെ ഈവണ്ണം സ്വമാനസത്തെ ബോധയന്നായിരിക്കും വിഷയത്തിങ്കൽ ശ്രീമാനായിരിക്കുന്ന വ്യാസൻ പുരോഭാഗത്തിങ്കൽത്തന്നെ ആവിർഭവിച്ചു; സ്വമാനസം=തൻെറ മാനസം; മാനസം=മനസ്സ്; ബോധയൻ=ബോധിപ്പിച്ചിയങ്ങുന്നവൻ; ബോധിപ്പിക്ക=അറിയിക്ക; ശ്രീമാൻ=ശ്രീയുള്ളവൻ; ശ്രീ=ശോഭ; വ്യാസൻ=ശ്രീവേദവ്യാസമഹർഷി; പുരോഭാഗം=മുമ്പ്; ആവിർഭവിക്ക=വെളിച്ചത്തുവരിക. മാനസമേതൌ—അങ്ങിനെ ഇരുന്ന ഇവർ; മാനസമേതന്മാരായിരുന്നു; മാനസമേതന്മാർ=മാനസത്തോടു സമേതന്മാർ; മാനം=അഭിമാനം; സമേതന്മാർ=കൂടിയവർ. ജഗൽസ്ഥവിരഭൂദേവഃ—അങ്ങിനെ ഇരുന്ന വ്യാസൻ; ജഗൽസ്ഥവിരഭൂദേവനായിരുന്നു; ജഗൽസ്ഥവിരഭൂദേവൻ=ജഗൽസ്ഥവിരനായിരിക്കുന്ന ഭൂദേവൻ; ജഗൽസ്ഥവിരൻ=ജഗത്തിങ്കൽ സ്ഥവിരൻ; ജഗത്തു്=ലോകം; സ്ഥവിരൻ=വൃദ്ധൻ; ഭൂദേവൻ=ബ്രാഹ്മണൻ.

47 രാജ്ഞേ സ തച്ഛായ
സ്വയ മദിശന്മന്ത്ര മധിക സത്വ ച്ഛായഃ
രിപുരോധീ മാന്യേന
സ്ഥാണും പാത്ഥോ ഭജേത ധീമാ ന്യേന.

സഃ സ്വയം തു രാജ്ഞേ മന്ത്രം അദിശൽ=അവൻ താൻതന്നെ രാജാവിനായിക്കൊണ്ടു് ഒരു മന്ത്രത്തെ ദാനംചെയ്തു; ദാനംചെയ് ക=കൊടുക്ക. അച്ഛായഃ—അങ്ങിനെ ഇരുന്ന രാജാവു്; അച്ഛനായിരുന്നു; അച്ഛൻ=നിമ്മലൻ. അധിക സത്വച്ഛായഃ—അങ്ങിനെ ഇരുന്ന അവൻ; അധികസത്വച്ഛായനായിരുന്നു; അധികസത്വച്ഛായൻ=അധികയായിരിക്കുന്ന സത്വച്ഛായയോടുകൂടിയവൻ; അധികം=പെരുകിയതു്; സത്വച്ഛായ=സത്ത്വത്തിൻെറ ഛായ; സത്ത്വം=സത്ത്വഗുണം; ഛായ=ശോഭ; യേന പാത്ഥഃ സ്ഥാണും ഭജേത=യാതൊന്നുകൊണ്ടു് പാത്ഥൻ സ്ഥാണുവിനെ ഭജിക്കേണ്ടു; പാത്ഥൻ=അർജ്ജുനൻ; സ്ഥാണു=ശ്രീമഹാദേവൻ; ഭജിക്ക=സേവിക്ക. രിപുരോധീ—

അങ്ങിനെ ഇരുന്ന പാത്ഥൻ; രിപുരോധിയായിരുന്നു; രിപുരോധി=രിപുക്കളെ രോധിക്ക ശീലമായുള്ളവൻ; രിപുക്കൾ=ശത്രുക്കൾ; രോധിക്ക=തടുക്ക. മാന്യേന—അങ്ങിനെ ഇരുന്ന അതു്; മാന്യമായിരുന്നു; മാന്യം=മാനിക്കപ്പെട്ടുവാൻ യോഗ്യം; മാനിക്ക=ബഹുമാനിക്ക. ധീമാൻ—അങ്ങിനെ ഇരുന്ന പാത്ഥൻ; ധീമാനായിരുന്നു; ധീമാൻ=ബുദ്ധിമാൻ.

48 സുതരാ മാരാദ്ധ്യന്തം
ധമ്മസുതഃ പ്രാപ്യ മന്ത്ര മാരാദ്ധ്യ ന്തം
സ പരാശരദായാദാൽ
പാത്ഥായ ച ശത്രുസൈന്യ ശരദായാഽദാൽ.

സഃ ധമ്മസുതഃ പരാശരദായാദാൽ തം മന്ത്രം പ്രാപ്യ സുതരാം ആദ്ധ്യന്തം ആര=ആ ധമ്മസുതൻ പരാശരദായാദങ്കൽനിന്നു് ആ മന്ത്രത്തെ പ്രാപിച്ചിട്ടു് ഏററവും ആദ്ധ്യന്തത്തെ പ്രാപിച്ചു; ധമ്മസുതൻ=ധമ്മപുത്രൻ; പരാശരദായാദൻ=ശ്രീവേദവ്യാസമഹഷി; പ്രാപിക്ക=ലഭിക്ക; ആദ്ധ്യന്തം=ആധിയുടെ അന്തം; ആധി=മനഃപീഡ; അന്തം=നാശം. ആരാദ്ധ്യം—അങ്ങിനെ ഇരുന്ന മന്ത്രം; ആരാദ്ധ്യമായിരുന്നു; ആരാദ്ധ്യം=ആരാധിക്കപ്പെട്ടുവാൻ യോഗ്യം; ആരാധിക്ക=സേവിക്ക; പാത്ഥായ അദാൽ ച=പാത്ഥനായിക്കൊണ്ടു് ദാനംചെയ്കയും ചെയ്തു; പാത്ഥൻ=അജ്ജുനൻ; ദാനംചെയ്ക=കൊടുക്ക. ശത്രുസൈന്യശരദായ—അങ്ങിനെയിരുന്ന പാത്ഥൻ; ശത്രുസൈന്യശരദനായിരുന്നു; ശത്രുസൈന്യശരദൻ=ശത്രുസൈന്യശരങ്ങളെ ഖണ്ഡിക്കുന്നവൻ; ശത്രുസൈന്യശരങ്ങൾ=ശത്രുസൈന്യങ്ങളുടെ ശരങ്ങൾ; ശത്രുസൈന്യങ്ങൾ=ശത്രുക്കളുടെ സൈന്യങ്ങൾ; സൈന്യങ്ങൾ=പടജ്ജനം.

49 തസ്യാഽവാച ശ്ചരണേ
ഗള മാലിംഗന്നവാചേ വാച ശ്ചരണേ

"അർജ്ജുന രക്ഷാ മമ തേ
ഭാരഃ, ശത്രോശ്ച ഹാനി രക്ഷാമമതേ.

ചരണേ അവാചഃ തസ്യ ഗളം ആലിംഗൻ വാചഃ ഉവാച ച= ചരണത്തിങ്കൽ അവാക്കായിരിക്കുന്ന അവൻെറ ഗളത്തെ ആലിംഗന്നായികൊണ്ട് വാക്കുകളെ വചിപ്പൂതും ചെയ്തു; ചരണം=പാദം; അവാക്=കുമ്പിട്ടവൻ; ഗളം=കഴുത്ത്; ആലിംഗൻ=ആലിംഗനം ചെയ്തിയങ്ങുന്നവൻ; വചിക്ക=പറക; അക്ഷാമമതേ, അർജ്ജുന, രണേ മമ രക്ഷാ, ശത്രോഃ ഹാനിഃ ച തേ ഭാരഃ=അക്ഷാമമതിയായുള്ളോവേ എടോ, അർജ്ജുനൻ, രണത്തിങ്കൽ എൻെറ രക്ഷയും, ശത്രുവിൻെറ ഹാനിയും നിനക്ക് ഭാരം; അക്ഷാമമതി=അക്ഷാമമായിരിക്കുന്ന മതിയോടുകൂടിയവൻ; അക്ഷാമ=ക്ഷാമയെന്നിയെ ഇരിക്കുന്നു; ക്ഷാമം=ക്ഷീണം; മതി=ബുദ്ധി; രണം=യുദ്ധം; ഹാനി=നാശം; ഭാരം=ചുമതല.

50 സ ഗുഡാകേശാഽനന്തം
ഭഗവന്തം ഭജ ശമാധികേശാന ന്തം
സഹി ബഹുധാ രാധയതാ
സുഖദൃശ്യഃ ശങ്കരോഽബ്ബു ധാരാ ധയതാ."

ശമാധിക, ഗുഡാകേശ, സ ത്വം തം ഈശാനം ഭജ—ശമാധികനായുള്ളോവേ, എടോ ഗുഡാകേശൻ, അങ്ങിനെ എല്ലാമിരിക്കുന്ന നീ ആ ഈശാനനെ ഭജിക്ക; ശമാധികൻ=ശമംകൊണ്ട് അധികൻ; ശമം=അടക്കം; അധികൻ=പെരുകിയവൻ; ഗുഡാകേശൻ=അർജ്ജുനൻ; ഈശാനൻ=ശ്രീമഹാദേവൻ; ഭജിക്ക=സേവിക്ക. അനന്തം—അങ്ങിനെ ഇരുന്ന ഈശാനൻ; അനന്തനായിരുന്നു; അനന്തൻ=അന്തത്തോടുകൂടാത്തവൻ; അന്തം=നാശം. ഭഗവാൻ—അങ്ങിനെയിരുന്ന ഈശാനൻ; ഭഗവാനായിരുന്നു; ഭഗവാൻ=ഷഡ്ഗുണപരിപൂർണ്ണൻ; ഷഡ്ഗുണം=ഐശ്വര്യസ്യ സമഗ്രസ്യ തേജസോ യശസഃ ശ്രിയഃ, ജ്ഞാനവൈരാഗ്യയോ ശ്ചാപി ഷണ്ണാം ഭഗ ഇതീരണം; ബഹുധാ ആരാധയതാ അംബുധാരാഃ ധയ

താ സഃ ശങ്കരഃ സുഖദൃശ്യഃ ഹി=പലപ്രകാരം ആരാധയന്നായി അംബുധാരകളെ ധയന്നായിരിക്കുന്ന അവനാൽ ആ ശങ്കരൻ സുഖദൃശ്യനല്ലോ; ആരാധയൻ=ആരാധിച്ചിയങ്ങുന്നവൻ; അംബുധാരകൾ=ജലധാരകൾ; ധയൻ=പാനംചെയ്യിയങ്ങുന്നവൻ; ശങ്കരൻ=ശ്രീമഹാദേവൻ; സുഖദൃശ്യൻ=സുഖേന ദൃശ്യൻ; ദൃശ്യൻ=ദർശിക്കപ്പെടുവാൻ യോഗ്യൻ; ദർശിക്ക=കാണുക.

51 ഇതി തം തരസാഽദിശതാ
സ്മരതാ രിചമൂശ്ച ചാരുതര സാദിശതാഃ
ധൃത മമുനാ ദോലാഭം
മനോഽസ്മര ദ്രാജ്യ മപി സ നാഽദോ ലാഭം.

തരസാ തം ഇതി ആദിശതാ അരിചമൂഃ സ്മരതാ ച അമുനാ ദോലാഭം മനഃ ധൃതം=വേഗേന അവനോട്ട് ഇങ്ങിനെ ആദിശന്നായിയും അരിചമുക്കളെ സ്മരനായിയുമിരിക്കുന്ന ഇവനാൽ ദോലാ(ളാ)ഭമായിരിക്കുന്ന മനസ്സ് ധൃതമായി; ആദിശൻ=ആദേശിച്ചിയങ്ങുന്നവൻ; ആദേശിക്ക=നിയോഗിക്ക; അരിചമുക്കൾ=അരികളുടെ ചമുക്കൾ; അരികൾ=ശത്രുക്കൾ; ചമുക്കൾ=പടജ്ജനങ്ങൾ; സ്മരൻ=സ്മരിച്ചിയങ്ങുന്നവൻ; സ്മരിക്ക=നിരൂപിക്ക; ദോലാ(ളാ)ഭം=ദോല(ള)യുടെ ആഭപോലെയിരിക്കുന്ന ആഭയോടുകൂടിയത്; ദോള=ഉഴിഞ്ഞാൽ; ആഭ=ശോഭ; ധൃതം=ധരിക്കപ്പെട്ടത്. ചാരുതര സാദിശതാഃ—അങ്ങിനെയിരുന്ന അരിചമുക്കൾ; ചാരുതരസാദിശതകളായിരുന്നു; ചാരുതരസാദിശതകൾ=ചാരുതരങ്ങളായിരിക്കുന്ന സാദിശതങ്ങളോടുകൂടിയവ; ചാരുതരങ്ങൾ=അതിശയേന ചാരുക്കൾ; ചാരുക്കൾ=മനോഹരങ്ങൾ; സാദിശതങ്ങൾ=സാദികളുടെ ശതങ്ങൾ; സാദികൾ=കുതിരച്ചേകവർ; ശതങ്ങൾ=സമൂഹങ്ങൾ; സഃ അദഃ രാജ്യം അപി ലാഭം ന അസ്മരൻ=അവൻ ഈ രാജ്യത്തെയും ലാഭമെന്ന് സ്മരിക്കുന്നുമില്ല; സ്മരിക്ക=നിരൂപിക്ക.

52 ശ്രുത കൌരവ മധുരാജ്ഞഃ
പാർത്ഥോ മംഗല്യപൂർവ്വരവമധു രാജ്ഞഃ

സരസം ചാപീയാƒതഃ
ചീരീ ജടിലഃ ശരാസിചാപീ യാതഃ..

പാത്ഥഃ രാജ്ഞഃ മംഗല്യപൂവ്വ രവമധു സരസം ആപീയ അതഃ യാതഃ=പാത്ഥൻ രാജാവിൻെറ മംഗല്യപൂവ്വരവമധുവിനെ സരസമാവുംവണ്ണം പാനംചെയ്തിട്ട് ഇവിടെനിന്ന് യാതനാവുതും ചെയ്തു; പാത്ഥൻ=അർജ്ജുനൻ; മംഗല്യപൂവ്വരവമധു=മംഗല്യപൂവ്വ രവമാകുന്ന മധു; മംഗല്യപൂവ്വരവം=മംഗല്യപൂവ്വമായിരിക്കുന്ന രവം; മംഗല്യപൂവ്വം=മംഗല്യം പൂവ്വമായിട്ടുള്ളതു്; മംഗല്യം=മംഗളം; പൂവ്വം=മുമ്പിലുള്ളതു്; രവം=ശബ്ദം; മധു=തേൻ; സരസമാവുംവണ്ണം=രസത്തോടുകൂടുംവണ്ണം; രസം=രാഗം; യാതൻ=യാനംചെയ്തവൻ; യാനംചെയ്ക=പോക. ശ്രുത കൌരവ മധുരാജ്ഞഃ—അങ്ങിനെയിരുന്ന പാത്ഥൻ; ശ്രുതകൌരവമധുരാജ്ഞനായിരുന്നു; ശ്രുതകൌരവമധുരാജ്ഞൻ=ശ്രുതമായിരിക്കുന്ന കൌരവമധുരാജ്ഞയോടുകൂടിയവൻ; ശ്രുത=ശ്രവിക്കപ്പെട്ടതു്; ശ്രവിക്ക=കേൾക്ക; കൌരവമധുരാജ്ഞ=കൌരവൻെറ മധുരാജ്ഞ; കൌരവൻ=യുധിഷ്ഠിരൻ; മധുരാജ്ഞ=മധുരമായിരിക്കുന്ന ആജ്ഞ; മധുര=മനോഹര. ചീരീ—അങ്ങിനെയിരുന്ന പാത്ഥൻ; ചീരിയായിരുന്നു; ചീരി=ചീരമുള്ളവൻ; ചീരം=മരവുരി. ജടിലഃ—അങ്ങിനെയിരുന്ന പാത്ഥൻ ജടിലനായിരുന്നു; ജടിലൻ=ജടയുള്ളവൻ. ശരാസിചാപീ—അങ്ങിനെയിരുന്ന പാത്ഥൻ; ശരാസിചാപിയായിരുന്നു; ശരാസിചാപി=ശരാസിചാപമുള്ളവൻ; ശരാസിചാപങ്ങൾ=ശരങ്ങളും, അസിയും, ചാപവും; ശരങ്ങൾ=അമ്പുകൾ; അസി=വാളു്; ചാപം=വില്ലു്.

53 തരുപ്രഷതാപീതരസാ
വിലംഘ്യ സരിത സ്തതഃ പ്രതാപീ തരസാ
ദിവ്യജനാഭോƒഗസ്യ
പ്രസ്ഥം സംപ്രാപ സ തുഹിനാഭോഗസ്യ.

തതഃ സഃ തരസാ സരിതഃ വിലംഘ്യ തുഹിനാഭോഗസ്യ അഗസ്യ പ്രസ്ഥം സംപ്രാപ=അനന്തരം അവൻ വേഗേന സരിത്തുകളെ

വിലംഘിച്ചിട്ട് തുഹിനാഭോഗമായിരിക്കുന്ന അഗത്തിൻെറ പ്രസ്ഥത്തെ പ്രാപിച്ചു; സരിത്തുകൾ=നദികൾ; വിലംഘിക്ക=കടക്ക; തുഹിനാഭോഗം=തുഹിനംകൊണ്ട് ആഭോഗത്തോടുകൂടിയത്; തുഹിനം=ഹിമം; ആഭോഗം=പരിപൂൎണ്ണം; അഗം=പൎവ്വതം; പ്രസ്ഥം=താഴ്‌വര. രുരുപൃഷതാപീതരസാഃ—അങ്ങിനെയിരുന്ന സരിത്തുകൾ; രുരുപൃഷതാപീതരസകളായിരുന്നു; രുരുപൃഷതാപീതരസകൾ=രുരുപൃഷതങ്ങളാൽ ആപീതമായിരിക്കുന്ന രസത്തോടുകൂടിയവ; രുരുപൃഷതങ്ങൾ=രുരുക്കളും പൃഷതങ്ങളും (രണ്ടും മൃഗവിശേഷങ്ങൾ); ആപീതം=ആഭീക്ഷ്ണ്യേന പീതം; പീതം=പാനംചെയ്യപ്പെട്ടത്; രസം=ജലം. പ്രതാപി—അങ്ങിനെയിരുന്ന അവൻ; പ്രതാപിയായിരുന്നു; പ്രതാപി=പ്രതാപമുള്ളവൻ; പ്രതാപം=പൌരുഷം. ദിവ്യജനാഭഃ അങ്ങിനെയിരുന്ന അവൻ; ദിവ്യജനാഭനായിരുന്നു; ദിവ്യജനാഭൻ=ദിവ്യജനത്തിൻെറ ആഭപോലെയുള്ള ആഭയോടുകൂടിയവൻ; ദിവ്യജനം=ദിവ്യന്മാർ; ആഭ=ശോഭ.

54 സ ജ്വലദാശാകാശഃ
തസ്ഥൌ തത്രാൎജ്ജുന സ്തദാ ശാകാശഃ
ശ്രിതശംഭ്രുവാഹ രഹഃ
ചേത സ്തപസാ കൃശോ ബഭ്രു വാഹരഹഃ.

സഃ അൎജ്ജുനഃ തദാ തത്ര ജ്വലദാശാകാശഃ തസ്ഥൌ=ആ അൎജ്ജുനൻ അപ്പോൾ അവിടെ ജ്വലദാശാകാശനായി സ്ഥിതിചെയ്തു; ജ്വലദാശാകാശൻ=ജ്വലത്തുകളായിരിക്കുന്ന ആശാകാശങ്ങളോടുകൂടിയവൻ; ജ്വലത്തുകൾ=ജ്വലിച്ചിയങ്ങുന്നവ; ജ്വലിക്ക=ശോഭിക്ക; ആശാകാശങ്ങൾ=ആശകളും, ആകാശവും; ആശകൾ=ദിക്കുകൾ. ശാകാശഃ—അങ്ങിനെയിരുന്ന അൎജ്ജുനൻ; ശാകാശനായിരുന്നു; ശാകാശൻ=ശാകങ്ങളെ അശിക്കുന്നവൻ; ശാകങ്ങൾ=ഫലമൂലാദികൾ; അശിക്ക=ഭക്ഷിക്ക; രഹഃ ശ്രിതശംഭു ചേതഃ ഉവാസ=രഹസ്സിങ്കൽ ശ്രിതശംഭുവായിരിക്കുന്ന ചേതസ്സിനെ വഹിച്ചു; രഹസ്സ്=വിജനം; ശ്രിതശംഭു=ശ്രിതമായിരിക്കുന്ന ശംഭുവിനോടുകൂടിയത്; ശ്രിതൻ=

ആശ്രയിക്കപ്പെട്ടവൻ; ശംഭ=ശ്രീമഹാദേവൻ; ചേതസ്സ്=മനസ്സ്; വഹിക്ക=ധരിക്ക; തപസാ അഹഃ അഹഃ കൃശഃ ബഭൂവ=തപസ്സുകൊണ്ടു് അഹസ്സിങ്കൽ അഹസ്സിങ്കൽ കൃശനായി ഭവിച്ചു; അഹസ്സ്=ദിവസം; കൃശൻ=മെലിഞ്ഞവൻ.

55 ദലിതമഹാവപ്രോഥ
സ്ഥിരഖുരപാതേന പരമ ഹാവപ്രോഥഃ
തം സമദാരാത്യന്തം
ക്രൂരഃ കോലഃ കദാചി ദാരാത്യന്തം.

അഥ കദാചിൽ കോലഃ തം ആര=അനന്തരം ഒരുനാൾ ഒരു കോലം അവനെ പ്രാപിച്ചു; കോലം=പന്നി; സ്ഥിരഖുരപാതേന ദലിതമഹാവപ്രഃ—അങ്ങിനെയിരുന്ന കോലം; സ്ഥിരഖുരപാദംകൊണ്ടു് ദലിതമഹാവപ്രനായിരുന്നു; സ്ഥിരഖുരപാതം=സ്ഥിരമായിരിക്കുന്ന ഖുരപാതം; സ്ഥിരം=ഉറച്ചതു്; ഖുരപാതം=ഖുരങ്ങളുടെ പാതം; ഖുരങ്ങൾ=കുളമ്പുകൾ; പാതം=പതനം; ദലിതമഹാവപ്രം=ദലിതമായിരിക്കുന്ന മഹാവപ്രത്തോടുകൂടിയതു്; ദലിതം=പിളക്കപ്പെട്ടതു്; മഹാവപ്രം=മഹത്തായിരിക്കുന്ന വപ്രം; മഹത്തു്=പെരുകിയതു്; വപ്രം=താഴ്‌വര. പരമ ഹാവപ്രോഥഃ—അങ്ങിനെയിരുന്ന കൊലം; പരമ ഹാവപ്രോഥമായിരുന്നു; പരമ ഹാവപ്രോഥം=പരമ ഹാവമായിരിക്കുന്ന പ്രോഥത്തോടുകൂടിയതു്; പരമഹാവം=പരമമായിരിക്കുന്ന ഹാവത്തോടുകൂടിയതു്; പരമം=ഉൽകൃഷ്ടം; ഹാവം=വിലാസം; പ്രോഥം=മൂക്ക്. സമദാരാത്യന്തം—അങ്ങിനെയിരുന്ന അവൻ; സമദാരാത്യന്തനായിരുന്നു; സമദാരാത്യന്തൻ=സമദാരാതികളുടെ അന്തത്തെ വരുത്തുന്നവൻ; സമദാരാതികൾ=സമദന്മാരായിരിക്കുന്ന അരാതികൾ; സമദന്മാർ=മദത്തോടുകൂടിയവർ; മദം=അഹങ്കാരം; അരാതികൾ=ശത്രുക്കൾ; അന്തം=നാശം. അത്യന്തം ക്രൂരഃ—അങ്ങിനെയിരുന്ന കൊലം; ഏററവും ക്രൂരമായിരുന്നു.

56 തദനു ഹസ ന്നാദായ
ത്വരിതോ ഗാണ്ഡീവ മതുലസന്നാദായ

സോ൯നലഭാ വരവിശിഖാൻ

അമുഞ്ച ദസ്യൈ ഹൃതപ്രഭാവ രവിശിഖാൻ

തദനു സഃ ഹസൻ ഗാണ്ഡീവമാദായ തസ്മൈ വരവിശിഖാൻ അമുഞ്ചൽ=അനന്തരം അവൻ ഹസന്നായിട്ടു് ഗാണ്ഡീവത്തെ ആദാനം ചെയ്തിട്ടു് അവന്നായിക്കൊണ്ടു് വരവിശിഖങ്ങളെ മോചിച്ചു; ഹസൻ=ഹസിച്ചിരിയങ്ങുന്നവൻ. ഹസിക്ക=പുഞ്ചിരിയിടുക; ആദാനം ചെയ്ക=സ്വീകരിക്ക; വരവിശിഖങ്ങൾ=വരങ്ങളായിരിക്കുന്ന വിശിഖങ്ങൾ; വരങ്ങൾ ശ്രേഷ്ഠങ്ങൾ; വിശിഖങ്ങൾ=ശരങ്ങൾ; മോചിക്ക= ത്വരിതഃ—അങ്ങിനെയിരുന്ന അവൻ—ത്വരിതനായിരുന്നു; ത്വരിതൻ=ഉഴറിയവൻ; അതുലസന്നാദായ—അങ്ങിനെ ഇരുന്ന അവൻ, അതുലസന്നാദനായിരുന്നു; അതുലസന്നാദൻ=അതുലമായിരിക്കുന്ന സന്നാദത്തോടുകൂടിയവൻ; അതുലം=പെരുകിയതു്; സന്നാദം=ശബ്ദം. അനലഭാഃ—അങ്ങിനെയിരുന്ന അവൻ—അനലഭാസ്സായിരുന്നു; അനലഭാസ്സ്=അനലൻെറ ഭാസ്സുപോലെ ഇരിക്കുന്ന ഭാസ്സിനോടുകൂടിയവൻ; അനലൻ=അഗ്നി; ഭാസ്സ്=തേജസ്സ്; ഹൃതപ്രഭാവരവിശിഖാൻ—അങ്ങിനെയിരുന്ന വരവിശിഖങ്ങൾ—ഹൃതപ്രഭാവരവിശിഖങ്ങളായിരുന്നു—ഹൃതപ്രഭാവ രവിശിഖങ്ങൾ=ഹൃതപ്രഭാവകളായിരിക്കുന്ന രവിശിഖകളോടുകൂടിയവ. ഹൃതപ്രഭാവകൾ=ഹൃതമായിരിക്കുന്ന പ്രഭാവത്തോടുകൂടിയവ; ഹൃതം=ഹരിക്കപ്പെട്ടതു്; പ്രഭാവം=ശക്തി; രവിശിഖകൾ=ആദിത്യരശ്മികൾ.

57 ബാണവരാ ഹേമഹിതാ

യദാ തദാ നിപതിതാവരാഹേ മഹിതാഃ

ചാപശരീ രോധരതഃ

ശബരോ ദദൃശേ മഹാശരീരാ ധരതഃ

യദാ വരാഹേ ബാണവരാഃ നിപതിതാഃ തദാ ശബരഃ ദദൃശേ= യാതൊരിക്കൽ വരാഹത്തിങ്കൽ ബാണവരങ്ങൾ നിപതിതമായി, അപ്പോൾ ഒരു ശബരൻ ദശിക്കപ്പെട്ടു; വരാഹം=പന്നി; ബാണവരങ്ങൾ=ബാണങ്ങളിൽ വെച്ചു വരങ്ങൾ; ബാണങ്ങൾ=ശരങ്ങൾ; വര

ങ്ങൾ=ശ്രേഷ്ഠങ്ങൾ; നിപതിതങ്ങൾ=നിപതിച്ചവ; നിപതിക്ക=വീഴ്ക; ശബരൻ=കാട്ടാളൻ; ദർശിക്ക=കാൺക; ഹേമഹിതാഃ—അങ്ങിനെയിരുന്ന ബാണങ്ങൾ; ഹേമഹിതങ്ങളായിരുന്നു; ഹേമഹിതങ്ങൾ=ഹേമംകൊണ്ടു് ഹിതങ്ങൾ; ഹേമം=സ്വൎണ്ണം; ഹിതങ്ങൾ=പുഷ്ടങ്ങൾ; മഹിതാഃ—അങ്ങിനെയിരുന്ന ബാണവരങ്ങൾ; മഹിതങ്ങളായിരുന്നു. മഹിതങ്ങൾ=പൂജിതങ്ങൾ. ചാപശരീ—അങ്ങിനെയിരുന്ന ശബരൻ, ചാപശരിയായിരുന്നു; ചാപശരി=ചാപശരങ്ങളുള്ളവൻ; ചാപശരങ്ങൾ=ചാപങ്ങളും ശരങ്ങളും; ചാപം=വില്ലു്; ശരങ്ങൾ=അമ്പുകൾ; രോധരതഃ—അങ്ങിനെ ഇരുന്ന ശബരൻ—രോധരതനായിരുന്നു; രോധരതൻ=രോധത്തിങ്കൽ രതൻ; രോധം=തടുക്കൽ; രതൻ=തൽപരൻ; ധരതഃ മഹാശരീരഃ—അങ്ങിനെ ഇരുന്ന ശബരൻ, ധരത്തെക്കാൾ മഹാശരീരനായിരുന്നു; ധരം=പൎവ്വതം; മഹാശരീരൻ=മഹത്തായിരിക്കുന്ന ശരീരത്തോടുകൂടിയവൻ. മഹത്തു്=പെരുകിയതു്; ശരീരം=ദേഹം.

58 "താഡയ മാ മേ കോലം,
ഹന്തു മഹം മേദിനീ മിമാ മേകോƒലം
അന്ന്യൈ രംഗേ ഹതപാ
തൃപ്തിം യാസ്യാമി യുദ്ധരംഗേ ഹതപാ"

59 രുദ്ധദിഗ്ഗുൎവ്വി വ്യാധഃ
സ്ഫുരദിഷു വൃഷ്ട്യേതി പരുഷഗു ൎവ്വിവ്യാധ
അസുഭി ൎവ്വികലം കോലം
ധനഞ്ജയോപി വ്യധത്ത വികലംകോƒല

വ്യാധഃ ഇതി പരുഷഗുഃ സ്ഫുരദിഷുവൃഷ്ട്യാ വിവ്യാധ=വ്യാധൻ ഇങ്ങിനെ പരുഷഗുവായിട്ടു് സ്ഫുരദിഷുവൃഷ്ടികൊണ്ടു് താഡിച്ചു; വ്യാധൻ=കാട്ടാളൻ; പരുഷഗു=പരുഷകളായിരിക്കുന്ന ഗോക്കളോടുകൂടിയവൻ; പരുഷകൾ=ക്രൂരകൾ; ഗോക്കൾ=വാക്കുകൾ; സ്ഫുരദിഷുവൃഷ്ടി=സ്ഫുരന്തിയായിരിക്കുന്ന ഇഷുവൃഷ്ടി; സ്ഫുരന്തി=സ്ഫുരിച്ചിയങ്ങുന്നതു്; സ്ഫുരിക്ക=ശോഭിക്ക; ഇഷുവൃഷ്ടി=ശരവ

ഷം; താഡിക്ക=പ്രയോഗിക്ക; രുദ്ധദിഗുർവ്വി=രുദ്ധദിഗുർവ്വിയാവുംവണ്ണം (രുദ്ധകളായിരിക്കുന്ന ദിഗുർവ്വികളോടുകൂടുംവണ്ണം;) രുദ്ധകൾ=രോധിക്കപ്പെട്ടവ; രോധിക്ക=തടുക്ക; ദിഗുർവ്വികൾ=ദിക്കുകളും ഉർവ്വിയും; ഉർവ്വി=ഭൂമി; മേ കോലം മാ തഡയ=എൻെറകോലത്തെ താഡിക്കൊല്ല. കോലം=പന്നി; താഡിക്ക=പ്രയോഗിക്ക; അഹം ഏകഃ ഇമാം മേദിനീം ഹന്തും അലം=ഞാൻ ഏകനായിക്കൊണ്ടു് ഈ മേദിനിയെ ഹനിപ്പാനായിക്കൊണ്ടു് പര്യാപ്തൻ; ഏകൻ=അദ്വിതീയൻ; മേദിനി=ഭൂമി; ഹനിക്ക=നിഗ്രഹിക്ക; പര്യാപ്തൻ=മതിപോന്നവൻ; അംഗ, ഇഹ യുദ്ധരംഗേ അസ്ത്രൈഃ ത്വാ ഹത്വാ തൃപ്തിം യാസ്യാമി=എടോ ഇവിടെ യുദ്ധരംഗത്തിങ്കൽ അസ്ത്രങ്ങളെക്കൊണ്ടു് നിന്നെ ഹനിച്ചിട്ടു് തൃപ്തയെ പ്രാപിക്കുന്നുണ്ടു്; യുദ്ധരംഗം=യുദ്ധഭൂമി; അസ്ത്രങ്ങൾ=ശരങ്ങൾ; ഹനിക്ക=നിഗ്രഹിക്ക; തൃപ്തി=അലംഭാവം; ധനഞ്ജയഃ അപി കോലം അസുഭിഃ വികലം വ്യധത്ത=ധനാഞ്ജയനും കോലത്തെ അസുക്കളോടു വികലമാക്കി; ധനഞ്ജയൻ=അർജ്ജുനൻ; കോലം=പന്നി; അസുക്കൾ=പ്രാണങ്ങൾ; വികലം=വേർപെട്ടതു്; അലം വികലം (ളം) കഃ—അങ്ങിനെയിരുന്ന ധനഞ്ജയൻ; ഏററവും വികളങ്കനായിരുന്നു; വികളങ്കൻ=കളങ്കത്തോടുകൂടാത്തവൻ; കളങ്കം=ദോഷം.

60 സ പരുഷഗീ ർവ്വാണാനാം
ശ്രേണി മമുഞ്ച ബാരേ/ത്ര ഗീർവ്വാണാനാം
ഉഗ്രതരാ ജവ്യാജേ—
രജിരേ ധാരിത കിരാത രാജവ്യാജേ.

സഃ പരുഷഗീ ആജേഃ അജിരെ ഗീർവ്വാണാനാം വരേ അത്ര ബാണാനാം ശ്രേണിഃ അമുഞ്ചൽ=അവൻ പരുഷഗീരായിട്ടു ആജിയുടെ അജിരത്തിങ്കൽ ഗീർവ്വാണന്മാരിൽ വെച്ചു് വരനായിരിക്കുന്ന ഇവങ്കൽ ബാണങ്ങളുടെ ശ്രേണിയെ മോചിച്ചു; പരുഷഗീര്=പരുഷകളായിരിക്കുന്ന ഗീരുകളോടുകൂടിയവൻ; പരുഷകൾ=ക്രൂരകൾ; ഗീരുകൾ=വാക്കുകൾ; ആജിയുടെ അജിരം=യുദ്ധഭൂമി; ഗീർവ്വാണന്മാർ=ദേവകൾ; വരൻ=ശ്രേഷ്ഠൻ; ബാണങ്ങൾ=ശരങ്ങൾ; ശ്രേണി=സമൂഹം; മോചിക്ക=പ്രയോഗിക്ക; ഉഗ്രതരാഃ—അങ്ങിനെയിരുന്ന അവൻ. ഉ

ഗ്രതരസ്സായിരുന്നു ഉഗ്രതരസ്സ്=ഉഗ്രമായിരിക്കുന്ന തരസ്സിനോടുകൂടിയവൻ; തരസ്സ്=ബലം. ജവീ—അങ്ങിനെയിരുന്ന അവൻ—ജവിയായിരുന്നു; ജവി=ജവമുള്ളവൻ; ജവം=വേഗം; ധാരിത കിരാത രാജ വ്യാജേ—അങ്ങിനെയിരുന്ന ഇവൻ; ധാരിതകിരാതരാജവ്യാജനായിരുന്നു; ധാരിത കിരാതരാജ വ്യാജൻ=ധാരിതമായിരിക്കുന്ന കിരാത രാജവ്യാജത്തോടുകൂടിയവൻ; ധാരിതം=ധരിക്കപ്പെട്ടതു്; കിരാതരാജവ്യാജം=കിരാതരാജനെന്നുള്ള വ്യാജം; കിരാതരാജൻ=കാട്ടാളസ്വാമി; വ്യാജം=മായ.

61 അരിസമിതാ വക്രശിതാഃ
തയോ സ്തത സ്തൈലപായിതാവക്രശിതാഃ
പര്യഗ്രു രുഗ്രാ വാണ-
ശ്രേണ്യാഃ സംക്ഷുണ്ണഗിരിഗുരു ഗ്രാവാണഃ

തതഃ തയോഃ ബാണശ്രേണ്യഃ പര്യഗുഃ=അനന്തരം അവരിരുവരുടെയും ബാണശ്രേണികൾ ചുഴലവും ഗമിച്ചു. ബാണശ്രേണികൾ=ബാണങ്ങളുടെ ശ്രേണികൾ; ബാണങ്ങൾ=ശരങ്ങൾ; ശ്രേണികൾ=സമൂഹങ്ങൾ; അരിസമിതൌ അക്രശിതാഃ—അങ്ങിനെയിരുന്ന ബാണശ്രേണികൾ—അരിസമിതിയിങ്കൽ അക്രശിതങ്ങളായിരുന്നു. അരിസമിതി=അരികളുടെ സമിതി; അരികൾ=ശത്രുക്കൾ; സമിതി=യുദ്ധം; അക്രശിതകൾ=ക്രശിതകളെന്നിയെയിരിക്കുന്നതു്; ക്രശിതകൾ=കൃശകളാക്കപ്പെട്ടവ; കൃശകൾ=കുറഞ്ഞവ. തൈലപായിതാവക്രശിതാഃ—അങ്ങിനെയിരുന്ന ബാണശ്രേണികൾ; തൈലപായിതാവക്രശിതകൾ=തൈലപായിതകളായി ശിതകളായിരിക്കുന്നവ; തൈലപായിതകൾ=തൈലത്താൽ പായിതകൾ; തൈലം=എണ്ണ; പായിതകൾ=നിർമ്മലീകൃതകൾ; അവക്രകൾ=വക്രങ്ങളെന്നിയെ ഇരിക്കുന്നവ; വക്രകൾ=വളഞ്ഞവ; നിശിതങ്ങൾ=മൂർച്ചയുള്ളവ; ഉഗ്രാഃ—അങ്ങിനെയിരുന്ന ബാണശ്രേണികൾ—ഉഗ്രകളായിരുന്നു; ഉഗ്രകൾ=ക്രൂരകൾ; സംക്ഷുണ്ണഗിരി ഗുരുഗ്രാവാണഃ—സംക്ഷുണ്ണ ഗിരിഗുരുഗ്രാവാക്കളായിരുന്നു; സംക്ഷുണ്ണഗിരിഗുരുഗ്രാവാക്കൾ—സംക്ഷുണ്ണകളായിരിക്കുന്ന ഗിരിഗുരുഗ്രാവാക്കളോടുകൂടിയവ; സംക്ഷുണ്ണങ്ങൾ=സമ്യ

ക്കാവും വണ്ണം; ക്ഷുണ്ണങ്ങൾ=പൊടിപെടുക്കപ്പെട്ടവ; ഗിരിഗുരുഗ്രാവാക്കൾ=ഗിരിയിങ്കലെ ഗുരുഗ്രാവാക്കൾ; ഗിരി=പർവ്വതം; ഗുരുഗ്രാവാക്കൾ=ഗുരുക്കളായിരിക്കുന്ന ഗ്രാവാക്കൾ; ഗുരുക്കൾ=പെരുകിയവ; ഗ്രാവാക്കൾ=പാറകൾ.

62 കുപിതഃ കൈരാതപതിഃ
സ്മയമാന സ്തത്ര സായകൈ രാതപതി
അരിദംഭക്ഷയദ സ്താൻ
കിരീടിനോ മാർഗ്ഗണാ നഭക്ഷയ ദസ്താൻ

തത്ര സായകൈഃ ആതപതി കൈരാതപതിഃ കുപിതഃ അസ്താൻ കിരീടിനഃ താൻ മാർഗ്ഗണാൻ അഭക്ഷയൽ—അവൻ സായകങ്ങളെക്കൊണ്ടു് ആതപന്നായിരിക്കും വിഷയത്തിങ്കൽ കൈരാതപതി കുപിതനായിട്ടു് അസ്തങ്ങളായിരിക്കുന്ന കിരീടിയുടെ മാർഗ്ഗണങ്ങളെ ഭക്ഷിച്ചു; സായകങ്ങൾ=ശരങ്ങൾ; ആതപൻ=ആതപിച്ചിയങ്ങുന്നവൻ; ആതപിക്ക=പീഡിപ്പിക്ക; കൈരാതപതി=കാട്ടാളസ്വാമി; കുപിതൻ=കോപിച്ചവൻ; കിരീടി=അർജ്ജുനൻ; അസ്തങ്ങൾ=ക്ഷിപ്തങ്ങൾ; മാർഗ്ഗണങ്ങൾ=ശരങ്ങൾ; സ്മയമാനഃ—അങ്ങിനെയിരുന്ന കൈരാതപതി; സ്മയമാനനായിരുന്നു; സ്മയമാനൻ=സ്മയിച്ചിയങ്ങുന്നവൻ; സ്മയിക്ക=പുഞ്ചിയിടുക; അരിദംഭക്ഷയദഃ—അങ്ങിനെയിരുന്ന കൈരാതപതി, അരിദംഭക്ഷയദനായിരുന്നു; അരിദംഭക്ഷയൻ=അരിദംഭക്ഷയത്തെ ദാനം ചെയ്യുന്നവൻ; അരിദംഭക്ഷയം=അരിദംഭത്തിൻെറ ക്ഷയം; അരിദംഭം=അരികളുടെ ദംഭം; അരികൾ=ശത്രുക്കൾ; ദംഭം=ഡംഭ്; ക്ഷയം=നാശം.

63 സുബൃഹദ്ഗുരസ്രൗണാന്തേ
രണേ ഗണാ ന പ്രസേദുരസ്രൗണാന്തേ
സകല കലാപേതസ്യ
സ്ഥിതിം ന ജഗ്മുഃ ശരാഃ കലാപേതസ്യ

രണേ അസ്രൗണാം തേ ഗണാഃ ന പ്രസേദുഃ=രണത്തിങ്കൽ അസ്രൗങ്ങളുടെ ആ ഗണങ്ങൾ പ്രസാദിച്ചീല. രണം—യുദ്ധം; അസ്രൗങ്ങൾ=

ആഗ്നേയാദികാഃ; സുബൃഹദുരസ്ത്രാണാന്തേ—അങ്ങിനെയിരുന്ന രണം; സുബൃഹദുരസ്ത്രാണാന്തമായിരുന്നു. സുബൃഹദുരസ്ത്രാണാന്തം= സുബൃഹദുരസ്ത്രാണത്തിൻെറ അന്തത്തെവരുത്തുന്നതു്; സുബൃഹദുരസ്ത്രാണം=സുബൃഹത്തായിരിക്കുന്ന ഉരസ്ത്രാണം; സുബൃഹത്തു്=ഏററവും ബൃഹത്തു്; ബൃഹത്തു്=പെരുകിയതു്; ഉരസ്ത്രാണം=മാർച്ചട്ട; അന്തം=നാശം; ശരാ തസ്യ കലാപേ സ്ഥിതിം ന ജഗ്മുഃ=ശരങ്ങൾ അവൻെറ കലാപത്തിങ്കൽ സ്ഥിതിയെ പ്രാപിച്ചീല; ശരങ്ങൾ=അമ്പുകൾ; കലാപം=ആവനാഴി; സ്ഥിതി=ഇരിപ്പ്. സകലാപേതസ്യ അങ്ങിനെയിരുന്ന അവൻ. സകലകലാപേതനായിരുന്ന, സകലകലാപേതൻ=സകലകലകളോട് അപേതൻ; സകലകലകൾ=യുദ്ധകൌശലങ്ങൾ; അപേതൻ=വെർപെട്ടവൻ.

64 സശിലീമുഖരഹിതായാം
കാർമ്മുകയഷ്ട്യാ രണേഷു മുഖര ഹിതായാം
തസ്മൈ ദിവ്യായ തയാ
താഡന മദദാ ദഥാപദി വ്യായതയാ

കാർമ്മുകയഷ്ട്യാ ശിലീമുഖരഹിതായാം അഥ ആപദി സഃ ദിവ്യായ തസ്മൈ താഡന മദദാൽ=കാർമ്മുകയഷ്ടി ശിലീമുഖരഹിതയായിരിക്കും വിഷയത്തിങ്കൽ അനന്തരം ആപത്തിങ്കൽ അവൻ ദിവ്യനായിരിക്കുന്ന അവനായിക്കൊണ്ടു് അതുകൊണ്ടു് താഡനത്തെ ദാനം ചെയ്തു. കാർമ്മുകയഷ്ടി=വില്ല്; ശിലീമുഖങ്ങൾ=ശരങ്ങൾ; രഹിത= വെർപെട്ടതു്; താഡനം=തല്ല്; ദാനംചെയ്ക=കൊടുക്ക; രണേഷു മുഖരഹിതായാം—അങ്ങിനെയിരുന്ന കാർമ്മുകയഷ്ടി, രണങ്ങളിൽ മുഖരഹിതയായിരുന്നു. രണങ്ങൾ=യുദ്ധങ്ങൾ; മുഖരഹിതം—മുഖരയായി ഹിതയായിരിക്കുന്നതു്;മുഖര=വാചാല; ഹിത=ഇഷ്ട; വ്യായതയാ— അങ്ങിനെയിരുന്ന അതു്—വ്യായതയായിരുന്നു; വ്യായത=ദീർഘ.

65 ദുർവ്വിദുർവ്വാരാ സാ
കിരാതരാജേന യുഗപ ദുർവ്വാരാസാ

നാഗസമാ നാഗാരി—
പ്രതിമേന ജവാന്നിപാത്യമാനാഽഗാരി

ജവാൽ നിപാത്യമാനാ സാ കിരാതരാജേന യുഗപൽ അഗാരി= വേഗേന നിപാത്യമാനയായിരിക്കുന്ന അതു് കിരാതരാജനാൽ ഒരുമിച്ചു് നിഗരണം ചെയ്യപ്പെട്ടു. നിപാത്യമാനം=നിപതിപ്പിക്കപ്പെട്ടിയന്നതു്. നിപതിക്ക=പ്രയോഗിപ്പിക്ക; കിരാതരാജൻ=കാട്ടാളസ്വാമി; നിഗരണം ചെയ്യുക=വിഴുങ്ങുക; ഗുൎവ്വീ അങ്ങിനെയിരുന്ന അതു്—ഗുൎവ്വിയായിരുന്നു; ഗുൎവ്വി=കനത്തതു്; ദുൎവ്വാര—അങ്ങിനെയിരുന്ന അതു്—ദുർവ്വാരയായിരുന്നു; ദുൎവ്വാര=ദുഃഖേന വാരണം ചെയ്യപ്പെടുന്നതു്; വാരണം ചെയ്ക=തടുക്ക; ഉൎവ്വാരാസാ—അങ്ങിനെയിരുന്ന അതു്—ഉൎവ്വാരാസയായിരുന്നു; ഉൎവ്വാരാസാ=ഉരുവായിരിക്കുന്ന ആരാസത്തോടു കൂടിയതു്; ഉരു=പെരുകിയതു്; ആരാസം=ശബ്ദം; നാഗസമാഃ—അങ്ങിനെയിരുന്ന അതു്—നാഗസമയായിരുന്നു; നാഗസമ=നാഗത്തോടു സമ; നാഗം=സൎപ്പം; സമ=തുല്യ; നാഗാരിപ്രതിമേന—അങ്ങിനെയിരുന്ന കിരാതരാജൻ; നാഗാരിപ്രതിമനായിരുന്നു. നാഗാരിപ്രതിമൻ=നാഗാരിയോടു പ്രതിമയുള്ളവൻ; നാഗാരി=ഗരുഡൻ; പ്രതിമ=സാദൃശ്യം.

66 ഉപഹൃതകാനന മഗ്നേഃ
സ്ഫുടലബ്ധേ ധനുഷി ലുബ്ധകാനനമഗ്നേ
സ ദ്രുതമഹിമന്യു രസി—
ദ്വിതീയ മപതദ്ദ്വിഷഃ സമഹിമന്യുരസി

ഉപഹൃതകാനനം അഗ്നേഃ സ്ഫുടലബ്ധേ ധനുഷി ലുബ്ധകാനനമഗ്നേ, സ ദ്രുതം ദ്വിഷഃ ഉരസി അസിദ്വിതീയം അപതൽ=ഉപഹൃതകാനനമാവുംവണ്ണം അഗ്നിയിങ്കൽനിന്നു് സ്ഫുടലബ്ധമായിരിക്കുന്ന ധനുസ്സു ലുബ്ധകാനനമഗ്നമായിരിക്കും വിഷയത്തിങ്കൽ അവൻ വേഗേന ദ്വിട്ടിന്റെ ഉരസ്സിങ്കൽ അസിദ്വിതീയമാവുംവണ്ണം പതിച്ചു; ഉപഹൃതകാനനമാവുംവണ്ണം=ഉപഹൃതമായിരിക്കുന്ന കാനനത്തോടു കൂടുംവണ്ണം; ഉപഹൃതം=ദത്തം; കാനനം=വനം; സ്ഫുട

ലബ്ധം=സ്ഫുടമാവുംവണ്ണം ലബ്ധം; സ്ഫുടമാവുംവണ്ണം=സ്പഷ്ടമാവുംവണ്ണം; ലബ്ധം=ലഭിക്കപ്പെട്ടതു്; ധനുസ്സ്=വില്ല്; ലുബ്ധകാനന മഗ്നം=ലുബ്ധകാനനത്തിങ്കൽ മഗ്നം; ലുബ്ധകാനനം=ലുബ്ധകന്റെ ആനനം; ലുബ്ധകൻ=കാട്ടാളൻ; ആനനം=മുഖം; മഗ്നം=മറഞ്ഞതു്; ദ്വിട്ട്=ശത്രു; ഉരസ്സ്=മാറിടം; അസിദ്വിതീയമാവും വണ്ണം=അസിയാകുന്ന ദ്വിതിയനോടും വണ്ണം; അസി=വാൾ; ദ്വിതീയം=സഹായം; പതിക്ക=ചാടുക; അഹിമന്യുഃ—അങ്ങിനെയിരുന്ന അവൻ—അഹിമന്യുവായിരുന്നു. അഹിമന്യു=അഹിയുടെ മന്യുപോലെ ഇരിക്കുന്ന മന്യുവിനോടുകൂടിയവൻ. അഹി=സൎപ്പം; മന്യു=കോപം; സമഹിമനി—അങ്ങിനെയിരുന്ന ഉരസ്സ്, സമഹിമാവായിരുന്നു. സമഹിമാവു്=മഹിമാവിനോടുകൂടിയതു്; മഹിമാവു്=മഹത്വം.

67 സോപി ച സമുദഗ്രാസി-
പ്രവരഃ ശബരേശ്വരേണ സമുദഗ്രാസി
അഭിന ദശങ്കോപതം
മുഷ്ട്യാ പാൎത്ഥോƒഥകക്കശ ങ്കോപേതം

സഃ സമുദഗ്രാസിപ്രവരഃ അപി ച ശബരേശ്വരേണ സമുദ് അഗ്രാസി=ആ സമുദഗ്രാസിപ്രവരവും ശബരേശ്വരനാൽ സമുത്താവും വണ്ണം ഗ്രസിക്കപ്പെട്ടു. സമുദഗ്രാസിപ്രവരം=സമുദഗ്രമായിരിക്കുന്ന അസിപ്രവരം; സമുദഗ്രം=കൊടിയതു്; അസിപ്രവരം=അസികളിൽവെച്ചു് പ്രവരം; അസികൾ=വാളുകൾ; പ്രവരം=ശ്രേഷ്ഠം; ശബരേശ്വരൻ=കാട്ടാളസ്വാമി; സമുത്താവുംവണ്ണം=മുത്തിനോടുകൂടുംവണ്ണം; മുത്തു്=സന്തോഷം; ഗ്രസിക്ക=വിഴുങ്ങുക; അഥ പാൎത്ഥഃ മുഷ്ട്യാ തം അഭിനൽ=അനന്തരം പാൎത്ഥൻ മുഷ്ടികൊണ്ടു് അവനെ ഭേദിച്ചു; പാൎത്ഥൻ=അൎജ്ജുനൻ; ഭേദിക്ക=പിളൎക്ക, അശങ്കോപേതം, അശങ്കോപേതമാവുംവണ്ണം=ശങ്കയോടുകൂടായുംവണ്ണം, കൊപേ കക്കശം—അങ്ങിനെയിരുന്ന അവൻ—കൊപത്തിങ്കൽ കക്കശനായിരുന്നു. കക്കശൻ=ക്രൂരൻ.

68 നൃപതച്ചണ്ഡാലസ്യ
സ്ഫുടിത തനർ മ്മുഷ്ടിഭിശ്ച ചണ്ഡാലസ്യഃ
സ വവന്ദേ വേദമയം
ജഗതാം നാഥം മനശ്ച ദേവേ ദമയൻ.

സഃ ചണ്ഡാലസ്യ മുഷ്ടിഭിഃ സ്ഫുടിതതനുഃ ന്യപതൽ=അവൻ ചണ്ഡാലന്റെ മുഷ്ടികളെക്കൊണ്ട് സ്ഫുടിതതനുവായി പതിപ്പൂതും ചെയ്തു; ചണ്ഡാലൻ=കാട്ടാളൻ; സ്ഫുടിതതനു=സ്ഫുടിതയായിരിക്കുന്ന തനുവിനോടുകൂടിയവൻ; സ്ഫുടിത=പിളൎക്കപ്പെട്ടതു്; തനു=ദേഹം; നിപതിക്ക=വീഴുക. ചണ്ഡാലസ്യഃ—അങ്ങിനെയിരുന്ന അവൻ—ചണ്ഡാലസ്യനായിരുന്നു; ചണ്ഡാലസ്യൻ=ചണ്ഡമായിരിക്കുന്ന ആലസ്യത്തോടുകൂടിയവൻ; ചണ്ഡം=പെരുകിയതു്; ആലസ്യം=ക്ലേശം; ജഗതാം നാഥം വവന്ദേ ച=ജഗത്തുകളുടെ നാഥനെ വന്ദിപ്പൂതുംചെയ്തു; ജഗത്തുകളുടെ നാഥൻ=ഭഗവാൻ; വന്ദിക്ക=അഭിവാദനം ചെയ്കയും, സ്തുതിക്കയുംചെയ്ക; വേദമയം—അങ്ങിനെയിരുന്ന ജഗത്തുക്കളുടെ നാഥൻ—വേദമയമായിരുന്നു; വേദമയൻ=വേദസ്വരൂപൻ. മനഃ ദേവേ ദമയൻ—അങ്ങിനെയിരുന്ന അവൻ; മനസ്സിനെ ദേവങ്കൽ ദമയന്നായിരുന്നു; ദേവൻ=ഭഗവാൻ; ദമയൻ=ദമിപ്പിച്ചിയങ്ങുന്നവൻ; ദമിപ്പിക്ക=അടക്കുക.

69 അഥ രിപുകേസരി ദംഭ—
സ്തംഭകരം, ബിഭ്രതം ച കേ സരിദംഭഃ
ഭക്ത ജനാധിക ചപലം
മനഃ ശിരോമണ്ഡലം ച നാധികച പലം.

70 ധൃത ഭ്രമി ശ്രീഭ്രതം
ഭഗവന്തം ഭസ്മരാശി മിശ്രീഭ്രതം
കലിതം ഘോ/രഗലതയാ
ശബരം ശരദംബരാംശു ഘോര ഗലതയാ.

71 പിതൃവന സദനം ഗഹനം
സുഗാഹ മസതാം സതാം ച സദനംഗ ഹനം
മൂൎദ്ധ്നി സോമാഭരണം
പാൎശ്വേപാദ്രേശേ തഥൈവ സോമാഭരണം

72 ജിത നീചരണം ഹരിണാ—
ശ്രിതകര മഭിനന്ദ്യമാന ചരണം ഹരിണാ
അഹരവസാനനടം കം
യമിനോ ഗമയന്ത മുദ്രസാനനടം കം

73 സ ദധ ദ്ദമരസ മഗ്രേ
സ്ഥിതം ജനൌഘേ വിരാജദമര സമഗ്രേ
കൌശികി രാതംകാന്തം
ദദൎശ ദേവം, ന തം കിരാതം കാന്തം.

സഃ കൌശികിഃ ദേവം ദദൎശ, തം കിരാതം ന=അനന്തരം ആ കൌശികി ദേവനെ ദൎശിച്ചു, ആ കിരാതനെ ഇല്ല; കൌശികി= അൎജ്ജുനൻ; ദേവൻ=ഭഗവാൻ; ദൎശിക്ക=കാണ്ക; കിരാതൻ=കാട്ടാളൻ. ദമരസം ദധൽ—അങ്ങിനെയിരുന്ന കൌശികി—ദമരസത്തെ ദധത്തായിരുന്നു; ദമരസം=ദമാതിശയം; ദമം=അടക്കം; ദധത്ത്=ധരിച്ചിയങ്ങുന്നവൻ. അഗ്രേ വിരാജദമര സമഗ്രേ ജനൌഘേ സ്ഥിതം—അങ്ങിനെയിരുന്ന ദേവൻ—അഗ്രത്തിങ്കൽ വിരാജദമരസമഗ്രമായിരിക്കുന്ന ജനൌഘത്തിങ്കൽ സ്ഥിതനായിരുന്നു; അഗ്രം= മുമ്പു; വിരാജദമര സമഗ്രം=വിരാജദമരന്മാരെക്കൊണ്ടു സമഗ്രം; വിരാജദമരന്മാർ=വിരാജത്തുകളായ അമരന്മാർ; വിരാജത്തുകൾ=ശോഭിച്ചിയങ്ങുന്നവർ; അമരന്മാർ=ദേവകൾ; സമഗ്രം=സമ്പൂൎണ്ണം; ജനൌഘം=ജനങ്ങളുടെ ഓഘം; ഓഘം=സമൂഹം; സ്ഥിതൻ=സ്ഥിതിചെയ്യുവൻ; സ്ഥിതിചെയ്ക=ഇരിക്ക. ആതങ്കാന്തൻ—അങ്ങിനെയിരുന്ന ദേവൻ—ആതങ്കാന്തനായിരുന്നു; ആതങ്കാന്തൻ=ആതങ്കളുടെ അന്തത്തെ വരുത്തുന്നവൻ; ആതങ്കങ്ങൾ=പീഡകൾ; അ

ന്തം=നാശം. കാന്തം—അങ്ങിനെയിരുന്ന ദേവൻ; കാന്തനായിരുന്നു; കാന്തൻ=മനോഹരൻ. രിപുകേസരിദംഭ സ്തംഭകരം—അങ്ങിനെയിരുന്ന ദേവൻ—രിപുകേസരി ദംഭസ്തകരനായിരുന്നു; രിപുകേസരിദംഭ സ്തംഭകരൻ=രിപുകേസിദംഭസ്തംഭത്തെ ഉണ്ടാക്കുന്നവൻ; രിപുകേസരിദംഭസ്തംഭം=രിപുകേസരിദംഭത്തിൻെറ സ്തംഭം; രിപുകേസരിദംഭം=രിപുകേസരികളുടെ ദംഭം; രിപുകേസരികൾ=രിപുക്കളാകുന്ന കേസരികൾ; രിപുക്കൾ=ശത്രുക്കൾ; കേസരികൾ=സിംഹങ്ങൾ; ദംഭം=ഡംഭ്; കേസരി=സിംഹം. കേ സരിദംഭഃ ബിഭ്രതം ച—അങ്ങിനെയിരുന്ന ദേവൻ; കവിങ്കൽ സരിദംഭസ്സിനെ ബിഭ്രത്തായിയുമിരുന്നു; കം=ശിരസ്സ്; സരിദംഭസ്സ്=സരിത്തിൻെറ അംഭസ്സ്; സരിത്തു്=ഗംഗ; അംഭസ്സ്=ജലം. ഭക്തജനാധിക ചപലം മനഃ, അധിക ചപലം ശിരോമണ്ഡലം ച ന ബിഭ്രതം—അങ്ങിനെയിരുന്ന ദേവൻ—ഭക്തജനാധിക ചപലമായിരിക്കുന്ന മനസ്സിനേയും, അധികചപലമായിരിക്കുന്ന ശിരോമണ്ഡലത്തെയും ബിഭ്രത്തായിരുന്നില്ല; ഭക്തജനാധികചപലം=ഭക്തജനങ്ങളിൽ അധികചപലം; ഭക്തജനങ്ങൾ=ഭക്തന്മാർ; അധികചപലം=ഏററവും ചപലം; ചപലം=ചഞ്ചലം; അധി കച പലം=അധിഗതങ്ങളായിരിക്കുന്ന കചപലങ്ങളോടുകൂടിയതു്; അധിഗതങ്ങൾ=പ്രാപ്തങ്ങൾ; കചപലങ്ങൾ=കചവും പലവും; കചം=തലമുടി; പലം=മാംസം; ശിരോമണ്ഡലം=ശിരസ്സുകളുടെ മണ്ഡലം; ശിരസ്സുകൾ=ബ്രഹ്മശിരസ്സുകൾ; മണ്ഡലം=സമൂഹം; ബിഭ്രത്തു്=ഭരിച്ചിയങ്ങുന്നതു്, ധൃതഭൂമി ശ്രീഭൂതം—അങ്ങിനെയിരുന്ന ദേവൻ—ധൃതഭൂമി ശ്രീഭൂതനായിരുന്നു; ധൃതഭൂമി ശ്രീഭൂതൻ=ധൃതങ്ങളായിരിക്കുന്ന ഭൂമിശ്രീഭൂതങ്ങളോടുകൂടിയവൻ; ധൃതങ്ങൾ=ധരിക്കപ്പെട്ടവ; ഭൂമിശ്രീഭൂതങ്ങൾ=ഭൂമിയും, ശ്രീയും, ഭൂതങ്ങളും; ശ്രീ=ലക്ഷ്മി; ഭൂതങ്ങൾ=പ്രാണികൾ. ഭഗവന്തം—അങ്ങിനെയിരുന്ന ദേവൻ—ഭഗവാനായിരുന്നു; ഭഗവാൻ=ഷഡ്ഗുണപരിപൂർണ്ണൻ. ഭസ്മരാശി മിശ്രീഭൂതം—അങ്ങിനെയിരുന്ന ദേവൻ—ഭസ്മരാശി മിശ്രീഭൂതനായിരുന്നു; ഭസ്മരാശി മിശ്രീഭൂതൻ=ഭസ്മരാശികൊണ്ടു് മിശ്രീഭൂതൻ; ഭസ്മരാശി=ഭസ്മങ്ങളുടെ രാശി; രാശി=സമൂഹം; മിശ്രീഭൂതൻ=മിശ്രനായി ഭവിച്ചവൻ; മിശ്രൻ=സംപൃക്തൻ. ഉരഗലതയാ കലി

തം ച—അങ്ങിനെയിരുന്ന ദേവൻ—ഉരഗലതകൊണ്ട് കലിതനായിയുമിരുന്നു; ഉരഗലത=പ്രശസ്തമായിരിക്കുന്ന ഉരഗം; ഉരഗം=സർപ്പം; കലിതൻ=ബദ്ധൻ. ശരദംബരാംശു ചോരഗളതയാ ശബളം—അങ്ങിനെയിരുന്ന ദേവൻ—ശരദംബരാംശു ചോരഗളതകൊണ്ട് ശബളനായിന്നു; ശരദംബരാംശു ചോരഗളത=ശരദംബരാംശു ചോരഗളനാവുഎന്നുള്ളതു്; ശരദംബരാംശുചോരഗളൻ=ശരദബരാംശുചോരമായിരിക്കുന്ന ഗളത്തോടുകൂടിയവൻ; ശരദംബരാംശുചോരൻ=ശരദംബരാംശുക്കളെ ചോരിക്കുന്നതു്; ശരദംബരാംശുക്കൾ=ശരദംബരത്തിന്റെ അംശുക്കൾ; ശരദംബരം=ശരൽക്കാലത്തിങ്കലെ അംബരം; അംബരം=ആകാശം; അംശുക്കൾ=രശ്മികൾ; ചോരിക്ക=അപഹരിക്ക; ഗളം=കഴുത്തു്; ശബളൻ=നാനാവൎണ്ണൻ. പിതൃവനസദനം—അങ്ങിനെയിരുന്ന ദേവൻ—പിതൃവനസദനനായിരുന്നു; പിതൃവനസദനൻ=പിതൃവനം സദനമായിട്ടുള്ളവൻ; പിതൃവനം=ശ്മശാനം; സദനം=ഭവനം. അസതാം ഗഹനം, സതാം സുഗാഹം ച—അങ്ങിനെയിരുന്ന ആ ദേവൻ—അസത്തുകൾക്കു ഗഹനനായിയും, സത്തുകൾക്കു സുഗാഹനായിയുമിരുന്നു; അസത്തുകൾ=ദുഷ്ടന്മാർ; ഗഹനൻ=ദുഷ്പ്രാപൻ; സത്തുകൾ=സജ്ജനങ്ങൾ; സുഗാഹൻ=എളുതായിപ്രാപിക്കപ്പെടുവാൻ ശക്യൻ. സദനംഗഹനം—അങ്ങിനെയിരുന്ന ദേവൻ, സദനംഗഹാവായിരുന്നു; സദനംഗഹാവു്=സദനംഗത്തെ ഹനിച്ചിവൻ; സദനംഗൻ=സത്തായിരിക്കുന്ന അനംഗൻ; സത്തു്=ഉൽകൃഷ്ടൻ; അനംഗൻ=കാമൻ; ഹനിക്ക=നിഗ്രഹിക്ക. മൂൎദ്ധ്നി സോമാഭരണം—അങ്ങിനെയിരുന്ന ദേവൻ—മൂൎദ്ധാവിങ്കൽ സോമാഭരണനായിരുന്നു; മൂൎദ്ധാവു്=ശിരസ്സു്; സോമാഭരണൻ=സോമനാകുന്ന ആഭരണത്തോടുകൂടിയവൻ; സോമൻ=ചന്ദ്രൻ. തഥാ ഏവ പാർശ്വോദ്ദേശേ സോമാഭരണം—അങ്ങിനെയിരുന്ന ദേവൻ—അപ്രകാരംതന്നെ പാർശ്വോദ്ദേശത്തിങ്കൽ സോമാഭരണനായിരുന്നു; പാർശ്വോദ്ദേശം=പാർശ്വപ്രദേശം; സോമാഭരണൻ=ഉമാഭരണത്തോടുകൂടിയവൻ; ഉമാഭരണം=ഉമയുടെ ഭരണം; ഉമ=ശ്രീപാൎവ്വതി; ഭരണം=ഭരിക്കൽ. ജിതനീചരണം—അങ്ങിനെയിരുന്ന ദേവൻ—ജിതനീചരണനായിരുന്നു; ജിതനീചരണൻ=ജിതമായിരിക്കുന്ന നീചരണത്തോടുകൂടിയവൻ; ജി

തം=ജയിക്കപ്പെട്ടതു്; നീചരണം=നീചന്മാരുടെ രണം; നീച ന്മാർ=ദുഷ്ടന്മാർ; രണം=യുദ്ധം. ഹരിണാശ്രിതകരം—അങ്ങിനെ യിരുന്ന ദേവൻ—ഹരിണാശ്രിതകരനായിരുന്നു; ഹരിണാശ്രിതക രൻ=ഹരിണാശ്രിതമായിരിക്കുന്ന കരത്തോടുകൂടിയവൻ; ഹരിണാ ശ്രിതം=ഹരിണത്താൽ ആശ്രിതം; ഹരിണം=മാൻ; ആശ്രിതം= ആശ്രയിക്കപ്പെട്ടതു്; കരം=കയ്യ്. ഹരിണാ അഭിവന്ദ്യമാന ചര ണം—അങ്ങിനെയിരുന്ന ദേവൻ—ഹരിയാൽ അഭിവന്ദ്യമാനചരണ നായിരുന്നു; ഹരി=ഇന്ദ്രൻ, വിഷ്ണു, അക്കൻ; അഭിവന്ദ്യമാനച രണൻ=അഭിവന്ദ്യമാനങ്ങളായിരിക്കുന്ന ചരണങ്ങളോടുകൂടിയവൻ; അഭിവന്ദ്യമാനങ്ങൾ=അഭിവന്ദിക്കപ്പെട്ടിയങ്ങുന്നവ; ചരണങ്ങൾ= പാദങ്ങൾ. അഹരവസാന നടം—അങ്ങിനെയിരുന്ന ദേവൻ—അഹര വസാനനടനായിരുന്നു; അവരഹസാനനടൻ=അഹരവസാനത്തിങ്കൽ നടൻ; അഹരവസാനം=അഹസ്സിൻെറ അവസാനം; അഹസ്സ്= ദിവസം; നടൻ=നൎത്തകൻ. യമിനഃ കം ഗമയന്തം—അങ്ങിനെയി രുന്നു ദേവൻ—യമികളെ കമിനെഗമയന്നായിരുന്നു; യമികൾ=സ ന്ന്യാസികൾ; കം=സുഖം; ഗമയൻ=പ്രാപിപ്പിച്ചിയങ്ങുന്നവൻ. ഉദ്ര സാനനടംകം—അങ്ങിനെയിരുന്ന ദേവൻ, ഉദ്രസാനന ടങ്കനായിരു ന്നു; ഉദ്രസാനന ടങ്കൻ=ഉദ്രസാനനമായിരിക്കുന്ന ടങ്കത്തോടുകൂടിയ യൻ; ഉദ്രസാനനം=ഉദ്രസമായിരിക്കുന്ന ആനനത്തോടുകൂടിയതു്; ഉദ്ര സം=ഉൽഭ്രതമായിരിക്കുന്ന രസത്തോടുകൂടിയതു്; ഉൽഭ്രതം=ഉണ്ടാ യതു്; രസം=സ്നേഹം; ആനനം=മുഖം; ടങ്കം=വെണ്മഴു.

74 പ്രേക്ഷ്യ ച സുരവംശവരം,
പാർത്ഥേനാ'പ്രേക്ഷ്യ ചൈവ സുരവം ശവരം
പ്രണജാത ത്യക്തേന
പ്രോത്ഥിത മാനന്ദബാഷ്പ തത്യക്തേന.

പാർത്ഥേന സുരവംശവരം പ്രേക്ഷ്യ ച, സുരവം ശബരം അപ്രേ ക്ഷ്യ ച, ഏവ പ്രോത്ഥിതം=പാൎത്ഥനാൽ സുരവംശവരനെ പ്രേക്ഷി ച്ചിട്ടും സുരവനായിരിക്കുന്ന ശബരനെ അപ്രേക്ഷിച്ചിട്ടും പ്രോത്ഥാനം

ചെയ്‌വൂ എന്നുള്ളതുണ്ടായി; പാൎത്ഥൻ=അർജ്ജുനൻ; സുരവംശവരൻ=ഭഗവാൻ; പ്രേക്ഷിക്ക=കാൺക; സുരവൻ=ഏററവും രവത്തോടുകൂടിയവൻ; രവം=ശബ്ദം; ശബരൻ=കാട്ടാളൻ; അപ്രേക്ഷിക്ക=കാണായ്ക; പ്രോത്ഥാനംചെയ്ക=എഴുന്നേൽക്ക. വ്രണജാതത്യക്തേന—അങ്ങിനെയിരുന്ന പാൎത്ഥൻ—വ്രണജാതത്യക്തനായിരുന്നു; വ്രണജാത ത്യക്തൻ=വ്രണജാതത്താൽ ത്യക്തൻ; വ്രണജാതം=വ്രണങ്ങളുടെ ജാതം; വ്രണങ്ങൾ=മുറിവുകൾ; ജാതം=സമൂഹം; ത്യക്തൻ=ത്യജിക്കപ്പെട്ടവൻ. ആനന്ദബാഷ്പ തത്യക്തേന—അങ്ങിനെയിരുന്ന പാൎത്ഥൻ—ആനന്ദബാഷ്പതത്യക്തനായിരുന്നു; ആനന്ദബാഷ്പ തത്യക്തൻ = ആനന്ദബാഷ്പ തതിയാൽ അക്തൻ; ആനന്ദബാഷ്പതതി=ആനന്ദബാഷ്പങ്ങളുടെ തതി; ആനന്ദബാഷ്പങ്ങൾ=ആനന്ദാശ്രുക്കൾ; അക്തൻ=നനക്കപ്പെട്ടവൻ.

75 സ തതോ മാനം ദമയ-
ന്നിരീക്ഷമാണഃ പുമാംസ മാനന്ദമയം
തുഷ്ടാവ മഹാദേവം
തുഷ്ടം ബീഭത്സു രാഹവമഹാ ദേവം.

തതഃ സഃ ബീഭത്സുഃ മഹാദേവം തുഷ്ടാവ=അനന്തരം ആ ബീഭത്സു മഹാദേവനെ സ്തുതിച്ചു; ബീഭൽസു=അർജ്ജുനൻ; മഹാദേവൻ=ശ്രീമഹാദേവൻ. മാനം ദമയൻ—അങ്ങിനെയിരുന്ന ബീഭൽസു—മാനത്തെ ദമയന്നായിരുന്നു; മാനം=അഭിമാനം; ദമയൻ=ദമിപ്പിച്ചിയങ്ങുന്നവൻ; ദമിപ്പിക്ക=അടക്കുക; ആനന്ദമയം പുമാംസം നിരീക്ഷമാണഃ—അങ്ങിനെയിരുന്ന ബീഭൽസു—ആനന്ദമയനായിരിക്കുന്ന പുമാനെ നിരീക്ഷമാണനായിരുന്നു; ആനന്ദമയൻ=ആനന്ദസ്വരൂപൻ; പുമാൻ=പുരുഷൻ; നിരീക്ഷമാണൻ=നിരീക്ഷിച്ചിയങ്ങുന്നവൻ; നിരീക്ഷിക്ക=കാൺക. ഏവം ആഹവമഹാൽ തുഷ്ടം—അങ്ങിനെയിരുന്ന മഹാദേവൻ—ഇൗവണ്ണമുള്ള ആഹവമഹം ഹേതുവായിട്ട് തുഷ്ടനായിരുന്നു; ആഹവമഹം=യുദ്ധോൽസവം; തുഷ്ടൻ=സന്തുഷ്ടൻ.

76 "ദലിതാഞ്ജനനീലാഭ—
സ്കന്ധ ന വന്ധ്യോ മമാദ്യ ജനനീലാഭഃ
ജന്മ സ താവ ല്ലഭതേ
കാരുണ്യം യത്ര ഗിരിസുതാവല്ലഭ തേ.

ദലിതാഞ്ജനനീലാഭ സ്കന്ധ, അദ്യ മമ ജനനീലാഭഃ ന വന്ധ്യഃ= ദലിതാഞ്ജന നീലാഭസ്കന്ധനായുള്ളോവേ, ഇന്ന് എന്റെ ജനനീലാഭം വന്ധ്യമല്ല; ദലിതാഞ്ജനനീലാഭസ്കന്ധൻ=ദലിതാഞ്ജനനീലാഭമായിരിക്കുന്ന സ്കന്ധത്തോടുകൂടിയവൻ; ദലിതാഞ്ജനനീലാഭം=ദലിതാഞ്ജനംപോലെ നീലാഭം; ദലിതാഞ്ജനം=ദലിതമായിരിക്കുന്ന അഞ്ജനം; ദലിതം=പിളൎക്കപ്പെട്ടതു്; നീലാഭം=നീലയായിരിക്കുന്ന ആഭയോടുകൂടിയതു്; നീലം=കറുത്തതു്; ആഭ=ശോഭ; സ്കന്ധം=കഴുത്തു്; ജനനീലാഭം=ജനനിയുടെ ലാഭം; ജനനി=മാതാവു്; വന്ധ്യം= നിഷ്ഫലം. ഗിരിസുതാവല്ലഭ, യത്ര തേ കാരുണ്യം, സഃ താവൽ ജന്മ ലഭതേ=ഗിരിസുതാവല്ലഭനായുള്ളോവേ, യാവനൊരുത്തങ്കൽ നിന്തിരുവടിയുടെ കാരുണ്യം ഭവിക്കുന്നു, അവനത്രേ ജന്മത്തെ ലഭിക്കുന്നതു്; ഗിരിസുതാവല്ലഭൻ=ഗിരിസുതയുടെ വല്ലഭൻ; ഗിരിസുത=ശ്രീപാൎവ്വതി; വല്ലഭൻ=ഭൎത്താവു്; കാരുണ്യം=കരുണ.

77 ഉദിതഃ സച്ചിത്തത്വം
ബ്രഹ്മേതി ദധദ്ഭി രുച്ഛ്വാസച്ചിത്തത്വം
ത്രയ്യാ മഹിമാ നനു പരമഃ
ത്രയ്യാ ത്വം ബോധിതഃ പുമാ നനുപരമഃ.

ത്രയ്യാ ബോധിതഃ അനുപരമഃ പരമഃ പുമാൻ നനു=നിന്തിരുവടി ത്രയിയാൽ ബോധിതനായി അനുപരമനായി പരമനായിരിക്കുന്ന പുമാനാകുന്നു നിശ്ചയം; ത്രയി=വേദത്രയം; ബോധിതൻ=പ്രതിപാദിതൻ; അനുപരമൻ=ഉപരമത്തോടുകൂടാത്തവൻ; ഉപരമം=അവസാനം; പരമൻ=ഉൽകൃഷ്ടൻ; പുമാൻ=പുരുഷൻ. ഉച്ഛ്വാസ ച്ചിത്തത്വം ദധൽഭിഃ, സൽ, ചിൽ, തത്വം ബ്രഹ്മാ ഇതി ഉദിതഃ, അഞ്ജി

നെയിരുന്ന നിന്തിരുവടി—ഉല്ലാസച്ചിത്തത്വത്തെ ദധത്തുകളായിരിക്കുന്ന അവരാൽ സത്തെന്നും, ചിത്തെന്നും, ബ്രഹ്മമെന്നും ഇങ്ങിനെ ഉദിതനാകുന്നു; ഉല്ലാസച്ചിത്തത്വം=ഉല്ലാസച്ചിത്തന്മാരാവൂ എന്നുള്ളതു്; ഉല്ലാസച്ചിത്തന്മാർ=ഉല്ലാസത്തായിരിക്കുന്ന ചിത്തത്തോടു കൂടിയവർ; ഉല്ലാസത്തു്=ഉല്ലാസച്ചിയങ്ങുന്നതു്; ഉല്ലാസിക്ക=വികസിക്ക; ചിത്തം=മനസ്സു്; ദധത്തുകൾ=ധരിച്ചിയങ്ങുന്നവർ; ഉദിതൻ=ഉക്തൻ. ഗുരുമഹിമാ—അങ്ങിനെയിരുന്ന നിന്തിരുവടി; ഗുരുമഹിമാവായിരുന്നു; ഗുരുമഹിമാവു്=ഗുരുവായിരിക്കുന്ന മഹിമാവിനോടുകൂടിയവൻ; ഗുരു=പെരുകിയതു്; മഹിമാവു്=മഹത്വം.

78 യദി ദേവ സുധാഭാനുഃ,
ഖം മരു ദാത്മാഽനലോഽബു, വസുധാ ഭാനുഃ
പ്രതിപന്നാ ഭവദന്തഃ
പരം വരാകാഃ ശരദ്ഘനാ ഭവദന്തഃ

ശരൽഘനാഭ, ദേവ, സുധാഭാനുഃ, ഖം, മരുൽ, ആത്മാ, അനലഃ, അംബു, വസുധാ, ഭവദന്തഃ പ്രതിപന്നാഃ യദി, പരം വദന്തഃ വരാകാഃ=ശരൽ ഘനാഭനാളെല്ലാവേ, അല്ലയോ ദേവൻ, സുധാഭാനുവും ഖമും മാരുത്തും ആത്മാവും അനലനും അംബുവും വസുധയും ഭാനുവും ഭവദന്തർഭാഗത്തിങ്കൽ പ്രതിപന്നന്മാരെന്നാവിരിപ്പതെങ്കിൽ പരനെ വദത്തുക്കളായിരിക്കുന്നവർ വരാകന്മാർ (ആകുന്നു); ശരൽ ഘനാഭൻ – ശരൽഘനത്തിൻെറ ആഭപോലെ ഇരിക്കുന്ന ആഭയോടുകൂടിയവൻ; ശരൽഘനം=ശരൽക്കാലത്തിങ്കലെ ഘനം; ഘനം=മേഘം; ആഭ=ശോഭ; ദേവൻ=മഹാദേവൻ; സുധാഭാനു=ചന്ദ്രൻ; ഖം=ആകാശം; മരുത്ത്=വായു; അനലൻ=അഗ്നി; അംബു=ജലം; വസുധ=ഭൂമി; ഭാനു=ആദിത്യൻ; ഭവദന്തർഭാഗം=ഭവാൻെറ അന്തർഭാഗം; അന്തർഭാഗം=ഉള്ളു്; പ്രതിപന്നന്മാർ=പ്രാപ്തന്മാർ; പരൻ=അന്യൻ; വദത്തുക്കൾ=വദിച്ചിയങ്ങുന്നവർ; വദിക്ക=സ്തുതിക്ക; വരാകന്മാർ=മൂഢന്മാർ.

79 വിരചിതനരകേശേ തേ
നിന്ദാവാ നിന്ദ്ര ഏവ നരകേ ശേതേ
മുദിതമനാ ദേവത്വം
കൃമയേഽപി ദദാസി ചിന്തനാ ദേവ ത്വം

തവ നിന്ദാവാൻ ഇന്ദ്രഃ ഏവ നരകേ ശേതേ=നിന്തിരുവടിയുടെ നിന്ദാവാനായിരിക്കുന്ന ഇന്ദ്രൻ തന്നെയും നരകത്തിങ്കൽ ശയിക്കുന്നു; നിന്ദാവാൻ=നിന്ദയുള്ളവൻ; വിരചിതനരകേശേ—അങ്ങിനെയിരുന്ന നരകം—വിരചിതനരകേശമായിരുന്നു; വിരചിതനരകേശം=വിരചിതങ്ങളായിരിക്കുന്ന നരകേശങ്ങളോടുകൂടിയതു്; വിരചിതങ്ങൾ=വ്യാപ്തങ്ങൾ; നരകേശങ്ങൾ=നരന്മാരുടെ കേശങ്ങൾ; നരന്മാർ=മനുഷ്യർ; കേശങ്ങൾ=തലമുടികൾ; ത്വം ചിന്തനാൽ ഏവമുദിതമനാഃ കൃമയേ അപി ദേവത്വം ദദാസി=നിന്തുരുവടി ചിന്തനം ഹേതുവായിട്ടു തന്നെ മുദിതമനസ്സായിട്ടു് കൃമിക്കായിക്കൊണ്ടു് പോലും ദേവത്വത്തെ ദാനം ചെയ്യുന്നു. ചിന്തനം=ചിന്തിക്കൽ; മുദിതമനസ്സ്=മുദിതമായി മനസ്സിനോടുകൂടിയവൻ; മുദിതം=സന്തുഷ്ടം; കൃമി=പുഴു; ദേവത്വം= ദേവനാവൂ എന്നുള്ളതു്; ദാനംചെയ്ക=കൊടുക്കുക.

80 ന ജഗതി വൈഭവമത്തഃ
പുമാൻ പ്രമത്തോസ്തി വീര്യവൈഭവമത്തഃ
സതതം യോ മേ ശരണം
തേന ഹികൃതവാനഹം ത്വയോഽമേശ രണം

ഭവ, ജഗതി മത്തഃ വീര്യവൈഭവമത്തഃ പ്രമത്തഃ പുമാൻ നാസ്തി വൈ=അല്ലയോ ഭവൻ, ജഗത്തിങ്കൽ എന്നെക്കാൾ വീര്യവൈഭവമത്തനായി പ്രമത്തനായിരിക്കുന്ന പുമാൻ ഭവിക്കുന്നതല്ലല്ലൊ; ഭവൻ= ശ്രീമഹാദേവൻ; ജഗത്ത്=ലോകം; വീര്യവൈഭവമത്തൻ=വീര്യവൈഭവംകൊണ്ടു് മത്തൻ; വീര്യവൈഭവം=വീര്യാതിശയം; മത്തൻ=മദിച്ചവൻ; പ്രമത്തൻ=പ്രമാദിച്ചവൻ; പ്രമാദിക്ക=ഒരായിക; പുമാൻ= പുരുഷൻ; യഃ മേ സതതം ശരണം ഉമേശ, അഹം തേന ത്വയാ രണം

കൃതവാൻ ഹി=യാതൊരു ഭഗവാൻ ആണോ എനിക്ക് എല്ലായ്പോഴും ശരണമായിരിക്കുന്നതു്, ഉമേശനായുള്ളോവെ, ഞാൻ, അങ്ങിനെ എല്ലാമിരിക്കുന്ന നിന്തിരുവടിയോടുകൂടെ രണത്തെ കൃതവാനായില്ലോ. ശരണം=ആശ്രയം; ഉമേശൻ=ഉമയുടെ ഈശ്വരൻ; ഉമ=ശ്രീപാൎവ്വതി; ഈശൻ=ഭൎത്താവു്; രണം=യുദ്ധം; കൃതവാൻ=ചെയ്തവൻ.

81 അപി പരിഭവദേ വാദേ
യദപകൃതം സംഗരേ ച ഭവ ദേവാദേ
മയി ഖലു ഘനമോഹരതേ
ക്ഷന്തവ്യം തത്ത്വയാ/നഘ നമോ ഹര തേ"

ദേവാദേ, ഭവ, പരിഭവദേ വാദേ, അപി സംഗരേ ച യൽ തൽ ത്വയാ മയി ക്ഷന്തവ്യം ഖലു=ദേവാദിയായുള്ളോവേ അല്ലയോ ഭവൻ പരിഭവദമായിരിക്കുന്ന വാദത്തിങ്കലും സംഗരത്തിലും യാതൊന്നു് അപകൃതമായി, അതു് നിന്തിരുവടിയാൽ എൻവിഷയത്തിങ്കൽ ക്ഷന്തവ്യമല്ലോ; ദേവാദി=ദേവശ്രേഷ്ഠൻ; ഭവൻ=ശ്രീമഹാദേവൻ; പരിഭവദം=പരിഭവത്തെ ദാനം ചെയ്യുന്നതു്; വാദം=വാക്കു്; സംഗരം=യുദ്ധം; അപകൃതം=അപകരിക്കപ്പെട്ടതു്; അപകരിക്ക=പിഴക്ക; ക്ഷന്തവ്യം=ക്ഷമിക്കപ്പെടുവാൻ യോഗ്യം; ഘനമോഹരതേ—അങ്ങിനെയിരുന്ന ഞാൻ, ഘനമോഹരതനായിരുന്നു. ഘനമോഹരതൻ=ഘനമോഹത്തിങ്കൽ രതൻ; ഘനം=പെരുകിയതു്; മോഹം=അജ്ഞാനം; രതൻ=തൽപരൻ; അനഘ, ഹര തേ നമഃ=അനഘനായുള്ളോവേ, അല്ലയോ ഹരൻ, നിന്തിരുവടിക്കായിക്കൊണ്ടു് നമസ്കാരം; അനഘൻ=നിർദ്ദോഷൻ; ഹരൻ=ശ്രീമഹാദേവൻ.

82 ഭക്തിരസാ ദീശ സ്തം
നമന്ത മിതി പാണ്ഡവം പ്രസാദീ ശസ്തം
ഊചേ ഭാഗവതം സഃ,
"ത്വയി പ്രസന്നോസ്മി പുണ്യഭാഗവതംസ

സഃ ഈശഃ ഭക്തിരസാൽ ഇതി നമന്തം തം പാണ്ഡവം ഊചേ=ആ ഈശൻ ഭക്തിരസം ഹേതുവായിട്ടു് ഇങ്ങിനെ നമന്നായിരി

ക്കുന്നു ആ പാണ്ഡവനോട്ട് വചിച്ചു; ഈശൻ=ശ്രീമഹാദേവൻ; ഭ ക്തിരസം=ഭക്ത്യതിശയം; നമൻ=നമിച്ചിയങ്ങുന്നവൻ; നമിക്ക=ന മസ്കരിക്ക; പാണ്ഡവൻ=അർജ്ജുനൻ; വചിക്ക=പറക; പ്രസാദീ— അങ്ങിനെ ഇരുന്നു ഈശൻ—പ്രസാദിയായിരുന്നു. പ്രസാദി=പ്രസാദ മുള്ളവൻ; ശസ്തം—അങ്ങിനെയിരുന്നു പാണ്ഡവൻ—ശസ്തനായിരുന്നു; ശസ്തൻ=പ്രശസ്തൻ;പുണ്യഭാഗതംസ, ത്വയി പ്രസന്നഃ അസ്മി—പു ണ്യഭാഗവതംസമായുള്ളോവേ, നിൻവിഷയം പ്രസന്നനായി ഭവിക്കു ന്നേൻ; പുണ്യഭാഗവതംസൻ=പുണ്യഭാക്കുകൾക്ക് അവതംസമായു ള്ളവൻ; പുണ്യഭാക്കുകൾ=സുകൃതികൾ; അവതംസം=ശിരോലങ്കാരം; പ്രസന്നൻ=പ്രസാദിച്ചവൻ.

43 "അരിലോപാർത്ഥമുദാരം
പാശുപതാസ്ത്രം ഗൃഹാണ പാർത്ഥമുദാരം"
ഇതി ജഗദാലോകഗുരുഃ
തദസ്ത്ര മസ്മൈ ദദൌ തദാ ലോകഗുരുഃ

ഉഃ ഇതി തദാ അസ്മൈ തൽ അസ്ത്രം ദദൌ=ഉ ഇങ്ങിനെ ചൊ ല്ലി അപ്പോൾ അവന്നായിക്കൊണ്ട് ആ അസ്ത്രത്തെ ദാനം ചെയ്തു; ഉ=ശ്രീമഹാദേവൻ; അസ്ത്രം=പാശുപതാസ്ത്രം; ദാനം ചെയ്ക= കൊടുക്ക; ജഗദാലോകഗുഃ—അങ്ങിനെ ഇരുന്നു ഉ—ജഗദാലോകഗുവാ യിരുന്നു; ജഗദാലോകഗു=ജഗദാലോകകളായിരിക്കുന്ന ഗോക്കളോടുകൂ ടിയവൻ; ജഗദാലോകകൾ=ജഗത്തിന്റെ ആലോകത്തോടുകൂടിയവ ജഗത്ത്=ലോകം; ആലോകം=പ്രകാശം; ഗോക്കൾ=നയനങ്ങൾ; ലോ കഗുരു—അങ്ങിനെയിരുന്നു ഉ—ലോകഗുരുവായിരുന്നു; ലോകഗുരു= ലോകനാഥൻ; പാർത്ഥപാശുപതാസ്ത്രം ഗൃഹാണ=എടൊ പാർത്ഥൻ പാശുപതാർത്ഥത്തെ ഗ്രഹിച്ചുകൊൾക; പാർത്ഥൻ=അർജ്ജുനൻ. അ രിലോപാർത്ഥം അരിലോപം പ്രയോജനമായിട്ട്; അരിലോപം=അരി കളുടെ ലോപം; അരികൾ=ശത്രുക്കൾ; ലോപം=നാശം; അരം മുദാ; ഏറ്റവും മുത്തിനോടുകൂടെ; മുത്ത്=സന്തോഷം; ഉദാരം—അങ്ങിനെ യിരുന്നു പാശുപതാസ്ത്രം—ഉദാരമായിരുന്നു; ഉദാരം=ഉൽകൃഷ്ടം.

84 ശരചാപാസീ നസ്യ
പ്രഭു രുദ്ഗീര്യ ക്ഷണാ ദുപാസീനസ്യ
സ്വം ച ബുധാമേയായ
പ്രദർശ്യ തസ്മൈ വപുഃ സ്വധാമേയായ

പ്രഭുഃ അസ്യ ശരചാപസീൻ ക്ഷണാൽ ഉൽഗീര്യ തസ്മൈ സ്വവപുഃ പ്രദർശ്യസ്വധാമ ഇയായ=പ്രഭു ഇവൻെറ ശരചാപാസികളെ വേഗേന ഉൽഗിരണം ചെയ്തിട്ട്, അവനായിക്കൊണ്ട് സ്വമായിരിക്കുന്ന വപുസ്സിനെ പ്രദശിപ്പിച്ചിട്ട്, സ്വധാമത്തെ പ്രാപിച്ചു; പ്രഭു=ശ്രീമഹാദേവൻ; ശരചാപാസികൾ=ശരങ്ങളും, ചാപവും, അസിയും; ശരങ്ങൾ=അമ്പുകൾ; ചാപം=വില്ല്; അസി=വാള്; ഉൽഗിരണംചെയ്ക=കൊടുക്കുക; സ്വം=ആത്മീയം; വപുസ്സ്=ശരീരം; പ്രദർശിപ്പിക്ക=കാട്ടുക; സ്വധാമം=തൻെറ ധാമം; ധാമം=ഭവനം. ഉപാസീനസ്യ—അങ്ങിനെയിരുന്ന ഇവൻ—ഉപാസീനനായിരുന്നു; ഉപാസീനൻ=ഉപാസിച്ചിയങ്ങുന്നവൻ; ഉപാസിക്ക=സേവിക്ക. ബുധാമേയായ—അങ്ങിനെയിരുന്ന അവൻ—ബുധാമേയനായിരുന്നു; ബുധാമേയൻ=ബുധന്മാരാൽ അമേയൻ; ബുധന്മാർ=വിദ്വാന്മാർ; അമേയൻ=അപരിച്ഛേദ്യൻ.

85 പ്രാപ്ത വര മുമാപതിതഃ
സുരേന്ദ്രയന്താ നിനീഷു രമു മാപതിതഃ
സഹ തേനാകാശം സഃ
പ്രതിപേദേ പാണ്ഡുവഃ സനാകാശംസഃ.

സുരേന്ദ്രയന്താ ഉമാപതിതഃ പ്രാപ്തവരം അമും നിനീഷുഃ ആപതിതഃ=സുരേന്ദ്രയന്താവ് ഉമാപതിയിങ്കൽ നിന്ന് പ്രാപ്തവരനായിരിക്കുന്ന ഇവനെ നിനീഷുവായിട്ട് ആപിതതനായി; സുരേന്ദ്രയന്താവ്=സുരേന്ദ്രൻെറ യന്താവ്; സുരേന്ദ്രൻ=ദേവേന്ദ്രൻ; യന്താവ്=സാരഥി; ഉമാപതി=ശ്രീമഹാദേവൻ; പ്രാപ്തവരം=പ്രാപ്തമായിരിക്കുന്ന വരത്തോടുകൂടിയവൻ; പ്രാപ്തം=പ്രാപിക്കപ്പെട്ടതു്; പ്രാപിക്ക=

ലഭിക്ക; വരം=അനുഗ്രഹം; നിനീഷു=നയിപ്പാനായിക്കൊണ്ടു് ഇ ച്ഛയുള്ളവൻ; നയിക്ക=കൂട്ടിക്കൊണ്ടുപോക; ആപതിതൻ=ആപ തിച്ചവൻ; ആപതിക്ക=വരിക. സഃ പാണ്ഡവഃ തേന സഹ ആ കാശം പ്രതിപേദേ=ആ പാണ്ഡവൻ അവനോടുംകൂടെ ആകാശത്തെ പ്രാപിച്ചു; പാണ്ഡവൻ=അർജ്ജുനൻ. സനാകാശംസഃ—അങ്ങിനെ യിരുന്ന പാണ്ഡവൻ—സനാകാശംസനായിരുന്നു; സനാകാശംസൻ= നാകാശംസയോടുകൂടിയവൻ; നാകാശംസ=നാകത്തിലെ ആശംസ; നാകം=സ്വർഗ്ഗം; ആശംസ=ശ്രദ്ധ.

86 സോഽഥ സഭാനുഗ്രഹതഃ
പ്രാപ നഭസോ സുരഷ്ഭാനുഗ്രഹതഃ
വസതിം നാകേശാനാം
പരിമള സുരഭിം സുരാംഗനാ കേശാനാം.

അഥ സഃ സുരഷ്ഭാനുഗ്രഹതഃ നഭസഃ നാകേശാനാം വസ തിം പ്രാപൽ=അനന്തരം അവൻ സുരഷ്ഭാനുഗ്രഹം ഹേതുവായിട്ടു് നഭസ്സിങ്കൽ നിന്നു് നാകേശന്മാരുടെ വസതിയെ പ്രാപിച്ചു; സുരഷ് ഭാനുഗ്രഹം=സുരഷ്ഭന്റെ അനുഗ്രഹം; സുരഷ്ഭൻ=ദേവേന്ദ്രൻ; നാകേശന്മാർ=ദേവകൾ; വസതി=വാസസ്ഥാനം. സഭാനുഗ്രഹ തഃ—അങ്ങിനെയിരുന്ന നഭസ്സ്—സഭാനുഗ്രഹമായിരുന്നു; സഭാനുഗ്ര ഹം=സഭാനുക്കളായിരിക്കുന്ന ഗ്രഹങ്ങളോടുകൂടിയതു്; സഭാനുകൾ= ഭാനുക്കളോടുകൂടിയതു്; ഭാനുകൾ=രശ്മികൾ; ഗ്രഹങ്ങൾ=സൂര്യാദി കൾ. സുരാംഗനാ കേശാനാം പരിമളസുരഭി—അങ്ങിനെയിരുന്ന വസതി—സുരാംഗനാകേശങ്ങളുടെ പരിമിളസുരഭിയായിരുന്നു; സു രാംഗനാകേശങ്ങൾ=സുരാംഗനമാരുടെ കേശങ്ങൾ; സുരാംഗനമാർ= ദേവസ്ത്രീകൾ; കേശങ്ങൾ=തലമുടികൾ; പരിമളസുരഭി=പരിമളം കൊണ്ടു് സുരഭി; പരിമളം=സൌരഭ്യം; സുരഭി=ഘ്രാണേന്ദ്രിയാനന്ദ കരി.

87 മധുലവ മന്ദോളിതതഃ
കല്പതരോ മ്മാരുതോഽതിമന്ദോഽളിതതഃ

മുഹൂ രാദായ,ാദായ
വ്യജന സുഖ മദാ ന്മഹേന്ദ്രദായാദായ.

മാരുതഃ അന്ദോളിതതഃ കല്പതരോഃ മധുലവം മുഹുഃ ആദായ ആദായ മഹേന്ദ്ര ദായാദായ വ്യജനസുഖം അദാൽ=മാരുതൻ അന്ദോളിതമായിരിക്കുന്ന കല്പതരുവിങ്കൽ നിന്നു് മധുലവത്തെ പിന്നേയും, പിന്നേയും ആദാനം ചെയ്തു്, ആദാനം ചെയ്തു് മഹേന്ദ്രദായാദനായിക്കൊണ്ടു് ദാനം ചെയ്തു; മാരുതൻ=വായു; അന്ദോളിതം=ഇളക്കപ്പെട്ടതു്; കല്പതരു=കല്പകവൃക്ഷം; മധുലവം=മധുവിന്റെ ലവം; മധു=പുഷ്പരസം; ലവം=ലേശം; ആദാനംചെയ്ക=സ്വീകരിക്ക; മഹേന്ദ്രദായാദൻ=അർജ്ജുനൻ; വ്യജനസുഖം=വ്യജനംകൊണ്ടുള്ള സുഖം; വ്യജനം=വെൺചാമരം അതിമന്ദഃ—അങ്ങിനെയിരുന്ന മാരുതൻ—അതിമന്ദനാനിരുന്നു; അതിമന്ദൻ=ഏററവും മന്ദൻ; മന്ദൻ=പതുത്തവൻ. അളിതതഃ—അങ്ങിനെയിരുന്ന മാരുതൻ; അളിതതനായിരുന്നു; അളിതതൻ=അളികളാൽ തതൻ; അളികരം=വണ്ടുകരം; തതൻ=വ്യാപ്തൻ.

44 ഹൃദയേപി തരംഗേഹേ
സ്നേഹാ ദാസീന മേവ പിതരം ഗേഹേ
പ്രാപ്യ ശമജ്ജു നനാമ—
ബ്രുവൻ സ ലോകപ്രകാശ മർജ്ജുനനാമ.

സഃ പിതരം പ്രാപ്യ ശമർജ്ജു നനാമ=അവൻ പിതാവിനെ പ്രാപിച്ചിട്ടു് ശമർജ്ജുവാവുംവണ്ണം നമിച്ചു; പിതാവു്=അച്ഛൻ; ശമർജ്ജുവാവുംവണ്ണം=ശമംകൊണ്ടു് ഋജ്ജുവാവുംവണ്ണം; ശമം=അടക്കം; ഋജ്ജു=ചൊവ്വായതു്; നമിക്ക=നമസ്കരിക്ക ലോകപ്രകാശം അർജ്ജുനനാമ ബ്രുവൻ—അങ്ങിനെയിരുന്ന അവൻ—ലോകപ്രകാശമായിരിക്കുന്ന അർജ്ജുനനാമത്തെ ബ്രുവന്നായിരുന്നു; ലോകപ്രകാശം=ലോകത്തിങ്കൽ പ്രകാശം; പ്രകാശം=പ്രസിദ്ധം; അർജ്ജുനനാമം=അർജ്ജുനനെന്നുള്ള നാമം; നാമം=പേരു്; ബ്രുവൻ=ബ്രവിച്ചിയങ്ങ

ന്നവൻ. സ്നേഹാൽ ഹൃദയേ തരംഗേഹേ അപി ഗേഹേ ഏവ ആസീനം—അങ്ങിനെയിരുന്ന പിതാവ്—സ്നേഹം ഹേതുവായിട്ട് ഹൃദയം തരംഗേഹം എന്നിരിക്കുന്നതാകിലും ഗേഹത്തിങ്കൽ തന്നെ ആസീനനായിരുന്നു; തരംഗേഹം=തരംഗത്തിൻെറ ഈഹപോലെയിരിക്കുന്ന ഈഹയോടുകൂടിയതു്; തരംഗം=തിരമാല; ഈഹ=ചേഷ്ട; ഗേഹം=ഗൃഹം; ആസീനൻ=ആസിച്ചിരിക്കുന്നവൻ; ആസിക്ക=ഇരിക്ക.

89 തസ്മാൽ സാമരചയതഃ
സംഗൃഹീതാന്ന സ്രുകർമ്മ സാമ രചയതഃ
നന്ദിത സുരസേ നാകേ
പഞ്ച സമാന്യവസ ദേഷ സുരസേനാകേ.

ഏഷഃ നാകേ പഞ്ചസമാഃ ന്യവസൽ=ഇവൻ നാകത്തിങ്കൽ അഞ്ചുസമകൾ മുഴുവൻ നിവസിച്ചു; നാകം=സ്വർഗ്ഗം; സമകൾ=സംവത്സരങ്ങൾ; നിവസിക്ക=ഇരിക്ക. തസ്മാൽ അസ്രുകർമ്മ സംഗൃഹീതൻ—അങ്ങിനെയായിരുന്ന ഇവൻ; അവങ്കൽനിന്നു് അസ്രുകർമ്മത്തെ സംഗൃഹീതനായിരുന്നു; അസ്രുകർമ്മം=അസ്രുങ്ങളുടെ കർമ്മം; കർമ്മം=പ്രയോഗം; സംഗൃഹീതൻ=സമ്യക്കാവുംവണ്ണം ഗ്രഹിച്ചിരിക്കുന്നവൻ. സാമരചയതഃ—അങ്ങിനെയിരുന്ന അവൻ—സാമരചയനായിരുന്നു; സാമരചയൻ=അമരചയത്തോടുകൂടിയവൻ; അമരചയം=അമരന്മാരുടെ ചയം; അമരന്മാർ=ദേവന്മാർ; ചയം=സമൂഹം. സാമ രചയത—അങ്ങിനെയിരുന്ന അവൻ—സാമത്തെ രചയനായിരുന്നു; സാമം=അനുസരണവാക്യം; രചയൻ=ഉണ്ടാക്കിയിരിക്കുന്നവൻ; നന്ദിതസുരസേനാകേ—അങ്ങിനെയിരുന്ന നാകം—നന്ദിതസുരസേനാകമായിരുന്നു; നന്ദിതസുരസേനാകം=നന്ദിതയായിരിക്കുന്ന സുരസേനയോടുകൂടിയതു്; നന്ദിത=ആനന്ദിക്കപ്പെട്ടതു്; സുരസേന=ദേവസേന. സുരസേ—അങ്ങിനെയിരുന്ന നാകം—സുരസമായിരുന്നു; സുരസം=ഏററവും രസത്തോടുകൂടിയതു്; രസം=സുഖം.

90 അസുരസദസ്സ്രാണാന്തം
പാത്ഥം പാരംഗതം സദസ്സ്രാണാന്തം

ജ്ഞാത്വാ സാമരസേനഃ
സ്വയം മഹേന്ദ്രോ ജഗാദ സാമരസേന.

മഹേന്ദ്രഃ സ്വയം തം പാൎത്ഥം സദസ്ത്രാണാം പാരംഗതം ജ്ഞാത്വാ സാമരസേന ജഗാദ=മഹേന്ദ്രൻ താൻ ആ പാൎത്ഥനെ സദസ്ത്രങ്ങളുടെ പാരത്തെ ഗതനെന്നറിഞ്ഞിട്ടു് സാമരസത്തോടുംകൂടെ ഗദിച്ചു; മഹേന്ദ്രൻ=ദേവേന്ദ്രൻ; പാൎത്ഥൻ=അൎജ്ജുനൻ; സദസ്ത്രങ്ങൾ=സത്തുകളായിരിക്കുന്ന അസ്ത്രങ്ങൾ; സത്തുകൾ=ഉൽകൃഷ്ടങ്ങൾ; പാരം=മറുകര; ഗതൻ=പ്രാപ്തൻ; സാമരസം=സാമാതിശയം; സാമം=അനുസരണം; ഗദിക്ക=പറക. സാമരസേനഃ—അങ്ങിനെയിരുന്ന മഹേന്ദ്രൻ—സാമരസേനനായിരുന്നു; സാമരസേനൻ=അമരസേനയോടുകൂടിയവൻ; അമരസേന=ദേവസേന; അസുരസദസ്ത്രാണാന്തം—അങ്ങിനെയിരുന്ന പാൎത്ഥൻ—അസുരസദസ്ത്രാണാന്തനായിരുന്നു; അസുരസദസ്ത്രാണാന്തൻ=അസുരസദസ്ത്രാണത്തിന്റെ അന്തത്തെ വരുത്തുന്നവൻ; അസുരസദസ്ത്രാണം=അസുരസദസ്സിന്റെ ത്രാണം; അസുരസദസ്സ്=അസുരസമൂഹം; ത്രാണം=രക്ഷ; അന്തം=നാശം.

91 "സുകടുകവചനാ മാന—
സ്ഥിതാ നിവാതോപപദ കവചനാമാനഃ
സന്തി സുരാണാ മരയഃ
പാൎത്ഥ ഗണസ്തേഷു ചാമരാണാ മരയഃ.

പാൎത്ഥ, സുരാണാം അരയഃ സന്തി=എടോ പാൎത്ഥൻ, സുരന്മാൎക്കു് അരികൾ ഭവിക്കുന്നു; പാൎത്ഥൻ=അൎജ്ജുനൻ; സുരന്മാർ=ദേവകൾ; അരികൾ=ശത്രുക്കൾ. സുകടുക വചനാഃ—അങ്ങിനെയിരുന്ന അരികൾ—സുകടുകവചനന്മാരായിരുന്നു; സുകടുകവചനന്മാർ=സുകടുകങ്ങളായിരിക്കുന്ന വചനങ്ങളോടുകൂടിയവർ; സുകടുകങ്ങൾ=ഏററവും കടുകങ്ങൾ; കടുകങ്ങൾ=ക്രൂരങ്ങൾ; വചനങ്ങൾ=വാക്കുകൾ. മാനസ്ഥിതാഃ—അങ്ങിനെയിരുന്ന അരികൾ—മാനസ്ഥിതന്മാരായിരുന്നു; മാനസ്ഥിതന്മാർ=മാനത്തിങ്കൽ സ്ഥിതന്മാർ; മാ

നം=അഭിമാനം; സ്ഥിതന്മാർ=സ്ഥിതിചെയ്യുവർ. നിവാതോപപട കവചനാമാനഃ—അങ്ങിനെയിരുന്ന അരികൾ—നിവാതോപപട കവചനാമാക്കളായിരുന്നു; നിവാതോപപട കവചനാമാക്കൾ=നിവാതോപ പടകവചന്മാരെന്ന നാമത്തോടുകൂടിയവർ; നിവാതോപ പട കവചന്മാർ=നിവാതകവചന്മാർ; അമരാണാം ഗണഃ തേഷു അരയഃ ച=അമരന്മാരുടെ ഗണം അവരിൽ അരയന്താനും; അമരന്മാർ=ദേവകൾ; ഗണം=സമൂഹം; അരയം=രയത്തോടുകൂടാത്തതു്; രയം=വേഗം.

92 ത്വരിത മമൂ നന്തേന
ത്വം യോജയ തത്ര വീര്യ മൂന മന്തേന
സ്യാ ദരിരാശി ക്ഷയതഃ
കൃതാ ച മമ ദക്ഷിണാ പരാ ശിക്ഷയതഃ."

ത്വം ത്വരിതം അമൂൻ അന്തേന യോജയ=നീ വേഗേന ഇവരെ അന്തത്തോടു യോജിപ്പിക്ക; അന്തം=നാശം; യോജിപ്പിക്ക=ചേൎക്ക; തത്ര തേ വീര്യം ഊനം ന=അതിങ്കൽ നിൻെറ വീര്യം ഊനമല്ല. ഊനം=കുറവുള്ളതു്; അരിരാശിക്ഷയതഃ ശിക്ഷയതഃ മമ പരാ ദക്ഷിണാ കൃതാ ച സ്യാൽ=അരിരാശിക്ഷയം ഹേതുവായിട്ടു് ശിക്ഷയന്നായിരിക്കുന്ന എനിക്കു് പരയായിരിക്കുന്ന ദക്ഷിണ കൃതയായി ഭവിക്കും; അരിരാശിക്ഷയം=അരിരാശികളുടെ ക്ഷയം; അരിരാശികൾ=ശത്രുസമൂഹങ്ങൾ; ക്ഷയം=നാശം; ശിക്ഷയൻ=ശിക്ഷിച്ചിയങ്ങുന്നവൻ; ശിക്ഷിക്ക=അഭ്യസിപ്പിക്ക; പര=വിശിഷ്ട; കൃത=ചെയ്യപ്പെട്ടതു്.

93 ഇത്ഥം സ ജ്ജനകവചഃ
ശ്രുത്വാ പാൎത്ഥോഽഥ സകലസജ്ജന കവചഃ
രഥ മുത്തമ സാരഥ്യം
നിജ പിതു രാരുഹ്യ തം ച തമസാ രഹയൻ.

94 ശക്ത്യാ ചാപീവരയാ

പുര മസുരാണാം സമേത്യ ചാപീവരയാ

പാടിത വികടകവാടം

വിപാഠവഷൈ വ്യധത്ത വികടക വാടം.

അഥഃ പാൎത്ഥഃ ഇത്ഥം സൽ ജനകവചഃ ശ്രുത്വാ, നിജ പിതുഃ രഥം ആരുഹ്യ, അസുരാണാം പുരം സമേത്യ വിപാഠവഷൈഃ പാടിതവികടകവാടം ച വ്യധത്ത=അനന്തരം പാൎത്ഥൻ ഈവണ്ണം സത്തായിരിക്കുന്ന ജനകവചസ്സിനെ ശ്രുവിച്ചിട്ട് നിജപിതാവിൻെറ രഥത്തെ ആരോഹിച്ചിട്ട്, അസുരന്മാരുടെ പുരത്തെ പ്രാപിച്ചിട്ട്, വിപാഠവഷങ്ങളെക്കൊണ്ടു് പാടിതവികടകവാടമായിയും, വികടകവാടമായിയും ചെയ്തു; പാർത്ഥൻ=അൎജ്ജുനൻ; സത്ത്=ഉൽകൃഷ്ടം. ജനകവചസ്സ്=ജനകൻെറ വചസ്സ്; ജനകൻ=അച്ഛൻ; വചസ്സ്=വാക്ക്; ശ്രുവിക്ക=കേൾക്ക; നിജപിതാവ്=തൻെറ പിതാവ്; പിതാവ്=അച്ഛൻ; രഥം=തേര്; ആരോഹിക്ക=കരേറുക; പുരം=രാജധാനി; വിപാഠവർഷങ്ങൾ=ശരവർഷങ്ങൾ; പാടിതവികടകവാടം=പാടിതങ്ങളായിരിക്കുന്ന വിടകകവാടങ്ങളോടുകൂടിയതു്; പാടിതങ്ങൾ=പാടനംചെയ്യപ്പെട്ടവ; പാടനംചെയ്ക=പിളക്ക; വികടകവാടങ്ങൾ=വികടങ്ങളായിരിക്കുന്ന കവാടങ്ങൾ; വികടങ്ങൾ=വിസ്തൃതങ്ങൾ; കവാടങ്ങൾ=വാതിലുകൾ; വികടക വാടം=കടകവാടങ്ങളോടുകൂടാത്തതു്; കടകവാടങ്ങൾ=കടകങ്ങളും, വാടങ്ങളും; കടകങ്ങൾ=പടവീടുകൾ; വാടങ്ങൾ=വാടകൾ (വൃത്തികൾ); ആപീവരയാ ശക്ത്യാ=ആപീവരയായിരിക്കുന്ന ശക്തികൊണ്ടു്; ആപീവര=ആഭിക്ഷ്ണ്യേന പീവര; പീവര=പ്രവൃദ്ധ. സകല സജ്ജന കവചഃ—അങ്ങിനെയിരുന്ന പാൎത്ഥൻ—സകലസജ്ജനകവചനായിരുന്നു; സകലസജ്ജനകവചൻ=സകല സജ്ജനങ്ങൾക്കും കവചൻ; സകല സജ്ജനങ്ങൾ=ഒട്ടൊഴിയാതെയുള്ള സജ്ജനങ്ങൾ; കവചം=രക്ഷിതാവ്. ഉത്തമസാരഹയം—അങ്ങിനെയിരുന്ന രഥം—ഉത്തമസാരഹയമായിരുന്നു; ഉത്തമസാരഹയം=ഉത്തമസാരങ്ങളായിരിക്കുന്ന ഹയങ്ങളോടുകൂടിയതു്; ഉത്തമസാരങ്ങൾ=ഉത്തമമായിരിക്കുന്ന സാര

ത്തോടുകൂടിയവ; ഉത്തമം=ഉൽകൃഷ്ടം; സാരം=ബലം; ഹയങ്ങൾ= കുതിരകൾ. തം തമസാ രഹയൻ ച—അങ്ങിനെയിരുന്ന പാത്ഥൻ—അവനെ തമസ്സിനോട്ട് രഹയന്നായിയുമിരുന്നു; തമസ്സ്= ദുഃഖം; രഹയൻ=വേർപെടുത്തിയിയങ്ങന്നവൻ. ചാപീ—അങ്ങിനെയിരുന്ന പാത്ഥൻ—ചാപിയായിരുന്നു; ചാപി=നല്ല ചാപമുള്ളവൻ; ചാപം=വില്ല്. വരയാ—അങ്ങിനെയിരുന്ന ശക്തി—വരയായിരുന്നു; വര=ശ്രേഷ്ഠ. ആപീവരയാ ശക്ത്യാ—അങ്ങിനെയിരുന്ന പാത്ഥൻ—ആപീവരയായിരിക്കുന്ന ശക്തിയോട്ട് ഉപലക്ഷിതൻ= കൂടിയവൻ. അങ്ങിനെ ഒരു പക്ഷമുണ്ട്.

95 അഥ പാത്ഥ ശിലീമുഖ കൃത്തഗളൈഃ
നഗരാജനിഭൈ രവനീ ചപലാ
സുരവൈരി ഗണൈഃ സസമുദ്രസരി-
ന്നഗരാƒജനി ഭൈരവ നീച പലാ

അഥ പാത്ഥശിലീമുഖകൃത്തഗളൈഃ സുരവൈരിഗണൈഃ അവനീ ചപലാ അജനി=അനന്തരം പാത്ഥശിലീമുഖകൃത്തഗളങ്ങളായിരിക്കുന്ന സുരവൈരിഗണങ്ങളെക്കൊണ്ട് അവനി ചപലയായി ജനിച്ചു; പാത്ഥശിലീമുഖ കൃത്തഗളങ്ങൾ=പാത്ഥശിലീ മുഖങ്ങളെക്കൊണ്ട് കൃത്തങ്ങളായിരുന്ന ഗളങ്ങളോടുകൂടിയവ, പാത്ഥശീലമുഖങ്ങൾ=പാത്ഥൻെറ ശിലീമുഖങ്ങൾ; പാത്ഥൻ=അജ്ജുനൻ; ശിലീമുഖങ്ങൾ=ശരങ്ങൾ; കൃത്തങ്ങൾ=ഛേദിക്കപ്പെട്ടവ; ഗളങ്ങൾ=കഴുത്തുകൾ; സുരവൈരിഗണങ്ങൾ=സുരവൈരികളുടെ ഗണങ്ങൾ; സുരവൈരികൾ= അസുരന്മാർ; ഗണങ്ങൾ=സമൂഹങ്ങൾ; അവനി= ഭൂമി; ചപല=ചഞ്ചല; ജനിക്ക=ഭവിക്ക; നഗരാജനിഭൈഃ—അങ്ങിനെയിരുന്ന സുരവൈരിഗണങ്ങൾ, നഗരാജങ്ങളോടു തുല്യങ്ങൾ; നഗരാജങ്ങൾ=പർവ്വതശ്രേഷ്ഠന്മാർ; സസമുദ്ര സരിന്നഗരാ—അങ്ങിനെയിരുന്ന അവനി, സസമുദ്ര സരിന്നഗരയായിരുന്ന സസമുദ്രസരിന്നഗര=സമുദ്രസരിന്നഗരങ്ങളോടുകൂടിയത്; സമുദ്രസരിന്നഗരങ്ങൾ=സമുദ്രങ്ങളും സരിത്തുകളും നഗരങ്ങളും; സരിത്തുകൾ=നദികൾ; നഗരങ്ങൾ=രാജധാനികൾ; ഭൈരവ നീചപലാ—അങ്ങിനെയിരുന്ന അവനി, ഭൈരവനീ

ഷ പലയായിരുന്നു; ഭൈരവ നീഛ പല=ഭൈരവങ്ങളായി നീചങ്ങളായിരിക്കുന്ന പലങ്ങളൊടുകൂടിയതു്, ഭൈരവങ്ങൾ=ഭയങ്കരങ്ങൾ; നീചങ്ങൾ=ദുഷ്ടങ്ങൾ; പലങ്ങൾ=മാംസങ്ങൾ.

96 സമരേ ദനു വംശഭവാം നഗരം
സകലം സകലംകബലം കബലം
സ വിധായ ശിലീമുഖ ഹവ്യഭുജാം
വരദേ വരദേവബലേ വവലേ.

സഃ സമരേ ദനുവംശഭവാം സകലം നഗരം ശിലീമുഖഹവ്യഭുജാം കബലം (ളം) വിധായ, വരദേ വരദേവ ബലേ വവലേ=അവൻ സമരത്തിങ്കൽ ദനുവംശജന്മാരുടെ സകലമായിരിക്കുന്ന നഗരത്തെ ശിലീമഖഹവ്യഭക്ഷകൾക്കു് കബളമാക്കീട്ടു് വരദമായിരിക്കുന്ന വരദേവബലത്തിങ്കൽ വലനം ചെയ്തു. സമരം=യുദ്ധം; ദനുവംശഭ്രക്കൾ=അസുരന്മാർ; സകലം=ഒട്ടൊഴിയാതെയുള്ളതു്; നഗരം=രാജധാനി; ശിലീമുഖഹവ്യ ഭുക്കകൾ=ശിലീമുഖങ്ങളാകുന്ന ഹവ്യഭുക്കുകൾ; ശിലീമുഖങ്ങൾ=ശരങ്ങൾ; ഹവ്യഭുക്കുകൾ=അഗ്നികൾ; കബളം=ഗ്രാസം; വരദം=വരത്തെ ദാനംചെയ്യുന്നതു്; വരദേവബലം=വരമായിരിക്കുന്ന ദേവബലം; വരം=ശ്രേഷ്ഠം; ദേവബലം=ദേവന്മാരുടെ ബലം; ദേവന്മാർ=ദേവകൾ; ബലം=സൈന്യം; വലനംചെയ്ക=വീണ്ടുപോരിക; നകലം (ളം) കബലം—അങ്ങിനെയിരുന്ന നഗരം—സകളംക ബലമായിരുന്നു; സകളംകബലം=സകളങ്കങ്ങളായിരിക്കുന്ന ബലങ്ങളോടുകൂടിയതു്; സകളങ്കങ്ങൾ=കളങ്കത്തോടുകൂടിയവ; കളങ്കം=ദോഷം; ബലം=പടജ്ജനങ്ങൾ.

97 ത്രിവിഷ്ടപം സമാഗതഃ
പരാജിതോഽപരാജിതഃ
അപൂജയ ജ്ജഗത്രയം
സദൈവതം സദൈവ തം

സഃ ത്രിവിഷ്ടപം ആഗതഃ ച=അവൻ ത്രിവിഷ്ടപത്തെ ആഗതനായ്വരുകയും ചെയ്തു; ത്രിവിഷ്ടപം=സ്വർഗ്ഗം; ആഗതൻ=ആഗമിച്ചവൻ;

ആഗമിക്ക=പ്രാപിക്ക; പരാജിതഃ അപരാജിതഃ—അങ്ങിനെയിരുന്ന അവൻ—പരാജിയിങ്കൽനിന്ന് അപരാജിതനായിരുന്നു; പരാജി പരന്മാരുടെ ആജി; പരന്മാർ=ശത്രുക്കൾ; ആജി=യുദ്ധം; അപരാജിതൻ=പരാജിതനെന്നിയെ ഇരിക്കുന്നവൻ; പരാജിതൻ=തോററവൻ; സദൈവതം ഏവ ജഗത്രയം സദാ തം അപൂജയൽ=സദൈവതമായിട്ടു തന്നെയിരിക്കുന്ന ജഗത്രയം എല്ലായ്പോഴും അവനെ പൂജിച്ചു. സദൈവതം=ദൈവതങ്ങളോടു കൂടിയതു്; ദൈവതങ്ങൾ=ദേവകൾ; പൂജിക്ക=സമ്മാനിക്ക.

ഇതി യുധിഷ്ഠിരവിജയേ

ചതുൎത്ഥ ആശ്വാസഃ

# പഞ്ചമ ആശ്വാസഃ.

---

1 അഥ നരദേവനിദേശാൽ
പാൎത്ഥ സംപ്രാപ്ത സുരപദേ/വനിദേശാൽ
താപസവംശ മവന്തഃ
തനയാനാഃ ശത്രുപരിഭവം ശമവന്തഃ

2 സംഭൃത ലോമശ കന്താഃ
രാക്ഷസഘാതായ തേ/ന ലോമ ശകന്താഃ
പ്രയയുർ ജായവന്തഃ
തീൎത്ഥഗണാൻ ഭൂപ്രദേശജാ യാവന്തഃ

പാൎത്ഥ നരദേവനിദേശാൽ അവനിദേശാൽ സംപ്രാപ്ത സുരപദേ, അഥ തേ താവന്തഃ തീൎത്ഥഗണാൻ പ്രയയുഃ, ഭൂപ്രദേശജാഃ യാവന്തഃ ആസൻ=പാൎത്ഥൻ നരദേവനിദേശം ഹേതുവായിട്ട് അവനിദേശത്തിങ്കൽനിന്ന് സംപ്രാപ്തസുരപദനായിരിക്കും വിഷയത്തിങ്കൽഅനന്തരം അവർ താവത്തുകളായിരിക്കുന്ന തീൎത്ഥഗണങ്ങളെക്കുറിച്ച് പ്രയാണംചെയ്തു, ഭൂപ്രദേശങ്ങളായിട്ട് യാവത്തുകളായ തീൎത്ഥഗണങ്ങളുണ്ടായിരിക്കുന്നുവോ; പാൎത്ഥൻ=അൎജ്ജുനൻ; നരദേവനിദേശം=നരദേവന്റെ നിദേശം; നരദേവൻ=രാജാവ്; നിദേശം നിയോഗം; അവനിദേശം=ഭൂപ്രദേശം; സംപ്രാപ്തസുരപദൻ=സംപ്രാപ്തമായിരിക്കുന്ന സുരപദത്തോടുകൂടിയവൻ; സംപ്രാപ്തം=സംപ്രാപിക്കപ്പെട്ടതു്; സുരപദം=സ്വൎഗ്ഗം; താവത്തുകൾ=തല്പരിമാണങ്ങൾ (അതുമുഴവൻ); തീൎത്ഥഗണങ്ങൾ=തീൎത്ഥങ്ങളുടെ ഗണങ്ങൾ; ഗണങ്ങൾ=സമൂഹങ്ങൾ; പ്രയാണംചെയ്ക=പോക; ഭൂപ്രദേശങ്ങൾ=ഭൂപ്രദേശത്തിങ്കൽ ജനിച്ചവ; ഭൂപ്രദേശം=ഭൂമണ്ഡലം; യാവത്തുക്കൾ=യൽപരിമാണങ്ങൾ (എത്രയുണ്ടോ). താപസവംശം അവന്തഃ—അങ്ങിനെയിരുന്ന അവർ—താപസവംശത്തെ അവത്തുകളായിരുന്നു; താപസവംശം=താപസന്മാരുടെ

വംശം; താപസന്മാർ=ഋഷികൾ; വംശം=സമൂഹം; അവത്തുകൾ=രക്ഷിച്ചിയങ്ങുന്നവർ; ശത്രുപരിഭവം തനപാനാഃ—അങ്ങിനെയിരുന്ന അവർ—ശത്രുപരിഭവത്തെ തനപാനന്മാരായിരുന്നു; ശത്രുപരിഭവം=ശത്രുക്കളുടെ പരിഭവം; തനപാനന്മാർ=ഉണ്ടാക്കിയിയങ്ങുന്നവർ; ശമവന്തഃ—അങ്ങിനെയിരുന്ന അവർ—ശമവത്തുകളായിരുന്നു; ശമവത്തുകൾ=ശമയുള്ളവർ; ശമം=അടക്കം; രാക്ഷസഘാതായ സംഭൃതലോമശകുന്തഃ—അങ്ങിനെയിരുന്ന അവർ—രാക്ഷസഘാതത്തിന്നായിക്കൊണ്ട് സംഭൃതലോമശ കുന്തന്മാരായിരുന്നു; രാക്ഷസഘാതം=രാക്ഷസന്മാരുടെ ഘാതം; ഘാതം=നിഗ്രഹം; സംഭൃതലോമശകുന്തന്മാർ=സംഭൃതമായിരിക്കുന്നലോമശ കുന്തത്തോടുകൂടിയവർ; ലോമശ കുന്തം=ലോമശനാകുന്ന കുന്തം; ലോമശൻ=ലോമശമഹർഷി; അനുലോമ ശകുന്തഃ—അങ്ങിനെയിരുന്ന അവർ—അനുലോമശകുന്തന്മാരായിരുന്ന അനുലോമശകുന്തന്മാർ=അനുലോമങ്ങളായിരിക്കുന്ന ശകുന്തങ്ങളോടുകൂടിയവർ; അനുലോമങ്ങൾ=അനുകൂലങ്ങൾ; ശകുന്തങ്ങൾ=പക്ഷികൾ; ജായാവന്തഃ—അങ്ങിനെയിരുന്ന അവർ—ജായാവത്തുകളായിരുന്നു; ജയാവത്തുകൾ=ജായയുള്ളവർ; ജായ=ഭാൎയ്യ.

3 തേ ഹി കൃതാഗസ്ത്യാഗാഃ
വ്യതിയാത മഹേന്ദ്രപൎവ്വതാഽഗസ്ത്യാഗാഃ
പ്രതിപന്നാ ഹിമവന്തം
സതപസമൂഹം സുകോപനാഹി മവന്തം

തേ ഹി ഹിമവന്തം പ്രതിപന്നാഃ=അവരാകിൽ ഹിമവാനെ പ്രതിപന്നന്മാരായി; ഹിമവാൻ=ഹിമവാൻ പൎവ്വതം; പ്രതിപന്നന്മാർ=പ്രാപ്തന്മാർ; കൃതാഗസ്ത്യാഗാഃ—അങ്ങിനെയിരുന്ന അവർ—കൃതാഗസ്ത്യാഗന്മാരായിരുന്നു; കൃതാഗസ്ത്യാഗന്മാർ=കൃതമായിരിക്കുന്ന ആഗസ്ത്യാഗത്തോടുകൂടിയവർ; ആഗസ്ത്യാഗം=അഗസ്സിന്റെ ത്യാഗം; ആഗസ്സ്=ദോഷം; ത്യാഗം=ഉപേക്ഷ; വ്യതിയാതമഹേന്ദ്രപൎവ്വതാഗസ്ത്യാഗാഃ—അങ്ങിനെയിരുന്ന അവർ—വ്യതിയാത മഹേന്ദ്രപൎവ്വതാഗസ്ത്യാഗന്മാരായിരുന്നു. വ്യതിയാത മഹേന്ദ്രപൎവ്വതാഗസ്ത്യാഗന്മാർ=വ്യതിയാതങ്ങളായിരിക്കുന്ന മഹേന്ദ്രപൎവ്വതാഗസ്ത്യാഗങ്ങളോടുകൂടിയ

വർ; വ്യതിയാതങ്ങൾ=അതിക്രാന്തങ്ങൾ; മഹേന്ദ്രപർവ്വതാഗസ്ത്യാഗങ്ങൾ=മഹേന്ദ്രപർവ്വതവും അഗസ്ത്യാഗവും; അഗസ്ത്യാഗം=അഗസ്ത്യപർവ്വതം; സുകോപനാഹിം സത്വസമൂഹം അവന്തം—അങ്ങിനെയിരുന്ന ഹിമവാൻ—സുകോപനാഹിയായിക്കുന്ന സത്വസമൂഹത്തെ അവന്നായിരുന്നു; സുകോപനാഹി=സുകോപനങ്ങളായിരിക്കുന്ന അഹികളോടുകൂടിയതു്; സുകോപനങ്ങൾ=ഏററവും കോപനങ്ങൾ; കോപനങ്ങൾ=കോപശീലങ്ങൾ; അഹികൾ=സപ്പങ്ങൾ; സത്വസമൂഹം=സത്വങ്ങളുടെ സമൂഹം; സത്വങ്ങൾ=ജന്തുക്കൾ; അവൻ=രക്ഷിച്ചിയങ്ങുന്നവൻ.

4 തസ്യ ച പാദേ വനഗൈഃ
പരീത മാപുഃ പരന്തപാ ദേവനഗൈഃ
ജനിതാനന്ദം ശിഖരൈഃ
ഗഗനലിഹം ഗന്ധമാദനം ദംശിഖരൈഃ

പരന്തപാഃ തസ്യ പാദേ ഗന്ധമാദനം ആപുഃ ച=പരന്തപന്മാർഅതിൻെറ പാദത്തിങ്കൽ ഗന്ധമാദനത്തെ പ്രാപിപ്പൂതും ചെയ്തു. പരന്തപന്മാർ=പാണ്ഡവന്മാർ; പാദം=പര്യന്തം; ഗന്ധമാദനം=ഗന്ധമാദനപർവ്വതം; വനഗൈഃ ദേവനഗൈഃ പരീതം—അങ്ങിനെയിരുന്ന ഗന്ധമാദനം—വനഗങ്ങളായിരിക്കുന്ന ദേവനഗങ്ങളാൽ പരീതമായിരുന്നു; വനഗങ്ങൾ=വനത്തെ പ്രാപിച്ചവ; ദേവനഗങ്ങൾ=കല്പവൃക്ഷങ്ങൾ; പരീതം=ചുഴലപ്പെട്ടതു്; ജനിതാനന്ദം—അങ്ങിനെയിരുന്ന ഗന്ധമാദനം—ജനിതാനന്ദമായിരുന്നു; ജനിതാനന്ദം=ജനിതമായിരിക്കുന്ന ആനന്ദത്തോടുകൂടിയതു്; ജനിതം=ഉണ്ടായതു്. ശിഖരൈഃ ഗഗനലിഹം—അങ്ങിനെയിരുന്ന ഗന്ധമാദനം—ശിഖരങ്ങളെക്കൊണ്ടു് ഗഗനലിട്ടായിരുന്നു; ഗഗനലിട്ടു്=ഗഗനത്തെ ലേഹനം ചെയ്യുന്നതു്; ഗഗനം=ആകാശം; ലേഹനംചെയ്ക=സ്പർശിക്ക; ദംശിഖരൈഃ—അങ്ങിനെയിരുന്നശിഖരങ്ങൾ—ദംശിഖരങ്ങളായിരുന്നു; ദംശിഖരങ്ങൾ=ദംശികളെക്കൊണ്ടു് ഖരങ്ങൾ; ദംശികൾ=കാട്ടീച്ചകൾ; ഖരങ്ങൾ=ക്രൂരങ്ങൾ.

5 ശിരസോ ഭാഗേ യസ്യ
ക്രോധവശോ നാസുരസഭാഗേയസ്യ
തിഷ്ഠന്നളിനീ ലോഭാൽ
രാക്ഷസലോകഃ കുബേര നളിനീലോഭാൽ

യസ്യ ശിരസഃ ഭാഗേ കുബേരനളിനീലോഭാൽ തിഷ്ഠൻ ക്രോധവശഃ നാമ രാക്ഷസലോകഃ അഭാൽ—യാതൊന്നിൻെറ ശിരസ്സിൻെറ ഭാഗത്തിങ്കൽ ആണോ കുബേരനളിനീലോഭം ഹേതുവായിട്ട് തിഷ്ഠന്നായി, ക്രോധവശമെന്നിങ്ങനെ പ്രസിദ്ധമായിരിക്കുന്ന രാക്ഷസലോകം ശോഭിച്ചതു്. ശിരസ്സ്=ശിഖരം; കുബേരനളിനീലോഭം=കുബേരനളിനിയിങ്കലെ ലോഭം; കുബേര നളിനി=കുബേരൻെറ നളിനി; കുബേരൻ=വൈശ്രവണൻ; നളിനി=പൊയ്ക; ലോഭം=ആഗ്രഹം; തിഷ്ഠൻ=സ്ഥിതിചെയ്യുവൻ; സുരസഭാഗേയസ്യ—അങ്ങിനെയിരുന്ന അതു്—സുരന്നഭാഗേയമായിരുന്നു; സുരസഭാഗേയം=സുരസഭയാകുന്ന ഗേയന്മാരോടുകൂടിയതു്; സുരസഭ=ദേവസഭ; ഗേയന്മാർ=ഗായകന്മാർ; അളിനീലഃ—അങ്ങിനെയിരുന്ന രാസലോകം. അളിനീലം=അളിയെപ്പോലെ നീലം; അളി=വണ്ടു്; നീലം=കറുത്തതു്.

6 ഹാരപദേ വ്യാലലതാ-
കലിതഃ ശ്ലിഷ്ടഃ കരേണ ദേവ്യാ ലലതാ
യം പ്രീതതമോഽനുദിനം
ധൂർജ്ജടി രധിവസതി ലംഘിത തമോനുദിനം

ധൂർജ്ജടിഃ അനുദിനം യം അധിവസതി=ധൂർജ്ജടി നിത്യമായിട്ടു് യാതൊന്നിങ്കൽ ആണോ വസിക്കുന്നതു്; ധൂർജ്ജടി=ശ്രീമഹാദേവൻ; വസിക്ക=ഇരിക്ക; ഹാരപദേ വ്യാല(ള)ലതാകലിതഃ—അങ്ങിനെയിരുന്ന ധൂർജ്ജടി, ഹാരപദത്തിങ്കൽ വ്യാളലതാ കലിതനായിരുന്നു; ഹാരപദം=ഹാരത്തിൻെറ പദം; ഹാരം=മുത്തുമാല; പദം=സ്ഥാനം; വ്യാളലതാകലിതൻ=വ്യാളലതയാൽ കലിതൻ; വ്യാളലതാ=പ്രസിദ്ധമായിരിക്കുന്ന വ്യാളം; വ്യാളം=സർപ്പം; കലിതൻ=ബ

ദധൻ; ദേവ്യാ ലലതാ കരേണ ശ്ലിഷ്ടഃ—അങ്ങിനെയിരുന്ന ധൂർജ്ജടി, ദേവിയാൽ ലലത്തായിരിക്കുന്ന കരംകൊണ്ടു് ശ്ലിഷ്ടനായിരുന്നു; ദേവി=ശ്രീപാർവ്വതി; ലലത്തു്=ശോഭിച്ചിയങ്ങുന്നതു്; കരം=കയ്യ്; ശ്ലിഷ്ടൻ=ആശ്ലിഷ്ടൻ; പ്രീതതമഃ—അങ്ങിനെയിരുന്ന—ധൂർജ്ജടി—പ്രീതതമനായിരുന്നു; പ്രീതതമൻ=അതിശയേന പ്രീതൻ; പ്രീതൻ=സന്തുഷ്ടൻ; ലംഘിതതമൊനുദിനവുമായിരുന്നഅതു് ലംഘിതമോനുദിനം=ലംഘിതന്മാരായിരിക്കുന്ന തമൊനുദിനന്മാരോടുകൂടിയതു്; ലംഘിതന്മാർ=ലംഘിക്കപ്പെട്ടവർ; ലംഘിക്ക=അതിക്രമിക്ക; തമോനുദിനന്മാർ=തമോനുത്തും ഇനനും. തമോനുത്തു്=ചന്ദ്രൻ; ഇനൻ=ആദിത്യൻ.

7 വഹതി യുവാ യോ വാ്യുഃ
കല്പാവധി, യേന സാനപവായോ വായുഃ
യത്രാധികപീനാംസഃ
പതി രപ്യാസ്തേ നഭോരുധി കപീനാം സഃ

കപീനാം സഃ പതിഃ അപി യത്ര ആസ്തേ=കപികളുടെ അപ്പതിയും യാതൊന്നിങ്കൽ ആണോ ആസിക്കുന്നതു്; കപികളുടെ പതി=ഹനുമാൻ; ആസിക്ക=ഇരിക്ക; അധികപീനാം സഃ—അങ്ങിനെയിരുന്ന പതി, അധികപീനാംസനായിരുന്നു; അധികപീനാംസൻ=അധികപീനങ്ങളായിരിക്കുന്ന അംസങ്ങളോടുകൂടിയവൻ; അധികപീനങ്ങൾ=ഏററവും പീനങ്ങൾ; പീനങ്ങൾ=പ്രവൃദ്ധങ്ങൾ; അംസങ്ങൾ=ചുമലുകൾ; നഭോരുധി—അങ്ങിനെയിരുന്ന അതു്—നഭോരുത്തായിരുന്നു; നഭോരുത്തു്=നഭസ്സിനെ രോധിക്കുന്നതു്; നഭസ്സ്=ആകാശം; രോധിക്ക=തടുക്ക; യഃ യുവാ കല്പാവധി ആയുഃ വഹതി=യാവനൊരുത്തൻ ആണോ യുവാവായിട്ടുതന്നെ കല്പാവധിയായിരിക്കുന്ന ആയുസ്സിനെ വഹിക്കുന്നതു്; യുവാവ്=യൌവനയുക്തൻ; കല്പാവധി=കല്പം അവധിയായിട്ടുള്ളതു്; കല്പം=പ്രളയം; അവധി=അവസാനം; വഹിക്ക=ധരിക്ക; യേന വായുഃ സാനപവായഃ—യാവനൊരുത്തനെക്കൊണ്ടാണോ വായു സാനപവായനായിരിക്കുന്നതു്; സാനപവായൻ=അനപവായത്തൊടുകൂടിയതു്; അനപവായം=വംശം.

8 ലീന മൃഗീശാബദരീ-
സംഘം സതതോപഗത ദിഗീശാ ബദരീ
യം വിവിധർഷിതതാƒരം
രാജയതേ തുംഗശൃംഗ ധർഷിത താരം.

ബദരീ യം അരം രാജയതേ—ബദരി യാതൊന്നിനെ ആണോ ഏറ്റവും ശോഭിപ്പിക്കുന്നതു്; ബദരി=ബദര്യാശ്രമം; ലീനമൃഗീ ശാബതരീ സംഘം—അങ്ങിനെയിരുന്ന അതു്—ലീനമൃഗീശാബദരീസംഘമായിരുന്നു—ലീനമൃഗീശാബദരീസംഘം=ലീനമൃഗീശാബങ്ങളായിരിക്കുന്ന ദരീസംഘങ്ങളൊട്ടുകൂടിയതു്; ലീനമൃഗീശാബങ്ങൾ=ലീനങ്ങളായിരിക്കുന്ന മൃഗീശാബങ്ങളൊട്ടുകൂടിയതു്; ലീനങ്ങൾ=ചേൎന്നവ; മൃഗീശാബങ്ങൾ=മാൻകിടാങ്ങൾ; ദരീസംഘങ്ങൾ=ദരികളുടെ സംഘങ്ങൾ; ദരികൾ=കല്ലിടാവുകൾ (ഗുഹകൾ) സംഘങ്ങൾ=സമൂഹങ്ങൾ; സതതോ പഗതദിഗീശാ—അങ്ങിനെയിരുന്ന ബദരി, സതതോപഗതദിഗീശയായിരുന്നു; സതതോപഗതദിഗീശ=സതതോപഗതന്മാരായിരിക്കുന്ന ദിഗീശന്മാരോടുകൂടിയതു്; സതതോപഗതന്മാർ=എല്ലായ്പോഴും ഉപഗതന്മാർ; ഉപഗതന്മാർ=പ്രാപ്തന്മാർ; ദിഗീശന്മാർ=ദിക്പാലന്മാർ; വിവിധൎഷിതതാ—അങ്ങിനെയിരുന്ന ബദരി—വിവിധഷിതതയായിരുന്നു; വിവിധർഷിതത=വിവിധർഷികളാൽ തത; വിവിധർഷികൾ=വിവിധന്മാരായിരിക്കുന്ന ഋഷികൾ; വിവിധന്മാർ=ബഹുവിധന്മാർ; തത=വ്യാപ്ത; തുംഗശൃംഗധഷിതതാരം=തുംഗശൃംഗങ്ങളെക്കൊണ്ടു് ധർഷിതകളായിരിക്കുന്ന താരകളോടുകൂടിയതു്; തുംഗശൃംഗങ്ങൾ=ഉന്നതശിഖരങ്ങൾ; ധർഷിതകൾ=സ്പൃഷ്ടകൾ (പരാഭൂതകൾ) താരങ്ങൾ=നക്ഷത്രങ്ങൾ.

9 തത്ര ശിവേ ദമഹർഷൌ
ദധദ്ഭി രഭ്യസ്യമാന വേദമഹർഷൌ
മുനിഭി രമേഹ തദോƒഷേ
തൈ ൎനരനാരായണാശ്രമേ ഹതദേഷേ

തൈഃ തദാ തത്ര ഇഹ നരനാരായണാശ്രമേ ഊഷേ=അവരാൽ അക്കാലം അവിടെ ഈ നരനാരായണാശ്രമത്തിങ്കൽ വസിപ്പൂ എ

ന്നുള്ളതുണ്ടായി. നരനാരായണാശ്രമം=നരനാരായണന്മാരുടെ ആശ്രമം; നരനാരായണന്മാർ=നരനും നാരായണനും; വസിക്ക=ഇരിക്ക; മുനിഭിഃ അമാ—മുനികളോടുംകൂടെ; മുനികൾ=ഋഷികൾ; ശിവേ— അങ്ങിനെയിരുന്ന നരനാരായണാശ്രമം—ശിവമായിരുന്നു. ശിവം=മംഗളം; ദമഹർഷൌ ദധൽഭിഃ—അങ്ങിനെയിരുന്ന അവർ—ദമഹർഷങ്ങളെ ദധത്തുകളായിരുന്നു. ദമഹർഷങ്ങൾ=ദമവും ഹർഷവും; ദമം=അടക്കം; ഹർഷം=സന്തോഷം; ദധത്തുകൾ=ധരിച്ചിയങ്ങുന്നവർ; അഭ്യസ്യമാനവേദമഹർഷൌ—അങ്ങിനെ ഇരുന്ന നരനാരായണാശ്രമം—അഭ്യസ്യമാനവേദമഹർഷിയായിരുന്നു; അഭ്യസ്യമാനവേദമഹർഷി= അഭ്യസ്യമാനവേദന്മായിരിക്കുന്ന മഹർഷികളോടു കൂടിയതു്; അഭ്യസ്യമാന വേദന്മാർ=ആഭ്യസ്യമാനങ്ങളായിരിക്കുന്ന വേദങ്ങളോടുകൂടിയവർ; അഭ്യസ്യമാനങ്ങൾ=അഭ്യസിക്കപ്പെട്ടിയങ്ങുന്നവ; വേദങ്ങൾ= ഋഗ്യജുസ്സാമാധൎവ്വണങ്ങൾ; ഹതദോഷേ=അങ്ങിനെയിരുന്ന നരനാരായണാശ്രമം—ഹതദോഷമായിരുന്നു. ഹതദോഷം=ഹതങ്ങളായിരിക്കുന്ന ദോഷങ്ങളോടുകൂടിയതു്; ഹതങ്ങൾ=നഷ്ടങ്ങൾ.

10 നിപതിത മാദായ തതഃ
കദാചി ദാത്തവ മഗോത്തമാ ദായതതഃ
സംസ്പൃഹ മഗദ ത്തരസാ
പാഞ്ചാലീ ഭീമസേന മഗദത്തരസാ

പാഞ്ചാലീ കദാചിൻ തതഃ അഗോത്തമാൽ നിപതിതം ആത്തവം ആദായ തരസാ ഭീമസേനം സസ്പൃഹം അഗദൽ=പാഞ്ചാലി ഒരുനാൾ ആ അഗോത്തമത്തിങ്കൽനിന്ന് നിപതിതമായിരിക്കുന്ന ആത്തവത്തെ ആദാനം ചെയ്തിട്ട് വേഗേനന ഭീമസേനനോട് സസ്പൃഹമാവുംവണ്ണം ഗദിച്ചു; പാഞ്ചാലി=ദ്രൌപദി; അഗോത്തമം=പർവ്വതശ്രേഷ്ഠം; നിപതിതം=നിപതിച്ചതു്; നിപതിക്ക=വീഴുക; ആത്തവം=പുഷ്പം; ആദാനംചെയ്ക=സ്വീകരിക്ക; സസ്പൃഹമാവുംവണ്ണം=സ്പൃഹയോടുകൂടുംവണ്ണം; സ്പൃഹ=കാംക്ഷ; ഗദിക്ക=പറക; ആയതതഃ—അങ്ങിനെയിരുന്ന അഗോത്തമം—ആയതമായിരുന്നു; ആയതം= ദീർഘം; അഗദത്തരസാ—അങ്ങിനെയിരുന്ന പാഞ്ചാലി—അഗദത്ത

രസയായിരുന്നു; അഗദത്തരസ=അഗത്താൽ ദത്തമായിരിക്കുന്ന രസത്തോടുകൂടിയവൾ; അഗം=പർവ്വതം; ദത്തം=ദാനംചെയ്യപ്പെട്ടതു്; രസം=രാഗം.

11 നഹി പുഷ്പം നാമേദൃക്
രമണീയതരം ഫലോപപന്നാ മേ ദൃക്
മാരുതജാƒനേയാനി
തപയേƒദൃശാ ന്യത്ഭുതാനി ജാനേ യാനി"

ഈദൃക് രമണീയതരം പുഷ്പം നഹി നാമ=ഈദൃക്കായി രമണീയതരമായിരിക്കുന്ന പുഷ്പം ഭവിക്കുന്നതല്ലതന്നെ; ഈദൃക്=ഇപ്രകാരമിരിക്കുന്നതു്; രമണീയതരം=അതിശയേന രമണീയം; രമണീയം=മനോഹരം; മേ ദൃക് ഫലോപപന്നാ=എന്റെ ദൃക്ക് ഫലോപപന്ന ആകുന്നു; ദൃക്=കണ്ണു്; ഫലോപപന്ന=ഫലത്തോടു ഉപപന്ന; ഫലം=പ്രയോജനം; ഉപപന്നം=യുക്തം; മാരുതജ, യാനി ഈദൃശാനി അൽഭുതാനി താനി തപയാ ആനേയാനി ജാനേ=അല്ലയോ മാരുതജൻ, യാവചിലവയാണോ ഈദൃശങ്ങളായി അൽഭുതങ്ങളായിരിക്കുന്നതു്, അവ നിന്നാൽ ആനേയങ്ങളെന്നു് സംകല്പിക്കുന്നേൻ; മാരുതജൻ=മാരുതങ്കൽനിന്നു് ജനിച്ചവൻ; മാരുതൻ=വായു; ഈദൃശങ്ങൾ=ഇപ്രകാരമിരിക്കുന്നവ; അൽഭുതങ്ങൾ=ആശ്ചര്യ്യങ്ങൾ; ആനേയങ്ങൾ=ആനയിക്കപ്പെടുവാൻ ശക്യങ്ങൾ; അനയിക്ക=കൊണ്ടുവരിക.

12 ഇതി സരസം രംഭോരു-
വചനേന ദൃശൌ വിവൃത്യ സംരംഭോരു
സ ഖലു ഗഭീരഗദാവാൻ
അഭ്യപത ദേഗഭാ, ഗഭീ, രഗദാവാൻ

സഃ ഖലു ഇതി സരസം രംഭോരുവചനേന ദൃശൌ വിവൃത്യ അഗദാവാൽ അഭ്യപതൽ—അവനാകിൽ ഇങ്ങിനെ സരസമാവുംവണ്ണമുള്ള രംഭോരുവചനം ഹേതുവായിട്ടു് ദൃക്കളെ വിവരണം ചെയ്തിട്ടു്, അഗദാവങ്ങളെ അഭിപതിച്ചു; സരസമാവുംവണ്ണം=രസത്തോടുകൂടുംവ

ണ്ണം; രസം=രാഗം; രംഭോരുവചനം=രംഭോരുവിൻെറ വചനം; രംഭോരു=ദ്രൌപദി; വചനം=വാക്ക്; ദൃക്കുകൾ=കണ്ണുകൾ; വിവരണം ചെയ്ക=തുറക്ക; അഗദാവങ്ങൾ=അഗത്തിങ്കലെ ദാവങ്ങൾ; അഗം=പർവ്വതം; ദാവങ്ങൾ=വനങ്ങൾ; അഭിപതിക്ക=നേരിട്ടു ഗമിക്ക; സംരംഭോരു—അങ്ങിനെയിരുന്ന ദൃക്കുകൾ; സംരംഭാരുക്കളായിരുന്നു; സംരംഭോരുക്കൾ=സംരംഭംകൊണ്ടു ഉരുക്കൾ; സംരംഭം=ഒരുക്കം; ഉരുക്കൾ=പെരുകിയവ; ഗഭീരഗദാവാൻ—അങ്ങിനെയിരുന്ന അവൻ, ഗഭീരഗദവാനായിരുന്നു; ഗഭീരഗദവാൻ=ഗഭീരഗദയുള്ളവൻ; ഗഭീരഗദ=ഗഭീരയായിരിക്കുന്ന ഗദ; ഗഭീര=ഗംഭീര; വേഗഭാക്—അങ്ങിനെ ഇരുന്ന അവൻ, വേഗഭാക്കായിരുന്നു. വേഗഭാക്=വേഗത്തെ ഭജിക്കുന്നവൻ; അഭീഃ—അങ്ങിനെയിരുന്ന അവൻ, അഭീയായിരുന്നു; അഭീ=ഭീയോട്ടുകൂടാത്തവൻ; ഭീ=ഭയം.

13 സ വനേ കു സുമാന്യസ്യ
പ്രവിചിന്വൻ പർവ്വതസ്യ കുസുമാന്യസ്യ
പഥി ബലവാ നരസത്വം
ദൃശി വിദധാനം ദദർശ വാനരസത്വം.

അസ്യ പർവ്വതസ്യ വനേ കുസുമാനി പ്രവിചിന്വൻ സഃ പഥി വാനരസത്വം ദദർശ=ഇപ്പർവ്വതത്തിൻെറ വനത്തിങ്കൽ കുസുമങ്ങളെ പ്രവിചിന്വന്നായിരിക്കുന്ന അവൻ പന്ഥാവിങ്കൽ വാനരസത്വത്തെ ദർശിച്ചു; പ്രവിചിന്വൻ=പ്രകർഷേണ വിചിന്വൻ; വിചിന്വൻ=വിചയിച്ചിയങ്ങുന്നവൻ; വിചയിക്ക=അന്വേഷിക്ക; പന്ഥാവ്=മാർഗ്ഗം; വാനരസത്വം=വാനരമാകുന്ന സത്വം; സത്വം=ജന്തു; ദർശിക്ക=കാൺക. കു സുമാന്യസ്യ - അങ്ങിനെയിരുന്ന പർവ്വതം—കു സുമാന്യമായിരുന്നു; കു സുമാന്യം=കുവിങ്കൽ സുമാന്യം; കു=ഭൂമി; സുമാന്യം=സുതരാം മാന്യം=മാന്യം; മാനിക്കപ്പെടുവാൻ യോഗ്യം. ബലവാൻ—അങ്ങിനെയിരുന്ന അവൻ; ബലവാനായിരുന്നു; ബലവാൻ=ബലമുള്ളവൻ; ബലം=ശക്തി. ദൃശി അരസത്വം വിദധാനം—അങ്ങിനെയിരുന്ന വാനരസത്വം—ദൃക്കിങ്കൽ അരസത്വത്തെ വിദധാനമായിരുന്നു; ദൃക്=കണ്ണ്; അരസത്വം=അരസനാവൃ എന്നുള്ളതു;

അരസൻ=രസത്തോടുകൂടാത്തവൻ; രസം=രാഗം; വിദധാനം=ഉണ്ടാക്കിയിരിക്കുന്നത്.

14 നിദ്രാപര മദ്ധ്വനി തം
ഭീമഃ പ്ലവഗം ജഗാദ പരമദ്ധ്വനിതം
"വാനര പാപാഽപേഹി
പ്രയച്ഛ മാർഗ്ഗം ന മേ കൃപാ പാപേ ഹി."

ഭീമഃ പ്ലവഗം ജഗാദ=ഭീമൻ ആ പ്ലവഗത്തോട് ഗമിച്ചു; ഭീമൻ=ഭീമസേനൻ; പ്ലവഗം=വാനരം; ഗദിക്ക=പറക; പരമദ്ധ്വനിതം=പരമധ്വനിതമാവുംവണ്ണം; പരമധ്വനിതം=പരമമായിരിക്കുന്ന ധ്വനിതം; പരമം=ഉൽകൃഷ്ടം; ധ്വനിതം=ശബ്ദം; അദ്ധ്വനി നിദ്രാപരൻ—അങ്ങിനെയിരുന്ന പ്ലവഗം—അദ്ധ്വാവിങ്കൽ നിദ്രാപരനായിരുന്നു; അദ്ധ്വാവ്=മാർഗ്ഗം; നിദ്രാപരൻ=നിദ്രയിങ്കൽ പരൻ; നിദ്ര=ഉറക്കം; പരൻ=തല്പരൻ; പാപ, വാനര, അപേഹി=പാപനായുള്ളോവേ, എടോ വാനരം! അപഗമിക്കുക; പാപൻ=ദുഷ്ടൻ; അപഗമിക്ക=പോക; മാർഗ്ഗം പ്രയച്ഛ=മാർഗ്ഗത്തെ പ്രദാനംചെയ്ക; മാഗ്ഗം=പെരുവഴി; പ്രദാനംചെയ്ക=തരിക; മമ പാപേ കൃപാ ന ഹി=എനിക്ക് പാപങ്കൽ കൃപ ഭവിക്കുന്നതല്ല. പാപൻ=ദുഷ്ടൻ; കൃപ=ദയ.

15 ഇതി രിപുമാനസ്സേന
സ്വപൻ പ്ലവംഗഃ പ്രഭർത്സ്യമാന സ്തേന
മന്ദം ബദ്ധ്വാ നേത്ര—
ദ്വിതയം നിജഗാദ വൈരബദ്ധ്വാനേഽത്ര.

തേന ഇതി പ്രഭർത്സ്യമാനഃ പ്ലവംഗഃ നേത്രദ്വിതയം ബദ്ധ്വാ മന്ദം നിജഗാദ=അവനാൽ ഇങ്ങിനെ പ്രഭർത്സ്യമാനനായിരിക്കുന്ന പ്ലവംഗം നേത്രദ്വിതയത്തെ ബന്ധിച്ചിട്ട് മന്ദമാവുംവണ്ണം നിഗദിച്ചു; പ്രഭർത്സ്യമാനൻ=പ്രകർഷേണ ഭർത്സ്യമാനൻ; ഭർത്സ്യമാനൻ=ഭർത്സിക്കപ്പെട്ടിരിക്കുന്നവൻ; പ്ലവംഗം=വാനരം; നേത്രദ്വിതയം=നേത്ര

ങ്ങളുടെ ദ്വിതയം; നേത്രങ്ങൾ=കണ്ണുകൾ; ദ്വിതയം=രണ്ട്; ബന്ധിക്ക=അടക്കുക; നിഗദിക്ക=പറക; അത്ര ഭൈരവധ്വാനേ=ഇവൻ ഭൈരവധ്വാനനായിരിക്കും വിഷയത്തിങ്കൽ; ഭൈരബ(വ)ധ്വാനൻ=ഭൈരവമായിരിക്കുന്ന ധ്വാനത്തോടുകൂടിയവൻ; ഭൈരവം=ഭയങ്കരം; ധ്വാനം=ശബ്ദം. രിപുമാനസ്തേനഃ — അങ്ങിനെയിരുന്ന പ്ലവഗം—രിപുമാനസ്തേനനായിരുന്നു; രിപുമാനസ്തേനൻ = രിപുമാനത്തിൻെറ സ്തേനൻ; രിപുമാനം=രിപുക്കളുടെ മാനം; രിപുക്കൾ=ശത്രുക്കൾ; മാനം=അഭിമാനം; സ്തേനൻ=അപഹർത്താവു്; സ്വപൻ — അങ്ങിനെയിരുന്ന പ്ലവഗം—സ്വപന്നായിരുന്നു; സ്വപൻ=സ്വപിച്ചിയങ്ങുന്നവൻ; സ്വപിക്ക=ഉറങ്ങുക.

16 "അംഗമഹാനിദ്രോഹം
ജരയാ ച ഗതോ ബഹൂന്യഹാനി ദ്രോഹം
ഉദ്ധൃതബാലധി യാഹി
ക്ഷന്തവ്യം മാദൃശേ ഷ്വബാലധിയാ ഹി."

അംഗ, അഹം മഹാനിദ്രഃ=എടോ ഞാൻ മഹാനിദ്രൻ ആകുന്നു; മഹാനിദ്രൻ=മഹതിയായിരിക്കുന്ന നിദ്രയോടുകൂടിയവൻ; മഹതി=പെരുകിയതു്; ജരയാ ബഹൂനി അഹാനി ദ്രോഹം ഗതഃ ച=ജരകൊണ്ടു് ബഹുക്കളായിരിക്കുന്ന അഹസ്സുകൾ മുഴവൻ ദ്രോഹത്തെ ഗതനായിയും ഭവിക്കുന്നു; ജര=വയോഹാനി; ബഹുക്കൾ=വളരെയുള്ളവ; അഹസ്സുകൾ=ദിവസങ്ങൾ; ഗതൻ=പ്രാപ്തൻ; ഉദ്ധൃതബാലധി യാഹി—ഉദ്ധൃതബാലധിയാവുംവണ്ണം യാനംചെയ്ക; ഉദ്ധൃതബാലധി=ഉദ്ധൃതമായിരിക്കുന്ന ബാലധി; ഉദ്ധൃതം=ഉദ്ധരിക്കപ്പെട്ടതു്; ഉദ്ധരിക്ക=എടുക്ക; ബാലധി=വാലു്; യാനംചെയ്ക=പോക; അബാലധിയാ മാദൃശേഷു ക്ഷന്തവ്യം ഹി=അബാലധീയായിരിക്കുന്നവനാൽ മാദൃശന്മാരിൽ ക്ഷന്തവ്യമല്ലോ; അബാലധീ=അബാലയായിരിക്കുന്ന ധീയോടുകൂടിയവൻ; അബാല=പരിണത; ധീ=ബുദ്ധി; മാദൃശന്മാർ=എന്നെപ്പോലുള്ളവർ; ക്ഷന്തവ്യം=ക്ഷമിക്കപ്പെടുവാൻ യോഗ്യം.

17 ഇതി വീരഃ സത്വസ്യ
ശ്രുത്വാ വചനം വൃകോദരഃ സ ത്വസ്യ
വ്യതനുത ദുർവാലസ്യ
സ്പർശ മകർഷച്ച താവ ദുർവാലസ്യഃ.

സഃ വൃകോദരഃ തു അസ്യ സത്വസ്യ ഇതി വചനം ശ്രുത്വാ ദുർബ്ബാലസ്യ സ്പർശം വ്യതനുത, അകർഷൽ ച=ആ വൃകോദരനാകിൽ ഈ സത്വത്തിന്റെ ഇങ്ങിനെയുള്ള വചനത്തെ ശ്രവിച്ചിട്ട് ദുർബ്ബാലത്തിന്റെ സ്പർശത്തെ ചെയ്തു; കർഷിപ്പൂതും ചെയ്തു; വൃകോദരൻ=ഭീമസേനൻ; സത്വം=ജന്തു; വചനം=വാക്ക്; ശ്രവിക്ക=കേൾക്ക; ദുർവ(ബ)ലം=ദുഷ്ടമായിരിക്കുന്ന ബാലം; ബാലം=വാല്; കർഷിക്ക=വലിക്ക. വീരഃ—അങ്ങിനെയിരുന്നവൃകോദരൻ—വീരനായിരുന്നു; താവൽ ഉർവ്വാലസ്യഃ—അങ്ങിനെയിരുന്ന വൃകോദരൻ—അവ്വളവ് ഉർവ്വാലസ്യനായിരുന്നു; ഉർവ്വാലസ്യൻ=ഉരുവായിരിക്കുന്ന ആലസ്യത്തോടുകൂടിയവൻ; ഉരു=പെരുകിയത്; ആലസ്യം=ക്ലേശം.

18 നാസ്യ ചചാല യദാ ഹി
സ്ഥിര മഗ്രം രാവണസ്യ ചാലയദാഹി
സൂചിത ഭീമോഹാസ്യഃ
തമേവ ശരണം ജഗാമ ഭീമോ ഹാസ്യഃ.

അസ്യ അഗ്രം യദാ ന ചചാല യദാ, ഭീമഃ തം ഏവ ശരണം ജഗാമ=ഇതിന്റെ അഗ്രം യാതൊരിക്കൽ ചലിയാഞ്ഞു, അപ്പോൾ ഭീമൻ അവനെത്തന്നെ ശരണം പ്രാപിച്ചു; അഗ്രം=വാല്; ചലിക്ക=ഇളകുക; ഭീമൻ=ഭീമസേനൻ. അഹിസ്ഥിരം—അങ്ങിനെയിരുന്ന അഗ്രം—അഹിസ്ഥിരമായിരുന്നു; അഹിസ്ഥിരം=അഹിയെപ്പോലെ സ്ഥിരം; അഹി=സൎപ്പം; സ്ഥിരം=ഉറച്ചതു്. രാവണസ്യ ആലയ ദാഹി ച—അങ്ങിനെയിരുന്ന അഗ്രം—രാവണന്റെ ആലയദാഹിയുമായിരുന്നു; ആലയദാഹി=ആലയം ദഹിപ്പിക്ക ശീലമായുള്ളതു്; ആലയം=ഭവനം; ദഹിപ്പിക്ക=ചുടുക. സൂചിത ഭീമോഹാ

സ്യഃ—അങ്ങിനെയിരുന്ന ഭീമൻ—സൂചിതഭീമോഹാസ്യനായിരുന്നു; സൂചിതഭീമോഹാസ്യൻ=സൂചിതഭീമോഹമായിരിക്കുന്ന ആസ്യത്തോടുകൂടിയവൻ; സൂചിത ഭീമോഹം=സൂചിതങ്ങളായിരിക്കുന്ന ഭീമോഹങ്ങളോടുകൂടിയതു്; സൂചിതങ്ങൾ=സൂചിക്കപ്പെട്ടതു്; ഭീമോഹങ്ങൾ=ഭീയും മോഹവും; ഭീ=ഭയം; മോഹം=അജ്ഞാനം; ആസ്യം=മുഖം. ഹാസ്യഃ—അങ്ങിനെയിരുന്ന ഭീമൻ—ഹാസ്യനായിരുന്നു; ഹാസ്യൻ=പരിഹസിക്കപ്പെട്ടുവാൻ യോഗ്യൻ

19 "കപിവര മേ തത്വേന
ബ്രൂഹ്യാത്മാനം കൃപാസമേതത്വേന
ഭക്തിരസാ ദംഗ ത്വാ
യാചേ, ശരണം ച യാമി സാദം ഗത്വാ.

കപിവര, ആത്മാനം മേ തത്വേന ബ്രൂഹി=അല്ലയോ കപിവരൻ, ആത്മാവിനെ എനിക്കായിക്കൊണ്ടു് തത്വേന വചിക്കേണം; കപിവരൻ=കപികളിൽ വരൻ; കപികൾ=വാനരന്മാർ; വരൻ=ശ്രേഷ്ഠൻ; തത്വേന=പരമാൎത്ഥേന; വചിക്ക=പറക; കൃപാസമേതത്വേന=കൃപാസമേതത്വം ഹേതുവായിട്ടു്; കൃപാസമേതത്വം=കൃപാസമേതനാവു എന്നുള്ളതു്; കൃപ=ദയ; സമേതൻ=കൂടിയവൻ; അംഗ, ഭക്തി രസാൽ ത്വാ യാചേ=അല്ലയോ (കപിവര)! ഭക്തിരസം ഹേതുവായിട്ടു് നിന്നോടു യാചിക്കുന്നേൻ; ഭക്തിരസം=ഭക്ത്യതിശയം; യാചിക്ക=അപേക്ഷിക്ക; സാദം ഗത്വാ ശരണം യാമി ച=സാദത്തെ ശമിച്ചിട്ടു് ശരണത്തെ പ്രാപിപ്പതും ചെയ്യുന്നേൻ; സാദം=തളൎച്ച; ഗമിക്ക=പ്രാപിക്ക.

20 ഇത്ഥം മാനോനേന
ഭ്രാത്രാ ഭീമേന ചോദ്യമാനോഽനേന
ഹനുമാൻ സാമോദം സഃ
പ്രോചേ പ്രണയാൽ പ്രയുജ്യ സാമോഽദംസഃ.

ഭ്രാത്രാ അനേന ഭീമേന ഇത്ഥം ചോദ്യമാനഃ ഹനുമാൻ സാമോദം പ്രോചേ=ഭ്രാതാവായിരിക്കുന്ന ഭീമനാൽ ഈവണ്ണം ചോദ്യമാനനായിരിക്കുന്ന ഈ ഹനുമാൻ സാമോദമാവുംവണ്ണം വചിച്ചു; ഭ്രാതാവ്=അനുജൻ; ഭീമൻ=ഭീമസേനൻ; ചോദ്യമാനൻ=ചോദിക്കപ്പെട്ടിയങ്ങുന്നവൻ; സാമോദമാവുംവണ്ണം=ആമോദത്തോടുകൂടുംവണ്ണം; ആമോദം=സന്തോഷം; വചിക്ക=പറക; പ്രണയാൽ സാമ പ്രയുജ്യ=പ്രണയം ഹേതുവായിട്ട് സാമത്തെ പ്രയോഗിച്ചിട്ട്; പ്രണയം=സ്നേഹം; സാമം=അനുസരണവാക്യം. മാനോനേന—അങ്ങിനെയിരുന്ന ഭീമൻ—മാനോനനായിരുന്നു; മാനോനൻ=മാനത്തോട് ഊനൻ; മാനം=അഭിമാനാ; ഊനൻ=വേർപെട്ടവൻ. ഉദംസഃ—അങ്ങിനെയിരുന്ന ഹനുമാൻ—ഉദംസനായിരുന്നു; ഉദംസൻ=ഉന്നതങ്ങളായിരിക്കുന്ന അംഗങ്ങളോടുകൂടിയവൻ; ഉന്നതങ്ങൾ=എകുന്നവ; അംസങ്ങൾ=ചുമലുകൾ.

21 “മാരുത സുത രാമസ്യ
പ്രേഷ്യം വിദ്ധി പ്രിയം ച സുതരാ മസ്യ
മാം ഹനുമന്ത നാമ
പ്ലവഗം ധ്യായന്ത മുത്തമ ന്തന്നാമ.

മാരുസുത മാം രാമസ്യ പ്രേഷ്യം വിദ്ധി=മാരുതസുതനായുള്ളോവേ, എന്നെ രാമൻെറ പ്രേഷ്യൻ എന്നറിക; മാരുതസുതൻ=മാരുതൻെറ സുതൻ; മാരുതൻ=വായു; സുതൻ=പുത്രൻ; രാമൻ=ശ്രീരാമൻ; പ്രേഷ്യൻ=കിങ്കരൻ; അസ്യ സുതരാം പ്രിയം ച=ഇവന് ഏററവും പ്രിയനെന്നും; പ്രിയൻ=ഇഷ്ടൻ. ഹനുമന്തം നാമ പ്ലവഗം—അങ്ങിനെയിരുന്ന ഞാൻ—ഹനുമാനെന്നിങ്ങനെ പ്രസിദ്ധമായിരിക്കുന്ന പ്ലവഗമായിരുന്നു; പ്ലവഗം=വാനരം. ഉത്തമം തന്നാമ ധ്യായന്തം—അങ്ങിനെയിരുന്ന ഞാൻ—ഉത്തമമായിരിക്കുന്ന തന്നാമത്തെ ധ്യായനായിരുന്നു; ഉത്തമം=ഉൽകൃഷ്ടം; തന്നാമം=അവൻെറ നാമം; ധ്യാനൻ=ധ്യാനിച്ചിയങ്ങുന്നവൻ.

22 ദ്രഷ്ടു മുദാരാ മസ്യ
പ്രിയാം മയാ ലംഘിത സ്തദാ രാമസ്യ

ചലകല്ലോലോ ജലധീഃ,
രിപുരപി സമവൈക്ഷി വിഷയലോലോ ജലധീഃ."

മയാ തദാ അസ്യ രാമസ്യ പ്രിയാം ദ്രഷ്ടും ജലധിഃ ലംഘിതഃ= എന്നാൽ അക്കാലം ഈ രാമൻെറ പ്രിയയെ ദർശിപ്പാനായിക്കൊണ്ടു് ജലധി ലംഘിതമായി; രാമൻ=ശ്രീരാമൻ; പ്രിയ=ഭാര്യ; ജലധി=സമുദ്രം; ജലധി=സമുദ്രം; ലംഘിതം=ലംഘിക്കപ്പെട്ടതു്; ലംഘിക്ക= കടക്ക. ഉദാരാം—അങ്ങിനെയിരുന്ന പ്രിയ—ഉദാരയായിരുന്നു; ഉദാര=ഉൽകൃഷ്ട. ചലകല്ലോല—അങ്ങിനെയിരുന്ന ജലധി—ചലകല്ലോലമായിരുന്നു; ചലകല്ലോലം=ചലങ്ങളായിരിക്കുന്ന കല്ലോലങ്ങളോടു കൂടിയതു്; ചലങ്ങൾ=ചഞ്ചലങ്ങൾ; കല്ലോലങ്ങൾ=തിരമാലകൾ; രിപുഃ അപി സമവൈക്ഷി=രിപുവും സമവേക്ഷിക്കപ്പെട്ടു; രിപു=ശത്രു; സമവേക്ഷിക്ക=കാൺക. വിഷയലോല—അങ്ങിനെയിരുന്ന രിപു—വിഷയലോലനായിരുന്നു; വിഷയലോലൻ=വിഷയങ്ങളിൽ ലോലൻ; വിഷയങ്ങൾ=ശബ്ദസ്പർശരൂപരസഗന്ധങ്ങൾ; ലോലൻ= സതൃഷ്ണൻ. ജല(ള)ധീഃ—അങ്ങിനെയിരുന്ന രിപു—ജളധീയായിരുന്നു; ജളധീ=ജളയായിരിക്കുന്ന ധീയോടുകൂടിയവൻ; ധീ=ബുദ്ധി.

23 ഇതി വാതാപത്യേന
പ്രോക്തം വചനം നിശമ്യ താപത്യേന
നിഗദിത, "മായതവാഹോ
ധന്യോഹം യോഽല മധിഗമായ തവാഹോ.

വാതാപത്യേന ഇതി പ്രോക്തം വചനം നിശമ്യ താപത്യേന നിഗദിതം=വാതാപത്യത്താൽ ഇങ്ങിനെ പ്രോക്തമായിരിക്കുന്ന വചനത്തെ നിശമനം ചെയ്തിട്ടു് താപത്യനാൽ നിഗദിപ്പൂ എന്നുള്ളതുണ്ടായി; വാതാപത്യൻ=വായുപുത്രൻ; പ്രോക്തം=വചിക്കപ്പെട്ടതു്; വചിക്ക=പറക; വചനം=വാക്കു്; നിശമനംചെയ്ക=കേൾക്ക; താപത്യൻ=തപതീഗോത്രജാതൻ; ഗദിക്ക=പറക; ആയതബാഹോ, അഹം ധന്യഃ=ആയതബാഹുവായുള്ളോവേ, ഞാൻ ധന്യൻ; ആയതവാ(ബാ)ഹു=ആയതങ്ങളായിരിക്കുന്ന ബാഹുക്കളോടുകൂടിയവൻ;

ആയതങ്ങൾ=ദീർഘങ്ങൾ; ബാഹുക്കൾ=കൈകൾ; ധന്യൻ=വിശിഷ്ടൻ; യഃ തവ അധിഗമായ അലം അഹോ=യാവനൊരുത്തൻ ആണോ നിൻെറ അധിഗമത്തിന്നായിക്കൊണ്ടു് പൎയ്യാപ്തനായി ഭവിക്കുന്നതു്; അധിഗമം=പ്രാപ്തി; പൎയ്യാപ്തൻ=മതിപോന്നവൻ.

24 തുലിത സമഗ്രജന ത്വാ
കിഞ്ചിദ്യാചാമി സരസ മഗ്രജ നത്വാ
ദ്രഷ്ടും ഹന്ത തവാഹം
സ്പൃഹയേഽണ്ണവതാരി വിഗ്രഹം തതവാഹം."

തുലിതസമഗ്രജന, അഗ്രജ, അഹം ത്വാ നത്വാ സരസം കിഞ്ചിൽ യാചാമി=തുലിതസമഗ്രജനനായുള്ളോവേ, അല്ലയോ അഗ്രജൻ, ഞാൻ നിന്നെ നമിച്ചിട്ടു് സരസമാവുംവണ്ണം ഒന്നിനെ യാചിക്കുന്നേൻ; തുലിതസമഗ്രജനൻ=തുലിതന്മാരായിരിക്കുന്ന സമഗ്രജനങ്ങളോടുകൂടിയവൻ; തുലിതന്മാർ=തുല്യന്മാർ; സമഗ്രജനങ്ങൾ=ഒട്ടൊഴിയാതെയുള്ള ജനങ്ങൾ; അഗ്രജൻ=ജ്യേഷ്ഠൻ; നമിക്ക=നമസ്കരിക്ക; സരസമാവുംവണ്ണം=രസത്തോടുകൂടുംവണ്ണം; രസം=രാഗം; യാചിക്ക=അപേക്ഷിക്ക; ഹന്ത തവ അണ്ണവതാരി വിഗ്രഹം ദ്രഷ്ടും സ്പൃഹയേ—അല്ലയോ! നിൻെറ അണ്ണവതാരിവിഗ്രഹത്തെ ദർശിപ്പാനായിക്കൊണ്ടു് കാംക്ഷിക്കുന്നേൻ; അണ്ണവതാരിവിഗ്രഹം=അണ്ണവതാരിയായിരിക്കുന്ന വിഗ്രഹം; അണ്ണവതാരി=അണ്ണവത്തെ തരിക്ക ശീലമായിട്ടുള്ളതു്; അണ്ണവം=സമുദ്രം; തരിക്ക=കടക്ക; വിഗ്രഹം=ദേഹം; ദർശിക്ക=കാൺക. തതവാ(ബാ)ഹം—അങ്ങിനെയിരുന്ന അണ്ണവതാരിവിഗ്രഹഃ—തതബാഹമായിരുന്നു; തതബാഹം=തതകളായിരിക്കുന്ന ബാഹുകളോടുകൂടിയതു്; തതകൾ=വ്യാപ്തകൾ; ബാഹുകൾ=കൈകൾ.

25 ശ്രുത്വാ തദനുജ ഗദിതം
തേന ദധാനേന ധാമ തദനു ജഗദിതം
ഖ മരോധി കപീന്ദ്രേന
സ്ഫുരതാ ദംഷ്ട്രാംകുരൈ രധികപീനേന.

തദനു തേന കപീന്ദ്രേന തദനുജ ഗദിതം ശ്രുത്വാ ഖം അരോധി=അനന്തരം ആ കപീന്ദ്രനാൽ അനുജഗദിതത്തെ ശ്രവിച്ചിട്ട് ഖം രോധിക്കപ്പെട്ടു; കപീന്ദ്രൻ=വാനരശ്രേഷ്ഠൻ; അനുജഗദിതം=അനുജൻെറ ഗദിതം; ഗദിതം=ഗദിക്കപ്പെട്ടതു് (വാക്ക്); ഗദിക്ക=പറയുക; ശ്രവിക്ക=കേൾക്ക; ഖം=ആകാശം; രോധിക്ക=തടുക്ക. ജഗൽ ഇതം ധാമ ദധാനേന—അങ്ങിനെയിരുന്ന കപീന്ദ്രൻ—ജഗത്തിനെ ഇതമായിരിക്കുന്ന ധാമത്തെ ദധാനനായിരുന്നു; ജഗത്തു്=ലോകം; ഇതം=പ്രാപ്തം; ധാമം=തേജസ്സ്; ദധാനൻ=ധരിച്ചിയങ്ങുന്നവൻ. ദംഷ്ട്രാംകുരൈഃ സ്ഫുരതാ—അങ്ങിനെയിരുന്ന കപീന്ദ്രൻ—ദംഷ്ട്രാം കുരങ്ങളെക്കൊണ്ട് സ്ഫുരന്നായിരുന്നു; ദംഷ്ട്രാംകുരങ്ങൾ=ദംഷ്ട്രങ്ങളുടെ അങ്കുരങ്ങൾ; സ്ഫുരൻ=സ്ഫുരിച്ചിയങ്ങുന്നവൻ; സ്ഫുരിക്ക=ശോഭിക്ക. അധികപീനേന—അങ്ങിനെയിരുന്ന കപീന്ദ്രൻ—അധികപീനനായിരുന്നു; അധികപീനൻ=ഏററവും പീനൻ; പീനൻ=പ്രവൃദ്ധൻ.

26 തദപു രനല സമസ്യ
പ്രേക്ഷ്യ പ്ലവഗാദിഭത്തു രനലസ മസ്യ
മീലിതനേത്ര സ്തതയാ
സമജനി ഭീമോ മഹാവനേ ത്രസ്തതയാ.

ഭീമഃ മഹാവനേ അസ്യ പ്ലവഗാദിഭത്തുഃ തൽ വപുഃ പ്രേക്ഷ്യ മീലിതനേത്രഃ സമജനി=ഭീമൻ മഹാവനത്തിങ്കൽ ഈ പ്ലവഗാദിഭത്താവിൻെറ ആ വപുസ്സിനെ പ്രേക്ഷിച്ചിട്ട് മീലിതനേത്രനായി ജനിച്ചു; ഭീമൻ=ഭീമസേനൻ; മഹാവനം=മഹത്തായിരിക്കുന്ന വനം; മഹത്തു്=പെരുകിയതു്; പ്ലവഗാദിഭത്താവു്=ഹനുമാൻ; വപുസ്സ്=ശരീരം; പ്രേക്ഷിക്ക=കാൺക; മീലിതനേത്രൻ=മീലിതങ്ങളായിരിക്കുന്ന നേത്രങ്ങളോടുകൂടിയവൻ; മീലിതങ്ങൾ=മീലനംചെയ്യപ്പെട്ടവ; മീലനംചെയ്ക=അടക്കുക; നേത്രങ്ങൾ=കണ്ണുകൾ; ജനിക്ക=ഉണ്ടാവുക; തതയാ ത്രസ്തതയാ=തതയായിരിക്കുന്ന ത്രസ്തതഹേതുവായിട്ട്; തത=വ്യാപ്ത; ത്രസ്തത=ത്രസ്തനാവു എന്നുള്ളതു്; ത്രസ്തൻ=ഭീതൻ. അനലസം—അങ്ങിനെയിരുന്ന വപുസ്സ്—അനലസമായിരുന്നു; അനലസം=അലസമല്ലാത്തതു്; അലസം=ഉത്സാഹശൂന്യം. അനലസമ

സ്യ—അങ്ങിനെയിരുന്ന പ്ലവഗാദിഭത്താവ്—അനലസമനായിരുന്നു; അനലസമൻ=അനലനോട് സമൻ; അനലൻ=അഗ്നി; സമൻ=തുല്യൻ.

27 തസ്മിൻ ഭീമേ ചകിതേ
ഹനുമാൻ വദനേ ച തസ്യ ഭീമേചകിതേ
സംഹൃതി മതനുത തസ്യ
സ്വസ്യ ശരീരസ്യ തുണ്ണ മതനുതതസ്യ

തസ്മിൻ ഭീമേ ചകിതേ, തസ്യ വദനേ ഭീമേചകിതേ ച, ഹനുമാൻ തൂണ്ണം സ്വസ്യ തസ്യ ശരീരസ്യ സംഹൃതിം അതനുത=ആ ഭീമൻ ചകിതനായിയും, അവൻെറ വദനം ഭീമചകിതമായിയുമിരിക്കും വിഷയത്തിങ്കൽ ഹനുമാൻ വേഗേന സ്വമായിരിക്കുന്ന ആ ശരീരത്തിന്റെ സംഹൃതിയെ ചെയ്തു; ഭീമൻ=ഭീമസേനൻ; ചകിതൻ=ഭീതൻ; വദനം=മുഖം; ഭീ മേചകിതം=ഭീകൊണ്ട് മേചകിതം; ഭീ=ഭയം; മേചകിതം=കറുത്തത്; സ്വം=ആത്മീയം; ശരീരം=ദേഹം; സംഹൃതി=സംഹാരം. അതനുതതസ്യ—അങ്ങിനെയിരുന്ന ശരീരം—അതനുതതമായിരുന്നു; അതനു തതം=അതനുവായി,തതമായിരിക്കുന്നതു്; അതനു=പെരുകിയതു്; തതം=വ്യാപ്തം.

28 തദനു പുനഃ സൂന മദഃ
പ്രവിചേതും വായുനന്ദനഃ സൂനമദഃ
പ്രേക്ഷ്യ പുരോ ഹാനുമതം
വപു രമുനാ മാർഗ്ഗ മാരുരോഹാ/നുമതം.

തദനു വായുനന്ദനഃ പുനഃ അദഃ സൂനം പ്രവിചേതും, പുരഃ ഹാ—നുമതം വപുഃ പ്രേക്ഷ്യ, അമുനാ അനുമതം മാഗ്ഗം ആരുരോഹ=അനന്തരം വായുനന്ദനൻ പിന്നെ ഈ സൂനത്തെ പ്രചയിപ്പാനായിക്കൊണ്ട്, മുമ്പിൽ ഹാനുമതമായിരിക്കുന്ന വപുസ്സിനെ പ്രേക്ഷിച്ചിട്ട്, ഇവനാൽ അനുമതമായിരിക്കുന്ന മാഗ്ഗത്തെ ആരോഹിച്ചു; വായുനന്ദനൻ=ഭീമസേനൻ; സൂനം=പുഷ്പം. പ്രചയിക്ക=അന്വേഷിക്ക; ഹാനുമതം=ഹനുമാന്റെ

സംബന്ധിച്ചിട്ടുള്ളതു്; വപുസ്സ്=ശരീരം; പ്രേക്ഷിക്ക=കാൺക; അനുമതം=അനുമതിക്കപ്പെട്ടതു്; മാൎഗ്ഗം=പെരുവഴി; ആരോഹിക്ക=കരേറുക. സൂനമദഃ—അങ്ങിനെയിരുന്നു വായുനന്ദനൻ; സൂനമദനായിരുന്നു; സൂനമദൻ=സൂനമായിരിക്കുന്ന മദത്തോടുകൂടിയവൻ; സൂനം=സുതരാം ഊനം; ഊനം=കുറവുള്ളതു്; മദം=അഹങ്കാരം.

29 തേന തഥോഽപൎയ്യസ്യ
ഭ്രമതാ ശൈലസ്യ ദൃശമഥോപൎയ്യസ്യ
തൽ പ്രാപേ ദേവസരഃ
ത്രിദശൈരപി യത്ര ന പ്രപേദേഽവസരഃ.

അസ്യ ശൈലസ്യ ഉപരി ദൃശം പൎയ്യസ്യ തഥാ ഭ്രമതാ തേന അഥോ തൽ ദേവസരഃ പ്രാപേ=ഈ ശൈലത്തിൻെറ ഉപരിഭാഗത്തിങ്കൽ ദൃക്കിനെ പൎയ്യസിച്ചിട്ടു് അപ്രകാരം ഭ്രമന്നായിരിക്കുന്ന അവനാൽ അനന്തരം ആ ദേവസരസ്സ് പ്രാപിക്കപ്പെട്ടു; ശൈലം=പൎവ്വതം; ഉപരിഭാഗം=മേൽഭാഗം; ദൃക്ക്=കണ്ണു്; പൎയ്യസിക്ക=വിക്ഷേപിക്ക; ദേവസരസ്സ്=ദേവന്മാരുടെ സരസ്സ്; ദേവന്മാർ=ദേവകൾ; സരസ്സ്=പൊയ്ക; യത്ര ത്രിദശൈഃ അപി അവസരഃ ന പ്രപേദേ=യാതൊരേടത്തു് ആണോ ത്രിദശന്മാരാലും അവസരം പ്രാപിക്കപ്പെടാഞ്ഞതു്; ത്രിദശന്മാർ=ദേവകൾ.

30 ക്രിയതേഽമലകേശേന
സ്ത്രീണാം സംഘേന സാൎദ്ധ മലകേശേന
സേവാ യത്തോ യസ്യ
ക്രോധവശ ഗണോഽവനേ ച യത്തോയസ്യ.

അളകേശേന സ്ത്രീണാം സംഘേന സാൎദ്ധം യത്തോയസ്യ സേവാ ക്രിയതേ=അളകേശനാൽ സ്ത്രീകളുടെ സംഘത്തോടുംകൂടെ യത്തോയത്തിൻെറയാണോ സേവചെയ്യപ്പെടുന്നതു്; അളകേശൻ=വൈശ്രവണൻ; സംഘം=സമൂഹം; യത്തോയം=യാതൊന്നിൻെറ തോയം; തോയം=ജലം. അമലകേശേന—അങ്ങിനെയിരുന്നു സംഘം—അ

മലകേശമായിരുന്നു; അമലകേശം=അമലങ്ങളായിരിക്കുന്ന കേശങ്ങളോടുകൂടിയതു്; അമലങ്ങൾ=നിർമ്മലങ്ങൾ; കേശങ്ങൾ=തലമുടികൾ. ക്രോധവശഗണഃ ച യസ്യ അവനേ യത്തഃ=ക്രോധവശഗണവും യാതൊന്നിൻെറയാണോ അവനത്തിങ്കൽ യത്തമായിരിക്കുന്നതു്; ക്രോധവശഗണം=ക്രോധവശന്മാരുടെ ഗണം; ഗണം=സമൂഹം; അവനം=രക്ഷണം; യത്തം=സന്നദ്ധം.

31 തത്ര സ ദലിതതമ മലം
സൌഗന്ധിക മപ്യപശ്യ ദലിതത മമലം
വിപുലേ സരസിത തോയം
പവനതനൂജഃ പപാത സരസി തതോഽയം

സഃ തത്ര സൌഗന്ധിക മപി അപശ്യൽ=അവൻ അവിടെ സൌഗന്ധികത്തേയും ദർശിച്ചു. സൌഗന്ധികം = സൌഗന്ധികപുഷ്പം. ദലിതതമം—അങ്ങിനെയിരുന്ന സൌഗന്ധികം—ദലിതതമമായിരുന്നു; ദലിതതമം=അതിശയേന ദലിതം; ദലിതം=വികസിച്ചതു്. അലം അളിതതം—അങ്ങിനെയിരുന്ന സൌഗന്ധികം—ഏററവും അളിതതമായിരുന്നു; അളിതതം=അളികളാൽ തതം; അളികൾ=വണ്ടുകൾ; തതം=വ്യാപ്തം. അമലം—അങ്ങിനെയിരുന്ന സൌഗന്ധികം—അമലമായിരുന്നു; അമലം=നിർമ്മലം; തതഃ അയം പവനതനൂജഃ വിപുലേ സരസി പപാത=അനന്തരം ഈ പവനതനൂജൻ വിപുലമായിരിക്കുന്ന സരസ്സിങ്കൽ പതിച്ചു; പവനതനൂജൻ=പവനൻെറ തനൂജൻ; പവനൻ=വായു; തനൂജൻ=പുത്രൻ; വിപുലം=പെരുകിയതു്; സരസ്സ്=പൊയ്ക; പതിക്ക=ചാടുക; സരസിത തോയം=സരസിതതോയമാവുംവണ്ണം; സരസിതതോയം=സരസിതമായിരിക്കുന്ന തോയത്തോടുകൂടുംവണ്ണം; സരസിതം=രസിതത്തോടുകൂടിയതു്; രസിതം=ശബ്ദം; തോയം=ജലം.

32 വേഗേന ഗദാവന്തം
ന്നിപതന്തം സരസി വിധുത നഗ ദാവ ന്തം

തിഷ്ഠന്തോ വാപ്യവനേ
രുരുധുര്യക്ഷാ സമന്തതോഽവാപ്യ വനേ.

യക്ഷാഃ വനേ സമന്തതഃ അവാപ്യ വേഗേന സരസി നിപതന്തം തം രുരുധുഃ—യക്ഷന്മാർ സരസ്സിങ്കൽ ചുഴലവും പോന്നുവന്നു് വേഗേന സരസ്സിങ്കൽ നിപതന്നായിരിക്കുന്ന അവനെ രോധിച്ചു; സരസ്സ്=പൊയ്ക; നിപതൻ=നിപതിച്ചിയങ്ങുന്നവൻ; നിപതിക്ക=ചാടുക; രോധിക്ക=തടുക്ക. വാപ്യവനേ തിഷ്ഠന്തഃ—അങ്ങിനെയിരുന്ന യക്ഷന്മാർ—വാപ്യവനത്തിങ്കൽ തിഷ്ഠത്തുകളായിരുന്നു; വാപ്യവനം=വാപിയുടെ അവനം; വാപി=പൊയ്ക; അവനം=രക്ഷണം; തിഷ്ഠത്തുകൾ=സ്ഥിതിചെയ്തിയങ്ങുന്നവർ. ഗദാവന്തം—അങ്ങിനെയിരുന്ന അവൻ—ഗദാവാനായിരുന്നു; ഗദാവാൻ=ഗദയുള്ളവൻ. വിധുതനഗ ദാവം—അങ്ങിനെയിരുന്ന അവൻ—വിധുത നഗദാവനായിരുന്നു; വിധുതനഗ ദാവൻ=വിധുതനഗമായിരിക്കുന്ന ദാവത്തോടുകൂടിയവൻ; വിധുതനഗം=വിധുതങ്ങളായിരിക്കുന്ന നഗങ്ങളോടുകൂടിയതു്; വിധുതങ്ങൾ=ഇളക്കപ്പെട്ടതു്; നഗങ്ങൾ=വൃക്ഷങ്ങൾ; ദാവം=വനം.

33 ദ്വിഷതോ നിദ്ധ്യായ തതഃ
സരസഃ പ്രോത്തീര്യസലിലനിദ്ധ്യായതതഃ
ഭീമോ ഹേമാംഗദയാ
ചൂർണ്ണീചക്രേ ചമൂമിഹേഽമാംഗദ യാ

ഭീമഃ ദ്വിഷതഃ നിദ്ധ്യായ തതഃ സരസഃ പ്രോത്തീര്യ ഇഹ ഇമാം ചമൂം ഗദയാ ചൂർണ്ണീ ചക്രേ—ഭീമൻ ദ്വിഷത്തുകളെ നിദ്ധ്യാനം ചെയ്തിട്ടു് ഇവിടെ ഈ ചമൂവിനെ ഗദകൊണ്ടു് ചൂർണ്ണീകരിച്ചു. ഭീമൻ=ഭീമസേനൻ; ദ്വിഷത്തുകൾ=ശത്രുക്കൾ; നിദ്ധ്യാനം ചെയ്ക=ദർശിക്ക; സരസ്സ്=പൊയ്ക; പ്രോത്തരണംചെയ്ക=കരേറുക; ചമൂ=പടജ്ജനം; ചൂർണ്ണീകരിക്ക=പൊടിപററുക; സലില നിദ്ധ്യായതതഃ—അങ്ങിനെ ഇരുന്ന സരസ്സ—സലിലനിദ്ധ്യായതനമായിരുന്നു. സലലില നിദ്ധ്യായതം=സലിലനിധിയെപ്പോലെ ആയതം; സലിലനിധി=സമുദ്രം; ആയതം=വിസ്തീർണ്ണം; ഹേമാംഗദയാ—അങ്ങിനെ ഇരുന്ന ഗദ;

ഹേമാംഗദയായിരുന്ന ഹേമാംഗദ=ഹേമമയങ്ങളായിരിക്കുന്ന അംഗദങ്ങളോടുകൂടിയതു്; ഹേമമയങ്ങൾ=പൊന്മയങ്ങൾ; അംഗദങ്ങൾ=ചുഴററുകൾ (തോൾവളകൾ)

34 താ ശ്ചാസാ വനവാപ്യാഃ
സുമനസോഽദ്ധൃത്യ രംഹസാ വനവാപ്യാഃ
തുംഗതമാ ദനവനതഃ
പ്രിയാന്തിക മവാപ ഗന്ധമാദന വനതഃ

അസൌ വനവാപ്യാഃ താഃ സുമനസഃ ഉദ്ധൃത്യ രംഹസാ ഗന്ധമാദനവനതഃ പ്രിയാന്തികം അവാപ ച=ഇവൻ വനവാപീംകൽനിന്നു് ആ സുമനസ്സുകളെ ഉദ്ധരിച്ചിട്ടു് വേഗേന ഗന്ധമാദനവനത്തിങ്കൽനിന്നു് പ്രിയാന്തികത്തെ പ്രാപിപ്പൂതും ചെയ്തു. വനവാപി=വനത്തിങ്കലെ വാപി; വാപി=പൊയ്ക; സുമനസ്സുകൾ=പുഷ്ങ്ങൾ; ഉദ്ധരിക്ക=എടുക്ക; ഗന്ധമാദനം=ഗന്ധമാദനപവ്വതം; പ്രിയാന്തികം=പ്രിയയുടെ അന്തികം; പ്രിയ=ഭാര്യ; അന്തികം=സമീപം; അനവാപ്യാഃ—അങ്ങിനെയിരുന്ന സുമസ്സുകൾ—അനവാപ്യകളായിരുന്നു; അനവാപ്യകൾ=അവാപ്യകളെന്നിയെ ഇരിക്കുന്നവ; അവാപ്യകൾ=പ്രാപിക്കപ്പെട്ടുവാൻ ശക്യകൾ; തുംഗതമാൽ—അങ്ങിനെയിരുന്ന ഗന്ധമാദനം—തുംഗതമമായിരുന്നു; തുംഗതമം=അതിശയേന തുംഗം; തുംഗം=ഉന്നതം; അനവതഃ—അങ്ങിനെയിരുന്ന അവൻ—അനവനതനായിരുന്നു; അനവനതൻ=അവനതനെന്നിയെ ഇരിക്കുന്നവൻ; അവനതൻ=കുംപിട്ടവൻ.

35 പ്രബഭാസേ നീതേന
സ്വശിരഃ കുസുമേന യാജ്ഞസേനീ തേന
തസ്യാ നഗരമിതായാഃ
പ്രീതിർ ജജ്ഞേ പുരേവ നഗര മിതായാഃ

യാജ്ഞസേനീതേന സ്വശിരഃ നീതേന കുസുമേന പ്രബഭാസേ=യാജ്ഞസേനി അവനാൽ സ്വശിരസ്സിനെ നീതമായിരിക്കുന്ന കുസുമംകൊണ്ടു് ശോഭിച്ചു; യാജ്ഞസേനി=ദ്രൌപദി; സ്വശിരസ്സ്=തന്റെ

ശിരസ്സ്; നീതം=നയിക്കപ്പെട്ടതു്; നയിക്ക=പ്രാപിക്ക; കുസുമം=പുഷ്പം; നഗരമിതായാഃ തസ്യാഃ പ്രീതിഃ ജജ്ഞേ—നഗരമിതയായിരിക്കുന്ന അവൾക്ക് പ്രീതി ജനിച്ചു; നഗ രമിത=നഗത്താൽ രമിത; നഗം=പർവ്വതം; രമിത=രമിക്കപ്പെട്ടവൾ; രമിപ്പിക്ക=സുഖിപ്പിക്ക; പ്രീതി=സന്തോഷം; പുരാ നഗരം ഇതായാഃ ഇവ—പണ്ട് നഗരത്തെ ഇതയായിരിക്കുന്നവൾക്ക് എന്ന പോലെ; നഗരം=രാജധാനി; ഇത=പ്രാപ്ത.

36 അഥ തട മാപൂ രയതഃ
ശ്വേതസ്യ നഗസ്യ ഗഗന മാപൂരയതഃ
തേ സോദര്യാഃ ശ്രമതഃ
പരിരക്ഷന്തോ മുനീൻ ബദര്യാശ്രമതഃ

അഥ തേ സോദര്യാഃ ബദര്യാശ്രമതഃ രയതഃ ശ്വേതസ്യ നഗസ്യ തടം ആപുഃ=അനന്തരം ആ സോദര്യന്മാർ ബദര്യാശ്രമത്തിങ്കൽനിന്ന് വേഗേന ശ്വേതമാകുന്ന നഗത്തിൻെറ തടത്തെ പ്രാപിച്ചു; സോദര്യന്മാർ=ഭ്രാതാക്കന്മാർ; നഗം=പർവ്വതം; തടം=താഴ്‌വര; ഗഗനം ആപൂരയതഃ—അങ്ങിനെയിരുന്ന നഗം, ഗഗനത്തെ ആപൂരയന്നായിരുന്നു; ഗഗനം=ആകാശം; ആപൂരയൻ=ആപൂരണം ചെയ്തിരിക്കുന്നവൻ; ആപൂരണം ചെയ്ക=നിറക്ക; ശ്രമതഃ മുനീൻ പരിരക്ഷന്തഃ—അങ്ങിനെയിരുന്ന സോദര്യന്മാർ—ശ്രമത്തിങ്കൽനിന്ന് മുനികളെ പരിരക്ഷത്തുകളായിരുന്നു; ശ്രമം=പീഡ; പരിരക്ഷത്തുകൾ=രക്ഷിച്ചിരിക്കുന്നവർ.

37 വിപുലതരുപേതസ്യ
പ്രസ്ഥേ പ്രാപുർ മനോജ്ഞരൂപേ തസ്യ
സൂചിത ഭാവിജയേന
പ്രഭവോ യോഗം നരർഷഭാ വിജയേന

നരർഷഭാഃ തസ്യ പ്രസ്ഥേ വിജയേന യോഗം പ്രാപുഃ—നരർഷഭന്മാർ അതിൻെറ പ്രസ്ഥത്തിങ്കൽ വിജയനോട്ട് യോഗത്തെ പ്രാപിച്ചു; നരർഷഭന്മാർ=പാണ്ഡവന്മാർ; പ്രസ്ഥം=താഴ്വര; വിജയൻ=അർജ്ജുനൻ; യോഗം=സംയോഗം; വിപുലതരൂപേതസ്യ—അങ്ങിനെയിരുന്ന അതു്—വിപുലതരൂപേതമായിരുന്നു; വിപുലതരൂപേതം=വിപുലതരുക്കളോട്ട് ഉപേതം; വിപുലതരുക്കൾ=വിപുലങ്ങളായിരിക്കുന്ന തരുക്കൾ; വിപുലങ്ങൾ=പെരുകിയവ; തരുക്കൾ=വൃക്ഷങ്ങൾ; ഉപേതം=കൂടിയതു്; മനോജ്ഞരൂപേ—അങ്ങിനെയിരുന്ന പ്രസ്ഥം—മനോജ്ഞരൂപമായിരുന്നു;മനോജ്ഞരൂപം=മനോജ്ഞമായിരിക്കുന്ന രൂപത്തോടുകൂടിയതു്; മനോജ്ഞം=മനോഹരം; പ്രഭയാ സൂചിത ഭാവിജയേന—അങ്ങിനെയിരുന്ന വിജയൻ—പ്രഭകൊണ്ടു് സൂചിതഭാവി ജയനായിരുന്നു; പ്രഭ=ശോഭ; സൂചിത ഭാവിജയൻ=സൂചിതമായിരിക്കുന്ന ഭാവിജയത്തോടുകൂടിയവൻ; സൂചിതം=സൂചിക്കപ്പെട്ടതു്; സൂചിപ്പിക്ക=തോന്നിക്ക; ഭാവിജയം=ഭാവിയായിരിക്കുന്ന ജയം; ഭാവി=വരുവാനിരിക്കുന്നതു്.

38 വിനിവൃത്താഃ ശൈലതസ്യ
പ്രസ്ഥാത്തേഭ്യാഗതേ സിതാശ്വേ തസ്യ
അധിഗത സദ്യോഗസ്യ
പ്രാന്തമഗു യാമുനസ്യ സദ്യോഗസ്യ

സിതാശ്വേ അഭ്യാഗതേ തസ്യ പ്രസ്ഥാൽ വിനിവൃത്താഃ തേ സദ്യഃ യാമുനസ്യ അഗസ്യ പ്രാന്തം അഗുഃ=സിതാശ്വൻ അഭ്യാഗതനായിരിക്കും വിഷയത്തിങ്കൽ ആ ശൈലത്തിൻെറ പ്രസ്ഥത്തിൽനിന്നു് വിനിവൃത്തന്മാരായിട്ടു് അവർ പൊടുന്നനെ യാമുനമായ അഗത്തിൻെറ പ്രാന്തത്തെ ഗമിച്ചു; സിതാശ്വൻ=അർജ്ജുനൻ; ആഗതൻ=പോന്നുവന്നവൻ; ശൈലം=ശൈലപർവ്വതം; പ്രസ്ഥം=താഴ്വര; വിനിവൃത്തന്മാർ=പിൻവാങ്ങിയവർ; യാമുനമായ അഗം=യാമുനമെ

ന്നുപേരുള്ള അഗം; അഗം=പൎവ്വതം; പ്രാന്തം=താഴ്‌വാര; അധിഗത സദ്യോഗസ്യ—അങ്ങനെയിരുന്ന അഗം, അധിഗതസദ്യോഗമായിരുന്നു; അധിഗത സദ്യോഗം=അധിതന്മാരായ സത്തുക്കളുടെ യോഗത്തോടുകൂടിയതു്; അധിഗതന്മാർ=വന്നുചേൎന്നവർ; സത്തുക്കൾ=സജ്ജനങ്ങൾ; യോഗം=ചേൎച്ച.

MUL
191308

191308
42076
015: 1y8
3255

UNIVERSITY LIBRARY
3 Nov. 1958
MADRAS